# ഭാരതീവിലാസം.


ഗ്രന്ഥകർത്താവ്

പി. കൃഷ്ണൻ എമ്പ്രാന്തിരി

എടക്കന്നി.



മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.

1106

വില 1_0_0



[illegible]ശം യോഗക്ഷേമം കമ്പനിയിലേക്ക്.

# ഭാരതീവിലാസം.

---

ഗ്രന്ഥകൎത്താവ്

പി. കൃഷ്ണൻ എമ്പ്രാന്തിരി

എടക്കുന്നി.

---

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.

---

1106

വില 1_0_0

---

പ്രകാശം യോഗക്ഷേമം കമ്പനിയിലേക്ക്.

# അവതാരിക.

പാശ്ചാത്യസാഹിത്യത്തോടുള്ള പരിചയം നിമിത്തം ഭാരതീയപണ്ഡിതന്മാർ പഴയ മാമൂലുകളെത്തന്നെ മുറുക്കിപ്പിടിക്കാതെ പല പ്രസ്ഥാനങ്ങളിലും കൈവെച്ചു തുടങ്ങിയിരിക്കുന്നു. ഏതന്മൂലം ഗദ്യഗ്രന്ഥങ്ങൾക്ക് അത്ഭുതപൂർവ്വമായ അഭിവൃദ്ധിയും ജനസാമാന്യത്തിന്നു വായനയിലുള്ള പ്രതിപത്തിയും ഉണ്ടായിക്കൊണ്ടിരിക്കുന്നത് ആശാസ്യംതന്നെ.

സരസമായ രീതിയിൽ ധർമ്മോപദേശംചെയ്യുന്ന കൃതികൾ ഭാഷയിൽ വർദ്ധിച്ചു വരുന്നതു ജനസാമാന്യത്തിന്റെ വിദ്യാഭ്യാസത്തിന്നും മനഃപരിഷ്കാരത്തിന്നും തന്മൂലം സൽസ്വഭാവപ്രാപ്തിക്കും നിദാനമത്രെ. പ്രാചീനന്മാർ പ്രേമവധോൽക്കതിപരങ്ങളായ കഥകളെ ഗ്രഹിക്കുന്നതിൽ പര്യുത്സുകന്മാരായിരുന്നു.

ശാസ്ത്രീയജ്ഞാനം വർദ്ധിച്ചുവരുന്ന ഇക്കാലത്താകട്ടെ ജനതതിയുടെ ആദർശങ്ങൾക്കു ഗണ്യമായ ഒരു പരിണാമം വന്നുകാണുന്നുണ്ട്. അമാനുഷികങ്ങളും അലൌകികങ്ങളുമായ കഥകളേക്കാൾ സ്വതസ്സംഭവികളും സാമുദായികങ്ങളുമായ വിഷയങ്ങളെയാണ് ആധുനാതനന്മാർ ആദരിക്കുന്നത്. തന്നിമിത്തം ചരിത്രസംബന്ധങ്ങളായ ഗ്രന്ഥങ്ങളെക്കൊണ്ടു മലയാളഭാഷയും പുഷ്ടി പ്രാപിക്കുന്നതു ശ്ലാഘാർഹമാകുന്നു.

ഭാരതീവിലാസം എന്ന പ്രകൃതഗ്രന്ഥം ഒരു സാമുദായികനോവലാണെന്നു വായനക്കാരോടു വിശേഷ്യ പറയേണമെന്നില്ല. എന്റെ സ്നേഹിതനായ പി. കൃഷ്ണൻ എമ്പ്രാന്തിരി ഒരു സംസ്കൃതപണ്ഡിതനും ആധുനികലോകഗതികളെ നിരീക്ഷിക്കുന്ന ഒരു വിശാലഹൃദയനുമാണ്. അദ്ദേഹത്തിന്റെ തൂലികയിൽനിന്നു പ്രഥമമായി പുറത്തുവന്ന ഈ കൃതിയെ മഹാജനസമക്ഷം അവതരിപ്പിക്കുന്നതിൽ എനിക്കു സീമാതീതമായ കൃതാർത്ഥതയുണ്ട്.

ടി. എ. രാമചന്ദ്രയ്യർ; എം. എൽ. സി.

# പ്രസ്താവന.

സ്വതെ പുസ്തകപാരായണത്തിൽ താല്പൎയ്യമുള്ള എനിക്ക് ഒരു നോവൽ എഴുതിയാൽ കൊള്ളാമെന്ന് ഒരാശ ജനിക്കുകയും അതിലേക്ക് എന്റെ ചില സ്നേഹിതന്മാർ എന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഏതു വിഷയത്തെക്കുറിച്ചാണ് എഴുതേണ്ടതെന്ന് ആലോചിച്ചിരിക്കുമ്പോഴാണ് ഒരു വിഷയം എനിക്കു ദൃഷ്ടിഭവിച്ചത്.

എന്റെ വാസസ്ഥലത്തിന്നു സമീപം ഒരു ഗൃഹത്തിൽ ഒരു വൃദ്ധനായ വരനും നവോഢയായ വധുവും കൂടി കഴിച്ചു പോന്നിരുന്ന ദാമ്പത്യജീവിതത്തെ കണ്ടപ്പോൾ 'വൃദ്ധസ്യതരുണീവിഷം' എന്ന ആപ്തവാക്യത്തിലെ സാരം എനിക്കു ദൃഷ്ടാന്തപ്പെടുകയാൽ ആ ദാമ്പത്യജീവിതത്തെ ഒരാഖ്യായികയാക്കി തീൎക്കണമെന്നു തീരുമാനപ്പെടുത്തി. പിന്നീട് അതിന്നുവേണ്ടുന്ന അംശോപാംശങ്ങളേയും മറ്റും കൂട്ടിച്ചേൎത്തി പ്രകൃതപുസ്തകത്തെ രൂപവൽകരിച്ചതാണ്.

ഇദംപ്രഥമമായി ഞാൻ എഴുതീട്ടുള്ള ഈ ആഖ്യായികയാകട്ടെ, സഹൃദയന്മാരുടെ ഹൃദയാഹ്ലാദകരമായിതീരുന്നപക്ഷം ഞാൻ ഏറ്റവും കൃതാൎത്ഥനായി. കേവലം മോഹാവേശത്തെ മുൻനിറുത്തി എഴുതീട്ടുള്ള ഈ ഗ്രന്ഥത്തിൽ അനേകം ന്യൂനാതിരിക്തങ്ങൾ ഉണ്ടായിരി

ക്കാം. മഹാശയന്മാരായ സഹൃദയന്മാർ അവകളെ ദ യാപൂർവ്വം ക്ഷമിച്ച് എന്നെ അനുഗ്രഹിക്കുമെന്നും എനിക്ക സാഹിത്യലോകത്തിങ്കലേക്കുള്ള പ്രവേശദ്വാരം പ്രദ ശിപ്പിച്ചു തരുമെന്നും വിശ്വസിച്ചുകൊണ്ട് ഈ ആഖ്യായികയെ ബഹുജനസമക്ഷം സവിനയം സമപ്പിച്ചുകൊള്ളുന്നു.

പ്രകൃതപുസ്തകം എഴുതുന്ന സന്ദർഭത്തിങ്കൽ അതാതു ഘട്ടങ്ങളിൽ വേണ്ടപ്പെട്ടതായ ഉപദേശങ്ങളും സഹായസഹകരണങ്ങളും ചെയ്തുതന്ന ശ്രീമാന്മാരായ ഇ. കൃഷ്ണൻവാരിയർ അവർകളോടും, ഇ. രാമവാരിയർ അവർകളോടും, ഇ. ശങ്കരൻകുട്ടിവാരിയർ അവർകളോടും, ടി. നാരായണമേനവൻ ബി. ഏ., എൽ. ടി. അവർകളോടും നന്ദിപറഞ്ഞു കൊള്ളുന്നു.

വിശിഷ്യ, പ്രകൃതപുസ്തകത്തെ കാലതാമസം കൂടാതെ വളരെ ഭംഗിയായച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തിയ 'യോഗക്ഷേമം' കമ്പനിക്കാരോട് പ്രത്യേകം നന്ദിപറഞ്ഞു കൊള്ളുന്നു.

എന്ന്

ഗ്രന്ഥകത്താ.

# ഭാരതീവിലാസം.

## ഒന്നാം അദ്ധ്യായം.

### ഒരതിഥി.

കാലം മകരമാസം. സൂൎയ്യരശ്മികളെക്കൊണ്ടു ദിനംപ്രതി വൎദ്ധിച്ചുവരുന്ന ഉഷ്ണംനിമിത്തം പകലും, മഞ്ഞുകൊണ്ടു സഹിക്കവയ്യാത്ത തണുപ്പിനാൽ രാത്രിയും ജനങ്ങൾ ഒരുമാതിരി കഷ്ടദശയിൽ എത്തിയിരിക്കുന്നു. പുഴ, കിണറു്, കുളം മുതലായവയിലെ ജലം ദിനംപ്രതി കുറഞ്ഞുവരുന്നതു കണ്ടാൽ സൂൎയ്യഭഗവാൻ ദാഹശമനാൎത്ഥം തന്റെ കരങ്ങളെക്കൊണ്ടു കോരിക്കുടിച്ചു വററിക്കുകയാണോ എന്നു തോന്നിപ്പോകും. ക്ഷീണപല്ലവാദികളായ വൃക്ഷലതാദികളെല്ലാം തങ്ങളെ ഇതുവരെയും ജലസേചനത്താൽ പോഷിപ്പിച്ചുവന്ന പൎജ്ജന്യം പെട്ടെന്നു പിരിയുകയാൽ ദുഃഖാൎത്തകളോ എന്നു തോന്നുമാറു ദൎശിക്കപ്പെട്ടു. കൊക്കു്, പൊന്മ, പരുന്തു് മുതലായ പക്ഷിജാലങ്ങൾ ഇതുവരെയും പരിപൂൎണ്ണജലത്തോടുകൂടിയ വയൽ, തോടു മുതലായവയിൽനിന്നു തങ്ങൾക്കു ലഭിക്കേണ്ടതായ ജലജന്തുക്കളെ ലഭിക്കുവാൻ നിവൃത്തിയില്ലാതിരിക്കെ, ഈ അവസരത്തിൽ അതുകളെല്ലാം അത്യന്തസാ

ഹത്തോടുകൂടി കൂട്ടംകൂട്ടമായ് കളകളശബ്ദങ്ങളോടെ പലയിടങ്ങളിലും സഞ്ചരിക്കുകയും, ആഹാരദ്രവ്യങ്ങളെ സ്വീകരിക്കുകയും ചെയ്യുന്നു.

ഹാ! പ്രകൃതിയുടെ മാററം അതിരമണീയംതന്നെ. ഒരു നാടകരംഗത്തിൽ 'കൎട്ടൻ' പൊങ്ങുകയും താഴുകയും, തന്മദ്ധ്യേ ഓരോവിധത്തിലുള്ള 'സീൻസുകൾ' കാണുകയും മറയുകയും ചെയ്യുന്നതുപോലെ, ഓരോ കൊല്ലം അല്ലെങ്കിൽ ഓരോ മാസം, അഥവാ ഓരോ ദിവസം ചെല്ലുംതോറും സകലത്തിന്നും മാററം കണ്ടുവരുന്നുണ്ട്. കാലചക്രത്തിന്റെ തിരിച്ചിൽ അതിവിശേഷംതന്നെ! സുഖി ദുഃഖിതനായും, ദുഃഖിതൻ സുഖിയായും, വരുന്നതും ഇന്നു കണ്ട ആൾ നാളെക്ക നാമാവശേഷനാകുന്നതും, മരിച്ചു എന്നു നിശ്ചയിച്ചു നിലത്തിറക്കിയവൻ ഉടനെ ജീവിച്ചുവരുന്നതും കണ്ടാൽ ഇതിനെ പ്രകൃതിവിശേഷം എന്നല്ലാതെ എന്താണു പറയേണ്ടതു്?

നമ്മുടെ ഈ കഥാരംഭകാലത്തു മുല്ലപ്പള്ളിൽ ഗോവിന്ദമേനോൻ എന്ന ആൾക്ക വയസ്സ് അറുപതിൽ കുറയുകയില്ല. ഇദ്ദേഹം സുമാർ പതിനാറു വയസ്സുമുതൽക്ക പരിശീലിച്ചുവന്നിരുന്നതു സൈന്യവൃത്തി ആയിരുന്നു. അദ്ദേഹം അതിൽ താഴ്ന്ന നിലമുതൽ ഒരുമാതിരി ഉയൎന്നതരം ഉദ്യോഗങ്ങളും ലഭിച്ചിട്ടുണ്ട്. എട്ടു വൎഷങ്ങൾക്ക മുമ്പു ഗോവിന്ദമേനോൻ സ്വന്തം മനസ്സാലെ പണി രാജിവെച്ചു പോന്നു തന്റെ സ്വന്തം നാടായ കോഴിക്കോട്ടു വന്നു താമസമുറപ്പിച്ചു. താൻ സമ്പാദിച്ചിട്ടുള്ള ദ്രവ്യത്തിന്റെ ആദായംകൊണ്ട് ഒരുമാതിരി സുഖമായി നി

ത്യവൃത്തി കഴിപ്പാൻ പ്രയാസമില്ലാതിരുന്നതിനാലും, തനിക്ക പ്രായാധിക്യം ആയതിനാലുമാണു പണി രാജി കൊടുത്തതു്. ഉദ്യോഗത്തിൽനിന്നു പിരിയുമ്പോൾ ഗോവിന്ദമേനവന്നു നാലു വയസ്സു പ്രായമായ ഒരു പുത്രിയും രണ്ടു വയസ്സു പ്രായമായതും ആറു മാസം തികയാത്തതും ആയ രണ്ടു പുത്രന്മാരും മാത്രമേ ഉണ്ടായിരുന്നുള്ളു. അദ്ദേഹം സ്വഗൃഹത്തിൽ താമസമുറപ്പിച്ചതിനുശേഷം അദ്ദേഹത്തിന്റെ മാതുലനായ കൃഷ്ണമേനവനും സഹോദരി ലക്ഷ്മിക്കുട്ടിഅമ്മയും വിഷൂചികാരോഗത്താൽ പരലോകം പ്രാപിച്ചു. ആ കുഡുംബത്തിൽ ശേഷിച്ചുള്ള ഗോവിന്ദമേനോൻ മാത്രമായിരുന്നു.

ഗോവിന്ദമേനവന്നു ഉടനെ മറ്റൊരു ദുഃഖവും അനുഭവിക്കേണ്ടിവന്നു. നാലാമത്തെ പ്രസവത്തോടുകൂടി ഭാൎയ്യയും ആ കുട്ടിയും കാലഗതിയെ പ്രാപിച്ചു. ദൈവം എന്നും സുഖദുഃഖങ്ങളെ ഒരുപോലെ കൊടുക്കുക പതിവില്ലല്ലൊ. ചെറിയ കുട്ടികൾ — താൻ ഏകൻ — എന്നുതന്നെയല്ല ഇതുവരെ ഗൃഹഭാരം പരിശീലിക്കാത്തവനും — ആകയാൽ കുഡുംബഭരണവിഷയത്തിൽ അദ്ദേഹത്തിന്നു വളരെ ബുദ്ധിമുട്ടേണ്ടിവന്നു. കുട്ടികളുടെ ശുശ്രൂഷക്കു ഒരു വൃദ്ധയേയും, ദേഹണ്ഡത്തിന്നു ഒരു പാചകനേയും വിശേഷാൽ നിൎത്തേണ്ടിവന്നു.

ഗോവിന്ദമേനവൻ ഒരു ഗുണവാനും ഈശ്വരഭക്തനുമായിരുന്നു. അയല്വാസികളായ ജനങ്ങൾ ഇദ്ദേഹത്തെ വളരെ സ്നേഹത്തോടെ അനുവൎത്തിച്ചിരുന്നു. ഇദ്ദേഹം പ്രഭാതത്തിൽ എഴുനീറ്റു ദേഹശുദ്ധി വരുത്തി

യതിന്നശേഷം സുമാർ ഒരു മണിക്കൂർനേരം ഈശ്വരപ്രാൎത്ഥന ചെയ്തുംകൊണ്ടിരിക്കും. മണി ഏഴടിച്ചാൽ ചായ കഴിച്ചു തോട്ടത്തിലേക്കു പോകും. അവിടെ ചെന്നു വേലക്കാരെക്കൊണ്ടു ജോലി എടുപ്പിക്കുകയും അവരൊന്നിച്ചു താനും കുറെ പണിയുകയും ചെയ്യും. പത്തു മണിക്കു മടങ്ങി കുളി കഴിച്ചു പന്ത്രണ്ടു മണിക്കു മുമ്പായി ഭക്ഷണം കഴിക്കും. വിരുന്നുകാരായി വല്ലവരും ഉണ്ടോ എന്നറിഞ്ഞതിന്നശേഷമല്ലാതെ ഒരു ദിവസവും അദ്ദേഹം ഭക്ഷണം കഴിക്കുക പതിവില്ല. ഭക്ഷണം കഴിഞ്ഞാൽ കുറെ നേരം ഉലാത്തിക്കൊണ്ടു നാമം ജപിക്കുകയും പിന്നീടു വിശ്രമാൎത്ഥം അല്പം ശയിക്കുകയും ചെയ്യും. മൂന്നു മണിക്കു ചായ കഴിഞ്ഞതിന്നശേഷം വീണ്ടും തോട്ടത്തിൽ പോയി ഓരോ ജോലികൾ നോക്കിയും നോക്കിച്ചും ഉദ്ദേശം അഞ്ചു മണിയോടുകൂടി വീട്ടിലേക്കുതന്നെ മടങ്ങിവരും. കുളി, ജപം, ഭക്ഷണം, ഗ്രന്ഥപാരായണം മുതലായതു കഴിഞ്ഞു രാത്രി പത്തു മണിയോടുകൂടി ശയിക്കും; ഇങ്ങിനെയായിരുന്നു ഇദ്ദേഹം ജോലി രാജി വെച്ചതിൽപ്പിന്നെയുള്ള ദിനചൎയ്യ.

മുൻപറഞ്ഞ മകരമാസത്തിൽ ഒരു ദിവസം ഗോവിന്ദമേനോൻ ഉച്ചയ്ക്കു ഭക്ഷണത്തിന്നുമുമ്പു അതിഥികളാരെങ്കിലും വരുന്നുണ്ടോ എന്നു നോക്കിനില്ക്കുമ്പോൾ ആരോ ഒരാൾ കുതിരപ്പുറത്തു കയറി തന്റെ വീട്ടിന്നു അഭിമുഖമായി വരുന്നതു കണ്ടു. ആഗതന്റെ അഭ്യുൽഗമനത്തിന്നുവേണ്ടി അദ്ദേഹം പടിക്കൽ ചെന്നുനിന്നു.

ഗോവിന്ദമേനവൻ പടിക്കൽ എത്തിയപ്പോഴക്കും

ആഗതനും അവിടെ എത്തി. കുതിരപ്പുറത്തുനിന്നു താഴത്തിറങ്ങി. അടുത്തു കണ്ടുകൂടുമ്പോൾ രണ്ടു പേൎക്കും ആളെ മനസ്സിലായി. മേനോൻ സന്തോഷത്തോടുകൂടി അതിഥിയെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുവന്നു് ഒരു കസേര കൊടുത്തിരുത്തി. ആഗതൻ മേനവനെ നോക്കി ഒരു മന്ദസ്മിതം ചെയ്തു. അതിവേഗത്തിൽ കുതിരയെ ഓടിക്കുകയാലും വെയിൽകൊണ്ടു വളരെ ക്ഷീണിച്ചിരുന്നതിനാലും അദ്ദേഹത്തിന്നു ഒന്നു മന്ദസ്മിതം ചെയ്യുവാൻ മാത്രമേ സാധിച്ചുള്ളു. ഗോവിന്ദമേനോൻ ആഗതന്റെ ക്ഷീണാവസ്ഥ കണ്ടു് ഇങ്ങിനെ പറഞ്ഞു.

ഗോവിന്ദമേനോൻ — എന്തൊരു വെയിലാണു്! ഇപ്പോൾതന്നെ ഇങ്ങിനെയായാൽ ഇനി രണ്ടുമൂന്നു മാസം എങ്ങിനെ കഴിഞ്ഞുകൂടും?

ആഗതൻ — (ഒരു ദീൎഘശ്വാസത്തോടെ) വെയിലിന്റെ കഥയൊന്നും പറയേണ്ട; അതിശക്തിതന്നെ. (പിന്നെ മേനവനെ നോക്കി) നിങ്ങൾ ഇങ്ങിനെ നിന്നു ബുദ്ധിമുട്ടുന്നുവല്ലോ.

ഗോ_മേ — അതു സാരമില്ല. ഞാൻ ഇരുന്നുകൊള്ളാം.

എന്നു പറഞ്ഞു പിന്നാക്കം ഒന്നു തിരിഞ്ഞുനോക്കി. അപ്പോഴേക്കും പാചകൻ ചായ കൊണ്ടുവന്നു ആഗതന്റെ മുമ്പിൽ വെച്ചു. അയാൾ ചായ കഴിച്ചതിന്റെ ശേഷം ഗോവിന്ദമേനവനെ നോക്കി പറഞ്ഞു: "എനിക്കു് ഇനി രണ്ടു മണിക്കൂറുവരെ ഉണ്ടില്ലെങ്കിലും വിരോധമില്ല. ചായ കഴിച്ചപ്പോൾ വിശപ്പും ദാഹവും തീൎന്നുപോയി. നിങ്ങളുടെ ഭക്ഷണം കഴിഞ്ഞിരിക്കുമല്ലോ?"

ഗോ-മേ — എന്റെയും ഭക്ഷണം കഴിഞ്ഞിട്ടില്ല. കാലത്തു ചായ കഴിഞ്ഞിരിക്കുന്നു. ഇപ്പോഴും വിശപ്പു തുടങ്ങീട്ടില്ല. പ്രിയമിത്രത്തെ കണ്ടപ്പോൾ എനിക്കു ഉണ്ടതിലധികം സുഖമായി.

ആഗതൻ — ഓ! ഇതു വലിയ കുഴപ്പമായി. മണി പന്ത്രണ്ടടിച്ചു. ഇനിയും ഭക്ഷണം കഴിഞ്ഞിട്ടില്ലല്ലൊ. മുഖത്തു ക്ഷീണം ബാധിച്ചുതുടങ്ങിയിരിക്കുന്നു. ഇനി വര്‍ത്തമാനമെല്ലാം ഭക്ഷണം കഴിഞ്ഞിട്ടാവാം. ഞാൻ വേഗം കുളിക്കട്ടെ.

എന്നു പറഞ്ഞു ഉടുപ്പു മാററിത്തുടങ്ങി. അപ്പോഴക്കും ഭൃത്യൻ കുതിരയുടെ ജീനി മുതലായതു് അഴിച്ചു ലായത്തിൽ കൊണ്ടുപോയി കെട്ടി പുല്ലും വെള്ളവും കൊടുത്തു് അനന്തരകല്പനക്കു് ഹാജരായി.

ആഗതൻ ഉടുപ്പു മാററി ഭൃത്യനോന്നിച്ചു കുളത്തിലേക്കു നടന്നു. പോകുംവഴിക്കു തല അല്പം ചുററുകയാലും പ്രാത്തു എന്തെന്നില്ലാതെ ഒരു വേദന ഉണ്ടാവുകയാലും അദ്ദേഹം പെട്ടന്നു് അവിടെ ഇരുന്നുപോയി. ഭൃത്യൻ അതു കണ്ടു പരിഭ്രമിച്ചു. ആഗതൻ "സാരമില്ല" എന്നു പറഞ്ഞു് അവിടെനിന്നു് എഴുന്നേററു കുളത്തിൽ പോയി കുളി തുടങ്ങി. മുങ്ങുന്ന സമയത്തു തലക്കു് ഒരടികൊണ്ടതുപോലെ ഒരസഹ്യത തോന്നി. ദേഹം ആസകലം ഒന്നു വിറച്ചു. എങ്കിലും അദ്ദേഹം ഒരുമാതിരി പണിപ്പെട്ടു കുളി മുഴുവൻ ആക്കി ഗൃഹത്തിലേക്കു മടങ്ങി.

ഗോവിന്ദമേനവനും ആഗതനും ഭക്ഷണത്തിനു് ഇരുന്നു. വളരെ രുചിയോടുകൂടിയ ശുചിയായ പദാർത്ഥങ്ങ

ളായിരുന്നുവെങ്കിലും, ആഗതന്നു ഭക്ഷണത്തിന്നു ലേശം രുചിയുണ്ടായില്ല. അല്പം ഉണ്ടു എന്നു വരുത്തി ഒരു കിണ്ടി പച്ചവെള്ളം കുടിച്ചതേയുള്ളു.

ഗോവിന്ദമേനോൻ — എന്താ, ഭക്ഷണപദാൎത്ഥം രുചിച്ചില്ലെന്നുണ്ടോ?

ആഗതൻ — രുചിക്കാഞ്ഞല്ലാ, എനിക്കൊരു തലക്കു് ഒരു സുഖമില്ല. വെയിലത്തു വന്നു ഉടനെ കുളിച്ചതു കൊണ്ടായിരിക്കാം. പക്ഷേ......

ഗോ_മേ — ഉം, എന്താ, വേറെ വല്ല കാരണവുമുണ്ടോ?

ആഗതൻ — ഇല്ല, സാരമില്ല; പറയത്തക്കവണ്ണം ഒന്നുമില്ല. മുങ്ങുമ്പോൾ തലക്കു് എന്തോ ഒരസഹ്യത തോന്നി.

ഗോ_മേ — ഈ കുളത്തിലെ വെള്ളം വളരെ തണുപ്പുള്ളതാണു്. നിങ്ങൾ വെയിലത്തു വരികയും ചെയ്തുവല്ലോ. ശീതോഷ്ണങ്ങൾ ഒന്നിക്കുകയാൽ ആയിരിക്കാം ഈ അസഹ്യതക്കു കാരണം. അല്പം ഉറങ്ങിയാൽ എല്ലാം ഭേദമാവും എന്നു വിശ്വസിക്കുന്നു.

എന്നു പറഞ്ഞു അവർ രണ്ടു പേരും കൈ കഴുകി മാളികയിലേക്കു പോകുവാൻ ഭാവിച്ചു. അപ്പോൾ പടി കടന്നു രണ്ടു കുട്ടികൾ ഓടിവന്നു്, "അച്ഛാ, അച്ഛാ, ഞങ്ങളിന്നൊരു വിശേഷം കണ്ടല്ലോ" എന്നു പറഞ്ഞും കൊണ്ടു കോലായിൽ വന്നുകയറി.

ഗോ_മേ — എന്തു വിശേഷമാണു നിങ്ങൾ കണ്ടതു്?

ഒന്നാമൻ — അതോ? പറയാം. ഞങ്ങൾ സ്കൂളിൽനിന്നു മൂത്രം വിസൎജ്ജിപ്പാൻ പുറത്തു വന്നു. ആ സമയത്തു

റോട്ടിൽക്കൂടി ഒരാൾ കുതിരയെ ഓടിച്ചുംകൊണ്ടുവരുന്നതു കണ്ടു. കുതിര സ്ക്കൂൾമതിലിന്നു ചേരെ അടുത്തപ്പോൾ, മേലേമനക്കലെ ആനയെ അതിലെ കൊണ്ടുവരികയായിരുന്നു. കുതിര ആനയെ കണ്ടു പേടിച്ച "ഖെ, ഖെ, ഖെ," എന്നു ശബ്ദിച്ചുംകൊണ്ടു രണ്ടു ചാട്ടം ചാടി. ആന, 'ഹ്രീ' എന്നു നിലവിളിച്ചു പിന്നാക്കം ഒരോട്ടം. കുതിരപ്പുറത്തു ഇരുന്നിരുന്ന ആൾ 'ബ്ലീം' എന്നു റോട്ടുചാലിലേക്കു വീണു. കുതിര അവിടെ കിടന്നു പരക്കം പാഞ്ഞുതുടങ്ങി. അപ്പോഴേക്കും അയാൾ എഴുന്നേറ്റു കുതിരയെ പിടിച്ചുനിറുത്തി. പിന്നെ കുതിരപ്പുറത്തു കയറി പോവുകയും ചെയ്തു.

രണ്ടാമൻ—അപ്പാ, ഈ നേരംപോക്കു കണ്ടുനിന്നതുകൊണ്ടു ക്ലാസ്സിൽ എത്തുവാൻ നേരം വൈകിപ്പോയി. മാസ്റ്റർ ദേഷ്യപ്പെട്ടു് ഈരണ്ടു പൊട്ടിച്ചു. ഇതാണു വിശേഷം.

കുട്ടികളുടെ ഈ വാക്കുകൾ കേട്ടപ്പോൾ ആഗതന്റെ മുഖം ഒന്നു വിളർത്തു. ഗോവിന്ദമേനവൻ കുട്ടികളെ നോക്കി, "ഭാരതി എവിടെ?" എന്നു ചോദിച്ചു.

ഒന്നാമൻ—ഓപ്പോളെ ചെമ്പകശ്ശേരിയിലെ ജാനകിക്കുട്ടിക്കൊണ്ടുപോയി. ഓപ്പോളു് ഞങ്ങളോടു നടന്നോളാൻ പറഞ്ഞു. ഞങ്ങൾ ഇങ്ങോട്ടും പോന്നു.

ഗോ—മേ—നിങ്ങൾ വേഗം ഭക്ഷണം കഴിച്ചു പോകവിൻ. (പിന്നീടാഗതനെ നോക്കി) നമുക്കു മുകളിലേക്കു പോവുകയല്ലേ?

ആഗതൻ—കുട്ടികൾ പറഞ്ഞതു ശരിയാണു്. എന്റെ

കതിരക്ക് ആനയെ കണ്ടു പരിചയമില്ല. അതുകൊണ്ടല്പം ബുദ്ധിമുട്ടിപ്പോയി.

ഗോ-മേ— (പരിഭ്രമത്തോടെ) വല്ല വരക്കും പററിയിട്ടുണ്ടോ?

ആഗതൻ— ഇല്ലാ. കളിക്കുവാൻ പോകുമ്പോൾ പുറത്തൊരു വേദന തോന്നി. സാരമില്ല.

ഗോ-മേ—എന്നാൽ നിങ്ങൾ അല്പം കിടക്കുവിൻ. കുറെ ഉറങ്ങിയാൽ എല്ലാം ഭേദമാകും.

എന്നു പറഞ്ഞു് ഒരു കോസരി വിരിച്ചുകൊടുത്തു. ജനവാതിലിന്റെ കതകുകളടച്ച് അദ്ദേഹം പുറത്തേക്കു പോന്നു. ആഗതൻ സുഖനിദ്രയിലും ആയി.

ഏകദേശം നാലുമണിവരെ ഉറങ്ങിയതിന്റെശേഷം ആഗതൻ ഉണന്ന് എഴുനേററു. മേലാസകലം ഒരു വേദനയുണ്ടാവുകയാൽ എഴുനേല്ക്കുവാൻ വളരെ ഞെരുങ്ങി. ഒരുവിധം എണീററു പുറത്തു വരുമ്പോഴേക്കും പാചകൻ ചായ പലഹാരം മുതലായവ കൊണ്ടുവന്നു ഹാജരായി. അദ്ദേഹം ചായ മുഴുവനും കഴിച്ചു. പലഹാരത്തിന്ന് അത്ര രുചിയുണ്ടായില്ല. പിന്നെ മേനവൻ എങ്ങോട്ടു പോയി എന്നു പാചകനോടു ചോദിച്ചു. "അദ്ദേഹം തോട്ടത്തിലേക്കു പോയിരിക്കുന്നു. ഇപ്പോൾ വരും. വേണമെങ്കിൽ വിളിക്കാം." എന്നു പറഞ്ഞു് പാചകൻ തിരിയുമ്പോഴെക്കും മേനവൻ അവിടെ എത്തി.

മേനവൻ—എന്താ, ഉറക്കം സുഖമായൊ? ചായ കഴിച്ചുവോ?

ആഗതൻ—കുറെ ഉറങ്ങി. ചായയും കഴിച്ചു. എങ്കി
ലും തലക്ക സുഖം തോന്നിത്തുടങ്ങിയിട്ടില്ല.

മേനവൻ—ഒരു തേച്ചുകുളിയുംകൂടി കഴിഞ്ഞാൽ എ
ല്ലാം സുഖപ്പെടും. അസാരം ചൂടുവെള്ളവുംകൂടി വെ
ക്കവാൻ പറയാം.

എന്നു പറഞ്ഞു ഭൃത്യന്റെ മുഖത്തെക്ക ഒന്നു നോക്കി. ഭൃത്യൻ ഉടനെ ഒരു കുട്ടകമെടുത്തു കുളത്തിലേക്ക പോവുകയും ചെയ്തു.

ഇവർ അല്പനേരം കാരോന്നു സംസാരിച്ചിരുന്നതിന്റെശേഷം ഗോവിന്ദമേനവൻ സ്നേഹിതനെ നോക്കി "എനിക്ക നിങ്ങളോട വളരെ വൎത്തമാനങ്ങൾ ചോദിച്ചറിയുവാനുണ്ട്. ഇപ്പോൾ നിങ്ങൾക്ക സുഖക്കേടുകൊ കൊണ്ട് അതു നാളെക്കനീട്ടിവെക്കുകയല്ലെ നല്ലത്." എന്നു ചോദിച്ചു.

"അവിടുത്തെ സൌകൎയ്യംപോലെയാവാമല്ലൊ. എനിക്കും വളരെയെല്ലാം പറയുവാനുണ്ട്. നേരം അസ്തമിക്കാറായിത്തുടങ്ങി. അതുകൊണ്ടു വൎത്തമാനം പറയുന്നതു പിന്നെക്ക നീട്ടിവെക്കാം" എന്ന് ആഗതനും പറഞ്ഞു. "എന്നാൽ നമുക്ക കുളിക്കുവാൻ പോവുക" എന്നു പറഞ്ഞ് ഗോവിന്ദമേനോൻ സ്നേഹിതനോടുകൂടി കുളക്കടവിലേക്ക പോയി.

ആഗതന്ന് അന്നു രാത്രിയിലും ഊണിന്നു രുചിയുണ്ടായില്ല. ഭക്ഷണംകഴിഞ്ഞു രണ്ടുപേരും മുകളിലേക്ക പോയി. അവർ കുറച്ചുനേരം സംസാരിച്ചിരുന്നതിന്റെ ശേഷം കിടക്കുകയും ചെയ്തു.

ഗോവിന്ദമേനോൻ കിടന്നമാത്രയിൽതന്നെ കുംഭകൎണ്ണസേവ തുടങ്ങി. ആഗതന്നു് ഉറക്കംവന്നില്ല. അങ്ങോട്ടും ഇങ്ങോട്ടും ഉരുണ്ടും, എണീററു് ഇരുന്നും, പിന്നേയും കിടന്നുരുണ്ടും രാത്രി പന്ത്രണ്ടുമണിവരെ കഴിച്ചുകൂട്ടി. ആ സമയത്തു് അദ്ദേഹത്തിന്നു് അതിയായ ഒരു കുളിരു തോന്നി. എന്നല്ല, ക്ഷണംകൊണ്ടു ദേഹം കിടുകിടെ വിറച്ചുതുടങ്ങി. മുൻപു പുതച്ചിരുന്ന മുണ്ടിന്നുപുറമെ ഒരു ചകലാസുംകൂടി എടുത്തു പുതച്ചു. എന്നിട്ടും വിറയലോ കുളിരോ നിന്നില്ല. പിന്നെ ഒന്നു ചുരുണ്ടുകിടന്നുനോക്കി. എന്നിട്ടും ഉപദ്രവത്തിന്നു യാതൊരു ഭേദവും ഉണ്ടായില്ല. ഇങ്ങിനെ അല്പസമയം കഴിഞ്ഞു. ഉടനെ അദ്ദേഹം ബോധരഹിതനാവുകയും ചെയ്തു.

നേരം പ്രഭാതമായി. ദ്വിജകുലങ്ങളെല്ലാം ഉണൎന്നു ശബ്ദിച്ചുതുടങ്ങി. പനിമതിഭഗവാൻ ചരമാചലസാനുക്കളിൽ ഏതോ തിരസ്കരണിക്കുള്ളിൽ മറഞ്ഞു. അരുണസാരഥി ഉദയസാനുക്കളിൽ ഇരുളാകുന്ന തിരശ്ശീലയെ നീക്കി രംഗപ്രവേശം ചെയ്തുതുടങ്ങി. പക്ഷികളുടെ കളകളശബ്ദംകേട്ടു ഗോവിന്ദമേനോൻ ഉണൎന്നിരുന്നു. കൈതിരുമ്മി, കണ്ണുതുടച്ചു മങ്ങിക്കത്തിക്കൊണ്ടിരിക്കുന്ന ദീപംകണ്ടു തൊഴുതു. ആ സമയത്തു് അങ്ങേ മഞ്ചത്തിൽനിന്നു ഹൂംകാരങ്ങളും 'ആവൂ, ആവൂ' എന്നു ചില ശബ്ദങ്ങളും കേട്ടു. മേനോൻ പരിഭ്രമിച്ചു് എണീററു് അടുത്തുചെന്നു്, "സ്നേഹിതാ, സ്നേഹിതാ" എന്നു് ഒന്നുരണ്ടുപ്രാവശ്യം വിളിച്ചു. ഉത്തരം ഇല്ല. എന്നാൽ കുലുക്കിവിളിച്ചുകളയാമെന്നുവെച്ചു് അദ്ദേഹത്തിന്റെ ദേഹ

ത്തിൽ കൈവെച്ചുനോക്കിയപ്പോൾ കനൽപ്പാത്തു കയ്യവെച്ചതുപോലെ തോന്നി. "ഓ, ഒരു മാതിരി ശക്തിയായി പനിക്കുന്നുണ്ടല്ലൊ" എന്നു പറയുമ്പോഴേക്കു "വെള്ളം" എന്നു ഒരു ദീനസ്വരം കേൾക്കുകയാൽ ഗോവിന്ദമേനോൻ വരാന്തയിൽ ചെന്നു "രാമൻനായർ, രാമൻനായർ" എന്നു വിളിച്ചു.

എവിടെ രാമൻനായർ? ആരു വിളികേൾക്കും? ഈ അവസരത്തിൽ ഈവകക്കാൎക്കു ബോധമുണ്ടോ? നല്ല സുഷുപ്തികാലമല്ലെ അതു്? പ്രായേണ ഇവരുടെ ജോലികൾ കഴിഞ്ഞാൽ കുറഞ്ഞതു് ഒരു പത്തു പടിയെങ്കിലും കയറി ഇറങ്ങാഞ്ഞാൽ സുഖമില്ല. ഉറക്കം വരികയും ഇല്ല. അന്ത്യയാമത്തിലേ ഇവൎക്കു കിടക്കുവാൻ തരമാവുകയുള്ളു. പിന്നെയുണ്ടോ ഈ സമയത്തു വിളിച്ചാൽ അവർ ഉണരുന്നു? ഒരുപക്ഷേ അവിടെ ഉണ്ടായില്ലെന്നും വരാം.

ആൾ വിളികേൾക്കാതായപ്പോൾ മേനവൻ "ഭാരതി, ഭാരതി" എന്നു വിളിച്ചു. ഭാരതി അകത്തെ അറയിൽ കിടക്കുകയായിരുന്നു. മേനോൻ രാമൻനായരെ വിളിക്കുന്ന ശബ്ദംകേട്ടു് അവൾ ഉണൎന്നിരുന്നു. അച്ഛന്റെ വിളികേട്ടു് അവൾ ഉടനെ ഓടി അടുക്കലേക്കു ചെന്നു.

ഗോവിന്ദമേനവൻ പുത്രിയെ നോക്കി "കുറച്ചു വെള്ളം തിളപ്പിച്ചു വേഗം കൊണ്ടുവരു. അടുക്കളയിലേക്കു പോയി ബുദ്ധിമുട്ടേണമെന്നില്ല. നീ കിടന്നിരുന്ന മുറി

യിൽ ചുമരലമാറയിൽ ആ 'ടെസ്റ്റൂ' ഇരിക്കുന്നുണ്ടല്ലോ. 'സ്പിരിട്ടും' അവിടെത്തന്നെയുണ്ട്. ഇതാ ഈ കപ്പിപ്പാത്രത്തിലെ വെള്ളം കൊണ്ടുപോയി നല്ലവണ്ണം തിളപ്പിച്ചു കൊണ്ടുവരൂ" എന്നു പറഞ്ഞു.

അവർ ഉടനെ വെള്ളം തിളപ്പിച്ചുകൊണ്ടുവന്നു കൊടുത്തു. ഗോവിന്ദമേനോൻ അതു ചൂടാറി കുറേശ്ശ കുറേശ്ശയായി രോഗിക്കു കുടിക്കുവാൻ കൊടുത്തു. അല്പം വെള്ളം അകത്തു ചെന്നപ്പോൾ രോഗി 'ഔവ്വ്' എന്നൊരു ശബ്ദം പുറപ്പെടുവിച്ചു.

മേനവൻ മകളെ നോക്കി "നീ ഇവിടെ നില്ക്കൂ" ഞാൻ ഇപ്പോൾ വരാം" എന്നു പറഞ്ഞു താഴത്തു വന്ന് 'ശങ്കരാ, ശങ്കരാ' എന്നു വിളിച്ചു. അതിനുത്തരമായി കോലായിയുടെ തെക്കേമൂലയിൽനിന്നു പിടഞ്ഞെണീറ്റു മുഖം തുടച്ചും കുടുമകെട്ടിയും വസ്ത്രകൌപീനാദികളെ ശരിപ്പെടുത്തിയുംകൊണ്ട് ഒരു സത്വം മേനവന്റെ മുമ്പിൽ പ്രവേശിച്ചു. "നീ ഈ എഴുത്തു ഡോക്ടർ ചിതംബരയ്യനു കൊടുത്ത് അദ്ദേഹത്തെ ഉടനെ കൂട്ടിക്കൊണ്ടുവരണം. നമ്മുടെ വണ്ടിയും കൊണ്ടു പൊയ്ക്കോളൂ. വേഗം വരണം" എന്നു പറഞ്ഞു വാലിയക്കാരനെ അയച്ചതിനുശേഷം മേനോൻ ദേഹശുദ്ധിവരുത്തി പതിവിൻപടി ഈശ്വരപ്രാർത്ഥനയും കഴിച്ചു മുകളിൽ വന്നു. ഭാരതി അവിടെത്തന്നെ നില്ക്കുന്നുണ്ടായിരുന്നു. മേനവൻ "ഇനി താഴത്തേക്കു പോയ്ക്കോളൂ" എന്നു പുത്രിക്ക് അനുവാദം കൊടുത്തു. "വെള്ളം ചൂടാറിയിട്ടുണ്ട്; ഇനി ചൂടുപിടിപ്പിക്കണോ" എന്ന് അവൾ ചോദിച്ചതിന്, "ഇ

പ്പോൾ വേണ്ട. വേണമെങ്കിലും ഡോക്ടർ വന്നിട്ട മതി" എന്ന പറഞ്ഞു. ഭാരതി താഴത്തേക്ക പോവുകയും ചെയ്തു.

മേനവൻ അല്പനേരം രോഗിയുടെ അടുത്തിരുന്നു. ഡോക്കടർ വരുന്നുണ്ടോ എന്ന ജനവാതിലിന്റെ പടി തുറന്നുനോക്കി. എന്തൊരു മഞ്ഞാണ്. ജനവാതിൽ വഴിയായ് ഹിമകണങ്ങൾ തിക്കിത്തിരക്കി അകത്തേക്ക പ്രവേശിച്ചുതുടങ്ങി. ഉടനെ ജനൽ അടച്ച് അദ്ദേഹം താഴത്ത കോലായിൽ വന്ന നിലവായി. അപ്പോൾ ഒരാൾ പടികടന്ന പരിഭ്രമത്തോടുകൂടി വടക്കപ്പുറത്തേക്ക് ഓടിപ്പോകുന്നതു കണ്ടു. "രാമൻനായരോ" എന്ന മേനവൻ ചോദിച്ചതിന്ന്, അതേ എന്ന് ഒരു ചുമയോടുകൂടിയിട്ടാണ മറുപടി പുറപ്പെട്ടത്. മേനോൻ അതുകേട്ട് 'ഉം' എന്നൊന്നു മൂളി. അപ്പോഴെക്കും ഡോക്കടർക്കായി അയച്ച വണ്ടിയും പടിക്കൽ വന്നെത്തിക്കഴിഞ്ഞു. വണ്ടിയിൽനിന്ന ഡോക്കടരും, കൊമ്പൌണ്ടരും ഇറങ്ങി അകത്തേക്ക കടന്നു. ശങ്കരൻ ഡോക്കടരുടെ കൈപ്പെട്ടി കൊണ്ടുവന്നു കോലായിൽവെച്ചു. ഡോക്കടർ മേനവനെ നോക്കി ചിരിച്ചുംകൊണ്ട് "റൊമ്പ നാളാച്ചി പാത്ത്കിട്ട്" എന്ന പറഞ്ഞു കോലായിലേക്ക കയറി. "സ്വാമിയുടെ വരവുകാത്തു നില്ക്കയാണ്" എന്ന മേനോൻ പറഞ്ഞു.

ഡോക്കടർ—യാരുക്ക് ശീക്ക്; അവരെങ്കെ പടുത്തിരുക്കാറാൻ?

മേനവൻ—എന്റെ ഒരു സ്നേഹിതനാണ ദീനം. അദ്ദേഹം മുകളിൽ ആണ കിടക്കുന്നത്.

"എന്നാൽ മേലെ പോകാം" എന്നു പറഞ്ഞു മേനവൻ മുമ്പിലും പിന്നാലെ ഡോക്ടരും കോംപൌണ്ടരും മുകളിലേക്കു പോയി.

ഡോക്ടർ രോഗിയെ തൊട്ടുനോക്കി. ഉടനെ പെട്ടിതുറന്നു "തെർമോമീറ്റർ" എടുത്തു വെച്ചുനോക്കി "ഒരു നൂത്തഞ്ചു ഡിഗ്രി ഇരുക്കേ" എന്നുപറഞ്ഞു മേനവന്റെ നേക്കു തിരിഞ്ഞു. മേനവൻ ഒന്നു പരിഭ്രമിച്ചു.

ഡോക്ടർ "കൊഞ്ചം ശുട്ടതണ്ണി വെക്കശൊല്ലു" എന്നുപറഞ്ഞു പെട്ടിയിൽനിന്നു ചില കുപ്പികളെടുത്തു തിരിച്ചും മറിച്ചും നോക്കി അങ്ങോട്ടും ഇങ്ങോട്ടും മാറ്റി വെച്ചുതുടങ്ങി

രാമൻനായർ ചൂടുവെള്ളം കൊണ്ടുവന്നു വെച്ചു. ഡോക്ടർ പച്ചവെള്ളവും അതിൽ ചേർത്തു ശീതോഷ്ണം ശരിപ്പെടുത്തി, ഒരു കുപ്പിയിൽനിന്നു കുറച്ച് ഔഷധം അതിൽ വീഴ്ത്തി, ഒരു ഫ്ലാനൽത്തുണി അതിൽ മുക്കി രോഗിയുടെ മേലാസകലം തുടച്ചു. നെറ്റിയിൽ "ഐസ് ബാഗ്" വെക്കുകയും ചെയ്തു. പിന്നീടു രണ്ടുമൂന്നുകുപ്പികളിൽനിന്നും മരുന്നുകൾ ഒരു കുപ്പിക്കിണ്ണത്തിൽ പകർന്ന്, ഒരുതരം പൊടിയും ചേർത്തു യോജിപ്പിച്ചു മേനവന്റെ കയ്യിൽ കൊടുത്തു. മേനവൻ അതു ഡോക്ടരുടെ ഉപദേശപ്രകാരം കുറേശ്ശയായി രോഗിക്കു കൊടുത്തു.

ഡോക്ടർ—പോരും; ഒരു മണിക്കുക്ക് പില്ലാട് ബാക്കിയിരുപ്പതെ കൊടുങ്കൾ. ബാർലിവാട്ടർ പലതടവയായ് കൊടുക്കവേണം; സായന്തനം നാഴി മില്ക്കും

കൊടുക്കലാം. കഞ്ഞികിഞ്ഞി ഒന്നും കൊടുക്കവേണ്ട. സായന്തനം കൊടുക്കർതക്ക് മരുന്തെ ശേത്തു തരേൻ. നാളെ കാലംപ്പുറം വണ്ടി അനുപ്പുങ്കോം, നാൻ വറേൻ. സായന്തനം തേർമോമിററർ' വെയ്ത്തു പാക്കവേണം. നൂത്തിരണ്ടു ഡിക്രിയിൽ കെഴഞ്ചിരുന്താനാൽ ബോക്ക'ക്കളെയ് ഐസ് പോട്ടു നെററിമേലേയ് വൈക്കവേണം. അല്ലാവുടിൽ വേണ്ടാം

എന്നു പറഞ്ഞു മരുന്നുകൾ തെയ്യാർ ചെയ്തുകൊടുത്തു ഡോക്ടർ പോയി.

പിറേറദിവസം കാലത്തു മണി എഴടിക്കുമ്പോഴേക്കും ഡോക്ടർ എത്തി, രോഗിയെ പരിശോധിച്ചു. പനി അഞ്ചു 'ഡിഗ്രി' കറഞ്ഞിരുന്നു. ഡോക്ടർ മേനവനോടു —"അവക്കു തൂക്കം വന്താനാൽ തൂങ്കട്ടും; തൂങ്കിറ സമയത്തിലെ കുപ്പിട്ടു മരുന്തെയ് കൊടുക്കവേണ്ടാം. എഴുന്തിരിക്രസമയത്തു കൊടുത്താനാൽ പോതും" എന്നു പറഞ്ഞു അന്നൊക്ക വേണ്ടതായ ഔഷധങ്ങൾ എല്ലാം തെയ്യാർ ചെയ്തുകൊടുത്തു പോയി.

ഗോവിന്ദമേനവന്റെ ഈ അതിഥി ആരാണെന്നറിഞ്ഞാൽക്കൊള്ളാമെന്നുള്ള ഉൽക്കണ്ഠ എന്റെ പ്രിയവായനക്കാൎക്കുണ്ടായിരിക്കുമല്ലോ. അദ്ദേഹത്തെപ്പററി അല്പമൊന്നു വിവരിക്കാം.

ഇദ്ദേഹത്തിന്റെ ഭവനം ലക്ഷ്മിപുരത്താണ്. വീട്ടുപേർ പൂവള്ളിക്കൽ എന്നാണ്. കരുണാകരൻനായർ എന്നാണു പേര്. പൂവള്ളിക്കൽ തറവാട് അറി

ഷ്ടങ്ങൾ കൂടാതെ ഒരുമാതിരി കഴിഞ്ഞുകൂടുവാൻതക്ക സ്വത്തുള്ളതായിരുന്നു. ആ തറവാട്ടിൽ ഇദ്ദേഹത്തിന്റെ മാതുലൻ കുമാരൻനായരും മാതാവു മാധവി അമ്മയും ഇദ്ദേഹവും മാത്രമേ ഉണ്ടായിരുന്നുള്ളു. ഇദ്ദേഹത്തിന്റെ പിതാവു ചെറുമംഗലത്തു ബ്രഹ്മദത്തൻനമ്പൂതിരിയായിരുന്നു. കരുണാകരൻനായരുടെ മൂന്നാമത്തെ വയസ്സിൽ ബ്രഹ്മദത്തൻനമ്പൂതിരി ഇഹലോകവാസം വിട്ടു. മാധവിയമ്മ ഇപ്പോൾ നടന്നുവരുന്ന അന്യദത്തുസ്വീകാരത്തിൽ മനസ്സുള്ളവളല്ലായിരുന്നു. പലരും ഉത്സാഹിച്ചു നോക്കിയിട്ടും പുനർവ്വിവാഹത്തിന്നു് അവർ വഴിപ്പെട്ടില്ല. കാരണവർ കുമാരൻനായരും ചിലരെക്കൊണ്ടു പറയിച്ചുനോക്കി. തന്റെ ജന്മം വൈധവ്യത്തോടെ ഒടുക്കുന്നതാണു ശ്രേയസ്സെന്നായിരുന്നു ആ സാധ്വിയുടെ മറുവടി. കരുണാകരൻനായരെ സ്കൂളിൽ ചേർത്തു പഠിപ്പിക്കുന്നതിന്നുള്ള ചിലവുകൾ നടത്തിവന്നിരുന്നതു മാധവി അമ്മതന്നെ ആയിരുന്നു. കാരണവർ കുമാരൻനായർ സ്വതേ ലുബ്ധനും കോപിഷ്ഠനും ആണു്. അദ്ദേഹത്തിന്നു് ഇംഗ്ലീഷുവിദ്യാഭ്യാസത്തിൽ വളരെ വെറുപ്പമാണു്. അതുകൊണ്ടാണു കരുണാകരൻനായരുടെ പഠിത്തച്ചിലവു മാധവി അമ്മ നടത്തേണ്ടിവന്നതു്. കരുണാകരൻനായർ പത്താംക്ലാസ്സ് പാസ്സായതും മാധവിഅമ്മ ലക്ഷ്മീപുരംവിട്ടു അന്തകപുരത്തേക്കു പോയതും ഒരേകാലത്താകകൊണ്ടു് അദ്ദേഹത്തിനു പിന്നീടു പഠിക്കേണ്ടതിന്നു വൈഷമ്യങ്ങൾ നേരിട്ടു.

മാതുലന്റെ സ്വഭാവത്തെപ്പറ്റി മുൻവിവരിച്ചിട്ടു

ണ്ടല്ലോ. പോരെങ്കിൽ പൂവള്ളിക്കൽ ഒരു അമ്മായിയുടെ രംഗപ്രവേശത്തോടുകൂടി അനന്തിരവന്റെ പഠിത്തം തീരെ "പെട്ടിവെച്ചുകളി"യായി. ചിലരുടെ ശിപാർശമൂലം കാര്യംകൂടി പഠിപ്പിക്കാമെന്ന് അമ്മാമൻ മനസ്സില്ലാമനസ്സോടെ സമ്മതിച്ചിരുന്നുവെങ്കിലും അമ്മായിയുടെ തലയിണമന്ത്രം കുമാരൻനായരുടെ ആ ബാധയെ നിശ്ശേഷം നശിപ്പിച്ചു. കരുണാകരൻനായർ ചെറുപ്പത്തിൽത്തന്നെ സ്വാർത്ഥത്യാഗം, ദൃഢത, പരോപകാരതല്പരത, ഗുരുജനഭക്തി, ദൈവവിശ്വാസം, കൃത്യനിഷ്ഠ, സുശീലത മുതലായ സൽഗുണങ്ങൾക്കു വിളനിലമായിരുന്നു. ബ്രഹ്മദത്തൻനമ്പൂതിരിയുടെ പ്രതിച്ഛായയായിരുന്നതിനുംപുറമെ സുമുഖനും ആരോഗ്യദൃഢഗാത്രനും ആയിരുന്നു. അദ്ദേഹത്തിനു പഠിത്തത്തിന്നാണെങ്കിൽ വളരെ മോഹം; മാതാപിതാക്കൾ മരിച്ചിരിക്കുക; വേറെ ബന്ധുക്കളാരും ഇല്ലാതിരിക്കുക; അമ്മാമൻ ഇടഞ്ഞിരിക്കുക; അതിന്ന് അമ്മായി ഞെക്കിടി പിടിക്കുക; തന്റെ കയ്യിൽ ഒരൊററ കാശുപോലും ഇല്ലാതിരിക്കുക; ഈഘട്ടത്തിൽ ആ സാധു എന്തു ചെയ്യും? പിന്നെയും ചിലരെക്കൊണ്ട് അമ്മാമനോട് പറയിച്ചുനോക്കി. ഫലപ്രാപ്തിയുണ്ടായില്ല. കരുണാകരൻനായർ കുഴങ്ങി. ചുററുവാൻ മുണ്ടില്ല. തേച്ചുകുളിയുടെ കാര്യം പറയുകതന്നെ വേണ്ട. ഒക്ഷണംമാത്രം രണ്ടു നേരം കിട്ടിപ്പോന്നിരുന്നു. അതും 'ഗൃഹപാലകന്നു' കൊടുക്കുംപോലെയാണ് അമ്മായി കൊടുത്തുപോന്നിരുന്നത്. ഹാ കഷ്ടം! എത്ര കുഡുംബങ്ങളാണ് ഇപ്പോൾ ചില അമ്മായിമാരെക്കൊണ്ടു

കഷ്ടാവസ്ഥയിൽ പെട്ടിരിക്കുന്നതു്. കരുണാകരൻനായർ സഹിക്കവയ്യാതായപ്പോൾ കുമാരൻനായരോടു് "അമ്മാമാ, എന്നെ ഇങ്ങിനെ ദ്രോഹിക്കരുതെ. ഞാൻ വല്ലാതെ കഷ്ടപ്പെടുന്നു. എനിക്കു് ഇക്കൊല്ലമെങ്കിലും കോളേജിൽ ചേൎന്നു പഠിച്ചാൽ കൊള്ളാമെന്നുണ്ടു്. ദയവു ചെയ്യണേ. അമ്മയുടെ സ്വല്പം പണമുള്ളതും അമ്മാമന്റെ കൈവശത്തിലാണല്ലൊ. അതെങ്കിലും ചിലവിട്ടു പഠിപ്പിച്ചാൽ കൊള്ളാം" എന്നു പറഞ്ഞു.

കുമാരൻനായർ ദേഷ്യത്തോടെ "നിന്റെ കോലേജും, നിന്റെ അമ്മയുടെ പണവും, നീയ്യും—നിനക്കു് എന്റെ നേരിട്ടുനിന്നു് ഇത്ര പറയാറായി, ഇല്ലേ. ഇംഗ്ലീഷു് പഠിച്ചോൎക്കുണ്ടോ വകതിരിവു്—പോ, തെമ്മാടി, പടികടന്നു പുറത്തുപോ," എന്നു പറഞ്ഞു. കരുണാകരൻനായർ ഒന്നും മിണ്ടാതെ അവിടെനിന്നും പോന്നു. ഒന്നുരണ്ടു ദിവസം അവിടെ കിടന്നു തിരിഞ്ഞു. പിന്നീടു ചുററിയ മുണ്ടിന്നു് ഇണയില്ലാതെ നാടു വിട്ടു പോയി. കുറെ ദിക്കുകളെല്ലാം അലഞ്ഞുനടന്നതിന്നുശേഷം ഉപജീവനത്തിന്നു യാതൊരു മാൎഗ്ഗവും കാണാതിരിക്കെ പട്ടാളത്തിൽ ആളെ ചേൎക്കുന്നുണ്ടെന്ന വിവരം കേട്ടു. ഉടനെ അദ്ദേഹം അതിൽ ചേരുകയും ചെയ്തു.

കരുണാകരൻനായർ പട്ടാളത്തിൽ ചേൎന്നകാലത്തു ഗോവിന്ദമേനോൻ അതിലെ 'ലെഫ്ടിനന്റ് ജനറാൾ' ആയിരുന്നു. കരുണാകരൻനായരെ കണ്ടപ്പോൾതന്നെ ഗോവിന്ദമേനവന്നു് അദ്ദേഹത്തിൽ പ്രീതി ജനിച്ചു. അ

പ്രീതി ദിനംപ്രതി വൎദ്ധിച്ചുതുടങ്ങി. ഇവർ രണ്ടു പേരും ഒരുമിച്ചുതന്നെ താമസം ഉറപ്പിച്ചു. എല്ലാ ബന്ധത്തേക്കാൾ അധികം വലുതു സ്നേഹബന്ധമാണല്ലൊ. കരുണാകരൻനായരുടെ ബുദ്ധിവിശേഷംകൊണ്ടും യുദ്ധവൈദഗ്ദ്ധ്യംകൊണ്ടും മറ്റും അദ്ദേഹത്തിന്നു മുറയ്ക്കു കയറ്റം കിട്ടിത്തുടങ്ങി. ഒടുവിൽ ഗോവിന്ദമേനവൻ രാജിവെച്ചു പോരുന്നസമയം ആ സ്ഥാനം വഹിച്ചതു നമ്മുടെ മേനവന്റെ ഈ അതിഥിതന്നെയായിരുന്നു. ഇദ്ദേഹം ഇപ്പോൾ ഇവിടെ വരുവാനുള്ള കാരണവും മറ്റും അടുത്ത അവസരത്തിൽ പ്രത്യക്ഷപ്പെടുന്നതുകൊണ്ടു നമുക്ക് അദ്ദേഹത്തിന്റെ ദീനസ്ഥിതിയെത്തന്നെ ഒന്നുകൂടി അന്വേഷിക്കുക.

സ്കൂളിലേക്കു പോകുന്നതിന്നുമുമ്പും, വിട്ടുവന്നതിന്നുശേഷവും മാലതിയുടെ താമസം രോഗിയുടെ അടുക്കൽത്തന്നെയായിരുന്നു. രോഗിക്കു ഔഷധം കൊടുപ്പാനും ആഹാരം കൊടുക്കുവാനും മറ്റും അവൾതന്നെയാണ്. ഇവളുടെ ശുശ്രൂഷാദിവിഷയങ്ങളിലുള്ള നൈപുണ്യം പ്രശംസനീയമായിരുന്നു. രോഗിയുടെ ഹിതം അറിഞ്ഞു പ്രവൎത്തിക്കേണ്ടതിന്ന് ഇവൾക്കുള്ള വശത എത്രയും ശ്ലാഘനീയംതന്നെ. ഇവൾ സ്കൂളിലേക്കു പോകുന്ന സമയമെല്ലാം രോഗിയുടെ അടുത്തു ഗോവിന്ദമേനവനും ഉണ്ടാകും. ഡാക്ടരുടെ വരവുംപോക്കുമായി ദിവസം നാലഞ്ചു കഴിഞ്ഞു. രണ്ടാംദിവസം വൈകുന്നേരം മുതല്ക്കു പനിക്കാശ്വാസം കണ്ടുതുടങ്ങി. “ഇനി ഞാൻ വരേണ്ടതില്ലേ”ന്നും “മരുന്നുകൾ അയച്ചുതരാമെ”ന്നും

ഡാക്ടർ പറയുകയാൽ ശങ്കരന്നു ദിവസവും ആസ്സ്പത്രി ഗമനം ചെയ്യേണ്ടിവന്നു.

പത്തു ദിവസംകൊണ്ടു പനി തീരെ വിട്ടു. എങ്കിലും ദേഹം ബലപ്പെടുവാൻ ഒന്നര മാസത്തോളം വേണ്ടിവന്നു. ഒരു ദിവസം ഭാരതി രോഗിയുടെ അടുത്തിരിക്കകയായിരുന്നു. കരുണാകരൻനായർ ഭാരതിയെ നോക്കി ഇപ്രകാരം പറഞ്ഞു.

കരുണാകരൻനായർ—ഞാൻനിമിത്തം കുട്ടി വല്ലാതെ ബുദ്ധിമുട്ടുന്നുവല്ലോ. നന്നെ ക്ഷീണവും ബാധിച്ചിരിക്കുന്നു.

ഭാരതി—എനിക്കെന്താ ബുദ്ധിമുട്ട്? ദീനത്താൽ ബുദ്ധിമുട്ടുന്നതു നിങ്ങളല്ലെ? ക്ഷീണം ബാധിച്ചിരിക്കുന്നതും നിങ്ങൾക്കാണല്ലൊ.

കരു-നാ—കുട്ടിയുടെ പേരെന്താണ്? ഭാർഗ്ഗവി എന്നോ, അതോ, ഭാരതി എന്നോ?

ഭാരതി—അതെ, ഭാരതി തന്നെ.

കരു-നാ—കണ്ടിട്ട് എട്ടു കൊല്ലമായല്ലൊ. അന്നു കണ്ടതിൽ—

ഭാരതി നിങ്ങൾ അധികം സംസാരിക്കരുതെന്നു ഡോക്ടർ പറഞ്ഞിട്ടുണ്ട്. ദേഹം ഇളകിയാൽ രണ്ടാമതും പനിപ്പാൻ ഇടയാകും.

കരു-നാ—കുട്ടി അച്ഛന്റെ പ്രതിച്ഛായതന്നെ; പ്രകൃതിയിലും. ഞാൻ ഉറക്കെ സംസാരിക്കുന്നില്ലല്ലൊ. കുറേശ്ശ സംസാരിക്കാതെകഴിയുമോ. കുട്ടി പഠിക്കുന്നുണ്ടോ?

ഭാരതി—ഉവ്വ്.

കരു_നാ—എന്താ പഠിക്കുന്നത്. ഇംഗ്ലീഷോ?
ഭാരതി—ഇംഗ്ലീഷും പാട്ടും ഉണ്ട്.
കരു_നാ—എത്രാംക്ലാസ്സിലാണ്?
ഭാരതി—ആറിലാണ്.

ഇവരുടെ സംഭാഷണം ഇത്രത്തോളം എത്തിയപ്പോഴേക്കു, ഗോവിന്ദമേനോൻ മുകളിലേക്കു ചെന്നു. അച്ഛനെ കണ്ടപ്പോൾ ഭാരതി താഴത്തേക്കിറങ്ങിപ്പോയി.

ഗോവിന്ദമേനവൻ—ഇപ്പോൾ ക്ഷീണത്തിന് കുറമാതിരി ആശ്വാസം തോന്നുന്നുണ്ടോ?

കരു_നാ—കുറേശ്ശ പുറത്തിറങ്ങിനടന്നാൽകൊള്ളാമെന്നുണ്ട്. അതിനു ഡോക്ടർ സമ്മതിക്കുന്നില്ലത്രെ.

ഗോവിന്ദമേനോൻ—അതു ശരിയാണ്. കുറച്ചു ദിവസം കൂടി കഴിഞ്ഞു പുറത്തിറങ്ങിയാൽ മതി. ക്ഷീണം നല്ലവണ്ണം മാറട്ടെ.

കരു_നാ—ഇപ്പോൾതന്നെ ക്ഷീണം മാറിയിരിക്കുന്നു. കുറേശ്ശ നടക്കാമെന്നാണു തോന്നുന്നത്. എങ്കിലും നിങ്ങളുടെ അഭിപ്രായത്തെ ഖണ്ഡിക്കുന്നില്ല.

ഗോ_മേ—ഞാൻ വല്ലാതെ പരിഭ്രമിച്ചുപോയി. എന്തൊരു പനിയായിരുന്നു! ഞാൻ ചെയ്ത സുകൃതം—അല്ലെങ്കിൽ എന്റെ പൂർവ്വികന്മാർ ചെയ്ത സുകൃതം കൊണ്ടെങ്കിലും നിങ്ങൾ ഈ ദീനത്തിൽനിന്നു രക്ഷപ്പെട്ടുവല്ലോ. അതുതന്നെ ഭാഗ്യം.

കരു_നാ—ഈ ഒരു ഘട്ടം എനിക്ക് ഇവിടെ സംഭവിച്ചതുകൊണ്ടു ഞാനാണു ഭാഗ്യവാൻ. അല്ലെങ്കിൽ എ

ന്റെ കഥ നാമാവശേഷമായിത്തീരുമായിരുന്നു. എന്നാൽ നിങ്ങളെയെല്ലാം ബുദ്ധിമുട്ടിക്കേണ്ടിവന്നുവല്ലോ എന്നു വിചാരിക്കുമ്പോൾ എന്റെ ഹൃദയം തകരുന്നു.

ഗോ-മേ—ഈ വിഷയത്തെക്കുറിച്ചു വ്യസനിക്കരുതു്. ആപത്തിൽ ഉപകരിക്കാത്ത മിത്രത്തെക്കൊണ്ടും മുട്ടിന്നുപകരിക്കാത്ത ദ്രവ്യംകൊണ്ടും അന്ത്യകാലത്തുപകരിക്കാത്ത പുത്രനെക്കൊണ്ടും എന്തു പ്രയോജനമാണുള്ളതു്?

കരു-നാ—അതു ശരിയാണു്.

ഗോ-മേ—സ്നേഹിതാ, ഇതുവരേയും വൎത്തമാനങ്ങൾ ഒന്നും ചോദിച്ചറിയുക കഴിഞ്ഞില്ലല്ലോ. ക്ഷീണം മാറട്ടെ എന്നു വെച്ചിട്ടാണു ചോദിക്കാഞ്ഞതു്. ഈയിടെ ഒരു മൂന്നുനാലു മാസമായി നിങ്ങളുടെ എഴുത്തുകളും കൂടി കിട്ടാത്തതുകൊണ്ടു വ്യസനിച്ചിരിക്കുകയായിരുന്നു. ഇപ്പോൾ നിങ്ങൾ പട്ടാളത്തിൽനിന്നു തന്നെയാണോ വരുന്നതു്?

കരു-നാ—അല്ല, ഇപ്പോൾ നാട്ടിൽനിന്നാണു്.

ഗോ-മേ—(ആശ്ചര്യത്തോടെ) എന്തേ നാട്ടിലേക്കു പോയതു്? അമ്മാമനായിട്ടുള്ള മുഷിച്ചിൽ തീൎന്നുവോ?

കരു-നാ—ആ കഥ ഒന്നും പറയേണ്ട. കഴിഞ്ഞമാസം പതിനാറാംതിയ്യതി അമ്മാമനു ദീനം കലശലാണെന്നു് ഒരു കമ്പി കിട്ടി. അവധികിട്ടി പുറപ്പെടേണ്ടതിന്നു് ഒരാഴ്ചവേണ്ടിവന്നു. നാട്ടിൽ ചെന്നപ്പോൾ അമ്മാമൻ മരിച്ചിട്ടു ദിവസം എട്ടു കഴിഞ്ഞിരിക്കുന്നു.

വീട്ടിൽ ചെന്ന സമയം പൂട്ടും മുദ്രയും അല്ലാതെ അവിടെ ആരും ഉണ്ടായിരുന്നില്ല. അമ്മാമന്റെ ദീനം വൈഷമ്യത്തിലായതോടുകൂടി അമ്മായി വീട്ടിലുള്ള സകലമുതലുകളും നാടുകടത്തിക്കഴിഞ്ഞിരിക്കുന്നു. അന്യായപ്പെട്ട വിധി സമ്പാദിച്ചവരായ കടക്കാർ വീടു മുതലായതു് ജപ്തിചെയ്തു് മുദ്രവെപ്പിച്ചു. ഞാൻ അയൽവീട്ടിൽ താമസിച്ചു് പുലകുളി അടിയന്തിരം ചുരുക്കത്തിൽ കഴിച്ചുകൂട്ടി.

ഗോ_മേ__കുമാരൻനായർ വലിയ ലുബ്ധനായിരിക്കെ ഇത്ര വളരെ കടംവന്നതെങ്ങിനെ?

കരു_നാ__ഞാൻ പോരുന്നതുവരെ അദ്ദേഹം വലിയ ലുബ്ധൻതന്നെയായിരുന്നു. അമ്മായിയുടെ പഞ്ചതന്ത്രപ്രയോഗംകൊണ്ടു് പിന്നീടു മറ്റൊന്നു മാറി. ആ ഇടയിൽ അമ്മായിയുടെ ഉടപ്പിറന്നവന്റെപേരിൽ ഒരു ക്രിമിനൽകേസ്സും ഫയലായി. ആ കേസ്സിന്നു വേണ്ട ചിലവുകളെല്ലാം അമ്മാമൻതന്നെയാണു നടത്തിയിരുന്നതു്. പുള്ളിക്കുവേണ്ടി ജാമ്യവുംകൂടി നില്ക്കേണ്ടിവന്നു. ഒടുവിൽ പുള്ളി ചാടിപ്പോയി. ജാമ്യസംഖ്യ തലയിലും പെട്ടു. ആ കേസ്സിൽ പതിനായിരത്തോളം നഷ്ടംവന്നു എന്നാണു കേട്ടതു്. വീടും വസ്തുക്കളും പണയപ്പെടുത്തി. പിരിയുന്ന ആദായങ്ങളെല്ലാം അമ്മായിയുടെ മടിശ്ശീലയിലും ആയി. കടക്കാൎക്കു് ഒരു പൈപോലും പലിശ കൊടുത്തിട്ടില്ല. കടക്കാർ അന്യായപ്പെട്ടതോടുകൂടി അമ്മാമന്നു ദീനവുംതുടങ്ങി.

ഗോ_മേ__ഓ, ഹോ! ഇത്ര കലശലായോ?

കരു_നാ__പിന്നീടു കടക്കാരെല്ലാവരും എന്റെ നേൎക്കു തിരിച്ചു. പിടിയും വലിയും ആയി. കടവും ധനവും കൂടി കണക്കാക്കി നോക്കിയപ്പോൾ ഏകദേശം ഉറുപ്പികക്കു് എട്ടണവീതം കടക്കാൎക്കു വീതിപ്പാൻ വകയുണ്ടെന്നു കണ്ടു. എന്റെ തല ചുറ്റിപ്പോയി. ഒരു പതിനായിരം ഉറുപ്പികയുണ്ടെങ്കിൽ ഒരുമാതിരി നിലനിൎത്താം. എന്റെ കൈവശം നാലായിരം ഉറുപ്പികയുള്ളതും കാലാവധിവെച്ചു ബാങ്കിൽ അടച്ചിരിക്കയാണു്. ഇവിടുന്നു വല്ലപ്രകാരവും ചാടിപ്പോയാൽമതി എന്നുള്ള വിചാരവുമായി. ഒടുവിൽ സകല മുതലുകളും വിറ്റു് കടം തീൎക്കയാണു് എനിക്കു പൂൎണ്ണസമ്മതമാണെന്നും, ഇതിലുണ്ടാവുന്ന യാതൊരു ലാഭച്ചേതങ്ങൾക്കും ഞാൻ ഉത്തരവാദിയല്ലെന്നും, ഈ തറവാട്ടുസംബന്ധമായ എല്ലാ അവകാശങ്ങളും ഇതോടുകൂടി കഴിഞ്ഞിരിക്കുന്നു എന്നും മറ്റും കാണിച്ചു് ഒരു ഹരജികൊടുത്തു് അവിടെനിന്നും പോന്നു. പട്ടാളത്തിലേക്കു പോകുന്നതിന്നുമുമ്പു് നിങ്ങളെ ഒന്നു കണ്ടുപോകാമെന്നു വിചാരിച്ചാണു് ഈ വഴിക്കു തിരിച്ചതു്.

ഗോ_മേ__കഷ്ടം! നിങ്ങളുടെ തറവാടു് ഇങ്ങിനെയായിപ്പോയല്ലൊ!

കരു_നാ__എന്തു ചെയ്യാം! എന്റെ തലയിലെഴുത്തു് എന്നല്ലാതെ എന്താണു പറയുവാനുള്ളതു്?

ഗോ_മേ__നിങ്ങളുടെ മനസ്സും ദേഹവും ഒരുപോലെ ചൂടുപിടിച്ചതിനാലായിരിക്കും പെട്ടെന്നു് ഈ പനി തുടങ്ങുവാൻ കാരണമെന്നു തോന്നുന്നു.

കരു-നാ—അങ്ങിനെയായിരിയ്ക്കാം.

ഗോ-മേ—(പടിഞ്ഞാട്ടു നോക്കീട്ട്) ഓ! നേരം അസ്തമിക്കാറായി. ഞാൻ തോട്ടത്തിലേയ്ക്ക് ഒന്നു പോയിവരട്ടെ, എന്നു പറഞ്ഞു താഴത്തേയ്ക്കു പോയി:

കരുണാകരൻനായൎക്ക് ഓരോദിവസം ചെല്ലുന്തോറും ഭക്ഷണത്തിന്നു രുചിയും ദേഹത്തിന്നു ബലവും ഉണ്ടായിത്തുടങ്ങി. കുറേശ്ശകുറേശ്ശയായി മുററത്തും, തോട്ടത്തിലും, അത്യാവശ്യം പുറത്തും സഞ്ചരിക്കുവാൻ പ്രയാസമില്ലാതായി. ഒന്നരമാസംകൊണ്ടു നല്ലവണ്ണം സുഖപ്പെട്ടു. ഒരു ദിവസം ഗോവിന്ദമേനവനും കരുണാകരൻനായരും പകൽ ചായകഴിഞ്ഞിരിക്കുമ്പോൾ കരുണാകരൻനായർ ഇങ്ങിനെ പറഞ്ഞു.

കരു-നാ—സ്നേഹിതാ, ഞാൻ വന്നിട്ടു വളരെ ദിവസമായല്ലൊ. ഇനി അവധി കഴിയുവാൻ ഇരുപതു ദിവസമേയുള്ളു. ദേഹത്തിന്നും നല്ല ബലമുണ്ടായിട്ടുണ്ട്. എനിയ്ക്കു പോകുവാൻ നിങ്ങൾ അനുവാദംതരണം.

ഗോ-മേ—ഇരുപതു ദിവസമുണ്ടല്ലൊ. ബദ്ധപ്പെടേണ്ടുന്ന ലെട്ടമായിട്ടില്ല. പത്തുപന്ത്രണ്ട് ദിവസവുംകൂടി കഴിഞ്ഞു പോകാം.

കരു-നാ—അതു പോരാ. ഇപ്പോൾ പട്ടാളത്തെ മെസൊപ്പൊട്ടേമിയയിലേയ്ക്കു മാററിയിരിയ്ക്കുന്നു.

ഗോ-മേ—എന്നാലും നാലുദിവസവുംകൂടി കഴിഞ്ഞു പോയാൽമതി.

കരു-നാ—അങ്ങിനെ ആവാം. നിങ്ങൾ എനിയ്ക്കുവേണ്ടി ബുദ്ധിമുട്ടിയതു വിചാരിയ്ക്കുമ്പോൾ, നിങ്ങൾക്ക് എററ

വും കടപ്പെട്ടിരിയ്ക്കുന്നു. ഈ കടം തീൎക്കുവാൻ എന്നാൽ സാധിക്കുമൊ, ദൈവത്തിന്നറിയാം.

ഗോ-മേ—പ്രത്യുപകാരേച്ഛയാൽ ചെയ്തിട്ടുള്ള പ്രവൃത്തിയല്ല ഇത്. സഹജീവികളിൽ പരസ്പരം ചെയ്യേണ്ടതായ ഒരു കൃത്യമാണ് ഇത്. നോം കൽക്കത്തായിൽ താമസിച്ചിരുന്ന കാലത്ത്, ഒരു ദിവസം ഗംഗയിൽ ബോട്ടു മുങ്ങിയതും, നിങ്ങൾ അതിപ്രയത്നം ചെയ്ത് എന്നേയും എന്റെ ഭാൎയ്യയേയും മരണത്തിൽനിന്നു രക്ഷപ്പെടുത്തിയതും മററും ഒരു സമയം നിങ്ങൾ മറന്നില്ലായിരിയ്ക്കാം. എനിയ്ക്ക് അതെല്ലാം ഇന്നലെ കഴിഞ്ഞകൂട്ടത്തിൽ തോന്നുന്നു. അന്നു നിങ്ങൾ ഇല്ലെങ്കിൽ ഞാനും ഈ കുട്ടികളും ഉണ്ടോ? അതിന്റെ ഒരു ശതാംശമെങ്കിലും ആയിട്ടില്ല ഈ പ്രവൃത്തി എന്നാണ് എനിയ്ക്കു തോന്നുന്നത്. അതു പോകട്ടെ. ഇപ്പോൾ നല്ല കാററുണ്ട്. നമുക്കൊന്നു ലാത്താൻ പോവുക.

എന്നു പറഞ്ഞ് അവർ രണ്ടുപേരും പുറത്തേയ്ക്കുപോയി. അവിടന്നു നാലാംദിവസം കരുണാകരൻനായർ ഗോവിന്ദമേനവനോടും, ഡോക്ടർ ചിദംബരയ്യരോടും മററും യാത്ര പറഞ്ഞു മെസൊപൊട്ടേമിയയിലേക്കു പോയി.

## രണ്ടാമദ്ധ്യായം.

### ഒരു ദുർദ്ദശ.

പരോൽകൎഷത്തിൽ അസൂയാലുക്കളായിട്ടാണ് ഈ പ്രപഞ്ചത്തിങ്കൽ അധികംപേരെ കണ്ടുവരുന്നത്. മറെറാരുത്തനെ കുടുക്കിൽപ്പെടുത്തണമെന്നും, താൻ സുഖിക്കണമെന്നും, എല്ലാവിധേനയും അന്യദ്രവ്യം അപഹരിക്കേണമെന്നും ഉള്ള മോഹം പ്രായേണ അസൂയാക്കളികളിൽ ജനിക്കുന്നതാണല്ലൊ. അസൂയക്കും കഷണ്ടിക്കും ഔഷധമില്ലെന്നു പ്രസിദ്ധമല്ലേ? അവരുടെ ഉദ്യമത്തിന്നു തൽക്കാലം തടവും കണ്ടുവരുന്നില്ല. അതിനാൽ ദൈവവും അവൎക്ക് അനുകൂലമായിരിക്കുമോ എന്നുതന്നെ ശങ്കിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ കരുണാകരൻനായർ കോഴിക്കോട്ടുനിന്നു പുറപ്പെട്ട്, ഉദ്യോഗസ്ഥലത്തെത്തുന്നതിന്നുമുമ്പ് അദ്ദേഹത്തിന്റെ ഹതവിധി അവിടെ എത്തിയിരിക്കുന്നു. അദ്ദേഹം അവധിയെടുത്തു പോന്നിട്ട് ഒരു മാസം കഴിഞ്ഞപ്പോൾ, ആ സൈന്യത്തിലെ മേലധികാരി സായ്പവർകൾ അകാലമരണത്തെ പ്രാപിച്ചു. പിന്നീട് ആ സ്ഥാനം വഹിച്ചത് ഒരു തമിഴനാണ്. ആയാൾ പ്രകൃത്യാ കോപശീലനും, കേനിക്കണ്ടപ്പനും, അഹംഭാവിയും ആയിരുന്നു. സേവപറഞ്ഞു പിന്നിൽ കൂടുന്നവരോട് വളരെ വിശ്വാസമാണ്. കരുണാകരൻനായൎക്ക കയററം കിട്ടിവരുന്നതുകണ്ട് അസൂയാലുക്കളായ ആ സൈന്യവകുപ്പിലെ ചില ഉദ്യോഗസ്ഥന്മാർ, ഈ ഘട്ടത്തിൽ കരുണാക

രൻനായരെ ദ്രോഹിക്കേണ്ടതിലേയ്ക്കു ചില വഴികൾ ആലോചിച്ചുതുടങ്ങി.

കരുണാകരൻനായരുടെ കീഴുദ്യോഗസ്ഥന്മാരിൽ ധൎമ്മലിംഗംപിള്ളയും, മുനിസ്സാമിനായുഡുവും, വേണുഗോപാലൻചെട്ടിയാരുംകൂടി ഒരു ദിവസം ഇതിനെപ്പററി ഒരു സംഭാഷണംനടത്തി.

ധൎമ്മലിംഗംപിള്ള—മരിച്ചുപോയ നമ്മുടെ മേലധികാരിയ്ക്കു് ഒന്നു തോന്നിയാൽ അതുതന്നെ കാൎയ്യം. സൎവ്വീസ്സും പഠിപ്പും ഒന്നും അദ്ദേഹത്തിന്നാവശ്യമില്ല. കാൎയ്യക്കു് ആളു യോഗ്യനായാൽത്തന്നെമതി. അതുകൊണ്ടല്ലേ ആ മലയാളിക്കു ലെഫ്ട്നന്റ് ജനറൽസ്ഥാനം കൊടുത്തതു്? എന്തുകൊണ്ടുനോക്കിയാലും ആ സ്ഥാനം നമ്മളിൽ ഒരാൾക്കു കിട്ടേണ്ടതല്ലേ!

മുനിസ്സാമിനായുഡു—അയാൾ പട്ടാളത്തിൽ കേവലം ഒരു ശിപായിയായിട്ടല്ലേ ചേൎന്നതു്? ഇംഗ്ലീഷും മററും അറിയാം. അതു പോട്ടേ. ഇപ്പോൾ ഒരു പതിനാറു് കൊല്ലത്തിലധികമായിട്ടുണ്ടോ അയാൾ ഇതിൽ ചേൎന്നിട്ടു്? ഇതിനിടയ്ക്കു് അയാൾ മലവെള്ളം കയറുന്നതു പോലെയല്ലേ കയറിയതു്! അതു വിചാരിക്കുമ്പോൾ—

വേണുഗോപാലൻചെട്ടിയാർ—അതു ശരിയാണു്. അയാളിൽ സായ്പവർകളേക്കാൾ അധികം പ്രതിപത്തി അദ്ദേഹത്തിന്റെ മദാമ്മയ്ക്കാണു്. അയാളെക്കണ്ടാൽ അവൎക്കു തന്റേടംതന്നെയില്ല. പിന്നെയെങ്ങിനെയാണു കയററം കിട്ടാതിരിക്കുക?

ധൎമ്മ-പിള്ള—വാസ്തവത്തിൽ അയാൾ ഒരു സുമുഖനും,

ഗുണവാനും കാൎയ്യപ്രാപ്തിയുള്ളവനുമാണെന്നു സമ്മതിക്കാതെ കഴികയില്ല. എങ്കിലും നമ്മുടെ സൎവ്വീസ്സോനും കണക്കാക്കാതെ അയാളെ കയററിവെച്ചതു തീരെ നന്നായില്ലെന്നാണ് എന്റെ അഭിപ്രായം

മുന—നമ്മൾ എത്രകാലമായി ഈ ഒരേ നിലയിൽ തന്നെ ഇരിക്കുന്നു?

വേണു—ഞാൻ പലതവണയും സായ്വവർകളോടു കയററത്തെക്കുറിച്ച് അപേക്ഷിച്ചുനോക്കി. അപ്പോഴെല്ലാം കഴിവുവരുമ്പോൾ തരാമെന്നു പറഞ്ഞതല്ലാതെ ഇതുവരേയും കാൎയ്യത്തോടടുപ്പിച്ചിട്ടില്ല.

ധൎമ്മ—അതൊക്കെ ഇരിക്കട്ടെ. ഈ തക്കത്തിൽവെച്ച് ഒന്നു തകിടംമറിക്കുവാൻ തരമുണ്ടോ എന്നു പരീക്ഷിച്ചുനോക്കണം. കഴിഞ്ഞകൊല്ലം ടക്കിയായിട്ടുള്ള യുദ്ധത്തിൽ എനിക്കു കിട്ടേണ്ടതായ കീൎത്തിമുദ്ര അയാൾക്കല്ലേ കിട്ടിയതു്? അതു സേവവഴിക്കല്ലേ പോയതു്?

മുന—അതു ശരിയാണ്. ഇപ്പോൾ ഉത്സാഹിച്ചാൽ പററുവാൻ എളുപ്പമുണ്ടു. പുതിയ മേലധികാരിക്ക് ആളെ കണ്ടു പരിചയമില്ലല്ലോ. ഒരുപക്ഷേ കൊണ്ടുപിടിച്ചാൽ സാധിച്ചേക്കാം.

വേണു—മേലധികാരി കണിശക്കാരനാകകൊണ്ട് കൃത്യം തെററിക്കണ്ടാൽ തരംതാഴ്ത്തുകയോ, പണിയിൽനിന്നു പിരിക്കുകയോ ഉടനെ നടത്തും.

ധൎമ്മ—നമ്മൾ തക്കംകിട്ടുമ്പോൾ മേലധികാരിയെ ചിലതെല്ലാം പറഞ്ഞു ധരിപ്പിച്ചു, നായർ വരുന്നതി

ന്നുമുമ്പു പിരിമുറുക്കിവെയ്ക്കണം. അദ്ദേഹം അഭിമാനിയായതുകൊണ്ടു മേനിപിടിപ്പിച്ചാൽ കയറുന്ന മട്ടുകാരനാണല്ലൊ.

ഇവർ ഇങ്ങിനെ തീരുമാനപ്പെടുത്തിയതിന്റെ പിറെറദിവസം മേലധികാരി 'ലീവു്' കാരുടെ പേർപട്ടിക നോക്കിക്കൊണ്ടിരിക്കയായിരുന്നു. അപ്പോഴും ധർമ്മലിംഗംപിള്ള മുതൽപേരും അവിടെ ഉണ്ടായിരുന്നു.

മേലധികാരി — ലെഫ്ട്ടനൻറ് ജനറാൾ കരുണാകരൻ നായർ ഹാജരായൊ? അയാളുടെ അവധി ഇന്നോടെ അവസാനിച്ചുകാണുന്നു.

ധർമ്മലിംഗം — അദ്ദേഹം എത്തിക്കഴിഞ്ഞിട്ടില്ല. നാളെ ചാർജ്ജെടുക്കുവാൻ ഹാജരായാൽ മതിയല്ലൊ.

ജോലികഴിഞ്ഞു മേലധികാരി ആപ്പീസ്സുമുറിയിൽനിന്നു പുറത്തുപോയി ഉലാത്തിത്തുടങ്ങി. ധർമ്മലിംഗംപിള്ള മുതൽപേർ ബഹുമാനപുരസ്സരം പിന്നിലുംകൂടി.

ധർമ്മലിംഗം — നാളെമുതല്ക്കു പൊടിപ്പൂരംതന്നെ. ലെഫ്ട്ടനൻറ് ജനറാളുടെ വരവായല്ലൊ.

മേലധികാരി — ഉം, എന്താ പൊടിപ്പൂരത്തിന്നു കാരണം?

മുൻസ്സാമി — വിശേഷിച്ചൊന്നുമില്ല.

മേ-അ — പിന്നെ എന്താ ധർമ്മലിംഗംപിള്ള പറഞ്ഞതിന്റെ സാരം?

ധർമ്മലിംഗം — (ഓഛാനിച്ചുംകൊണ്ടു്) കാര്യത്തിന്റെ 'ഢഢബഢൽ' തന്നെ.

മേ_അ—എന്തു ഡാംബാംഭൽ; അയാൾ നല്ല മാതിരി കാരനല്ലന്നുണ്ടോ?

വേണു—ആൾ കണ്ടാൽ നല്ല യോഗ്യൻതന്നെ.

മേ_അ—നിങ്ങളുടെ സമാധാനം കേൾക്കുമ്പോൾ അയാളെപ്പററി നിങ്ങൾക്ക് എന്തോ ഒരു അഭിപ്രായഭേദമുള്ളതുപോലെ തോന്നുന്നുവല്ലോ.

ധർമ്മലിംഗം—ക്ഷമിക്കണം. എന്റെ മേലധികാരിമാരെക്കുറിച്ചു ഗുണദോഷം പറയുവാൻ എനിയ്ക്കു് ഒട്ടും പാടുള്ളതല്ല. അങ്ങിനെ പറയുന്നതു ന്യായവുമല്ലെന്നു് അവിടേയ്ക്കുതന്നെ അറിയാമല്ലോ.

മെ_അ—ഞാൻ അയാളുടേയും മേലധികാരിയായിരിക്കെ, അയാളെപ്പററിയുള്ള വിവരങ്ങൾ അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണ്. ഉള്ളതു പറയുവാൻ മടിക്കേണമെന്നില്ല.

മുനസ്സാമി—മരിച്ചുപോയ മേലധികാരി സായ്പവർകളാണ്, അയാളെ കയററിക്കയററി ഈ സ്ഥാനത്തു കൊണ്ടു വെച്ചതു്.

മെ_അ—അപ്പോൾ സേവ വഴിക്കാണ് അയാൾക്കു കയററം കിട്ടിയതെന്നു തോന്നുന്നു.

ധർമ്മലിംഗം—സേവയോ, എന്തോ! ഇതിലും പഠിപ്പും സർവ്വീസ്സും ഉള്ള ആളുകളൊക്കെ ചുവട്ടിൽ ഇരിക്കെ അയാൾക്കു് ഉടനടി കയററമാണ് അനുഭവം കണ്ടുവരുന്നതു്. സായ്പവർകളുടെ മദാമ്മയ്ക്കും അയാളെ വളരെ കാര്യമാണ്.

മൈ-അ — ഓ! മരിച്ചുപോയ മേലധികാരി നല്ല യോഗ്യനാണെന്നും, കീഴുദ്യോഗസ്ഥന്മാരിൽ വളരെ പ്രതിപത്തി ഉള്ളവനും കാൎയ്യങ്ങളുടെ ഗുണദോഷങ്ങളെ ചിന്തിച്ചു പ്രവൎത്തിക്കുന്നവനുമാണെന്നുമാണു ഞാൻ കേട്ടിട്ടുള്ളതു്. പക്ഷേ സ്ത്രീകൾ നിമിത്തം ചിലപ്പോൾ യോഗ്യന്മാൎക്കും കൂടി അബദ്ധം പിണയാറുണ്ടു്. എന്നാൽ സേവഷിപ്പു തന്നെ സംശയമില്ല; എന്നാം, ആയാളുടെ മട്ടു്?

മുനിസ്വാമി — ആരേയും കൂട്ടാക്കാത്ത ഒരു മട്ടുകാരനാണു്.

മൈ-അ — ശരി, പിന്നെ?

ധൎമ്മലിംഗം — ആകപ്പാടെ ഒരഭിമാനിയും കീഴുദ്യോഗസ്ഥന്മാരെ വെറുതെ കുററപ്പെടുത്തുകയും ദ്രോഹിക്കുകയും ചെയ്യുന്നവനുമാണു്. അതാണു് അദ്ദേഹത്തിൻെറ പ്രധാനഗുണമെന്നു പറയേണ്ടതു്.

ഇവരുടെ സംഭാഷണം ഇത്രത്തോളമായപ്പോൾ മേലധികാരിക്കു് ഒരു കമ്പി വന്നിട്ടുണ്ടെന്നു കേട്ടു്, അദ്ദേഹം ബംഗ്ലാവിലേക്കു പോയി. ധൎമ്മലിംഗംപിള്ള മുതൽ പേരും അവരുടെ ദുരുദ്ദേശബീജം കുത്തിയിട്ടു് അങ്കുരനിഷ്പത്തിയെ നിരീക്ഷിച്ചുംകൊണ്ടു് ഇരുന്നു.

കരുണാകരൻ നായർ അന്നു വൈകുന്നേരംതന്നെ ഹാജരാവുകയും പിറേറ ദിവസം മുതൽ ചാൎജ്ജ് ഏററു വാങ്ങുകയും ചെയ്തു. കരുണാകരൻ നായർ അവിടെ വന്നപ്പോഴാണു്, സായ്പവർകളുടെ മരണവും പുതിയ മേലധികാരിയുടെ പ്രവേശവും അറിഞ്ഞതു്. അദ്ദേഹം വന്നതന്നെ പുതിയ മേലധികാരിയെ കണ്ടു വന്ദനം ചെ

പ്പോൾ മേലധികാരി ഇദ്ദേഹത്തെത്തന്നെ സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു. "ഉദ്യോഗം ശരിയ്യ നോക്കിക്കൊള്ളു" എന്നു പറഞ്ഞതല്ലാതെ വേറെ യാതൊന്നും ചോദിക്കുകയോ പറയുകയോ ഉണ്ടായില്ല. കരുണാകരൻ നായൎക്ക മേലധികാരിയുടെ സ്വഭാവം കണ്ടേടത്തോളം അത്ര തൃപ്തികരമായി തോന്നിയില്ല.

മാസം ഒന്നു രണ്ടു കഴിഞ്ഞു. ഒരു ദിവസം മേലധികാരി ഉലാത്തുവാൻ പോയ സമയം ധൎമ്മലിംഗംപിള്ളയും പിന്നാലെ കൂടി. മേലധികാരി പിള്ളയെ നോക്കി ഇങ്ങിനെ പറഞ്ഞു.

മേലധികാരി—നിങ്ങൾ അന്നു പറഞ്ഞതു ശരിയാണെന്നു തോന്നുന്നു. നായർ എന്നെ കാണ്മാൻ വന്നപ്പോൾ ഞാനയാളെ തന്നെ സൂക്ഷിച്ചുനോക്കി. കണ്ടേടംകൊണ്ട് അയാൾ വലിയ അഭിമാനിയെന്നാണ് എനിക്കു തോന്നിയത്.

ധൎമ്മലിംഗം—സ്വാമി, ഞങ്ങൾ വ്യാജം പറയാറില്ല. പറയുകയുമില്ല. അവിടന്നു ചോദിച്ചപ്പോൾ ഉള്ള വസ്തുത പറഞ്ഞു എന്നേ ഉള്ളൂ.

മേലധികാരി—അതുമാത്രമല്ല, ഇന്നലെ ഞാൻ അയാളുടെ ആപ്പീസ്സുമുറിക്കടുത്തു ചെന്നപ്പോൾ തൊപ്പിയും ഉടുപ്പും എടുത്തുവെച്ച്, ഒരു നേരിയ ഷർട്ടുമാത്രം ധരിച്ചുംകൊണ്ടാണ ജോലി എടുക്കുന്നതു കണ്ടത്. അയാൾ എന്നെ കണ്ടു എന്താണ തോന്നുന്നത്. എന്നിട്ടും യാതൊരു ഭാവഭേദവും ഉണ്ടായില്ല. ഒരു മാതി

രി അധികപ്രസംഗിതന്നെയെന്ന് എനിയ്ക്കും തോന്നുന്നുണ്ട്.

ധൎമ്മലിംഗം—എന്തോ എനിയ്ക്കൊന്നും അറിഞ്ഞുകൂടാ. ഞങ്ങൾക്ക് വേറെ ഒരു പോക്കില്ലാത്തതിനാലാണ് അദ്ദേഹത്തിന്റെ കീഴിൽ ജോലി എടുത്തു കഴിച്ചുകൂട്ടുന്നതു്.

മേലധികാരി—നിങ്ങൾ പറഞ്ഞപ്പോൾ ഞാൻ അസാരം തെററിദ്ധരിച്ചു ഇപ്പോഴെല്ലാം ശരിയായി അനുഭവപ്പെട്ടു തുടങ്ങിയിരിക്കുന്നു.

ഇവർ ഇങ്ങിനെ ഓരോന്നു സംസാരിച്ചുംകൊണ്ടു നായരുടെ ആപ്പീസ്സുമുറിയ്ക്കടുത്തു. ആ സമയത്തു് അവിടെ ഒരു ബഹളമായിരുന്നു. കീഴുദ്യോഗസ്ഥന്മാരുടെ ജോലികളിൽ തെററു കണ്ടു പിടിച്ചു്, കരുണാകരൻ നായർ അവരോടു കലഹിക്കുന്ന സമയമായിരുന്നു. ധൎമ്മലിംഗം പിള്ള, "ഇതാ, കണ്ടില്ലേ; ഇങ്ങിനെയാണു പതിവു്. സധുക്കൾ എങ്ങിനെ കഴിഞ്ഞുകൂടും," എന്നു പറഞ്ഞു. മേലധികാരി ഒന്നും മിണ്ടിയില്ല. അദ്ദേഹം ഒന്നും കണ്ടില്ലെന്നു നടിച്ചു് അവിടെനിന്നു പോയി. ഇങ്ങിനെ ഛിദ്രാന്വേഷികളായ ധൎമ്മലിംഗം പിള്ള മുതൽ പേരുടെ ഏഷണിപ്രയോഗം മുറയ്ക്കു നടന്നു വന്നിരുന്നു.

മേലധികാരി കരുണാകരൻ നായരെ കാണുമ്പോൾ ഒരു തൃപ്തിയില്ലായ്മ നടിച്ചുതുടങ്ങി. ശരിയായിട്ടുള്ള റിക്കാർട്ടുകളിലും കൂടി കാററം കല്പിക്കുന്നതു കണ്ടു് നായർ വല്ലാതെ പരിഭ്രമിച്ചു. "ഇതെന്തു കഥയാണു്. ഞാൻ ജാഗ്രതയോടെ പ്രവൃത്തിയെടുത്തിട്ടും, മേലധികാരി തെ

ററാണല്ലോ കല്പിക്കുന്നതു്. തെറ്റുണ്ടായിട്ടാണെങ്കിൽ തരക്കേടില്ല. ഞാൻ ഗൌരവപ്പെട്ട സംഗതികൾക്കും കൂടി കടലാസ്സ കൊടുത്താൽ ശരിയായ മറുവടി കിട്ടിക്കൊള്ളാൻ ഞെരുങ്ങുന്നു. ഇതിന്നുള്ള കാരണം എന്തായിരിക്കും.” കരുണാകരൻ നായർ ഇങ്ങിനെ ഓരോന്നു വിചാരിച്ചിരിക്കുമ്പോൾ തപാൽ ശിപായി ഒരെഴുത്തു കൊണ്ടുവന്നു് അദ്ദേഹത്തിന്നു കൊടുത്തു. നായർ ലക്കോട്ട പൊട്ടിച്ചു വായിച്ചു. അദ്ദേഹം ഒരു ദീൎഘശ്വാസത്തോടുകൂടി അവിടെ കിടന്നു പോയി. എഴുത്തിലെ വാചകം താഴെ പറയും പ്രകാരമായിരുന്നു.

കോഴിക്കോട്ടു്,

പ്രിയമിത്രമേ, മേ. 25-ാംനു-

നിങ്ങൾ ഇവിടെനിന്നു പോയതിന്നുശേഷം സുഖമായിരിക്കുന്നുവെന്നു വിശ്വസിക്കുന്നു. നിങ്ങളുടെ കത്തു കിട്ടായ്കയാൽ ഞാൻ അത്യധികം വ്യസനിക്കുന്നു. ഇവിടത്തെ കഥ ഞാൻ എന്തു പറയട്ടെ! ദുർഭാഗ്യവാന്മാരിൽ അഗ്രഗണ്യനായ എനിക്കു് ഇനി എന്തെല്ലാം ദുഃഖങ്ങൾ അനുഭവിച്ചിട്ടു് വേണമോ മരിക്കാൻ, എന്നുള്ളതു ദൈവത്തിന്നറിയാം. ഹാ, വിവരം എഴുതുവാൻ കൈ വിറക്കുന്നു. നെഞ്ചു് തകരുന്നു. എന്റെ മകൻ (ആൺകുട്ടികളിൽ മൂത്തവൻ) ഇമ്മാസം ഏഴാം തിയ്യതി വിഷബാധയാൽ പരലോകം പ്രാപിച്ചു. രണ്ടാമൻ കേശുവിന്നു് ഉടനെ ഒരു [illegible] പിടിപെട്ടു. എന്തെല്ലാം വിധത്തിൽ ചികിത്സിച്ചു നോക്കീട്ടും യാതൊരു ഫലവും ഉണ്ടായില്ല. അതാളും അയാളുടെ ജ്യേഷ്ഠനെ അനുഗമി

ച്ചു. അയ്യോ......ചെയ്യട്ടേ! ദൈവം തരുന്ന ശിക്ഷ അനുഭവിക്കയല്ലാതെ എന്തു ചെയ്യുവാൻ കഴിയും. ബാക്കി സംഗതി വഴിയെ. മറുപടിക്ക അപേക്ഷ.

എന്ന് സ്വന്തം

എം. ഗോവിന്ദമേനവൻ (ഒപ്പ്)

കരുണാകരൻ നായർ എഴുത്തു വായിച്ചു ചിന്താകുലനായി കിടക്കുമ്പോൾ മേലധികാരി പെട്ടെന്ന് അവിടേക്ക കയറിവന്നു. അദ്ദേഹം വന്നതു കരുണാകരൻ നായർ അറിഞ്ഞതെ ഇല്ല. മേലധികാരി കുറച്ചുനേരം അവിടത്തന്നെ നിന്നു. നായക്ക യാതൊരു ഭാവഭേദവും കണ്ടില്ല. കാണുവാൻ തരമുണ്ടോ! സ്വന്തം തന്റെ ദുർദ്ദശയെ വിചാരിച്ചു വിചാരിച്ചു വ്യസനിച്ചിരിക്കുക; അതോടുകൂടി തന്റെ പ്രാണസ്നേഹിതനു സംഭവിച്ച ആപത്തുകളും അറിഞ്ഞപ്പോൾ പിന്നെ പറയേണ്ടതുണ്ടോ? കരുണാകരൻ നായരുടെ കിടപ്പു കണ്ടിട്ടു മേലധികാരി അത്യന്തം കുപിതനായി. താൻ വന്നതിനെ അറിയിക്കേണ്ടുന്നതിന്നാ എന്നു തോന്നുംവണ്ണം ഒന്നു ചുമച്ച് അവിടെനിന്നു പോയി.

ചുമകേട്ടു കരുണാകരൻ നായർ മനോരാജ്യത്തിൽനിന്നും നിവൃത്തനായി നാലു പാടും ഒന്നു നോക്കി. മേലധികാരി പോകുന്നതു കണ്ട് ഒന്നു പരിഭ്രമിച്ചു. ചുമച്ചതു് ഇദ്ദേഹം തന്നെയായിരിക്കുമോ എന്നു ശങ്കിച്ചു. അവിടെ വേറെ ആരേയും കാണാത്ത സ്ഥിതിക്ക് അദ്ദേഹം തന്നെയാകുമെന്നു നിശ്ചയിച്ചു. ഇദ്ദേഹം എപ്പോൾ വന്നു! ദൈവമേ, എന്റെ മനോരാജ്യംകൊണ്ടു ഞാൻ അ

 തു് അറിഞ്ഞില്ലല്ലോ. ക്ലേനിൻെറ പുറത്തൊരു കരു് എന്ന മട്ടിലായല്ലോ ഈ സംഭവം. ഇനി എന്തെല്ലാമാണാവൊ വരാൻപോകുന്നതു്. എല്ലാം ദൈവത്തിന്നുമാത്രം അറിയാം. മേലധികാരിയെ ബഹുമാനിച്ചില്ലെന്ന കുററം വലിയ കുററം തന്നെ'' കരുണാകരൻ നായർ ഇങ്ങിനെ ഓരോന്നു വിചാരിച്ചുംകൊണ്ടിരിക്കുമ്പോഠം, ഒരു ശിപായി മേലധികാരിയുടെ ഒരു കല്പനം അദ്ദേഹത്തിന്നു കൊണ്ടുവന്നു കൊടുത്തു. അതിലെ വാചകം താഴെ പറയും പ്രകാരമായിരുന്നു:—

"നിങ്ങഠം ബഹുമാനപ്പെട്ട ഒരു ഉദ്യോഗത്തെയാണല്ലോ ഭരിക്കുന്നതു്. നിങ്ങളുടെ പ്രവൃത്തി കണ്ടാൽ, ആ ഉദ്യോഗത്തിന്നു് ഒട്ടും അർഹനല്ലെന്നു പറയേണ്ടിയിരിക്കുന്നു. മദ്യപാനം ചെയ്തു മത്തനായി മേലധികാരിയേയുംകൂടി ബഹുമാനിക്കാതെ കിടക്കുകയല്ലേ ഉണ്ടായതു്? ഞാൻ അവിടേയ്ക്കു വന്നതു നിങ്ങഠം അറിഞ്ഞുവോ? അരമണിക്കൂർനേരം ഞാൻ അവിടെ നിന്നിട്ടും നിങ്ങഠം എന്നെ കണ്ടുവോ? നിങ്ങഠംക്കു പട്ടാളനിയമം അറിയാമല്ലോ. ഏതൊരു സമയത്തും മേലധികാരികളുടെ വരവിന്നു നിരീക്ഷിച്ചും അവരെ സദാ ബഹുമാനിച്ചും ഇരിക്കേണ്ടതായ കീഴുദ്യോഗസ്ഥന്മാർ തെററി നടന്നാലുള്ള ശിക്ഷ ഇന്നതാണെന്നും അറിഞ്ഞിരിക്കുമല്ലോ. ഇന്നു മാത്രമല്ലാ ഇതുപോലെ പലേ സന്ദർഭങ്ങളിലും നിങ്ങളുടെ പല തെറുകളും ഞാൻ കണ്ടിരിക്കുന്നു. ഇതുവരേയും ക്ഷമിച്ചുവന്നു എങ്കിലും ഇനി ക്ഷമിക്കുവാൻ തരമില്ല. അതുകൊണ്ടു നിങ്ങളെ ഉദ്യോഗത്തിൽനി

ന്നു നീക്കംചെയ്യാതിരിക്കത്തക്കവണ്ണം മതിയായ സമാധാനം ഉടനെ ബോധിപ്പിച്ചുകൊള്ളണം."

ഈ കുറിപ്പു വായിച്ച ഉടനെ സാധുവായ കരുണാകരൻ നായരുടെ മുഖം രക്തമററു വിളറിവശായി. ആ സമയത്ത്, അല്പം അകലെയായി ധൎമ്മലിംഗംപിള്ള മുതൽപേർ ബഹുരസം നടിക്കുന്നതും തമ്മിൽ ചിലത് ഗൂഢമായി സംസാരിക്കുന്നതും അദ്ദേഹം കണ്ടു. അപ്പോഴും നായൎക്ക് പ്രകൃതമൊന്നും മനസ്സിലായില്ല.

കരുണാകരൻനായർ ഇതിന്നെന്താണു സമാധാനം ബോധിപ്പിക്കേണ്ടതെന്നറിയാതെ അല്പനേരം ആലോചിച്ചിരുന്നതിന്നുശേഷം താഴെ പറയുംപ്രകാരം ഒരു മറുപടി എഴുതി താൻതന്നെ മേലധികാരിയുടെ കൈയിൽ കൊണ്ടുപോയി കൊടുത്തു.

"ഞാൻ മേലധികാരികളെ സദാ ബഹുമാനിക്കുന്നവനും അവരിൽ ഭക്തിയുള്ളവനും അവരുടെ കല്പനകളെ കണിശമായി അനുസരിക്കുന്നവനുമാകുന്നു. അവരിൽ യാതൊരു അനാദരവും ഞാൻ ഇതുവരെ കാണിച്ചിട്ടില്ലെന്നാണ് എന്റെ വിശ്വാസം. അബദ്ധത്താൽ വല്ല തെററും ഞാൻ പ്രവൎത്തിച്ചിട്ടുണ്ടെങ്കിൽ അതിന്നു സവിനയം മാപ്പു ചോദിച്ചുകൊള്ളുന്നു. ഇന്ന് അവിടുന്ന് എന്റെ ആപ്പീസ്സുമുറിയിൽ വന്നിരുന്നത് ഞാൻ അറിഞ്ഞില്ലെന്നുള്ളതു ശരിതന്നെ. ഞാൻ മദ്യപാനം ചെയ്തിട്ടല്ലാ കിടന്നിരുന്നത്. ഞാൻ ഒരിക്കലും ആ കൃത്യം ചെയ്തിട്ടില്ലെന്നു സത്യവും ചെയ്യാം. എന്റെ ഒരു ആപ്തമിത്രത്തിന്റെ ഒരെഴുത്തു കിട്ടിയതിൽ അദ്ദേ

ഷത്തിന്നു സംഭവിച്ചതായ ദൈവശിക്ഷകളെ ഓൎത്തു ചി ന്താപാവശനായി കിടക്കുകയായിരുന്നു. അതിനാൽ അവിടുത്തെ ആഗമനം അറിയുവാൻ തരമായില്ല. അ വിടുന്നു ദയവുണ്ടായി ആ അപരാധത്തിന്നു മാപ്പുതരണ മെന്നു വീണ്ടും അപേക്ഷിക്കുന്നു.''

മേലധികാരി അതൊന്നു വായിച്ച് കരുണാകരൻ നായരെ ക്രോധഭാവത്തോടുകൂടി ഒന്നു നോക്കിയതല്ലാ തെ യാതൊരു മറുവടിയും പറഞ്ഞില്ല. നായർ മറുവ ടി നിരീക്ഷിച്ചുംകൊണ്ടു കുറെ നേരം അവിടെത്തന്നെ നി ന്നു. ഒടുവിൽ മേലധികാരി സമാധാനമൊന്നും പറയാ തെ ബംഗ്ലാവിലേക്കും, കരുണാകരൻനായർ മനസ്സമാധാ നമില്ലാതെ തന്റെ വസതിയിലേക്കും തിരിച്ചു.

കരുണാകരൻനായൎക്ക് അന്നുരാത്രി ഉറക്കം ഉണ്ടാ യില്ല. അദ്ദേഹം പല പ്രകാരത്തിലുള്ള ആലോചന യിൽ ഉൾപ്പെട്ടുപോയി. "ഞാൻ നാട്ടിൽപോയി വരു ന്നതിന്നിടക്ക് ഇവിടെ എന്തെല്ലാം മാററങ്ങളാണു സം ഭവിച്ചതു്! മേലധികാരിയായിരുന്ന സായ്പവർകൾ മരി ച്ചു. മുമ്പ് എന്നെ ബഹുമാനിച്ചുകൊണ്ടിരുന്ന കീഴ ദ്യോഗസ്ഥന്മാരിൽ ഒരുവനെങ്കിലും ഇപ്പോൾ എന്നിൽ ബഹുമാനമില്ല. എന്നുതന്നെയല്ല, എന്റെ ദൎശനവും കൂടി അവൎക്ക ചതുൎത്ഥിചന്ദ്രദൎശനമായിട്ടാണു കണ്ടുവരു ന്നതു്. പുതിയ മേലധികാരിക്കു്, ഞാൻ പറയുന്നതെ ല്ലാം വ്യാജം; പ്രവൎത്തിക്കുന്നതെല്ലാം കുററം! ഈ തെ ററിദ്ധാരണയ്ക്കുള്ള വഴി എന്തായിരിക്കും? ഇതു് അദ്ദേഹ

ത്തിൻെറ സ്വതേയുള്ള പ്രകൃതിയാണെന്നു വിചാരിപ്പാനും തരമില്ല. ഈ ഒരു പ്രവൃത്തി എൻെറ നേക്കല്ലാതെ വേറെ ആരോടും പ്രവൎത്തിച്ചു കാണുന്നില്ല. ധൎമ്മലിംഗംപിള്ള മുതൽപേർ അദ്ദേഹത്തിൻെറ വലിയ സേവക്കാരായിട്ടും കാണപ്പെടുന്നു. അവർ വല്ലതും പറഞ്ഞ് അദ്ദേഹത്തെ തെററിദ്ധരിപ്പിച്ചതായിരിയ്ക്കുമോ? ഛേ, അങ്ങിനെ വരുവാൻ തരമില്ല. വൃഥാ ഒരുവനിൽ ദോഷം കല്പിക്കുന്നതു പാപമല്ലേ? അവക്ക് എന്നല്ലാ, ഒരുത്തക്കും ഞാൻ ഒരു ദോഷവും ചെയ്യിട്ടില്ലല്ലോ. ഇതു് എൻെറ കാലദോഷമെന്നല്ലാതെ വേറെ ഒന്നും പറവാൻ കാണുന്നില്ല. ഈ സ്ഥിതിക്ക് ഇനി മേൽ ഞാൻ എങ്ങിനെയാണ് ഇവിടെ ജോലി എടുത്തു കഴിച്ചു കൂട്ടേണ്ടതു്?" അദ്ദേഹത്തിൻെറ മനസ്സിൽ മറെറാരു വിധത്തിലുള്ള ആലോചനയും ഉദിച്ചു. "ഉദ്യോഗവും വേണ്ട, മണ്ണാങ്കട്ടയും വേണ്ട, വലിച്ചു ദൂരെ എറിഞ്ഞു പോയാൽ എന്താ? ഞാൻ ഇത്രകാലം ജോലി എടുത്തുകൊള്ളാമെന്ന് ഈ പട്ടാളത്തിലേക്കു ബോണ്ടു കൊടുത്തിട്ടില്ലല്ലോ. പിന്നെ എന്താണ് ഇത്ര ആലോചിപ്പാനുള്ളതു്? പക്ഷേ, കഴിഞ്ഞുകൂടുവാൻ ഒരു മാൎഗ്ഗം വേണ്ടേ? വേറെ വല്ല ഉദ്യോഗവും ഒരിയ്ക്കുന്നതിന്നുള്ള പഠിപ്പും ഇല്ലല്ലോ— ഉം, എന്തിനാണ് ഉദ്യോഗം? എന്തിനാണു പഠിപ്പ്? ആരെ പുലൎത്തേണ്ടതിലേക്കാണ് ഈ കഷ്ടപ്പാടുപെടുന്നതു്. മാതാപിതാക്കന്മാരേയോ, സഹോദരിസഹോദരന്മാരേയോ, ഭാൎയ്യ മക്കൾ ഇവരേയോ രക്ഷിക്കേണ്ടതു്. ഈ ഒരലട്ട് എനിക്കു വേണ്ടെന്നു ദൈവം മുൻകൂട്ടിത്തന്നെ

വിധി കല്പിച്ചിരിക്കുന്നു. എന്നാൽ അതു്......ഭാര്യ... അതുണ്ടായിട്ടുവേണ്ടേ മക്കളുടെ കാര്യം പറവാൻ? കല്യാണം കഴിക്കേണ്ട ചുമതലക്കാരൻ ഞാൻതന്നെയല്ലേ? ആ ഒരു ഏർപ്പാടുതന്നെ എനിക്കു വേണ്ട. സ്വയംകൃതാനർത്ഥത്തിൽ ആവുന്നതും ചെന്നു ചാടാതെ കഴിക്കേണ്ടതു് അത്യാവശ്യമാണു്. ഞാനേകൻ 'ചിന്തിർണ്ണാ പൃഥിവീ നരാശ്ച ബഹവഃ' എന്നുണ്ടല്ലോ. ഞാൻ നാളെ ഉദ്യോഗം രാജികൊടുക്കും. മരിക്കുന്നതുവരെയും വേലയെടുത്തു ഉലയുന്നതെന്തിനു്. പല പുണ്യക്ഷേത്രങ്ങളും ഉണ്ടു്. അസംഖ്യം തീർത്ഥങ്ങളും ഉണ്ടു്. അവിടങ്ങളിൽ ചെന്നു സ്നാനദർശനാദികളെക്കൊണ്ടു പാപനിവൃത്തി വരുത്തി നാലാംപുരുഷാർത്ഥത്തെ പ്രാപിക്കുന്നതല്ലേ ഉത്തമം? ശരി, എനിക്കതു മതി. വേറെ ഒന്നും വേണ്ട. കഷ്ടപ്പാടുകൂടാതെ കഴിയേണ്ടതിലേക്കുള്ള പണം ഞാൻ സമ്പാദിച്ചിട്ടുമുണ്ടല്ലോ." ഇങ്ങിനെ ഓരോന്നു വിചാരിച്ചു് അദ്ദേഹം ആ രാത്രി ശിവരാത്രിയായിത്തന്നെ കഴിച്ചുകൂട്ടി.

പ്രഭാതമായപ്പോൾ നായർ താല്ക്കാലികകൃത്യങ്ങളെ കഴിച്ചു മതിയായ കാരണങ്ങളോടുകൂടി ഒരു രാജിഹർജി എഴുതി മേലധികാരിയുടെ കയ്യിൽ സമർപ്പിച്ചു. അദ്ദേഹം ഹർജി വായിച്ചുനോക്കി. അദ്ദേഹത്തിന്റെ മുഖസ്തോഭം ഒന്നുമാറി. കരുണാകരൻ നായരെ ഒന്നു തുറിച്ചു നോക്കിക്കൊണ്ടു് ഇങ്ങിനെ ചോദിച്ചു.

മേലധികാരി—എന്താ ഇപ്പോൾ പണി രാജിവെക്കുവാൻ ഉറച്ചതിന്റെ കാരണം?

കരു—നാ— (തൊഴുതുംകൊണ്ടു്) പ്രഭോ! കാരണങ്ങളെല്ലാം ഹരജിയിൽത്തന്നെ വിവരിച്ചിട്ടുണ്ടു്.

മേലധികാരി—അതു ഞാൻ വായിച്ചുനോക്കി.

കരു—നാ—അതിൽ വിവരിച്ചിട്ടുള്ളതല്ലാതെ വേറെ വിശേഷിച്ചൊന്നും എനിക്കു പറവാനില്ല.

മേലധികാരി—ഇപ്പോൾ നിങ്ങൾക്കു നല്ല ദേഹബലമുണ്ടല്ലോ. ഈ സമയത്താണോ ഉദ്യോഗം രാജികൊടുക്കേണ്ടതു്?

കരു—നാ—ദേഹബലമുള്ള കാലത്തുതന്നെയാണു ഹർജിയിൽ കാണിച്ച സംഗതികളും നടത്തേണ്ടതു്. ഒന്നിനും ശേഷിയില്ലാതെ വരുന്ന സമയത്തു പുണ്യം ചെയ്യുവാൻ സാധിക്കുമോ?

മേലധികാരി—ഓ, നിങ്ങൾ ഒരു യോഗിയാകുവാനുള്ള ഭാവമുണ്ടെന്നു തോന്നുന്നുവല്ലോ.

കരു—നാ—ഞാൻ അങ്ങിനെയൊന്നും ഇപ്പോൾ തീരുമാനപ്പെടുത്തീട്ടില്ല. കുറെ തീർത്ഥാടനം ചെയ്യണമെന്നേ ഉദ്ദേശിച്ചിട്ടുള്ളു.

മേലധികാരി—മേൽവടിയിലേയ്ക്കയക്കട്ടെ. ഹർജിയിൽ രാജി അനുവദിച്ചു വരുന്നതുവരെ അവധിക്കപേക്ഷിച്ചിട്ടുണ്ടെങ്കിലും, അതിപ്പോൾ അനുവദിക്കുന്നതല്ല. ബാക്കി മേൽവടിയിലെ കല്പന വരുംപോലെ. ഇപ്പോൾ പൊയ്ക്കൊള്ളു.

കരുണാകരൻനായർ മടങ്ങിപ്പോന്നു. ഒരാഴ്ചയ്ക്കകത്തു രാജി അനുവദിച്ചു വന്നു. ഉടനെ ചാർജ്ജ് ഏല്പിച്ചുകൊടുത്തു്, സ്വസ്ഥചിത്തനായിട്ടു നായർ പട്ടാളം വിട്ടു പിരിഞ്ഞു.

ദിവസം രണ്ടുകഴിഞ്ഞു. അദ്ദേഹം മദിരാശിയിലേയ്ക്കു പോകേണ്ടതിലേയ്ക്ക്, ഉടുപ്പിട്ട് തെയ്യാറായി അടുത്ത റെയിൽവെ സ്റ്റേഷനിൽ ചെന്നുചേൎന്നു. വണ്ടി വരുവാൻ അല്പം താമസമുണ്ടായിരുന്നു. അദ്ദേഹം "വെയിററിങ്ങ് റൂമിൽ" ഇരിയ്ക്കുമ്പോൾ അവിടെയുണ്ടായിരുന്നവരിൽ ചിലർ താഴെ പറയുംപ്രകാരം സംസാരിക്കുന്നതു കേട്ടു.

ഒന്നാമൻ— കേട്ടില്ലേ, സർ, പി. യൻ. ബാങ്ക് പൊളിഞ്ഞതു്?

രണ്ടാമൻ— അയ്യോ! ഞാൻ കേട്ടില്ലല്ലോ.

ഒന്നാമൻ— താൻ കേൾക്കാനുള്ള സമയമായില്ല. ഇന്നത്തെ 'ഡെയിലി' പത്രത്തിലാണു കണ്ടതു്. എന്നുതന്നെയല്ല, സൎക്കാർ മുദ്രയും കാലല്യം വെച്ചിരിയ്ക്കുന്നുവത്രേ. കടക്കാൎക്ക് ഉറുപ്പികക്ക് അരയണക്കൂടി കൊടുക്കുവാൻ മുതലില്ലെന്നാണു കാണുന്നതു്.

രണ്ടാമൻ— അപ്പോൾ വളരെ പേൎക്ക് ദോഷം നേരിടുവാൻ ഇടയുണ്ടല്ലോ.

ഒന്നാമൻ— വളരെ വളരെ പററീട്ടുണ്ടാവും.

ഇവരുടെ ഈ സംഭാഷണം കേട്ട കരുണാകരൻനായരുടെ മുഖം കറുത്തു. ഹൃദയം തുടിച്ചു. തല വട്ടം ചുററി. "അയ്യൊ! സുഖമായി— വീടു നശിച്ചു— ഉദ്യോഗം രാജിവെച്ചു— ബാങ്കു പൊളിഞ്ഞു— അല്പം സമ്പാദിച്ചതും തുലഞ്ഞു— ഇനി എന്താണ്, ഒന്നുമില്ല. സുഖമേ, സുഖം.! ഞാൻ മദിരാശിക്കുമില്ലം, ഒരു 'ഏബ്രാശിക്കു'മില്ല". എ

ന്നു പിറുപിറുത്തുംകൊണ്ടു് അവിടെനിന്നെണീററു പുറത്തേക്കു പോയി.

പിറെറ ദിവസം കരുണാകരൻനായർ തന്റെ സകലസംഗതികളും കാണിച്ചു ഗോവിന്ദമേനവന്നു് ഒരു കത്തയച്ചു. അന്നുതന്നെ ഇന്ന ദിക്കിലേക്കു് എന്നു തിച്ചപ്പെടുത്താതെ അമരംപിടിക്കാത്ത തോണിപോലെ അദ്ദേഹം ദേശാടനത്തിന്നു പുറപ്പെടുകയും ചെയ്തു.

## മൂന്നാമദ്ധ്യായം.

### ഒരു വെള്ളപ്പൊക്കം.

പ്രിയവായനക്കാരേ, ഇനി നടക്കുവാൻപോകുന്ന കഥ ഒരുൾനാട്ടിലാകകൊണ്ടു നിങ്ങളെ അവിടെക്കു ക്ഷണിച്ചുകൊള്ളുന്നു.

ഗോദാവരീനദിയുടെ ഉത്തരതീരത്തായി 'വിശാലപുരി' എന്നൊരു പ്രദേശമുണ്ടു്. അവിടെ ഒരു മാതിരി കച്ചവടസ്ഥലങ്ങളും, ചില പ്രഭുക്കന്മാരുടെ സുഖവാസത്തിന്നുവേണ്ടി പണിയിച്ചിട്ടുള്ള ബംഗ്ലാവുകളും, ചില ഇടപ്രഭുക്കന്മാരുടെ ഗൃഹങ്ങളും മററും ഉള്ളതിന്നു പുറമെ ഒരു പോലീസ് സ്റ്റേഷനും ഒരു രജിസ്ത്രാപ്പീസും കൂടി ഉണ്ടായിരുന്നു. ഗോദാവരിയിൽ നിരന്തരമായി ഒഴുകുന്ന ജലംനിമിത്തം ആ പ്രദേശത്തു് അതാതുകാലങ്ങളിൽ ഉണ്ടാകേണ്ടതായ സസ്യാദികൾക്കു് യാതൊരു കുറവും സംഭവിക്കുക പതിവില്ല. ഉഷ്ണകാലത്തു് ആ പ്രദേശം അതിസുഖവാസംതന്നെയായിരുന്നു.

സാധാരണ ഒരു വൎഷത്തിൽ ഒയ്മ്പതുമാസക്കാലം കൃഷിക്കാരും തദ്ദേശവാസികളിൽ ചിലരും മാത്രമേ ആ നാട്ടിലുണ്ടാവാറുള്ളു. എന്നാൽ മദ്ധ്യവേനല്ക്കാലം അവിടം വളരെ ആൾത്തിരക്കുണ്ടായിരിക്കും. ഉഷ്ണംനിമിത്തം പല പട്ടണങ്ങളിൽനിന്നും ജമീൻദാർമാരും ഉദ്യോഗസ്ഥന്മാരും വിദ്യാൎത്ഥികളും ആ പ്രദേശത്തു വന്നു താമസിക്കുക പതിവാണ്.

മൂന്നദ്ധ്യായത്തിൽ വിവരിച്ച സംഭവം നടന്നതിന്റെ അടുത്തകൊല്ലം മദ്ധ്യവേനലിലുള്ള ഉഷ്ണംപോലെയുള്ള ഒരു ഉഷ്ണം അതുവരേയും ഉണ്ടായിട്ടില്ല. ആ കൊല്ലം കാലവൎഷംതന്നെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. വെയിലിന്റെ തീക്ഷ്ണതകൊണ്ടു സകലജീവജാലങ്ങളും ഗതാസുക്കളെന്ന മട്ടിലായിത്തീൎന്നു. വലിയ പട്ടണങ്ങളിലും ഇടനാടുകളിലും മററും കുടിപ്പാൻകൂടി വെള്ളം ഇല്ലാതെയായി. അസംഖ്യം ജനങ്ങൾ സ്വഗൃഹങ്ങളേയും ഉപേക്ഷിച്ച് ജലമുള്ള പ്രദേശങ്ങളെ അന്വേഷിച്ചു പോയിത്തുടങ്ങി. പലരും പല ദിക്കുകളിലായി സ്ഥലംപിടിച്ചു തുടങ്ങി

ഈ സമയത്തു നമ്മുടെ വിശാലപുരി ജനഭരിതമായി തീൎന്നിരിക്കുന്നു. ജനങ്ങൾക്കു താമസിക്കുവാൻ കെട്ടിടങ്ങൾ തികയാത്തതിനാൽ കൂടാരമടിച്ചും മരച്ചുവട്ടിലുമായി അനവധി ജനങ്ങൾ താമസമുറപ്പിച്ചു.

ഒരു ദിവസം രാത്രി മണി പന്ത്രണ്ടടിച്ചതിനുശേഷം ഒരു ഇടിമുഴക്കവും മിന്നലും ആരംഭിച്ചു. അതോടുകൂടി മഴയും തുടങ്ങി. തുടങ്ങിയ മഴയാകട്ടെ, ധാരമുറി

യാതെ അതിഗാംഭീൎയ്യത്തോടെ വളരെനേരം പെയ്തു. കൂ
ടാരത്തിലും മരച്ചുവട്ടിലും മറ്റും താമസിച്ചിരുന്നവർ ഓ
ടി അലഞ്ഞുതുടങ്ങി. ഗൃഹങ്ങളിൽ പാൎത്തിരുന്നവർ
വീടുകൾ ചോൎന്നൊലിക്കുകയാൽ ഇരിക്കുവാൻകൂടി സ്ഥ
ലമില്ലാതെ ഓരോ മൂക്കിലും മൂലയിലുമായി. ബംഗ്ലാ
വുകളിൽ താമസിക്കുന്നവർ കൊടുംകാറ്റുകൊണ്ടും, ഇടി
മിന്നൽ, മഴ മുതലായതുകൊണ്ടും വലിയ വൃക്ഷങ്ങൾ പു
ഴങ്ങി വീഴുകനിമിത്തം ഉള്ള ഭയങ്കരശബ്ദങ്ങൾ കേട്ടും വ
ളരെ ഭയപ്പെട്ടുവശായി. ഗോദാവരിയിലെ ജലം ക്രമ
ത്തിൽ കയറിത്തുടങ്ങി. എന്തിനധികം? പ്രഭാതത്തോ
ടുകൂടി ആ പ്രദേശമെല്ലാം ജലമയമായിത്തീൎന്നു. ഇതി
ന്നിടയ്ക്കു് അസംഖ്യം ബംഗ്ലാവുകളും, മാളികകളും വീണു
തകൎന്നുപോകയും ചെയ്തു.

ഇതുതന്നെയാണല്ലോ പ്രകൃതിയുടെ മാറ്റം. ഇന്ന
ലത്തെ സ്ഥിതിയും ഇന്നത്തെ സ്ഥിതിയും ഓൎത്തുനോക്കു
മ്പോൾ ഒരു പതിനഞ്ചു നാഴികകൊണ്ടുണ്ടായ ഭേദഗതി
ആശ്ചൎയ്യകരംതന്നെ. ദൈവവിലാസം ആൎക്കറിയാം. നദി
യിൽക്കൂടി എത്ര വൃക്ഷങ്ങളാണു്, എത്ര ഭവനങ്ങളാണു്,
എത്ര സാമാനങ്ങളാണു്, എത്ര ജനങ്ങളാണു്, എത്ര നാ
ല്ക്കാലികളാണു് ഒലിച്ചുപോകുന്നതു്. ഇതു കാണുവാൻ കൂ
ടിയിരിക്കുന്ന ജനങ്ങൾക്കു് ഒരു കയ്യുംകണക്കുമില്ല. ഒഴുകി
പ്പോകുന്നവരിൽ ചിലർ പ്രയാസപ്പെട്ടു കര പറ്റുന്നു. ചി
ലർ കരക്കലോളം അടുക്കുമ്പോഴെക്കും കൈകാൽ തളൎന്നു
മുങ്ങിപ്പോകുന്നു. ഉദാരന്മാരായ ചില കാണികൾ തങ്ങ
ളാൽ കഴിയുംവിധം ചിലരെ രക്ഷിക്കുന്നു. ദുരാഗ്രഹികളും

യ ചിലർ പെട്ടി, പാത്രം മുതലായതു പിടിക്കുവാൻ യത്നിക്കുന്നു. ഈ ശ്രമക്കാരിൽത്തന്നെ പലരും നാമാവശേഷരായിത്തീരുന്നുണ്ട്. എന്നാൽ ഇത്ര അസംഖ്യം ജനങ്ങൾ കൂടിയിട്ടുള്ളതിൽ അധികം പേരും കണ്ടുനില്ക്കുകയാണ് ചെയ്തിരുന്നത്. രക്ഷോത്സാഹികളെല്ലാം അത്യന്തം ക്ഷീണിക്കുകയും ചെയ്തു.

ഹാ! കഷ്ടം!! ഇതാരും കാണുന്നില്ലേ? ഒരു മരത്തടിയെ അവലംബിച്ച് ഒരാൾ ഒലിച്ചുവരുന്നു! 'രക്ഷിക്കണേ! രക്ഷിക്കണേ!' എന്ന് അയാൾ വിളിച്ചു നിലവിളിക്കുന്നു. കാററുകൊണ്ടും വെള്ളത്തിന്റെ ഒഴിക്കിൻ ശബ്ദംകൊണ്ടും ആ സാധുവിന്റെ നിലവിളി ആരും കേൾക്കുന്നില്ല. പുഴയുടെ മദ്ധ്യത്തിൽക്കൂടി ഒലിച്ചുവരുന്ന ആ മനുഷ്യന് അവലംബമായി ഉണ്ടായിരുന്ന തടിയും ഒഴുക്കിന്റെ ശക്തികൊണ്ട് അയാളിൽനിന്നു വേർപെട്ടുപോയി. ആ മനുഷ്യൻ കുറെ നീന്തിനോക്കി. കയ്യും കാലും തളൎന്നു വെള്ളത്തിൽ മുങ്ങിത്തുടങ്ങി. തീരസ്ഥന്മാരിൽ ചിലർ അയാളെ രക്ഷപ്പെടുത്തേണ്ടതിലേക്കു വെള്ളത്തിൽ ചാടുവാൻ ശ്രമിച്ചു. അവൎക്കു സാധിച്ചില്ല. ആ സമയത്തെ പ്രവാഹം അത്രക്കു ഭയങ്കരമായിരുന്നു. അവരെല്ലാവരും ഭയപ്പെട്ടു മടങ്ങിയതേ ഉള്ളു. ഒഴുകുന്ന ആളുടെ തല മാത്രം കാണ്മാനുണ്ട്. അല്പനേരവുംകൂടി കഴിഞ്ഞാൽ അയാളുടെ കഥ അവസാനിക്കുമെന്നുള്ള ഘട്ടത്തിലായി.

അപ്പോഴേക്കും ഒരാൾ തന്റെ പ്രാണനേയും പണയംവെച്ചു പെട്ടെന്നു വെള്ളത്തിലേക്ക് എടുത്തുചാടി നീ

ന്തിത്തുടിച്ച് ഒരുവിധം, ആ ഒഴുകുന്ന മനുഷ്യന്റെ സമീപത്തെത്തി അയാളെ കടന്നുപിടിച്ചു. കഷ്ടം! രണ്ടുപേരുംകൂടി മുങ്ങി. ഒന്നിന്നു രണ്ട് എന്നല്ലാതെ എന്താണു പറയേണ്ടതു്?

രണ്ടു നിമിഷം കഴിഞ്ഞു. കുറെ താഴത്തായിട്ട് ആ രണ്ടുപേരും പൊങ്ങി. ചാടിപ്പിടിച്ച ആൾ ഒരു കൈകൊണ്ട് മററെ ആളെ പിടിച്ചും മററെ കൈകൊണ്ടു തുഴഞ്ഞും അതിശക്തി പ്രയോഗിച്ച് എന്നത്തിനെന്നുമായി കരക്കടുത്തു.

ഒഴുകിപ്പോയിരുന്ന ആൾക്കു കരക്കടുത്ത സമയം തീരെ ബോധമുണ്ടായിരുന്നില്ല. രക്ഷകൻ ബോധരഹിതനെ എടുത്തു് തന്റെ മസ്തകത്തിൽ കമഴ്ത്തിക്കിടത്തി അഞ്ചെട്ടു പ്രാവശ്യം വട്ടം തിരിഞ്ഞു. ബോധരഹിതൻ കുടിച്ചിരുന്ന വെള്ളമെല്ലാം കുടുകുടെ ഛർദ്ദിച്ചു. അപ്പോൾ അല്പം ബോധമുണ്ടായി.

ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ആപൽഗ്രസ്തന് പൂർണ്ണബോധം വന്നു. തന്നെ ശുശ്രൂഷിച്ചുംകൊണ്ടു് അടുത്തിരിക്കുന്ന ആളെ അയാൾ കണ്ടു. ആ സമയത്തു സമീപത്തുണ്ടായിരുന്ന മററു ചിലർ ഒഴുകിവന്ന ആളെ നോക്കി, "നിങ്ങൾക്കു് ആയുസ്സു പരിപൂർണ്ണമായുമുണ്ടു്. നിങ്ങളെ രക്ഷപ്പെടുത്തുവാൻ ഞങ്ങളിൽ പലരും ശ്രമിച്ചിട്ടും സാധിക്കാതെയിരിക്കുമ്പോൾ, ഇദ്ദേഹം തന്റെ ജീവനെക്കൂടി ഗണിക്കാതെ അങ്ങയെ രക്ഷപ്പെടുത്തി. ഒരിക്കൽ നിങ്ങൾ രണ്ടു പേരുംകൂടി മുങ്ങിയതു കണ്ടു് രണ്ടാളുടേയും കഥ കഴിഞ്ഞുവെന്നു ഞങ്ങൾ വിചാരിച്ചു.

ഭാഗ്യത്താൽ രണ്ടുപേരും രക്ഷപ്പെട്ടുവല്ലോ" എന്നു പറഞ്ഞതു കേട്ട്, ഒഴുകിവന്ന ആൾ ഒരു ദീൎഘശ്വാസത്തോടുകൂടി രക്ഷകനെ നോക്കി, "പ്രഭോ, ഞാൻ അങ്ങയെ വന്ദിക്കുന്നു. എന്റെ പ്രാണദാതാവായ അങ്ങേക്കു ജഗദീശ്വരൻ ദീൎഘായുസ്സു നല്കട്ടെ. ആജീവനാന്തം ഞാൻ അങ്ങേക്കു കടപ്പെട്ടിരിക്കുന്നു." ഇത്രയും പറഞ്ഞപ്പോഴക്ക് അദ്ദേഹത്തിന്റെ കണ്ണിൽ വെള്ളം നിറഞ്ഞു. സന്തോഷാധിക്യത്താൽ തൊണ്ടയിടറി സംസാരിക്കുവാൻ വയ്യാതായി. ഹർഷാശ്രുക്കൾ പൊഴിഞ്ഞുതുടങ്ങി.

ഏകദേശം ഒമ്പതുമണിയോടുകൂടി കാററും മഴയും തീരെ ശമിച്ചു. മഴക്കാറുകൾ നീങ്ങി വെയിൽ കണ്ടുതുടങ്ങി. ശീതാൎത്തന്മാരായ ജനങ്ങൾ വെയിൽ കാഞ്ഞും വസ്ത്രാദികൾ ഉണക്കിയും അവരവൎക്കു പററിയിട്ടുള്ള കഷ്ടതകളെ പറഞ്ഞും വിലപിച്ചും, ഇനി എന്താണു പ്രവൎത്തിക്കേണ്ടതു് എന്നു നിശ്ചയമില്ലാതെ അലഞ്ഞും തുടങ്ങി. പലരും പല വഴിക്കായി പോയിത്തുടങ്ങി.

ഈ സമയത്തു് ഒഴുകിവന്ന ആൾ രക്ഷിതാവിനെ നോക്കി, "അല്ലയോ മഹാത്മൻ, ഞാൻ എന്തു തന്നിട്ടാണു് അങ്ങയെ തൃപ്തിപ്പെടുത്തേണ്ടതു്? എന്റെ പ്രാണനെത്തന്നെ അങ്ങേക്കു് അടിമപ്പെടുത്തിയാലുംകൂടി എന്റെ ആത്മാവു കൃതകൃത്യതയെ പ്രാപിക്കുന്നതല്ല" എന്നു പറഞ്ഞു.

രക്ഷകൻ—പ്രഭോ! അങ്ങിത്രയൊക്കെ ശ്ലാഘിക്കത്തക്കവണ്ണം ഞാൻ എന്താണു പ്രവൎത്തിച്ചിട്ടുള്ളതു്? ഞാനല്ലെങ്കിൽ മററാരുവൻ പ്രവൎത്തിക്കുന്ന കൃത്യമല്ല ഇ

ത്തു്? ഒരാൾ വൃഥാ മരിയ്ക്കുന്നതു കണ്ടുംകൊണ്ടു നില്പാൻ ആൎക്കെങ്കിലും ധൈൎയ്യമുണ്ടാകുമോ?

കഴകിവന്ന ആൾ — ആ കൃത്യം നിറവേററിയതു നിങ്ങളാണല്ലോ. അസംഖ്യം ജനങ്ങൾ ഉണ്ടായിരുന്നില്ലേ? വേറെ ആരെക്കൊണ്ടും സാധിച്ചില്ലല്ലോ!

രക്ഷകൻ — ആ ഭാഗം സാരമില്ല. ഞാൻ പുറപ്പെട്ടപ്പോൾ ബാക്കിയുള്ളവർ പിൻവാങ്ങി എന്നല്ലാതെ അന്യഥാ വിചാരിപ്പാൻ തരമില്ല. "പരോപകാരാൎത്ഥമിദം ശരീരം" എന്നല്ലേ?

കഴകിവന്ന ആൾ — മഹാശയ! വാഗ്വാദംകൊണ്ടു നിങ്ങളെ ജയിക്കുവാൻ എന്നാൽ സാധിക്കയില്ല. (അദ്ദേഹത്തിൻെറ കഴുത്തിൽ കിടന്നിരുന്ന ഒരു നവരത്നഹാരം എടുത്തു പിടിച്ചു്) ഇതാ, ഏററവും ലഘുവായ ഒരു സംഭാവന. ഇതു പ്രാണരക്ഷക്കു പ്രതിഫലമായി തരുന്നതല്ല. കേവലം നന്ദിസൂചകം മാത്രമാകുന്നു. എൻെറ ഓൎമ്മയ്ക്കായി ഇതിനെ സ്വീകരിച്ചാലും.

ആ മാല ഉദ്ദേശം പതിനായിരം ഉറുപ്പിക വിലമതിക്കത്തക്കതായിരുന്നു. എങ്കിലും രക്ഷകൻ ആ മാലയെ നോക്കുകപോലും ചെയ്യാതെ, തൊഴുതുംകൊണ്ടു്, "പ്രഭോ! ഞാനും ഒന്നപേക്ഷിച്ചുകൊള്ളുന്നു. നിങ്ങൾ ദയവുണ്ടായി ആ അപേക്ഷയെ സഫലമാക്കിത്തന്നുകൊള്ളാമെന്നു് ഒരു വാഗ്ദാനം ചെയ്യണം.

കഴകിവന്ന ആൾ — (സന്തോഷത്തോടുകൂടി) നിങ്ങളുടെ അപേക്ഷ എന്തുതന്നെയായിരുന്നാലും വേണ്ടില്ല, അതിനെ സാധിപ്പിച്ചുകൊള്ളാം, സത്യം.

രക്ഷകൻ—പ്രഭോ, ഞാൻ അപേക്ഷിക്കുന്നത് ഏററവും സ്വല്പമായ ഒരു കാൎയ്യമാണ്. പരിഭവമുണ്ടാകരുത്. ഇപ്പോൾ ഞാൻ ചെയ്തിരിക്കുന്ന സഹായം എത്രയോ ലഘുതരമാണ്. അതിനുവേണ്ടിയോ മറെറാ യാതൊരു പ്രതിഫലമോ സമ്മാനമോ വാങ്ങുവാൻ അങ്ങ് എന്നെ നിൎബ്ബന്ധിക്കരുത്. ഇതാണ് എൻെറ അപേക്ഷ.

പ്രിയവായനക്കാരെ, ഒഴുകിവന്നിരുന്ന ആൾ ഒരു കോടീശ്വരനായിരിക്കുമെന്ന് ആ മാലനിമിത്തം നമുക്ക് അനുമാനിക്കാമല്ലോ. അദ്ദേഹം ചെയ്ത പ്രതിജ്ഞ എത്രയും ശ്ലാഘനീയമായിരിക്കുന്നു. ഈ ഒരു സന്ദൎഭത്തിൽ ആരെങ്കിലും നിദ്രാലുക്കളായിരിക്കുമോ? ഇപ്പോഴല്ലേ നമ്മുടെ ദാരിദ്ര്യദുഃഖം തീൎക്കേണ്ടതായ ഘട്ടം? ഈ ഒരു ഘട്ടത്തിൽ നമ്മുടെ രക്ഷിതാവ് (പുഴയിൽനിന്ന് ആളെ രക്ഷിച്ചവൻ) അല്ലാതെ വേറെ ആരായിരുന്നാലും ഒരു കുബേരപദവിയിൽ എത്തുമെന്നുള്ളതു നിസ്സംശയമാണല്ലോ.

ഒഴുകിവന്ന ആൾ ഈ വാക്ക കേട്ടു കുറച്ചു നേരം സ്തബ്ധനായി നിന്നുപോയി. പിന്നീട് ഇങ്ങിനെ വിചാരിച്ചു:—"ഇതെന്തു കഥയാണ്? ഇങ്ങിനേയും ചിലരുണ്ടോ? ഈ കലിയുഗത്തിലും കൃതയുഗപുരുഷന്മാരുടെ ആവിൎഭാവം അത്യാശ്ചൎയ്യംതന്നെ! ഇദ്ദേഹം സാമാന്യനല്ല. ആകൃതിക്കൊത്ത പ്രകൃതിയും, അന്യദ്രവ്യത്തിൽ ഇച്ഛയില്ലായ്മയും പരോപകാരത്തിലുള്ള ആസക്തിയും കാണുമ്പോൾ ഇദ്ദേഹം ഒരു മഹാപുരുഷൻതന്നെയാണെന്നു

ള്ളതിന്നു സംശയമില്ല. അല്ലെങ്കിൽ [illegible]തിനായിരം രൂപ വിലമതിക്കാവുന്ന [illegible]ക്കുമോ? എന്നല്ല ഒന്നും സ്വീകരിക്കാതെ എ[illegible] വലിയ കടക്കാരനാക്കി വെക്കുകയല്ലേ ചെയ്തതു്? ഹാ! ഇതെന്തൊരു അത്ഭുതമാണ്! ഇദ്ദേഹം ആരായിരിക്കും?" ഇങ്ങിനെ ഓരോന്നു വിചാരിച്ചുംകൊണ്ടിരിക്കുമ്പോൾ രക്ഷിതാവു് അദ്ദേഹത്തെ നോക്കി, "പ്രഭോ, എനിക്കു പോകുവാൻ അനുവാദം തരണം" എന്നു വളരെ വിനീതനായി അപേക്ഷിച്ചു.

ഒഴുകിവന്ന ആൾ രക്ഷകന്റെ കൈ പിടിച്ചുംകൊണ്ടു്, "പ്രാണദാതാവേ! എന്റെ ഒരപേക്ഷ; അതായതു്, ഇന്നു നാം എന്റെ ഗൃഹത്തിലേക്കു പോയി ഒരു ദിവസമെങ്കിലും എന്റെ ഒന്നിച്ചിരുന്നു്, ലഘുവായ ഒരു ആതിഥ്യത്തെ സ്വീകരിച്ചതിന്റെശേഷം, നിങ്ങളുടെ ഇഷ്ടംപോലെ ചെയ്തുകൊള്ളുന്നതു് എനിക്കു സമ്മതമാണ്" എന്നു പറഞ്ഞു. ആ വാക്കു കേട്ടു്, രക്ഷകൻ, അല്പമൊന്നാലോചിച്ചു്, "പ്രഭോ, എനിക്കതിന്നും സമ്മതമില്ലാത്തതാണ്. എങ്കിലും മഹാനായ നിങ്ങളെ അലക്ഷ്യമാക്കി ചെയ്തു എന്നു വരികിൽ അതു പാപകരമല്ലേ? അയതുകൊണ്ടു് ആ ഒരു സംഗതി മാത്രം സ്വീകരിക്കുന്നതിന്നു ഞാൻ തയ്യാറാണ്" എന്നു പറഞ്ഞു.

പിന്നീടു രണ്ടു പേരും ഒരു വണ്ടികേറി പോവുകയും ചെയ്തു.

# നാലാമദ്ധ്യായം.

## ഒരു ഒസ്യത്ത്.

നേരം പ്രഭാതമായിത്തുടങ്ങി. ആദിത്യഭഗവാൻ തമസ്സുകൊണ്ടാകുലമായിരിക്കുന്ന ധരിത്രീതലത്തെ തന്റെ കരങ്ങളാൽ ഒരു ഭിഷഗ്വരൻ രോഗിയുടെ ദേഹത്തെയെന്നപോലെ മന്ദമാകുംവണ്ണം തലോടിത്തുടങ്ങി. സരോജിനിയാകട്ടെ ജാത്യാ തന്റെ ശത്രുവായ ശശാങ്കന്റെ അഭാവത്താലും, പ്രിയമിത്രദർശനത്താലും ഉണ്ടായ സന്തോഷംനിമിത്തം വികസിതവദനയായി ഭവിച്ചു. ഭൃംഗങ്ങളുടെ ഝങ്കാരവും പക്ഷികളുടെ കളകൂജിതവും കേട്ടാൽ അവയും ദിനകരഭഗവാന്റെ ഗഗനാരോഹണവേളയിൽ 'ഋഗ്യജുസ്സാം'മാദിവേദഘോഷങ്ങൾ ചെയ്യുന്ന ദ്വിജവരന്മാരെപ്പോലെ തങ്ങളുടെ ദ്വിജത്വത്തെ സാക്ഷീകരിക്കയാണോ എന്നു തോന്നും. പല്ലവരമണീയങ്ങളായ ആദിത്യരശ്മികൾ ക്രമത്തിൽ പ്രസരിച്ചുതുടങ്ങിയപ്പോൾ 'വിജയനഗരം' പട്ടണത്തിലെ വെണ്മാടങ്ങളും, ദേവതാനികേതനങ്ങളും മററും സുവർണ്ണദ്രവങ്ങളാൽ സേചനംചെയ്യപ്പെട്ടവയോ എന്നു തോന്നുമാറു വിലസിത്തുടങ്ങി. സകലൈശ്വര്യത്തോടും, സദാനന്ദത്തോടും ശോഭിച്ചിരുന്ന ആ പട്ടത്തിലെ അനേകായിരം ഗൃഹങ്ങൾ മോദഭരിതങ്ങളായിരിക്കുന്നുണ്ടെങ്കിലും, ഈ സന്ദർഭത്തിൽ 'ജയചന്ദ്രസേനൻ' ജമിന്താരുടെ ബംഗ്ലാവു മാത്രം അത്യന്തം ശോകാവസ്ഥയിൽ എത്തിയിരിക്കുന്നു.

ജയചന്ദ്രസേനൻ ജമിന്താർ വലിയ കോടീശ്വരനും, ആ നഗരത്തിനെന്നല്ല, അടുത്ത നഗരങ്ങൾക്കുകൂടി ഒരു ജാമിനെപ്പോലുള്ള ഒരാളും ആകുന്നു. അദ്ദേഹത്തിന്നു സുമാർ അയ്മ്പത്തഞ്ചുവയസ്സു പ്രായം കാണും. അദ്ദേഹം സത്യവാനും ന്യായസ്ഥനും ആശ്രിതന്മാരിൽ അത്യന്തസ്നേഹമുള്ളവനുമാണ്. അദ്ദേഹത്തിന്നു സഹോദരി സഹോദരന്മാരാരും ഉണ്ടായിരുന്നില്ല. മൂന്നു വിവാഹം ചെയ്തിട്ടും അപത്യസുഖം അദ്ദേഹത്തിന്നു ദൈവം അനുവദിച്ചു കൊടുത്തിട്ടില്ല. സന്താനവിഹീനനായ അദ്ദേഹത്തിന്നു സകലസൌഭാഗ്യങ്ങളും കാനനചന്ദ്രികപോലെ പരിണമിച്ചു.

ഇപ്പോൾ ജയചന്ദ്രസേനൻ ജമിന്താർ ഒരു രോഗത്തിൽ പെട്ടിട്ടു നാലുമാസത്തോളമായി; ഇദ്ദേഹത്തിന്റെ കളത്രത്രയവും ശുശ്രൂഷക്കുവേണ്ടി ബദ്ധശ്രദ്ധമാരായി ഭർത്താവിന്റെ ആഗമനത്തെത്തന്നെ നിരീക്ഷിച്ചുംകൊണ്ടു പരലോകത്തിൽ സ്ഥിതിചെയ്യുന്നു. അടുത്ത ബന്ധുക്കളും ഭാര്യാപുത്രന്മാരും ഇല്ലാതിരിക്കുന്ന ഇദ്ദേഹത്തെ ശുശ്രൂഷിപ്പാൻ ശമ്പളക്കാരല്ലാതെ വേറെ ആരും ഉണ്ടായിരുന്നില്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. "ഞങ്ങൾ അദ്ദേഹത്തിന്റെ അടുത്ത ചാർച്ചക്കാരാണെന്നും ഞങ്ങളാണ് അദ്ദേഹത്തെ വേണ്ടപോലെ ശുശ്രൂഷിക്കേണ്ടതെന്നും" മററും നടിച്ചുകൊണ്ടു ചില വിരുതന്മാർ കിട്ടിയതു തട്ടിയെടുക്കുവാൻ ലാക്കുനോക്കി അലഞ്ഞുനടക്കുന്നതുമുണ്ട്.

ഡാക്കടർമാർ എസ്സ്. കന്നയ്യും, കെ. വെങ്കിട്ടറാവു

വും, ടി. ഗോവിന്ദൻ നായഡുവും, ജമിന്ദാരെ ബഹുജാഗ്രതയായി ചികിത്സിച്ചുവരുന്നുണ്ടു; ഇവരിൽ ആരെങ്കിലും ഒരാൾ രോഗിയുടെ അടുത്തില്ലാത്ത സമയമില്ല. ഇവർ ആ പട്ടണത്തിൽവെച്ച് പ്രസിദ്ധവൈദ്യന്മാരാകുന്നു. ഇവരുടെ ചികിത്സകൊണ്ടു യാതൊരു ഭേദവും കാണാത്തതിനാൽ മിസ്റ്റർ കെ. വെങ്കിട്ടറാവുവിൻെറ അഭിപ്രായപ്രകാരം മലയാളത്തിൽനിന്നു പ്രസിദ്ധവൈദ്യന്മാരായ ചില നാട്ടുചികിത്സകന്മാരെ വരുത്തി കാട്ടുകയും അവർ ചില ചികിത്സകൾ നിശ്ചയിക്കുകയും ചെയ്തു. എന്നാൽ ഇവയെല്ലാം ഭസ്മത്തിൽ ഹോമിച്ചതുപോലെയല്ലാതെ യാതൊരു ഫലപ്രാപ്തിയുമുണ്ടാക്കിയില്ല. ദിനംപ്രതി രോഗം അധികമായി വരികയാണുണ്ടായതു. ജമിന്ദാരുടെ സകലഭാരങ്ങളേയും നോക്കിവരുന്നതും, ചികിത്സാദികളെ ചെയ്യിക്കുന്നതും, മററും അദ്ദേഹത്തിൻെറ സ്വന്തം വക്കീലും ക്ലാസ്സ്മേററും ആയ വക്കീൽ കെ. രാമറാവു അവർകളായിരുന്നു; അദ്ദേഹം തൻെറ ജോലികൂടി ബദൽ ആളെ ഏല്പിച്ചു എല്ലായ്പോഴും ജമിന്ദാരുടെ അടുക്കൽതന്നെ പരിചയ്യാപരനായിരുന്നു.

ഒരു ദിവസം കാലത്തു് ഏകദേശം എട്ടുമണി സമയത്തു വക്കീൽ രാമറാവു അവർകളും ഡാക്ടർ കെ. വെങ്കിട്ടറാവു അവർകളും ടി. ഗോവിന്ദനായഡു അവർകളും കൂടി രോഗിയുടെ അടുക്കൽ ഇരിക്കുകയായിരുന്നു. അവർ ദീനസ്ഥിതിയെപ്പററി സംസാരിച്ചിരിക്കുമ്പോൾ രോഗിക്കു പെട്ടെന്നു് ഒന്നുരണ്ടു മുട്ടലുണ്ടായി. ഡാക്ടർമാർ മുഖത്തോടു മുഖം നോക്കി. ഉടനെ ചില മരുന്നുകൾ കൊടുത്തു. വക്കീലദ്ദേഹം ഡാക്ടർമാരോട്,

"ഇതെന്താ ഇപ്പോൾ ഒരു വിശേഷസംഭവം ഉണ്ടായതു്?

വെങ്കിട്ടറാവു — ഇതു രണ്ടു പ്രകാരത്തിലുണ്ടാവാൻ വഴിയുണ്ടു്. കഥം കേട്ടി നിന്നിട്ടുമാവാം, ശ്വാസവികാരം കൊണ്ടുമാവാം. കഥസംബന്ധമാണെങ്കിൽ ഇപ്പോൾ കൊടുത്ത മരുന്നുകൊണ്ടു ഭേദം കാണും.

വക്കീൽ — അല്ലെങ്കിൽ —

നായഡു — രണ്ടു മണിക്കൂർ —

വക്കീൽ വല്ലരെ ചിന്താപരവശനായിത്തീൎന്നു. "ദൈവമേ, എന്തു ചെയ്യേണ്ടു? ഇദ്ദേഹത്തിന്റെ അവസ്ഥ വിചാരിക്കുമ്പോൾ — എന്തു പറയട്ടേ. ഇദ്ദേഹത്തിന്നു് അടുത്ത അവകാശികൾ ആരും ഇല്ലാത്ത സ്ഥിതിക്കു് — പോലീസ്സുകാർ വന്നു് ശവം എടുക്കണമെന്നു വരികിൽ — ഈ മഹാന്റെ കീൎത്തിക്കു ന്യൂനത ഭവിക്കുമെന്നുള്ളതു നിസ്സംശയമാണല്ലോ. ഇദ്ദേഹത്തോടു് ആ വിഷയത്തെപ്പറ്റി വല്ലതും ചോദിക്കുന്നതെങ്ങിനെ? ദീൎഘാലോചനയുള്ള ഇദ്ദേഹം ഇതിന്നൊരുവഴി ചെയ്തു വെക്കാതിരിപ്പാൻ കാരണമെന്തു്?" ഇങ്ങിനെ വക്കീൽ ഓരോന്നു വിചാരിച്ചിരിക്കുമ്പോൾ രോഗി വക്കീലിനെ നോക്കി, "സബ്ബ്...റജി...സ്ത്രാർ..." എന്നു പറഞ്ഞു. വക്കീൽ രോഗിയോടു് "എന്താ റജിസ്ത്രാറെ വരുത്തേണമോ?" എന്നു ചോദിച്ചു. രോഗി വേണമെന്നു ശിരഃകമ്പനം കൊണ്ടറിയിച്ചു. വക്കീൽ ഉടനെ സ്വന്തം മോട്ടോർകാറോടുകൂടി ഒരു ഹരജിക്കടലാസ്സും റജിസ്ത്രാൎക്കു് അയച്ചു കൊടുത്തു. പത്തു മിനിററിനുള്ളിൽ സബ്ബ്റജിസ്ത്രാർ ഹാ

ജരായി. വക്കീൽ റജിസ്ത്രാരെ ബഹുമാനിച്ചിരുത്തിയതിന്നു ശേഷം രോഗിയോട് "സബ്ബ്‌റജിസ്ത്രാർ വന്നു" എന്നു പറഞ്ഞു. രോഗി കിടക്കയുടെ ചുവട്ടിൽനിന്നു താക്കോലെടുത്തു വക്കീലിന്റെ കയ്യിൽ കൊടുത്ത് ഒരു അൽമാറി ചൂണ്ടിക്കാണിച്ചു. വക്കീൽ അൽമാറി തുറന്നപ്പോൾ മുദ്രവെച്ച ഒരു ലക്കോട്ടും ഒരു ആധാരവും കണ്ടു. വേറെ യാതൊന്നും അതിൽ ഉണ്ടായിരുന്നില്ല. വക്കീൽ അതെടുത്തു രോഗിയെ കാണിച്ചു. രോഗി കയ്യ നീട്ടി അതു മേടിച്ചു റജിസ്ത്രാരുടെ കയ്യിൽ കൊടുത്തു. റജിസ്ത്രാർ ആധാരം വായിച്ചുനോക്കി ലക്കോട്ടിന്മേൽ എഴുതിയിരുന്നതും നോക്കി. വക്കീലിന്റെ മുഖത്തുനോക്കി ഒന്നു ചിരിച്ചു.

വക്കീലിന്നു കാൎയ്യമൊന്നും മനസ്സിലായില്ല. സബ്ബ്‌ റജിസ്ത്രാർ ആ ആധാരത്തെ വക്കീലിന്റെ കയ്യിൽ കൊടുത്തു. വക്കീൽ അതു വായിച്ചുനോക്കി ആശ്ചൎയ്യപരതന്ത്രനായി ഭവിച്ചു.

ആ ആധാരം വക്കീൽ രാമറാവു അവർകളുടെ പേൎക്ക് എഴുതിവെച്ച ഒരു മുക്ത്യാർനാമമായിരുന്നു. അതിൽ എഴുതിയിരുന്നതിന്റെ സാരാംശം താഴെ പറയും പ്രകാരമാകുന്നു

ജമീന്ദാരുടെ സകലസ്ഥാവരജംഗമസ്വത്തുക്കളും അദ്ദേഹത്തിന്റെ ഒരു ആത്മമിത്രത്തിന്റെ പേൎക്ക് ഒരു ഒസ്യത്തെഴുതി ആ ലക്കോട്ടിൽ അടക്കം ചെയ്തിട്ടുണ്ടെന്നും, ഈ മുക്ത്യാർറജിസ്ത്രോടുകൂടി ലക്കോട്ടും റജിസ്തർ ചെയ്യേണ്ടതാണെന്നും, തന്റെ മരണാനന്തരം ശവസം

സ്കാരാദികർമ്മങ്ങളും, അടിയന്തിരവും മുക്ത്യാറിൽ പറയുന്ന സംഖ്യ ചിലവുചെയ്തു വക്കീൽ അവർകൾതന്നെ നടത്തിക്കേണമെന്നും, പിന്നീട വക്കീലവർകൾ ഫരജി മൂലം ലക്കോട്ട പൊട്ടിച്ച് ആ ഒസ്യത്തിൽ കാണുന്ന ആളെ കണ്ടുപിടിച്ച തന്റെ സകലസ്വത്തുക്കളും , ആ ആളെ ഏല്പിച്ചുകൊടുത്തു രശീതി വാങ്ങേണമെന്നും, അതുവരെ തന്റെ സകലസ്വത്തുക്കളുടെ ചുമതലയും വക്കീലവർകൾക്കുതന്നെ ആണെന്നും മറ്റുമായിരുന്നു.

സബ്‌റജിസ്ത്രാർ ആധാരം വക്കീലിന്റെ കയ്യിൽ നിന്നു വാങ്ങി രോഗിയെ നോക്കി "ഈ മുക്ത്യാർനാമവും ലക്കോട്ടിൽ അടക്കം ചെയ്തിട്ടുള്ള ഒസ്യത്തും നിങ്ങൾ സ്വന്തം മനസ്സാലെ എഴുതിവെച്ചിട്ടുള്ളതാണോ?" എന്നു ചോദിച്ചു.

രോഗി—അ...തെ...

റജിസ്ത്രാർ—ഇതിൽ കാണുന്ന ഒപ്പും മുദ്രയും നിങ്ങളുടെ തന്നെയല്ലേ?

രോഗി—അ...തെ...

റജിസ്ത്രാർ—എന്നാൽ റജിസ്റ്റ് ചെയ്യുകയല്ലേ?

രോഗി—ഓ—

സബ്‌റജിസ്ത്രാർ ആധാരവും ലക്കോട്ടും റജിസ്റ്റ് ചെയ്തു പോവുകയും, ലക്കോട്ടിന്മേൽ കാണുന്ന ജമീന്ദാരുടെ പേരും അദ്ദേഹത്തിന്റെ മുദ്രയിൽ കാണുന്ന അക്ഷരങ്ങളും റജിസ്റ്റ് നമ്പ്രും അഞ്ചാം ബുക്കിൽ ചേർത്തു ലക്കോട്ട ഇരിമ്പുപെട്ടിക്കുള്ളിൽ സൂക്ഷിക്കുകയും ചെയ്തു.

അരമണിക്കൂർ സമയം കഴിഞ്ഞപ്പോഴേക്കും രോഗി

ക്ക രണ്ടാമത്തും ഒരു മുട്ടലുണ്ടായി. ഉദ്ദേശം മണി പത്തോടുകൂടി രോഗിക്ക് അടുത്തടുത്തു രണ്ടു മൂന്നു മുട്ടലുണ്ടാവുകയും, കണ്ണിലെ കൃഷ്ണമണികൾ രണ്ടു മൂന്നു പ്രാവശ്യം പട്ടംതിരിഞ്ഞു നിറുകയിൽ നില്ക്കുകയും, വേറൊരു മുട്ടലോടുകൂടി അദ്ദേഹത്തിന്റെ ശ്വാസവായു നാസാദ്വാരത്തിലൂടെ പോവുകയും ചെയ്തു.

ജമിന്ദാരുടെ ശവസംസ്കാരാദികർമ്മങ്ങളും, അടിയന്തരദിവസം ചെയ്യേണ്ടതായ കൃത്യങ്ങളും, സർവ്വാണി മുതലായ ധർമ്മച്ചിലവും വക്കീൽ കെ. രാമറാവു അവർകൾ യാതൊരു ലോഭവുംകൂടാതെ നടത്തി. അടിയന്തിരം കഴിഞ്ഞതിന്നുശേഷം ഒസ്യത്തു പുറത്താക്കേണ്ടതിലേക്കു ജമിന്ദാരുടെ മരണരജിസ്ട്രേറോടുകൂടി വക്കീലവർകൾ രജിസ്ട്രാർ അവർകളുടെ മുമ്പാകെ ഒരു ഹരജി ബോധിപ്പിച്ചു.

ആ സമയത്തു രജിസ്ട്രാപ്പീസ്സിൽ കൂടിയിട്ടുള്ള ജനങ്ങൾ ഇത്രയെന്നു പറയുവാൻ സാധിക്കുന്നതല്ല. "ഈ സ്വത്തു കിട്ടത്തക്കവണ്ണമുള്ള ഭാഗ്യവാൻ ആരായിരിക്കും?" എന്നറിവാനുള്ള ഉൽക്കണ്ഠയോടുകൂടി സകലജനങ്ങളും ഒസ്യത്തു വായിച്ചു കേൾക്കേണ്ടതിലേക്കു ശ്രദ്ധാലുക്കളായും നിശ്ശബ്ദരായും നില്ക്കുമ്പോഴാണു സബ്ബ്‌രജിസ്ട്രാർ ലക്കോട്ടു പൊട്ടിച്ചതു്. ഒസ്യത്തു വാചകം പകർപ്പു ബുക്കിൽ ചേർത്തതിന്നുശേഷം രജിസ്ട്രാർ പുറത്തു വന്നു നിന്നു.

ആ സമയത്തു് കാരണവന്മാരുടേയും ഉള്ളിൽ കിടന്നു പായുന്ന വിചാരങ്ങൾ എന്തായിരിക്കുമെന്നു് പറ

യേണ്ടതില്ലല്ലോ. മനസ്സേ, നീ വല്ലാത്തതാണ്. നീ ഒരു നിമിഷംകൊണ്ടു രാജപദവിയിലും സ്വൎഗ്ഗാദിലോകങ്ങളിലും സഞ്ചരിക്കുന്നു. ഉടനെ അധഃപതിക്കുകയും ചെയ്യുന്നു. നിന്റെ മോഹത്തിന്നതിരുണ്ടോ? നീ ഓരോന്നു വിചാരിച്ച് അലയുന്നതു കണ്ടാൽ ഈ ലോകം മുഴുവനും നീ കരസ്ഥമാക്കുമെന്നു തോന്നുന്നുവല്ലോ. കഷ്ടം! നീയെവിടെ? നിന്റെ മോഹമെവിടെ? ഇതൊന്നും വിചാരിക്കാതെ വെറുതെ ചാടി തുള്ളുന്നതെന്തിന്? തോണിയിൽ കിടന്നോടിയാൽ കരയ്ക്കടുക്കുമോ? എല്ലാം ദൈവേച്ഛപോലെ വരുമെന്നു സമാധാനിക്കുകയാണു നല്ലത്. 'കേഴവിൻ ചുവട്ടിൽ ശപാക്കാം' എന്നു പോലെ ഇപ്പോഠം എത്ര ജനങ്ങളാണ് ആശാപാശത്താൽ ബദ്ധരായി രജിസ്ത്രാപ്പീസ്സിൽ ചെവിയും കൂപ്പിച്ചു നില്ക്കുന്നതു!

സബ്ബ രജിസ്ത്രാർ എല്ലാവൎക്കും കേഠക്കത്തക്കവണ്ണം കസ്സ്യത്തു വായിച്ചു. അതുവരേയും നിശ്ശബ്ദമായിരുന്ന ആപ്പീസ്സു ശബ്ദായമാനമായിത്തീൎന്നു. ഓരോരുത്തർ ഓരോ തരം ജല്പിച്ചുതുടങ്ങി. ഉള്ളിലുള്ള അസഹ്യത പറഞ്ഞുകളയുക എന്നല്ലാതെ ഇതിന്നൊരൎത്ഥവും ഇല്ല. ആകപ്പാടെ ഒരു ബഹളം എന്നേ പറയേണ്ടു.

കസ്സ്യത്തിലെ സാരം:—മുമ്പു വിശാലപുരിയിലുണ്ടായ വെള്ളപ്പൊക്കത്തിൽപ്പെട്ട ജയചന്ദ്രസേനൻ ജമിന്ദാരെ ആരു വിചാരിച്ചിട്ടും രക്ഷിക്കുവാൻ സാധിക്കാതെ അദ്ദേഹം മുങ്ങി മരിക്കുമെന്നാദിക്കായപ്പോഠം ഒരു മഹാൻ തന്റെ പ്രാണനെയും കൂടി ഗണിക്കാതെ വെള്ള

ത്തിൽച്ചാടി അദ്ദേഹത്തെ രക്ഷപ്പെടുത്തിയെന്നും, ആ രക്ഷിതാവു ലക്ഷ്മീപുരത്തു പൂവ്വള്ളിക്കൽ കുമാരൻ നായരുടെ അനന്തിരവൻ കരുണാകരൻ നായരാണെന്നും, തന്റെ പ്രാണദാതാവായ അദ്ദേഹത്തിന് എന്തു കൊടുത്താലാണു തന്റെ മനസ്സു തൃപ്തിപ്പെട്ടു കൃതാൎത്ഥതയെ പ്രാപിക്കുക എന്നു വിചാരിച്ചിരിക്കെ ജമീന്ദാർ പെട്ടെന്നു ദീനത്തിൽ പെടുകയും, ആ ദീനം വൈഷമിക്കുമെന്നു തനിക്കു തന്നെ ബോദ്ധ്യം വരികയാലും തനിക്കടുത്ത അവകാശികളായിട്ടു് ആരും തന്നെ ഇല്ലാത്തതിനാലും, തന്റെ പ്രാണദാതാവിനെ ജീവനേക്കാൾ അധികം പ്രതിപത്തി തോന്നുകയാലും, തന്റെ സ്ഥാവരജംഗമങ്ങളായ സകലസ്വത്തുക്കളും ആ കരുണാകരൻ നായൎക്കു് ഒസ്യത്തു് എഴുതി വെച്ചതാണ് എന്നും അതോടുകൂടി കരുണാകരൻ നായരുടെ ഒരു ചെറുഫോട്ടോ (ച്ഛായാപടം) വും അടക്കം ചെയ്തിരിക്കുന്നു എന്നും മറ്റും ആയിരുന്നു.

ഈ സാരം ഗ്രഹിച്ചപ്പോഴാണു ജനങ്ങളുടെ ഇടയിൽ മുൻപറഞ്ഞ ബഹളമുണ്ടായതു്. ഓരോരുത്തരും അവരവരുടെ സരസ്വതീപ്രസാദംപോലെ ഓരോന്നു പറഞ്ഞുംകൊണ്ടു് എല്ലാവരും പിരിഞ്ഞു. വക്കീൽ ആളെ കണ്ടുപിടിക്കേണ്ടതിനു സബ്രജിസ്ത്രാരോടു ഫോട്ടോ ആവശ്യപ്പെടുകയും, രജിസ്ത്രാർ ഫോട്ടോവിൻമേൽ രജിസ്ത്രു് മുദ്രവെച്ചു വക്കീലിനോടു രശീതി വാങ്ങി ഫോട്ടോ കൊടുക്കുകയും ചെയ്തു.

കരുണാകരൻനായരുടെ വിവരത്തിനു വക്കീല

ദ്ദേഹം ലക്ഷ്മീപുരത്തേക്ക് എഴുത്തുകുത്തുകൾ നടത്തിയതിൽ പൂവള്ളിക്കൽ എന്നൊരു തറവാടുണ്ടായിരുന്നു എന്നും, ആ തറവാട് ഇപ്പോൾ കടത്തിന്നു വിററുപോയിരിക്കുന്നു എന്നും, ആ തറവാട്ടിൽ കരുണാകരൻനായരല്ലാതെ ആരുംതന്നെ ഇല്ലെന്നും, അദ്ദേഹവും ഇപ്പോൾ നാടുവിട്ടു പോയിട്ടു കുറെ കാലമായിരിക്കുന്നു എന്നും, അദ്ദേഹം ഏതു ദിക്കിലാണെന്ന് ആൎക്കും നിശ്ചയമില്ല എന്നും മററും അറിഞ്ഞു. അതിനുശേഷം ഇന്ത്യയിലെ പ്രസിദ്ധപത്രങ്ങളിലും, ഇംഗ്ലണ്ട്, ജൎമ്മനി, അമേരിക്ക, ഫ്രാൻസ്, റഷ്യ മുതലായ അന്യരാജ്യങ്ങളിലുള്ള പത്രങ്ങളിലും ഈ പരസ്യത്തുവിവരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

---

## അഞ്ചാമദ്ധ്യായം.

---

'തേടിയ വള്ളി കാലിൽ തടഞ്ഞു.'

കരുണാകരൻനായർ പട്ടാളം വിട്ടിട്ട് ഏകദേശം മൂന്നുകൊല്ലത്തോളമായി. ഇതിനിടക്ക് ആ സൈന്യത്തിൽ പറയത്തക്ക വിശേഷസംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല. ഒരുദിവസം രാത്രി പത്തുമണി കഴിഞ്ഞതിന്നുശേഷം ധൎമ്മലിംഗം പിള്ളയും മുനിസ്സാമി നായഡുവും വേണുഗോപാലൻ ചെട്ടിയാരും പാളയത്തിൽ മദ്യപാനംചെയ്തു മത്തന്മാരായി ഓരോന്നു പറഞ്ഞുംകൊണ്ടിരിക്കെ, ആ പട്ടാളത്തിലെ വേറെ ഒരു ഉദ്യോഗസ്ഥൻ ഒരു "പേപ്പ"റുംകൊണ്ട് അതിലെ പോകുന്നതുകണ്ടു. വേണുഗോപാലൻ ചെട്ടിയാർ "എന്താണ്ടോ അഴ്" എന്ന് ആ ഉദ്യോഗസ്ഥനോടു ചോദിച്ചു. ഇതു "ഡെയിലി

പത്രി"മാരെന്നു് അയാൾ മറുവടി പറഞ്ഞു. "ഇങ്ങു കൊണ്ടുവഴ്, ഞാനൊന്നു നോക്കട്ടെ. അല്ലെങ്കി വേണ്ടാ. നിങ്ങതന്നെ വാഴിക്കിൻ. വിശേഴവിധി വാഴിച്ചാൽ മതി." എന്നു പറഞ്ഞപ്പോൾ ആ ഉദ്യോഗസ്ഥൻ താഴെ പറയുംപ്രകാരം ഒരു പരസ്യം വായിച്ചു:—

## ഒസ്യത്തു പരസ്യം.

ജയചന്ദ്രസേനൻ ജമീൻദാർ ഇമ്മാസം പത്താംതിയ്യതി പരലോകം പ്രാപിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ മരണദിവസം രജിസ്റ്റ് ചെയ്യപ്പെട്ട ലക്കോട്ട് ഇമ്മാസം 30-ാംനു- പൊട്ടിച്ചുനോക്കിയതിൽ അദ്ദേഹത്തിൻെറ സ്ഥാവരജംഗമങ്ങളായ എല്ലാ സ്വത്തുക്കളും "ലക്ഷ്മീപുരത്തു പൂവള്ളിക്കൽ" വീട്ടിൽ കുമാരൻനായരുടെ അനന്തിരവനും ജമീൻദാരുടെ പ്രാണദാതാവുമായ കരുണാകരൻനായൎക്കു ജമീൻദാരദ്ദേഹം ഒസ്യത്തു് എഴുതിവച്ചിരിക്കുന്നതായി കണ്ടിരിക്കുന്നു. കരുണാകരൻനായരുടെ വിവരത്തിനു് എഴുത്തുകുത്തുകൾ നടത്തിയതിൽ യാതൊരറിവും കിട്ടാത്തതിനാൽ ഇതു പ്രസിദ്ധം ചെയ്യുന്നതാണ്. അതുകൊണ്ടു് അദ്ദേഹത്തെപ്പററി വിവരമുള്ളവർ താഴെ കാണുന്ന മേൽവിലാസക്കാരന് അറിവുതന്നാൽ കൊള്ളാമെന്നു താല്പൎയ്യപ്പെടുന്നു. എന്നു വക്കീൽ കെ. രാമറാവു. മേൽവിലാസം:—

കെ. രാമറാവു അവർകൾ ബി. എ., ബി. എൽ.

ഹൈക്കോർട്ടു വക്കീൽ

വിജയനഗരം.

ഈ പരസ്യം കേട്ടുകൂടുമ്പോൾ അവിടെ ഉണ്ടായ കോലാഹലം ഇന്നപ്രകാരമാണെന്ന് എഴുതി അറിയിപ്പാൻ സാധിക്കുന്നതല്ല. ധർമ്മലിംഗംപിള്ള "ഹാക്ഷ്. എ. എ. എന്താണ് ആ കഴുണാംകഴണോ കോഡീഷപഴണോ" എന്നു ചോദിച്ചു. ചെട്ടിയാർ ഒന്നും മിണ്ടാതെ കിടന്ന കിടപ്പിൽത്തന്നെ സ്തംഭിച്ചുപോയി. നായഡു "ഞേബ്ബേട. അവണ്ടെ ബാഗ്യ്രോം കണ്ടില്ലെ" എന്നു പറഞ്ഞുംകൊണ്ടു മാറത്തു കൈവെച്ചു.

ധർമ്മലിംഗംപിള്ളക്ക് ഇരിപ്പ് ഉറയ്ക്കാതായി. സ്വതേതന്നെ അസൂയാലുക്കളായിരിക്കുക; അതിലുംവെച്ചു തന്റെ വിരോധിക്കു "കുബേരപദവി" ലഭിച്ചു എന്നറിയുക; മത്സ്യലഹരി തലയിൽ കയറിയിരിക്കുക; ഈ ഘട്ടത്തിൽ ഏതൊരുവനും തലചുററി പോകാതിരിക്കുമോ? അയാൾ ഇരിപ്പിടത്തിൽനിന്ന് എഴുന്നേല്പാൻ ഭാവിച്ചു. കാലുറയ്ക്കുന്നില്ല. "എന്താ; പൂമി കിഡന്നാഡുന്നതു്?" എന്നു പറഞ്ഞുംകൊണ്ട് ഒരുവിധം എണീററുനിന്നു. തലതിരിയുകയും കാലുകൾ ഇടറുകയും ചെയ്കയാൽ അയാൾ ഇടത്തോട്ടും വലത്തോട്ടും ചാഞ്ഞ് ഒടുക്കമാനം ഒരു വട്ടപ്പാലം ചുററി വെട്ടിമുറിച്ച മരംപോലെ മുനിസ്വാമി നായഡുവിന്റെ മേൽ ചെന്നുവീണു. നായഡുവും "ഭൂമിക്കാധാരം ഞാനോ; എനിക്കാധാരം ഭൂമിയോ" എന്നു വിചാരിച്ചിരിക്കുമ്പോഴാണു പിള്ള അയാളുടെ മേൽ പതിച്ചതു്. അവർ രണ്ടുപേരുംകൂടി ചടപട എന്നു ചെട്ടിയാർ കിടന്നിരുന്ന കസേലമേൽ ചെന്നുവീണു. ചെട്ടിയാരും ആ പതനാഘാതത്തിൽ ഒരഭിനയം നടിക്കു

കയും ചെയ്തു. ഇതു കണ്ടു് ആഗതനായ ഉദ്യോഗസ്ഥൻ അമ്പരന്നു നിന്നുപോയി.

ചെട്ടിയാക്കു് ഒരുമാതിരി വേദന പററി. അയാൾ ഉടനെ എണീററ പിള്ളക്കു് ഒരു തള്ളും, നായഡുവിന്നു് ഒരു ഇടിയും കൊടുത്തു. അവരുടെ വീഴ്ചയിൽത്തന്നെ പററീട്ടുള്ള വേദനക്കു പുറമെ ചെട്ടിയാരുടെ സമ്മാനവും കൂടി ചേൎന്നപ്പോൾ കത്തുന്ന തീയിൽ നെയ്യ് വീഴ്ത്തിയതു പോലെ അവൎക്കു ക്രോധം വൎദ്ധിച്ചു. അവർ രണ്ടുപേരും ചെട്ടിയാരോടെതിൎത്തു. ചെട്ടിയാർ "എന്നാലൊരു കയ്യു നോക്കാം" എന്നു പറഞ്ഞു് അവരോടും നേരിട്ടു.

മനുഷ്യരെ ചീത്തയാക്കുവാൻ മദ്യത്തെപ്പോലെ വേറെ എന്തെങ്കിലും ഒരു വസ്തു ഉണ്ടോ? അതിന്റെ ലഹരി തലയിൽ കയറിയാൽ പിന്നെ ബോധമുണ്ടാവില്ലെന്നുള്ളതു പ്രസിദ്ധമല്ലേ? സ്നേഹത്തോടുകൂടി പെരുമാറുന്നവരും ഈ ഘട്ടത്തിൽ അടിപിടി കൂടുകയും മററും ചെയ്യുന്നതു് ഒരത്ഭുതമല്ല. ഇതു സുരാദേവിയുടെ മാഹാത്മ്യമെന്നേ പറവാൻ പാടുള്ളു. കള്ളുകടയിലേക്കു കയറിപ്പോകുമ്പോൾ കൈ കോൎത്തുപിടിച്ചും നേരംപോക്കു പറഞ്ഞും രസിച്ചുംകൊണ്ടിരിക്കുന്നവർ തിരികെ വരുമ്പോൾ തമ്മിൽ പലേ പുലഭ്യങ്ങൾ പറഞ്ഞും അടിപിടി കൂടിയും മററും വേലി മുതലായവ തള്ളിനീക്കിയും വരുന്നതു നമ്മൾ കാണാറുണ്ടല്ലോ. വഴിയിൽ കണ്ടുമുട്ടുന്നവൎക്കു് ഇതിലെന്തെങ്കിലും ഒരു സംഭാവന ചെയ്യാതിരിപ്പാൻ അവൎക്കു നിവൃത്തിയില്ല. ഒരുപക്ഷേ തങ്ങളുടെ എജമാനന്മാരെത്തന്നെ കണ്ടാലും യാതൊരു കുലുക്കവും ഉണ്ടാവുന്നതല്ല.

ധൎമ്മലിംഗംപിള്ള മുതൽ പേർ തമ്മിൽ പ്രഹരിക്കുകയും കുത്തുകയും കെട്ടിപ്പിണഞ്ഞു മറിയുകയുമായി ഒരു നാഴികനേരം കഴിച്ചുകൂട്ടി. ഈ ലഹള കേട്ടു മേലധികാരി അവിടേക്കു ഓടിവന്നു. അപ്പോഴും ഇവരുടെ ലഹള നിലച്ചിട്ടില്ലായിരുന്നു. മറേറ ഉദ്യോഗസ്ഥനും കണ്ടുനില്ക്കുകയായിരുന്നു. മേലധികാരിയെ കണ്ടിട്ടും അവൎക്കു യാതൊരു കുലുക്കവും ഉണ്ടായില്ല. ഉടനെ മേലധികാരി ഒരു വിസിൽ ഊതി. അതു കേട്ടു എട്ടുപത്തു പട്ടാളശിപായികൾ വന്നു. അവർ ഇവരെ പിടിച്ചു നീക്കി നിറുത്തി. ഹാ — എന്തൊരു വേഷം — അവരുടെ മേലെല്ലാം മുറിവേററു രക്തം ഒലിക്കുന്നുണ്ടു. മേലധികാരി അവരോടു ചിലതു ചോദിച്ചതിനു വാലും തുമ്പുമില്ലാത്ത മറുപടിയാണു ഉണ്ടായതു. അദ്ദേഹം മറേറ ഉദ്യോഗസ്ഥനോടു ചോദിച്ചു വൎത്തമാനമറിഞ്ഞതിനുശേഷം ഇവരെ ബന്തോവസ്തു ചെയ്വാൻ കല്പനകൊടുത്തു അവിടെനിന്നു പോയി. പോകുംവഴിക്കു അദ്ദേഹം ഇങ്ങിനെ ഓരോന്നു വിചാരിച്ചുതുടങ്ങി: —

"ഇതെന്തൊരു കഥയാണു! ഇവർ ഒരു മാതിരി നല്ല ഉദ്യോഗത്തിലിരിക്കുന്നവരാണല്ലോ. കള്ളു കുടിച്ചു ബോധമില്ലാതെ ഇന്നു പ്രവൃത്തിച്ചതിനു നിയമപ്രകാരം ഇവരെ വെടിവെച്ചു കൊല്ലേണ്ടതാണെന്നു സംശയമില്ല. എന്നെ കണ്ടിട്ടുംകൂടി അവൎക്കു യാതൊരു കുലുക്കവും ഉണ്ടായില്ലല്ലോ. ഇതു മേല്പടിയിലേക്കു എഴുതാതിരിപ്പാനും തരമില്ല. എഴുതിയാലോ; ഇവരുടെ കാൎയ്യം തീൎച്ചതന്നെ. ഇതിനുമുമ്പു ഇങ്ങിനെ ഇവർ ചെയ്തു കണ്ടി

ട്ടും ഇല്ല. ഇവരിൽ എനിക്ക് അതിയായ അനുകമ്പയുമുണ്ട്. ഞാനെന്തു ചെയ്യേണ്ടു? ഏതായാലും എഴുതുകതന്നെ. അതിലെന്തെങ്കിലും അഭിപ്രായപ്പെട്ടു നോക്കാം" അദ്ദേഹം ഇങ്ങിനെ ഓരോന്നു വിചാരിച്ച പിറ്റെ ദിവസം മേലധികാരത്തിലേക്ക് എഴുതി അയക്കുകയും ചെയ്തു.

* * * * * * *

ധർമ്മലിംഗംപിള്ള മുതൽപേർ പട്ടാളത്തിൽനിന്നു ബഹിഷ്കരിക്കപ്പെട്ടിട്ട് ഇപ്പോൾ ഒരു മാസത്തോളമായിക്കാണും. ഇവർ മുമ്പുതന്നെ "ചീട്ടും കുടിയും" ഇല്ലാത്തവരാണെങ്കിലും ഇപ്പോഴത്തെ കുടികൊണ്ട് അതേവരെ സമ്പാദിച്ചിട്ടുള്ളതും പൊടിപൂരമായി. "ഭ്രഷ്ടസ്യ കാന്യാഗതിഃ" എന്ന മട്ടിൽ അവർ എന്തിനും സന്നദ്ധന്മാരായിത്തീൎന്നു. ഇവർ ഒററക്കായും, കൂട്ടായും, പലേ കടുംകൈകളും പ്രവൎത്തിച്ച ജീവിച്ചു തുടങ്ങി. ഒരു ദിവസം ഇവർ മൂന്നുപേരുംകൂടി ഒരു കാട്ടിൽ ഇരിക്കുമ്പോൾ ഒരു സംഭാഷണമുണ്ടായി. ധർമ്മലിംഗംപിള്ള പറഞ്ഞു:—"കഷ്ടം! നമ്മുടെ തലയിലെഴുത്ത് ഇങ്ങിനെയായല്ലോ. അന്നു നാം എന്താണു പ്രവൎത്തിച്ചത്? അതുകൊണ്ടല്ലേ ഇപ്പോൾ ഇങ്ങിനെ കിടന്ന് അലയാറായത്? വളരെ സ്നേഹിച്ചിരുന്ന മേലധികാരിയും നമ്മെ സഹായിച്ചില്ലല്ലോ."

വേണുഗോപാലൻ ചെട്ടിയാർ—മേലധികാരിയുടെ ഒരു ദയവുകൊണ്ടാണു മരണശിക്ഷ കിട്ടാഞ്ഞത്. അല്ലെങ്കിൽ അന്നത്തെ സംഭവത്തിന്നു നമ്മെ വെടിവെച്ചു കൊല്ലേണ്ടതായിരുന്നു.

ധമ്മലിംഗം—നമ്മൾ പാപ്പർമാരും നായർ വലിയ ജമിന്ദാരുമായി. അമ്പട! അവൻെറ ഭാഗ്യം.

മുനസ്സാമിനായഡു—അയാൾ "പേപ്പ"റിലല്ലേ ജമിന്ദാരായിട്ടുള്ളു?

വേണുഗോപാലൻ—അതു ശരിയാണ്. ആളെ കണ്ടുകിട്ടുക കഴിഞ്ഞിട്ടില്ലെന്നുള്ളതു തീർച്ചതന്നെ. അതുകൊണ്ടാണല്ലോ ഇങ്ങിനെ പരസ്യപ്പെടുത്തിയതു്.

ധമ്മലിംഗം—(കാവ്യംഭാവിച്ച്) അയ്യ! ഇപ്പോൾ അയാളെ കണ്ടുകിട്ടിയാൽ—

മുനസ്സാമിനായഡു—എന്താ! വിവരം അയാളെ അറിയിച്ചു നല്ല സമ്മാനം വാങ്ങിച്ചുകളയാമെന്നോ?

വേണുഗോപാലൻ—അതോ സേവയുംകൂടി അയാളുടെ കാര്യസ്ഥനായിക്കളയാമെന്നോ?

ധമ്മലിംഗം—എനിക്ക് അയാളുടെ സമ്മാനവും വേണ്ട, കാര്യസ്ഥതയും വേണ്ട. അയാൾ ജമിന്ദാരായി കാണുകയോ? വയ്യ. വയ്യ. ഒരിക്കലും വയ്യ. എൻെറ കണ്ണിന്നുനേരെ കണ്ടെത്തിയാൽ—

മുനസ്സാമിനായഡു—എന്തു ചെയ്യും?

ധമ്മലിംഗം—ഇതുകൊണ്ട് അവൻെറ കഥ—

എന്നുപറഞ്ഞു് അരയിൽനിന്നു് ഒരു കഠാരി എടുത്തു പിടിച്ചു. അതു കണ്ടു ബാക്കി രണ്ടുപേരും ഒന്നു ചിരിച്ചു.

വിജയനഗരം പട്ടണത്തിൽനിന്നു പത്തുമയിൽ പടിഞ്ഞാറായി ശോഭിച്ചുകിടക്കുന്ന ഒരു മലയുടെ മദ്ധ്യത്തിൽകൂടി വീരപുരിയിലേക്കു പോകുന്ന ഒരു റോഡുണ്ടു്

ആ റോഡ് എല്ലാത്തരം വണ്ടികൾക്കും ഗതാഗതം ചെയ്യാൻ സൌകൎയ്യപ്പെട്ടതായിരുന്നു. മലയുടെ കിഴക്ക് അടിവാരം മുതൽ പടിഞ്ഞാറെ അടിവാരംവരെ സുമാർ ഏട്ടുമയിൽ ദൂരം കാണും. പകൽസമയങ്ങളിലുംകൂടി ജനങ്ങളോ വണ്ടികളോ കൂട്ടമായിട്ടല്ലാതെ ഒററയ്ക്കു പോവുക പതിവില്ല. വനമൃഗങ്ങളുടേയും കള്ളന്മാരുടേയും ബാധ നല്ലവണ്ണമുള്ളതിനാൽ രാത്രിഗമനം തീരെ ഇല്ലെന്നുതന്നെ പറയാം. ആ വനമദ്ധ്യത്തിലാണു മുൻപറഞ്ഞ മൂന്നുപേരും സംസാരിച്ചുംകൊണ്ടിരുന്നിരുന്നതു്.

പകൽ ഏകദേശം മണി അഞ്ചായി. ആ സമയത്തു പടിഞ്ഞാറുനിന്നു മുണ്ഡിതശിരസ്സനും കാഷായവസ്ത്രധാരിയുമായ ഒരു സന്ന്യാസി വന്നിരുന്നു. അയാൾ ആറടി ഉയരമുള്ള ഒരു ഒത്ത പുരുഷനാണു്. അയാളുടെ വിശാലമായ നെററിത്തടവും വീരരസംകവിഞ്ഞൊഴുകുന്ന നയനങ്ങളും ആയതങ്ങളായ ഭുജങ്ങളും വിസ്താരമേറിയ മാറിടവും അയാൾ തൽക്കാലം സാത്വികഗുണാവലംബിയായിരുന്നു എങ്കിലും രാജസഗുണത്തെയാണ് അധികം പ്രകാശിപ്പിച്ചിരുന്നതു്. അയാളുടെ കയ്യിൽ ഒരു യോഗദണ്ഡും ഒരു പിച്ചളക്കമണ്ഡലുവുമല്ലാതെ വേറെ യാതൊന്നും ഉണ്ടായിരുന്നില്ല. ധൎമ്മലിംഗംപിള്ള മുതൽപേർ അയാളെ കണ്ടു് "ഇതാ ഒരു സന്ന്യാസിയുടെ പുറപ്പാടു്. ഇവന്റെ കയ്യിൽ എന്തുണ്ടായിരിക്കും? ഗോപിക്കുട്ടയോ ഭസ്മസഞ്ചിയോ അല്ലാതൊന്നുമുണ്ടെന്നു തോന്നുന്നില്ല" എന്നു് അഭിപ്രായപ്പെട്ടിരിക്കെ, ഒരു ചെട്ടിയാർ സൂക്ഷിച്ചു നോക്കീട്ടു് "അല്ലടോ ഒരു പി

ളമോന്തയുണ്ടു്” എന്നു പറഞ്ഞപ്പോൾ, “അതെങ്കിൽ അല്ലു്; വെറുതെ വിടാൻ പാടില്ല” എന്നു നായഡുവും പിന്താങ്ങി.

ഇവർ ഇങ്ങിനെ പറഞ്ഞുംകൊണ്ടു് സന്ന്യാസിയുടെ അടുത്തു ചെന്നു സൂക്ഷിച്ചുനോക്കി. സന്ന്യാസിയും അവരെ നോക്കി ആശ്ചര്യപ്പെട്ടു നില്ക്കുമ്പോൾ ധർമ്മലിംഗംപിള്ള സന്ന്യാസിയോടു് “നിങ്ങളെ എവിടെവെച്ചോ കണ്ടുപരിചയമുള്ളതുപോലെ തോന്നുന്നുവല്ലോ” എന്നുപറഞ്ഞു.

സന്ന്യാസി — ഉണ്ടായിരിക്കും. എന്നെ തൽക്കാലം നിങ്ങൾ അറിഞ്ഞില്ലെങ്കിലും ഞാൻ നിങ്ങളെ അറിയും.

സന്ന്യാസിയുടെ ഒച്ച കേട്ടപ്പോൾ അവരുടെ സംശയം തീൎന്നു.

ധർമ്മലിംഗംപിള്ള — അല്ലാ, നമ്മുടെ കരുണാകരൻ നായരല്ലേ ഇതു്? എന്നു മുതല്ക്കാണു് ഈ വേഷം കെട്ടി തുടങ്ങിയതു്?

കരുണാകരൻനായർ — കുറേക്കാലമായിട്ടു് ഇങ്ങിനെയാണു്.

നായഡു — നിങ്ങളെ കാണാതെ കണ്ടു് എത്രകാലമായി? ഈ ഒരു സന്ദർഭം ദൈവകല്പിതംതന്നെ.

ധർമ്മലിംഗം — നിങ്ങളെ ഒരു കണ്ണു കണ്ടാൽക്കൊള്ളാമെന്നു തോന്നിത്തുടങ്ങീട്ടു കുറച്ചു ദിവസമായി. പല ദിക്കിലും അന്വേഷിച്ചു. ദൈവഗത്യാ ഇന്നു കണ്ടുകിട്ടിയതു ഭാഗ്യംതന്നെ.

കരുണാകരൻനായർ — നിങ്ങൾ മൂന്നുപേരും സഞ്ചാരിക

ളായി പുറപ്പെടുവാനുള്ള കാരണമെന്തായിരിക്കും? ഇപ്പോൾ ഉദ്യോഗമില്ലെന്നുണ്ടോ?

ധർമ്മലിംഗം—ആ കഥയൊന്നും പറയേണ്ട. നിങ്ങൾ ആ നൊസ്സുപിടിച്ച മേലധികാരിയുടെ കീഴിലിരിക്കാൻ കഴിയില്ലെന്നുവെച്ചല്ലേ പണി രാജിവെച്ചു പോന്നതു്? സാമാന്യക്കാരാരും അയാളുടെ കീഴിൽ പണി എടുക്കുമോ? ഞങ്ങളും അധികം താമസിയാതെ പണി വലിച്ചെറിഞ്ഞു പോന്നു. അന്നു മുതൽക്കു ദേശസഞ്ചാരമാണ്.

കരുണാകരൻനായർ—ഇതു വിചാരിക്കാത്ത ഒരു സംഭവമാണ്.

ചെട്ടിയാർ—നിങ്ങൾ ഇപ്പോൾ എങ്ങോട്ടുദ്ദേശിച്ചാണു പുറപ്പെട്ടിരിക്കുന്നതു്?

കരുണാകരൻനായർ—എന്റെ യാത്രയിൽ അങ്ങിനെ ഒരു ഉദ്ദേശം കല്പിക്കുക പതിവില്ല. ചെന്നേടത്തു ചെന്നു എന്നേ ഉള്ളു. നിങ്ങളെങ്ങോട്ടാണു പുറപ്പെട്ടിരിക്കുന്നതു്?

ധർമ്മലിംഗം—വിജയനഗരത്തിൽ വന്നിട്ടു കുറച്ചു ദിവസമായി. വീരപുരിയിലേക്കു പോകണമെന്നു വിചാരിച്ചിട്ടാണ് ഈ വഴിക്കു തിരിച്ചതു്. ഇന്നു പുറപ്പെടുവാൻ തോന്നിയതു ഞങ്ങളുടെ ഭാഗ്യംതന്നെ.

കരുണാകരൻനായർ—നേരം സന്ധ്യയാവാറായല്ലോ. വീരപുരിയിലേക്ക് ഇനിയും നാലു മയിലുണ്ടെന്നു തോന്നുന്നു.

ധർമ്മലിംഗം—നാലല്ല; പത്തായിക്കോട്ടെ. എന്നാലെ

ന്താ! നിങ്ങളെ കണ്ടുകിട്ടിയില്ലേ? ഇനി നിങ്ങളെ വെറുതെ വിടുമോ? നിങ്ങളും ഞങ്ങളൊന്നിച്ച്—എന്നാൽ വളരെ രസമുണ്ട്.

കരുണാകരൻനായർ—എനിക്ക യാതൊരു വിരോധവുമില്ല. എനിക്കങ്ങിനെ ഒരു സിദ്ധാന്തവുമില്ല. നിങ്ങളുടെ ഇഷ്ടത്തിനുവേണ്ടി അങ്ങിനെയും ചെയ്യാം.

ഇവരിങ്ങിനെ ഓരോന്ന സംസാരിച്ചുംകൊണ്ട് വീരപുരിയിലേക്ക തിരിച്ചു. ഇനി നടക്കുവാൻ പോകുന്ന സംഭവത്തിന്ന താൻ സാക്ഷീഭൂതനാവാൻ കഴിയില്ലെന്ന വിചാരിച്ച് ആദിത്യഭഗവാനും ചരമാബ്ധിക്കുള്ളിൽ മറഞ്ഞു. ദിക്കാസകലം അന്ധകാരമയമായി ഭവിച്ചു. മുമ്പിൽ കരുണാകരൻനായരും പിന്നാലെ തൊട്ടുതൊടാതെയായി ധൎമ്മലിംഗംപിള്ള മുതൽപേരും നടന്നുതുടങ്ങി. കഷ്ടം! സാധുവായ കരുണാകരൻനായർ ഈ ദുഷ്ടന്മാരുടെ മനസ്സെന്തെന്നറിഞ്ഞിട്ടുണ്ടോ! 'വെളുത്തതെല്ലാം പാൽ' എന്നതല്ലാതെ അന്യഥാ വിചാരിച്ചിട്ടുള്ളവനല്ല. അദ്ദേഹം നിശ്ചിന്തനായും സന്തുഷ്ടചിത്തനായും ഇതാ ഘാതുകന്മാരുടെ മുമ്പിൽ നടക്കുന്നു. ധൎമ്മലിംഗം പിള്ള അരയിൽനിന്ന് ഒരു കഠാരി എടുത്ത് നായരുടെ മുതുകിന്ന നേരെ ഊക്കോടെ ആഞ്ഞ് ഒരു കുത്തുകുത്തി. "നാരായണ—" എന്ന് ഉറക്കെ ഒരു ശബ്ദത്തോടുകൂടി നായർ നിലത്തു പതിച്ചു. അവർ നായരെ തൊട്ടുനോക്കി അനക്കമില്ലെന്നു കണ്ട്, "നിന്റെ ജമീന്താർ ഭാഗ്യം എന്റെ കഠാരി മുനയിൽ അവസാനിച്ചു," എന്നു ധൎമ്മലിംഗം പിള്ള പറ

ഞ്ഞു. അയാൾ ആ കഠാരി വലിച്ചെടുത്തു. അപ്പോഴെക്കും ഒരു മോട്ടോർവണ്ടി വരുന്ന ശബ്ദം കേട്ടു്, അവർ പരിഭ്രമിച്ചു് അവിടംവിട്ടു ഓടിപ്പോയി.

നാം ദൈവമെന്നൊരാൾ ഉണ്ടെന്നു് ഓൎക്കുന്നുണ്ടോ? അദ്ദേഹത്തിന്റെ അപാരമഹിമയെ നാം അറിയുന്നുണ്ടോ? സകലത്തിനും സാക്ഷിഭൂതനായ അദ്ദേഹത്തിന്റെ ആശയം അറിഞ്ഞിട്ടുള്ളവർ ആരുംതന്നെയില്ല. 'അന്യഥാചിന്തിതം കാൎയ്യം ദൈവമന്യത്ര ചിന്തയേൽ'. നാം ഒന്നു വിചാരിച്ചു പ്രവൎത്തിക്കുമ്പോൾ ദൈവം അതിന്നു വിപരീതമായ ഫലത്തെ കൊടുക്കുകയും, അതുപോലെ അവിചാരിതങ്ങളായ ചിലതുകൾ സംഭവിക്കുകയും ചെയ്യുന്നു.

ഘാതുകന്മാർ ഓടിപ്പോയ ഉടനെ മുൻപ്രസ്താവിച്ച വണ്ടി അതിവേഗത്തോടെ, കുത്തേറ്റു കിടക്കുന്ന ആളുടെ സമീപത്തെത്തി. ഡ്രൈവർ പെട്ടെന്നു വണ്ടി നിറുത്തിയതു കണ്ടു്, വണ്ടിയിൽ ഇരുന്നിരുന്ന ആൾ വല്ലാതെ ഒന്നു പരിഭ്രമിച്ചു. കാരണം ചോദിച്ചപ്പോൾ, ഡ്രൈവർ ആ വഴിയെ ചൂണ്ടിക്കാണിച്ചു. വണ്ടിയിലിരുന്നിരുന്ന ആൾ വിളക്കിന്റെ പ്രകാശംകൊണ്ടു കാൎയ്യം മനസ്സിലായപ്പോൾ പെട്ടെന്നു വണ്ടിയിൽ നിന്നിറങ്ങി. വഴിയിൽ കിടക്കുന്ന ആളുടെ അടുത്തു ചെന്നു് സൂക്ഷിച്ചു നോക്കി. 'ഏല്ലാ, ഇദ്ദേഹം ഒരു സന്യാസിയാണല്ലോ! കുത്തേറ്റിട്ടാണല്ലോ കിടക്കുന്നതു്! കുത്തു കൊണ്ടിട്ടു് അധികം നേരം ആയിട്ടും ഇല്ല. രക്തപ്രവാഹം ഇനിയും നിലച്ചിട്ടില്ല. കഷ്ടം! ഈ കടുംകൈയ്യ് ആർ പ്രവൎത്തി

ച്ചു.” ഇങ്ങിനെ വിചാരിച്ച് അദ്ദേഹം കുറച്ചുനേരം പരിഭ്രമിച്ചു നിന്നുപോയി.

സ്നേഹിതരേ, ഈ സന്ദർഭത്തിൽ വന്നിരുന്ന ആൾ ആരായിരിക്കുമെന്നുള്ള ജിജ്ഞാസ നിങ്ങൾക്കുണ്ടായിരിക്കുമല്ലോ. അദ്ദേഹം ജയചന്ദ്രസേനൻജമിന്ദാരുടെ മുഖ്യകാര്യസ്ഥനായ വക്കീൽ കെ. രാമറാവു ആയിരുന്നു. അദ്ദേഹം വീരപുരിയിൽനിന്ന് ഒരു കേസ്സുകഴിഞ്ഞു മടങ്ങി വരികയായിരുന്നു. അദ്ദേഹം ഈ ആതുരനെക്കണ്ടു വളരെ സന്താപപ്പെട്ടു. “ഇപ്പോൾ മരിച്ചിട്ടില്ല. കഷ്ടം കാലും അനക്കുന്നുണ്ട്. ഏതായാലും ഇങ്ങിനെ ഇട്ടേച്ചു പോകുവാൻ പാടില്ല. അങ്ങിനെ ചെയ്യുന്നതു മനുഷ്യധർമ്മവുമല്ല. അതിലുംവെച്ച് ഇദ്ദേഹം ഒരു സന്യാസിയുമായിരിക്കെ—സംശയിപ്പാനില്ല.” അദ്ദേഹം ഇങ്ങിനെ തീരുമാനപ്പെടുത്തി, സന്യാസിയുടെ മേൽ പുരണ്ടിട്ടുള്ള രക്തമെല്ലാം തുടച്ചു വെടുപ്പു വരുത്തി, മുറി തുണി വെച്ചു കെട്ടി, അയാളെ വണ്ടിക്കുള്ളിൽ കിടത്തി. അസ്തമയമായതിനാൽ അതിവേഗത്തിൽ വണ്ടി ഓടിച്ചു പോവുകയും ചെയ്തു.

വക്കീൽ തന്റെ ഗൃഹത്തിലെത്തിയ ഉടനെ ഡോക്ടർ കെ. വെങ്കിട്ടറാവുവിനെ കൂട്ടിക്കൊണ്ടു വരുന്നതിന്നു തന്റെ കാറയച്ചുകൊടുത്തു. സന്യാസിയെ ഒരു മുറിയ്ക്കകത്തു കിടത്തി. പത്തു മിനിട്ടിന്നകത്തു ഡോക്ടരും വന്നു. ഡോക്ടർ മുറി പരിശോധിച്ചു കഴുകി വെടുപ്പുവരുത്തി മരുന്നുവെച്ചു കെട്ടുകയും, ബോധമുണ്ടാകുവാനുള്ള ചില ഔഷധങ്ങൾ കൊടുക്കുകയും, കുറച്ചു പഞ്ഞിയിൽ

ഒരു മരുന്നെടുത്തു ഘ്രാണിപ്പിക്കുകയും ചെയ്തു. വക്കീൽ ഡോക്കടരോടു്, "മുറി എത്രത്തോളം അപായകരമാണു്" എന്നു ചോദിച്ചു. "കുത്തു കൊണ്ടിരിക്കുന്നതു മർമ്മസ്ഥലം വിട്ടിട്ടാണു്. എങ്കിലും പനിക്കാതിരുന്നാൽ രക്ഷപ്പെട്ടും" എന്നു ഡോക്ടർ പറഞ്ഞു. കുറച്ചുനേരം കഴിഞ്ഞിട്ടും സന്ന്യാസിക്കു ബോധമുണ്ടായില്ല. ഡോക്ടർ പിന്നേയും ചില പ്രയോഗങ്ങളൊക്കെ ചെയ്തു്, "ഞാൻ ഇപ്പോൾ പോകട്ടെ. നാളെ കാലത്തു് ഏഴുമണിക്കു വരാം" എന്നു പറഞ്ഞു പോയി. വക്കീലും കുളി, ഭക്ഷണം മുതലായതു കഴിച്ചു സന്ന്യാസിയുടെ അടുക്കൽ കുറച്ചുനേരം ഇരുന്നതിന്നുശേഷം തന്റെ ഭൃത്യന്മാരോടു്, സന്ന്യാസിയുടെ അടുത്തു് ഉറക്കമൊഴിച്ചു നോക്കിക്കൊണ്ടിരിക്കണമെന്നാജ്ഞാപിച്ചു കിടന്നുറങ്ങുവാൻ പോയി.

പിറേറദിവസം മണി ഏഴടിച്ചപ്പോഴെക്കും ഡോക്കടർ ഹാജരായി. വക്കീൽ സന്ന്യാസിയുടെ അടുക്കൽ ഉണ്ടായിരുന്നു. ഡോക്കടർ സന്ന്യാസിയെ തൊട്ടുനോക്കി.

വക്കീൽ—പനിച്ചിട്ടില്ലാ, അല്ലെ?

ഡോക്കടർ—ഇല്ലാ—എങ്കിലും ഇന്നുംകൂടി സൂക്ഷിക്കണം. പനിക്കില്ലെന്നാണു തോന്നുന്നതു്. കുറേശ്ശ ബോധവും ഉണ്ടായിത്തുടങ്ങിയിട്ടുണ്ടു്.

വക്കീൽ—ഞാൻ അദ്ദേഹത്തെ കൊണ്ടുവന്ന സ്ഥിതിക്കു ഭേദപ്പെട്ടുകണ്ടാൽ ഞാൻ ഭാഗ്യവാനായി.

ഡോക്കടർ—സാർ, ഇദ്ദേഹം നിങ്ങളുടെ ചാർച്ചക്കാരിൽ ഒരാളാണോ? ഇദ്ദേഹം എന്താ സന്ന്യാസിയാകുവാനുള്ള കാരണം? ഇദ്ദേഹത്തിന്നു ഈ കുത്തു് എങ്ങിനെ

പററി? ഇന്നലെ വേറെ ചില ബദ്ധപ്പാടുകൾ ഉണ്ടാ യിരുന്നതുകൊണ്ടു വൎത്തമാനമൊന്നും ചോദിക്കുവാൻ കഴിഞ്ഞില്ല.

വക്കീൽ—ഇദ്ദേഹം എന്റെ ചാൎച്ചക്കാരനും പരിചയ ക്കാരനും അല്ല. ഞാൻ വീരപുരിയിൽനിന്നു മടങ്ങി വരുമ്പോൾ മലയുടെ നടുക്കായി റോട്ടിൽ ഇദ്ദേഹം കിടക്കുന്നതു കണ്ടു. മരിക്കാത്ത സ്ഥിതിക്കു് ആരായാ ലും വേണ്ടതില്ല, രക്ഷിക്കേണ്ടതു മനുഷ്യധൎമ്മമല്ലെ? അയതുകൊണ്ടാണു് ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവന്നതു്.

ഡോക്ടർ—സർ, ഈ വിചാരം എല്ലാവൎക്കും ഉണ്ടാവു ന്നതല്ല. എന്തോ ഭാഗ്യവശാലാണു് അങ്ങു കണ്ടുമുട്ടി യതു്.

എന്നു പറഞ്ഞു മുറി കെട്ടഴിച്ചു കഴുകി വെടുപ്പുവ രുത്തി വീണ്ടും മരുന്നുവെച്ചു കെട്ടി യാത്ര പറഞ്ഞു പോ വുകയും, അപ്രകാരം വൈകുന്നേരവും വന്നു വേണ്ടതെ ല്ലാം ചെയ്കയും ചെയ്തു.

പിറേറ ദിവസമാണു് സന്യാസിക്കു പൂൎണ്ണബോധമു ണ്ടായതു്. അദ്ദേഹം കണ്ണുമിഴിച്ചു നാലുപാടും ഒന്നു നോക്കി. ഡോക്ടരും വക്കീലും അടുത്തിരിക്കുന്നുണ്ടായി രുന്നു. അപ്പോൾ സന്യാസിക്കു് എന്തെന്നില്ലാത്ത ഒരാ ശ്ചൎയ്യം ജനിച്ചു.

"ഞാനിപ്പോൾ എവിടെയാണു കിടക്കുന്നതു്? ഈ സ്ഥലം ഏതു്? ഞാൻ കാട്ടിലായിരുന്നുവല്ലോ. എന്നെ ഇവിടേക്കു കൊണ്ടുവന്നതാരാണു്? എന്റെ അടുക്കലിരി ക്കുന്ന ഇവർ ആരായിരിക്കും" ഇങ്ങിനെ ഓരോന്നു വിചാ

രിച്ചു നാലുപാടും നോക്കി. അപ്പോൾ വക്കീൽ സന്ന്യാസിയോട്:—"നിങ്ങളെ ജഗദീശ്വരൻ രക്ഷിക്കട്ടെ. നിങ്ങൾക്ക് ഈ ആപത്തെങ്ങിനെ സംഭവിച്ചു? നിങ്ങൾ ഒരു സന്ന്യാസിശ്രേഷ്ഠനെന്നു തോന്നുന്നു. ആ സ്ഥിതിക്കു നിങ്ങൾക്കിങ്ങിനെ ഒരാപത്തു വരുവാൻ ഞാൻ വിചാരിച്ചിട്ട് ഒരു കാരണവും കാണുന്നില്ല. ഭയവുണ്ടായി നിങ്ങളുടെ തത്വം മറച്ചുവെക്കാതെ ഞങ്ങളെ ഗ്രഹിപ്പിച്ചാൽ കൊള്ളാമെന്ന് അപേക്ഷിക്കുന്നു" എന്നു പറഞ്ഞു.

സന്ന്യാസി—എന്റെ പ്രാണദാതാക്കളായ നിങ്ങൾക്കു വന്ദനം. ഞാൻ ഒരു സന്ന്യാസി. തീർത്ഥാടനമാണ് എന്റെ പ്രവൃത്തി. ഈ ആപത്തു പററിയ ദിവസം ഞാൻ ഒരു മലയിൽക്കൂടി വരികയായിരുന്നു. അപ്പോൾ—എന്റെ—

എന്ന് അർദ്ധോക്തിയിൽ നിറുത്തി, ഇങ്ങിനെ വിചാരിച്ചുതുടങ്ങി. "ഇവരോടു ഞാൻ കത്താര സംഗതി എങ്ങിനെയാണു പറയേണ്ടതു്? വ്യാജം പറയുവാൻ പാടുണ്ടോ? ഒരിക്കലും വയ്യ. എന്റെ പ്രാണദാതാക്കളായ ഇവരോടു വ്യാജം പറയുന്നതു ദൈവത്തോടു പറയുന്നതുപോലെയല്ലേ? നേരുപറഞ്ഞാൽ അവൾക്കു ഞാൻമൂലം ആപത്തുണ്ടായി എന്നും വന്നേക്കാം. അതിന്നു ഞാൻ എന്തിന്നു തുനിയുന്നു. അവരുടെ കർമ്മഫലം അവർ അനുഭവിച്ചുകൊള്ളും. ഇപ്പോൾ ഞാൻ അനുഭവിച്ചതു് എന്റെ മുജ്ജന്മകർമ്മഫലമായിരിക്കണം. അതിന്നു മററു ചിലരെ കുററപ്പെടുത്തിയിട്ട് ആവശ്യമെന്തു്?" ഇങ്ങിനെ ഓരോന്നു വിചാരിച്ചു് പറഞ്ഞു: "എന്റെ പി

ന്നാലെ ചില ആളുകൾ കൂടി. നേരം ഇരുട്ടായിരുന്നു. ഇരുട്ടുകൊണ്ടൊന്നും തിരിച്ചറിയുവാൻ പാടില്ലായിരുന്നു. അവർ കള്ളന്മാരായിരുന്നിരിക്കണം. എന്റെ കൈവശം ഒരു പിച്ചളമൊന്തയല്ലാതെ വേറെയാതൊന്നും ഉണ്ടായിരുന്നില്ല. അവരുടെ ഇഷ്ടത്തിനു പൂർത്തി വരാത്തതിനാൽ ഈ പ്രവൃത്തി ചെയ്തതായിരിക്കാം."

വക്കീൽ—നിങ്ങൾ മുമ്പിലും അവർ പിന്നിലുമായിരിക്കാം നടന്നിരുന്നതു്, അല്ലേ?

സന്യാസി—അതെ.

വക്കീൽ സന്യാസിയുടെ മുഖം സൂക്ഷിച്ചുനോക്കി എന്തോ ഒരഗാധാലോചനയിൽപ്പെട്ടതുപോലെ കുറച്ചു നേരം ഇരുന്നുപോയി. ആ സമയത്തു ഡോക്ടർ വക്കീലിനോടു സാകാംക്ഷമായി ഇങ്ങിനെ ചോദിച്ചു.

ഡോക്ടർ—നിങ്ങൾ എന്താ ഒരു വലിയ ആലോചനയിൽപ്പെട്ടിരിക്കുന്നതു്?

വക്കീൽ—(സാകാംക്ഷമായിട്ടു്) എനിക്കൊരു സംശയം വന്നിരിക്കുന്നു. അതിനെപ്പറ്റി ആലോചിക്കുകയാണ്.

ഡോക്ടർ—ഉം, എന്താ അതു പറയുവാൻ പാടില്ലാത്തതാണോ?

വക്കീൽ—ഓഹൊ പറയാം. വരട്ടെ—ഇദ്ദേഹത്തോടു ചിലതുകൂടി ചോദിച്ചറിയുവാനുണ്ടു്. ഞാനൊന്നകത്തേക്കു പോയിവരട്ടെ.

വക്കീൽ അകത്തേക്കുപോയി മടങ്ങിവന്നതിനുശേഷം സന്യാസിയോടു വീണ്ടും ഇങ്ങിനെ ചോദിച്ചുതുടങ്ങി.

വക്കീൽ—നിങ്ങളുടെ സ്വന്തം നാടേതാണ്?

സന്ന്യാസി—ഞാൻ ചെല്ലുന്നേടമെല്ലാം എനിക്കു നാടു തന്നെ.

വക്കീൽ—അവധൂതന്മാക്ക് അങ്ങിനെയാണ് എന്നു എനിക്കറിയാം. ഇപ്പോൾ നിങ്ങൾ ആ മട്ടിലായിട്ടില്ലെന്ന് എനിക്കു തോന്നുന്നു. നിങ്ങൾ പിറന്നു വളൎന്നു വന്ന രാജ്യവും മറ്റുമാണ് എനിക്കറിയേണ്ടതു്.

സന്ന്യാസി—ഞാൻ മലയാളിയാണ്. ശൂദ്രകുടുംബത്തിൽ ജനിച്ചവനാണ്.

വക്കീൽ—ഏതു രാജ്യക്കാരനാണ്?

സന്ന്യാസി—ലക്ഷ്മീപുരത്തുകാരനാണ്.

വക്കീൽ—നിങ്ങളുടെ വീട്ടുപേരും മറ്റും കേട്ടാൽ കൊള്ളാം.

സന്ന്യാസി—അതറിഞ്ഞിട്ടു നിങ്ങൾക്ക് യാതൊരു പ്രയോജനവും ഇല്ലെന്നാണ് എനിക്കു തോന്നുന്നതു്. അവിടെ എന്റെ വീടും ഇല്ല, കുടുംബങ്ങളും ഇല്ല. ഞാൻ ഏകൻ—പിന്നെ—

വക്കീൽ—നിങ്ങളെ ചികിത്സിച്ച ഡോക്ടൎക്കു വിവരം ഡയറിയിൽ ചേൎക്കേണ്ടതിന്നാണ്. ദയവുണ്ടായി വിവരം പറഞ്ഞാൽ കൊള്ളാമെന്നപേക്ഷിക്കുന്നു.

സന്ന്യാസി—അയ്യോ! ഈ അല്പകാൎയ്യത്തിന്നുവേണ്ടി നിങ്ങൾ ഇങ്ങിനെ ഗൌരവപ്പെടുത്തി പറയൊല്ലെ! എന്റെ വീട്ടുപേർ പൂവ്വള്ളിക്കൽ എന്നായിരുന്നു.

വക്കീൽ—(സന്തോഷത്തോടുകൂടി) നിങ്ങളുടെ പേർ?

സന്ന്യാസി—കരുണാകരൻനായർ എന്നാണ്.

വക്കീൽ—നിങ്ങളുടെ കാരണവന്റെ പേർ?

സന്ന്യാസി—കുമാരൻനായർ.

സന്ന്യാസിയുടെ വർത്തമാനമറിഞ്ഞപ്പോൾ വക്കീലിന്റെ മുഖം പ്രസന്നമായി. ഹൃദയം തണുത്തു. കണ്ണുകളിൽനിന്ന ഹർഷാശ്രുക്കൾ പൊഴിഞ്ഞുതുടങ്ങി. "തേടിയവള്ളി കാലിൽ തടഞ്ഞ"തുപോലെ ഇഷ്ടാത്ഥത്തെ സാധിപ്പിച്ചതന്ന ദൈവത്തെ അദ്ദേഹം മനസാവന്ദിച്ചു.

വക്കീൽ—നിങ്ങൾ എന്താ ഈ വേഷം കെട്ടി നടക്കുന്നതു്? കാരണം വിശദമായി പറഞ്ഞു കേട്ടാൽക്കൊള്ളാം. മഹാനായ നിങ്ങൾ നിരസിക്കില്ലെന്ന വിശ്വസിക്കുന്നു.

സന്ന്യാസി—മഹാനീയരേ! നിങ്ങൾ ആരാണെന്ന ഇതുവരേയും എനിക്ക മനസ്സിലായിട്ടില്ല. എങ്കിലും നിങ്ങൾ ശ്രേഷ്ഠമായ മനോഗുണമുള്ളവരാണെന്ന വിശ്വസിക്കുന്നു. കേവലം ഒരു ഭിക്ഷുവായ എന്നെ നിങ്ങൾ ഇങ്ങിനെ പുകഴ്ത്തി പറയുന്നതു ശരിയല്ല. നിങ്ങളുടെ ശാസനക്ക് ഇന്നെന്നല്ല ആജീവനാന്തംതന്നെ ഈ ദേഹം അടിമപ്പെട്ടതാണെന്ന വിചാരിക്കണം. ആ എന്നോട്ട "ദയവുണ്ടാവണ"മെന്നും "കരുണയുണ്ടാവണ"മെന്നും മററും നിങ്ങൾ പറയരുതു്. ആ ഭാരം വഹിക്കത്തക്കവണ്ണം ഞാൻ ശക്തനമല്ല. വിശേഷിച്ച നിങ്ങൾ എന്നെ എങ്ങിനെ കണ്ടെത്തി? ഇങ്ങോട്ട കൊണ്ടുവരുവാൻ കാരണമെന്തു്? നിങ്ങൾക്ക് എന്നിൽ ഇത്ര കരുണയുണ്ടാവാൻ നോം തമ്മിൽ എന്തു ബന്ധമാണുണ്ടായിട്ടുള്ളതു്? എനിക്ക വേണ്ടി

നിങ്ങഠം ക്ലേശിച്ചതിന്ന പ്രത്യുപകാരം ചെയ്വാൻ എന്നാൽ സാധിക്കുമോ? നിങ്ങഠംക്ക് അനന്തകോടി വന്ദനം. ജഗദീശ്വരൻ നിങ്ങളെ കടാക്ഷിക്കട്ടെ! എൻെറ വിവരം ചുരുക്കി പറയാം.

എന്നു പറഞ്ഞു് അദ്ദേഹം തൻെറ ബാല്യം മുതൽ പട്ടാളം വിട്ടുപിരിയുന്നതുവരെയുള്ള വൎത്തമാനങ്ങഠം പറഞ്ഞറിയിച്ചു.

വക്കീൽ— 'ധീരാലപുരി'യിലെ വെള്ളപ്പൊക്കസമയത്തു നിങ്ങഠം അവിടെ ഉണ്ടായിരുന്നുവോ?

സന്യാസി— ഞാനവിടെ ഉണ്ടായിരുന്നു.

വക്കീൽ— ജയചന്ദ്രസേനൻ ജമിന്ദാരെ വെള്ളത്തിൽ നിന്നു രക്ഷപ്പെടുത്തിയതു നിങ്ങളാണോ?

സന്യാസി— ഈ ചോദ്യത്തിൻെറ താല്പൎയ്യം എനിക്കു മനസ്സിലാവുന്നില്ല. ഞാൻ വിചാരിച്ചാൽ ഒരാളെ രക്ഷിക്കുവാൻ കഴിയുമോ? എല്ലാം ദൈവസങ്കല്പമല്ലേ?

വക്കീൽ— നിങ്ങളുന്ന ജമിന്ദാരുടെ ബങ്കളാവിലേക്ക് അദ്ദേഹം ഒന്നിച്ചു പോയി, ഇല്ലേ?

സന്യാസി— ഞാൻ ആവുന്നതും കൂടാതെ കഴിപ്പാൻ ശ്രമിച്ചുനോക്കി. എന്തു് ഒഴികഴിവുകഠം പറഞ്ഞിട്ടും അദ്ദേഹം സമ്മതിച്ചില്ല. ഒടുവിൽ അദ്ദേഹത്തിൻെറ ഇഷ്ടത്തെ അനുസരിച്ചു.

വക്കീലും ഡാക്കടരും മുഖത്തോടുമുഖം നോക്കി ഒന്നു ചിരിച്ചു. ഡാക്കടർ വക്കീലിനോടു മുൻചോദിച്ച ചോദ്യത്തിന്നു് അദ്ദേഹം സമാധാനം പറയാതെതന്നെ ഡാക്കടൎക്കു കാൎയ്യം മനസ്സിലായി. വക്കീൽ ഡാക്കരോടു്

ഈ മുറി ഉണങ്ങുവാൻ എത്ര ദിവസം വേണ്ടിവരുമെന്നു ചോദിച്ചതിന്നു ചുരുങ്ങിയതു് ഒരു മാസം വേണ്ടിവരുമെന്നു ഡാക്കടർ മറുവടിയും പറഞ്ഞു. "ചികിത്സയുടെ കാൎയ്യം?"—എന്നു വക്കീൽ ചോദിച്ചപ്പോൾ ഡാക്കടർ "ഒരു കാൎയ്യം പ്രത്യേകിച്ചു പറയേണമെന്നില്ല. വിശേഷിച്ചു്—ഈ സ്ഥിതിക്കു്" എന്നു പറഞ്ഞു.

ഡാക്കടർ യാത്ര പറഞ്ഞു പോയി. സന്ന്യാസിയുടെ ശുശ്രൂഷാവിഷയത്തിൽ വക്കീലവർകൾ ഇതിലധികം ശ്രദ്ധ കാണിപ്പാൻ തരമില്ലെന്നമട്ടിൽ ചെയ്തുവരുന്നുണ്ടു്. "എനിക്കു് ഈ ഒരു ഭാഗ്യം സിദ്ധിച്ചുവല്ലോ! ഞാൻതന്നെ ധന്യൻ. അന്നു ഞാൻ കണ്ടില്ലെങ്കിൽ—അല്ല; ഞാനാണോ ചെന്നു കണ്ടതു്? ദൈവം എന്നെ അവിടേക്കു കൊണ്ടുപോയി ഇദ്ദേഹത്തെ കാട്ടിത്തന്നു. എല്ലാം ദൈവേച്ഛ. ഇദ്ദേഹത്തിന്റെ ദീനം സുഖപ്പെടുന്നതുവരെ വിവരമൊന്നും മനസ്സിലാക്കാൻ പാടില്ല. പിന്നീടു വേണ്ടതുപോലെ ചെയ്യാം." വക്കീലദ്ദേഹം ഇങ്ങിനെ ഓരോന്നു വിചാരിച്ചും ദിനംപ്രതി മുറിയുടെ സ്ഥിതി നോക്കി സമാധാനിച്ചും ദിവസമെണ്ണി കഴിച്ചുകൂട്ടി.

"ആരുമില്ലാത്തവന്നു ദൈവം തുണ"

## ആറാമദ്ധ്യായം.

### ഒരു ഉദ്യാനസൽക്കാരം.

ഒരു മാസംകൊണ്ടു കരുണാകരൻനായരുടെ വ്രണം ഉണങ്ങി. ദേഹത്തിന്നും നല്ല ബലം വെച്ചു. ഒരു മാസ

ക്കാലം കാററും വെയിലും കൊള്ളാത്തതിനാലും പോഷ കദ്രവ്യങ്ങൾ മുറയ്ക്ക് ഉപയോഗിച്ചു വന്നിരുന്നതിനാലും ദേഹകാന്തി പൂൎവ്വാധികം വൎദ്ധിച്ചു. കരുണാകരൻനായർ ഇടക്കിടക്ക് അവിടം വിട്ടുപോകുവാൻ ശാഠ്യംപിടിക്കുകയും വക്കീലവർകൾ രണ്ടുദിവസം കഴിഞ്ഞു പോയാൽമതി എന്നു നീട്ടിക്കൊണ്ടുപോകയുമായിട്ടാണ് ഈ ഒരു മാസക്കാലം കഴിഞ്ഞുകൂടിയത്. ഒരു ദിവസം നായരും വക്കീലുംകൂടി ചിലതു സംസാരിച്ചുംകൊണ്ടിരിക്കുമ്പോൾ കരുണാകരൻനായർ "സ്വാമി! ഞാൻ ഇവിടെ വന്നിട്ട് ഒരു മാസത്തിൽ പരമായല്ലോ. മരിപ്പാൻ ഭാവിച്ചിരുന്ന ഞാൻ നിങ്ങളുടെ കൃപകൊണ്ടു രക്ഷപ്പെട്ടു. എന്നുതന്നെയല്ലാ—എനിക്കുവേണ്ടി നിങ്ങൾ കുറെ ദ്രവ്യവും ചിലവിട്ടു. എന്നെ നിങ്ങൾ പുത്രനിൎവ്വിശേഷം സ്നേഹിച്ചു വരികയും ചെയ്യുന്നുണ്ട്. ഇതിന്നു തക്കതായ കാരണമൊന്നും ഞാനേതുമിട്ടു കാണുന്നില്ല. യാത്രചോദിക്കുമ്പോഴെല്ലാം നിങ്ങൾ സമ്മതിക്കുന്നതുമില്ല. ഇനി അവിടുന്നു തടസ്ഥം പറയരുത്. എനിക്ക് ഇന്നു പോയാൽക്കൊള്ളാമെന്നുണ്ട്. കൃപയുണ്ടാവണം" എന്നു പറഞ്ഞു.

വക്കീൽ—എന്താ ഇത്ര ബദ്ധപ്പാട്?

കരുണാകരൻനായർ—എനിക്കു പല ക്ഷേത്രങ്ങളും പല തീൎത്ഥങ്ങളും സന്ദൎശിക്കേണ്ടതുണ്ട്. ഇപ്പോൾ ദേഹവും സുഖപ്പെട്ടിരിക്കുന്നു. ഞാനിന്നു പുറപ്പെടട്ടെ. ഇനി നിങ്ങളെ ബുദ്ധിമുട്ടിച്ചതുമതി.

വക്കീൽ—എയി! അങ്ങിനെ പറയരുതെ. ബുദ്ധിമുട്ടോ;

എനിക്കോ; നിങ്ങൾ നിമിത്തമോ? ഒരിക്കലുമില്ല. നിങ്ങളെപ്പോലെയുള്ള മഹാന്മാരെ ശുശ്രൂഷിച്ചിട്ടെങ്കിലും എന്റെ പാപം ശമിക്കട്ടെ.

കരുണാകരൻനായർ—പ്രഭോ! മതി, മതി. നിങ്ങളിങ്ങിനെ പറയരുതെ. അലഞ്ഞു നടക്കുന്ന കേവലം തെണ്ടിയായ ഞാനോ മഹാൻ? ശിവ! ശിവ!!

വക്കീൽ—നിങ്ങൾ പറയുന്നതു ശരിയാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. മനുഷ്യരിൽ മഹത്വത്തെ പല പ്രകാരത്തിലും പ്രതിപാദിച്ചു വരുന്നുണ്ട്. വിദ്യകൊണ്ടും, ധനംകൊണ്ടും, ആഭിജാത്യംകൊണ്ടും, തപസ്സു ജ്ഞാനം മുതലായ അനേകവിഷയങ്ങളാലും ജനങ്ങൾ മഹൽപദത്തെ പ്രാപിക്കുന്നുണ്ട്. മുമ്പു ഹീനസ്ഥിതിയിലായിരുന്നാലെന്താ? പിന്നീടു യോഗ്യതയെ പ്രാപിച്ചുകൂടെന്നുണ്ടോ? അങ്ങിനെയുള്ള പൂർണപുരുഷന്മാരെ നാമിന്ന് ഈശ്വരനെപ്പോലെ ആദരിച്ചു വരുന്നില്ലേ? പ്രസിദ്ധകവിയായ "കാളിദാസൻ" ആദ്യകാലത്തിങ്കൽ ആട്ടിടയനായിരുന്നില്ലേ? ഇംഗ്ലീഷുകവികളിൽ അഗ്രഗണ്യനായ "ഷേക്സ്പിയ"രുടെ ചെറുപ്പത്തിലെ ഹീനസ്ഥിതി ആരും മറന്നിട്ടുള്ളതല്ല. ആദികവിയായ വാല്മീകി മഹർഷിയുടെ ആദിചരിത്രം ലോകവിശ്രുതമല്ലേ? ദരിദ്രമായ കുലാലഭവനത്തിൽ ജനിച്ചവനല്ലെ ശാലിവാഹനൻ? ഇതുപോലെ എത്രയോ ജനങ്ങൾ മുമ്പു ഹീനസ്ഥിതിയിലിരുന്നു പിന്നീടു മഹാന്മാരായി തീർന്നിരിക്കുന്നു.

കരുണാകരൻനായർ—ഈവക യാതൊന്നുമില്ലാത്ത എന്നിൽ ആരോപിച്ച മഹത്വത്തിന്ന് അധിഷ്ഠാനദൃഷ്ട്യം വന്നു എന്നാണ ഞാൻ പറഞ്ഞതിന്റെ സാരം.

വക്കീൽ—അതും ശരിയല്ല. പുരുഷഭാഗ്യം ആർ കണ്ടിരിക്കുന്നു? നാളെക്ക് അങ്ങുതന്നെ ഒരു കോടീശ്വരനായി ഭവിക്കരുതെന്നുണ്ടോ?

കരുണാകരൻനായർ—പ്രഭോ! ഈ വക വിചാരിച്ചു മനസ്സാൽ കൂടിക്കുന്നവൎക്ക് ഇതു സുഖപ്രദമായിരിക്കും. എനിക്ക് ആ വക മോഹംതന്നെ ഇല്ല. വെറുതെ വാഗ്വാദംകൊണ്ടു യാതൊരു പ്രയോജനവുമില്ല. ഇന്നുതന്നെ എനിക്ക പോയാൽകൊള്ളാമെന്നുണ്ട്. അതിന്നു നിങ്ങൾ അനുവദിക്കണമെന്നു താഴ്മയായി വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു.

വക്കീൽ—എന്റെ അപേക്ഷ: നാളത്തെ ഒരു ദിവസം കഴിഞ്ഞുപോകുന്നതിന്നു വിരോധമില്ല.

കരുണാകരൻനായർ—ഉം—നാളെ എന്താണു വിശേഷം? ഇങ്ങിനെ എത്ര നാളായി നാളെ, നാളെ, എന്നു നിങ്ങൾ എന്നെ ഇട്ടു കളിപ്പിക്കുന്നു? ഇനിയും അതു അവസാനിക്കുന്ന വട്ടം കാണുന്നില്ലല്ലോ.

വക്കീൽ—ഇല്ല. നാളത്തെ ഒരൊററ ദിവസം കഴിഞ്ഞാൽ പിന്നെ ഞാൻ അവധി പറയുന്നില്ല. ഇതു തീൎച്ചതന്നെ.

കരുണാകരൻനായർ—അപ്പോൾ നാളെ എന്തെങ്കിലും ഒരു വിശേഷമുണ്ടെന്നു തോന്നുന്നു!

വക്കീൽ—പറയത്തക്ക വിശേഷം ഒന്നും ഇല്ല. എങ്കി

ലും—ചുരുക്കത്തിൽ ഒരു ഉദ്യാനസൽക്കാരം വേണമെന്നു വെച്ചിട്ടുണ്ട്. അതിന്നു നിങ്ങളുടെ സാന്നിദ്ധ്യവുംകൂടി ഉണ്ടായിരുന്നാൽകൊള്ളാമെന്ന് എനിക്കാഗ്രഹമുണ്ട്.

കരുണാകരൻനായർ—ഇതാണോ നാളെ? ശരി. എനിക്ക് ഈ വകയിൽ ലേശം മോഹമില്ലെന്നുതന്നെയല്ല വളരെ വെറുപ്പുണ്ടുതാനും. മോഹമില്ലാത്തതിന്ന് എന്നെ നിർബ്ബന്ധിക്കരുതേ. ഞാനിതാ മാപ്പു ചോദിച്ചുകൊള്ളുന്നു.

വക്കീൽ—മാപ്പു ചോദിക്കത്തക്കവണ്ണം നിങ്ങൾ യാതൊരപരാധവും ചെയ്തിട്ടില്ലല്ലോ. എന്റെ പ്രീതിക്കായിട്ടെങ്കിലും നിങ്ങൾ വരാതെ കഴികയില്ല. ഇതിന്നു വിരോധം പറകയില്ലെന്നു വിശ്വസിക്കുന്നു.

കരുണാകരൻനായർ കുഴങ്ങി. തന്റെ പ്രാണദാതാവായ ഇദ്ദേഹത്തിന്റെ അപേക്ഷയെ നിരസിക്കുന്നതിന്നു നായർക്കു വളരെ മടിയുണ്ട്. എന്തു ചെയ്യും? പലപ്രകാരത്തിലും ഒഴികഴിവുകൾ പറഞ്ഞുനോക്കീട്ടും ഫലിക്കില്ലെന്നുകണ്ട് ഒടുവിൽ അദ്ദേഹം വക്കീലവർകളുടെ ഇഷ്ടത്തെ മനസ്സില്ലാമനസ്സോടെ സമ്മതിച്ചു.

വക്കീൽ കെ. രാമറാവു അവർകൾ ഉദ്യാനസൽക്കാരത്തിന്നു പതിനഞ്ചു ദിവസങ്ങൾക്കു മുമ്പുതന്നെ എല്ലാ ഏർപ്പാടുകളും ചെയ്തു കഴിഞ്ഞിരിക്കുന്നു. പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും പ്രഭുക്കന്മാർക്കും മററും തങ്കലിപിയിൽ അച്ചടിച്ചിട്ടുള്ള ക്ഷണനക്കത്തുകൾ അയച്ചു. കത്തിൽ പ്രസ്താവിച്ചിട്ടുള്ളതു ജയചന്ദ്രസേനൻ ജമിന്ദാ

രുടെ മരണദിവസം റജിസ്റ്റ് ചെയ്യപ്പെട്ട ഒസ്യത്തുടമസ്ഥനായ പി. കെ. നായരെ കണ്ടുകിട്ടുകയാൽ ജമിന്ദാരുടെ ഉദ്യാനത്തിൽവെച്ച് ഈ മാസം ഇരുപത്തഞ്ചാം തിയ്യതി പകൽ നാലുമണിക്ക് അദ്ദേഹത്തിന്ന് ഒരു ഉദ്യാനസൽക്കാരം നൽകുകയും, ആ സഭാമദ്ധ്യത്തിങ്കൽ വെച്ച് ഒസ്യത്തും അതുപ്രകാരമുള്ള സകല സ്വത്തുക്കളും അദ്ദേഹത്തെ ഏല്പിച്ചുകൊടുക്കുകയും ചെയ്യാൻ തീർച്ചപ്പെടുത്തിയിരിക്കകൊണ്ട് അതിലേക്കു മഹാന്മാരായ നിങ്ങളുടെ സാന്നിദ്ധ്യത്തെ അപേക്ഷിച്ചുകൊള്ളുന്നു എന്നും മററുമായിരുന്നു. ഈ ക്ഷണനപത്രം കിട്ടീട്ടുള്ള എല്ലാം ജനങ്ങളും എന്തു ജോലിത്തിരക്കുണ്ടായിരുന്നാലും വേണ്ടില്ല, ഈ 'ഗാർഡൻ പാർട്ടി'ക്കു പോകാതെ കഴികയില്ലെന്നു തീർച്ചപ്പെടുത്തി.

ജയചന്ദ്രസേനൻ ജമിന്ദാരുടെ പ്രധാന മന്ദിരത്തോടു തൊട്ടു തെക്കുഭാഗത്തായി അര മയിൽ ചതുരശ്രത്തിൽ ഒരു ഉദ്യാനമുണ്ട്. ആ ഉദ്യാനം നാലു ഭാഗവും ഉയന്ന മതിലുകളെക്കൊണ്ടു ചുററപ്പെട്ടിരുന്നു. കിഴക്കു ഭാഗത്തു വിസ്താരമേറിയ ഒരു ഗയിററും വടക്കുഭാഗത്തു ജമിന്ദാരുടെ ബംഗളാവിലേക്കു കടക്കുന്നതിന്ന് ഒരു ദ്വാരവും സ്ഥാപിച്ചിട്ടുണ്ട്. ഗയിററുകടന്നു പടിഞ്ഞാട്ട് എകദേശം മൂന്നു 'ചങ്ങലപ്പാടു' നീളത്തിൽ ഒരു ചെറിയ റോഡും ആ റോഡവസാനിക്കുന്നിടത്ത് ഉദ്ദേശം അഞ്ഞൂറാളുകൾക്കു തിരക്കില്ലാതിരിയ്ക്കത്തക്കവണ്ണം വിസ്തൃതവും വൃത്താകാരവുമായിട്ട് ഒരു സ്ഥലവുമുണ്ട്. ആ പ്രദേശം ഒരു കോൽ ഉയരത്തിൽ പണി ചെയ്തിട്ടുള്ള മ

തിൽക്കെട്ടുകൊണ്ട് ആവരണം ചെയ്യപ്പെട്ടിരുന്നു. അതിന്നുള്ളിലായി നടുവളത്തി ഒരേ ഉയരത്തിൽ വെട്ടി ഒരിപ്പെടുത്തിട്ടുള്ള വിവിധതരം പൂച്ചെടികളും നേത്രാകർഷകമായ വിധത്തിൽ ശോഭിച്ചിരുന്നു. ചെറുമതിലിന്റെ പിമ്പുറത്തായി ചുററും മുല്ല, പിച്ചകം, മുതലായ ലതകളാലും അശോകം, ചമ്പകം, പനിനീർ, മന്ദാരം, തുടങ്ങിയ പലതരം പുഷ്പവൃക്ഷങ്ങളാലും മാവ്, പുലാവ്, ചെറുനാരകം, മാതളനാരകം, മുതലായ ഫലവൃക്ഷങ്ങളാലും അതിമനോഹരമായിരുന്നു. ഉദ്യാനത്തിന്റെ പടിഞ്ഞാറെ അററത്തായി ഒരു താമരക്കുളവും ആ കുളത്തോടു തൊട്ടു വടക്കുവശം ഒരു ക്രീഡാതടാകവും ഉണ്ട്. ആ തടാകപ്രദേശം ഹംസം, ചക്രവാകം, മുതലായ പക്ഷിവ്രാതങ്ങളെക്കൊണ്ടും അവയുടെ കളനിർഹ്രാദങ്ങളെക്കൊണ്ടും ചക്ഷുഃശ്രവണരമണീയവും ചുററും സമ്പൂർണ്ണഫലങ്ങളോടുകൂടി നിൽക്കുന്ന തെങ്ങ്, കവുങ്ങ് മുതലായതുകളെക്കൊണ്ടു ഹൃദയാകർഷകവുമായിരുന്നു. ശൈത്യസൌരഭ്യത്തോടുകൂടിയ മന്ദമാരുതനാകട്ടെ, കൃത്യനിഷ്ഠയുള്ള ഒരു ഉദ്യാനപാലകനെപ്പോലെ എപ്പോഴും അവിടെ സന്നിഹിതനായിരുന്നു. എന്നുതന്നെയല്ല, തന്റെ സമ്പാദ്യമാകുന്ന കസുമാമോദത്തെയും തന്നെത്തന്നെയും അഭ്യാഗതന്മാരുടെ സന്തോഷത്തിന്നായി ചിലവഴിക്കുകയാൽ ഉദാരനായ ഒരു ഗൃഹസ്ഥൻ എന്നപോലെ എല്ലാവരാലും ആസേവ്യമാനനും മാനിതനും ആയിരുന്നു. ഇപ്പോൾ ഗോർഡൻപാർട്ടി’ക്കുവേണ്ടി പ്രത്യേകമായി അലങ്കരിക്കപ്പെട്ട ആ ഉദ്യാനം നന്ദനോദ്യാനമോ എന്നു തോന്നിപ്പോകും.

ഇരുപത്തഞ്ചാംതിയ്യതി പകൽ രണ്ടുമണിയോടുകൂടി ഗാർഡൻപാർട്ടിക്കുള്ള ഒരുക്കങ്ങൾ തെയ്യാറായിക്കഴിഞ്ഞു. മണി മൂന്നടിച്ചു. ആഗതന്മാരെ യഥായോഗ്യം സല്ക്കരിച്ചിരുത്തുന്നതിന്നു മുപ്പതു വളൻറിയർമാർ ഉണ്ടായിരുന്നു. അവർ ബഹുജാഗ്രതയോടെ, വരുന്നവരുടെ യോഗ്യതയനുസരിച്ച് അവരവൎക്കുചിതങ്ങളായ ആസനങ്ങളിൽ ഉപവേശിപ്പിക്കുന്നു. ക്ഷണക്കത്തുകൾ കിട്ടീട്ടുള്ള എല്ലാ ഉദ്യോഗസ്ഥന്മാരും പ്രഭുക്കന്മാരും എത്തിക്കഴിഞ്ഞു. വക്കീലവർകൾ സബ്ബ്റജിസ്ത്രാർ അവർകൾക്കയച്ച ക്ഷണക്കത്തോടുകൂടി കമീഷൻവെച്ച് ഹാജി കൊടുത്തപ്രകാരം അദ്ദേഹവും ഒസ്യത്തോടുകൂടി എത്തിട്ടുണ്ട്. മണി നാലടിക്കുവാൻ പത്തു മിനുട്ടുണ്ട്. സഭാവാസികളെല്ലാം ഗയിററിങ്കലേക്കു നോക്കിക്കൊണ്ടിരിപ്പായി. ഡാക്ടർ വെങ്കിട്ടരാവുവും മററും ഗയിററിങ്കൽ തെയ്യാറായി നില്ക്കുന്നുണ്ട്. അപ്പോൾ ഒരു ഇരട്ടക്കുതിരവണ്ടി വരുന്നതുകണ്ട് എല്ലാവരും ഉത്സാഹഭരിതരായി നിന്നു.

വണ്ടി അടുത്തു വന്നു. വണ്ടിക്കുള്ളിൽ വക്കിൽ രാമറാവു അവർകളും ഉയന്തരം ഉടുപ്പുകളണിഞ്ഞ വേറെ ഒരാളും ഉണ്ടായിരുന്നു. ആ ആൾ ഇന്നാളാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. കരുണാകരൻനായരും വക്കീലും ഗൃഹത്തിങ്കൽനിന്നു പുറപ്പെടുന്നതിന്നുമുമ്പ് അവർ തമ്മിൽ ഒരു “വാക്യുദ്ധം” കഴിച്ചിട്ടാണു പുറപ്പെട്ടത്. കരുണാകരൻനായരോടു നല്ല ഉടുപ്പുകൾ ധരിക്കുവാൻ വക്കീലവർകൾ അപേക്ഷിച്ചു. നായർ അതി

ന്നു സമ്മതിച്ചില്ല. വക്കീൽ ഒഴിച്ചില്ല. "എന്നാൽ ഞാൻ വരുന്നതേ ഇല്ല." എന്നു നായരും, "കൊണ്ടു പോകാതിരിക്കില്ലേ"ന്നു വക്കീലും. എന്തിനധികം പറയുന്നു; അന്നു് ഒരുമണിമുതൽ മൂന്നരമണിവരെ ഇവർ ഇങ്ങിനെ തക്കിച്ചതിന്റെ ശേഷം വക്കീൽ ഒരു മാതിരി ജയം നേടി. അദ്ദേഹത്തിന്റെ ഇഷ്ടപ്രകാരം നായരെ ഉടുപ്പുകൾ ധരിപ്പിച്ചു വണ്ടി കയററി എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ.

വണ്ടി ജമിന്ദാരുടെ ഗോപുരദ്വാരത്തിന്നടുത്തു. കരുണാകരൻ നായരുടെ സ്തോഭം ഒന്നു മാറി. അവിടത്തെ അലങ്കാരങ്ങളും മററും കണ്ടു ഗാർഡൻപാർട്ടി ജമിൻദാരുടെ സ്ഥലത്തുവെച്ചാണെന്നറിഞ്ഞു. നായരുടെ ഭാവപ്പകച്ചു കണ്ടിട്ടു് "എന്താ നിങ്ങൾ പരിഭ്രമിക്കുന്നതു്?" എന്നു വക്കീൽ ചോദിച്ചു. "ഇതു ജമിന്ദാരുടെ ബങ്കളാവല്ലേ? ഇവിടെവെച്ചു നടത്തുന്ന ഉദ്യാനവിരുന്നിന്നു ഞാൻ"—എന്നു കരുണാകരൻ നായർ പറയുമ്പോഴെക്കും വക്കീൽ "അതു സാരമില്ല; നമുക്കൊക്കെ അവിടേക്കു പോകുവാൻ പ്രത്യേകം ക്ഷണം വേണമോ?" എന്നു ചോദിച്ചു. കരുണാകരൻനായർ "എങ്കിലും" എന്നുച്ചരിക്കുന്നതിനിടക്കു വണ്ടി ഗയിററിങ്കൽ നിർമ്മിച്ചിട്ടുള്ള "ആർച്ചി"ന്റെ മുൻഭാഗത്തെത്തി. മംഗളവാദ്യങ്ങളും "ചീയെഴ്സ്" വിളികളും മുഴങ്ങിത്തുടങ്ങി. അപ്പോഴെക്കും ഡാക്ടർ വണ്ടി തുറന്നു കരുണാകരൻ നായരുടെ കൈ പിടിച്ചിറക്കി, സഭാസ്ഥലത്തേക്കു പ്രവേശിപ്പിച്ചിരുത്തി. നായക്കു് ഇതെല്ലാം വളരെ അത്ഭുതകരമായിരുന്നു. ഉ

ള്ളിൽ പലേ വിചാരങ്ങളും കടന്നുകൂടി: "ഈ ജമിന്ദാരു
ടെ ഉദ്യാനം; അദ്ദേഹത്തിന്റെ വക ഉദ്യാനസൽക്കാ
രം; അദ്ദേഹമോ അത്യുത്സാഹശാലി; അദ്ദേഹത്തെ ഇ
വിടെ എങ്ങും കാണ്മാനില്ല; അദ്ദേഹം എവിടെ; ഇതെ
ന്തൊരത്ഭുതമാണ്; പ്ലാററുഫോറത്തിൽ രണ്ടു പടങ്ങൾ
നിൎത്തിവെച്ചിട്ടുണ്ട്: ഒന്നു ജമിന്ദാർ അവർകളുടേതാണ്.
മറേറതു് എന്റെ പടംപോലെ തോന്നുന്നുവല്ലോ. അ
തു് അവിടെ നിൎത്തുവാനുള്ള കാരണമെന്തായിരിക്കും?"
കരുണാകരൻ നായർ ഇങ്ങിനെ ഓരോന്നു വിചാരിച്ചിരി
ക്കുമ്പോൾ ഡാക്കടർ സഭാവാസികളെ തൊഴുതുംകൊ
ണ്ടു "അല്ലയോ മാന്യജനങ്ങളേ! ഇന്നു നടക്കാൻ പോകു
ന്ന "ഗാർഡൻപാർട്ടി"യിൽ ആദ്യം ലഘുഭക്ഷണവും പി
ന്നീടു "മീററി"ങ്ങുമാകകൊണ്ടു ഞങ്ങൾ തെയ്യാറു ചെ
യ്തിട്ടുള്ള ഏററവും ലഘുതരമായ ഒരു ചായസ്സൽക്കാരം
സ്വീകരിപ്പാൻ നിങ്ങളോടപേക്ഷിച്ചുകൊള്ളുന്നു" എന്നു
പറഞ്ഞു.

അവരവരുടെ ഇരിപ്പിടങ്ങളുടെ സമീപത്തേക്കു പല
വിധങ്ങളായ പലഹാരങ്ങളും പഴങ്ങളും ചായ, കാപ്പി,
മുതലായ പാനീയങ്ങളും സ്വച്ഛങ്ങളായ പാത്രങ്ങളിൽ
ആക്കി നിൎമ്മലവേഷധാരികളായ ആളുകൾ കൊണ്ടുവ
ന്നു് ആവശ്യംപോലെ പകൎന്നു കൊടുത്തുതുടങ്ങി. എ
ല്ലാവരും ഇച്ഛാനുസരണം ലഘുഭക്ഷണം കഴിച്ചു.

ഭക്ഷണാനന്തരം കൈ കഴുകി ശുദ്ധിവരുത്തി യ
ഥാസ്ഥാനംതന്നെ എല്ലാവരും ഇരുന്നു. വക്കീൽ കെ.
രാമറാവുഅവർകൾ എണീററു നിന്നു് "ഇന്നത്തെ സഭ

യിൽ അഗ്രാസനാധിപത്യംവഹിപ്പാൻ ബഹുമാനപ്പെട്ട ഹൈക്കോർട്ട ജഡ്ജി എം. വരദാചാരിയർ ബി. എ ബി. എൽ. അവർകളോട് അപേക്ഷിച്ചുകൊള്ളുന്നു" എന്നു പറഞ്ഞപ്പോൾ മൂന്നു നാലു പ്രഭുക്കന്മാരും ഒന്നു രണ്ടുദ്യോഗസ്ഥന്മാരും അതിനെ പിൻതാങ്ങി. ജഡ്ജി അവർകൾ എഴുനീററു സഭാനാഥന്നു ഇരിക്കുവാൻ തെയ്യാറു ചെയ്തിരുന്ന ആസനത്തിൽ ഉപവേശിച്ചു. ഡാക്ടർ കരുണാകരൻ നായരുടെ കൈപിടിച്ച് എഴുനേല്പിക്കുവാൻ ഭാവിച്ചപ്പോൾ നായർ "ഇതെന്തു കഥയാണു? ഇവരെന്നെ എവിടേക്കു കൊണ്ടുപോകുവാനാണു ഭാവിക്കുന്നതു്?" എന്നു മനസ്സിൽ വിചാരിക്കുമ്പോഴെക്കും ഡാക്ടർ അദ്ദേഹത്തെ സഭാനാഥൻെറ വലത്തു ഭാഗത്തിട്ടിരിക്കുന്ന കസാലയിൽ കൊണ്ടുപോയി ഇരുത്തി. തെക്കു വശത്തുള്ള ഒന്നാം സീററിൽ സബ്ബ്’രജിസ്ത്രാരും ബാക്കി കസാലകളിൽ പ്രധാനപ്പെട്ട പ്രഭുക്കന്മാരും വടക്കു വശത്തിട്ടിരുന്ന കസാലകളിൽ വക്കീലും മററു ചില ഉദ്യോഗസ്ഥന്മാരും ഇരുന്നതിൻെറ ശേഷം സംഗീതം ആരംഭിച്ചു.

കാൽമണിക്കൂറു നേരം കർണ്ണാനന്ദകരമായ സംഗീതമുണ്ടായി. പിന്നീട് സഭാനാഥൻ എണീററു നിന്നു സഭാവാസികളോടു ബഹുമാനപുരസ്സരം ഇങ്ങിനെ പറഞ്ഞു തുടങ്ങി:—"നമ്മുടെ ജയചന്ദ്രസേനൻ ജമീൻദാരുടെ ഉദ്യാനത്തിൽ വെച്ച് ഇന്നു നടത്തുന്ന ഈ സഭയുടെ ഉദ്ദേശം നിങ്ങൾക്കു കിട്ടിയിരിക്കുന്ന ക്ഷണക്കത്തു മൂലം അറിഞ്ഞിരിക്കുമല്ലോ. ഇന്നത്തെ ഈ അദ്ധ്യക്ഷസ്ഥാനം എനിക്കു സിദ്ധിച്ചതിൽ ഞാൻ ഏററവും ധന്യനാ

യിരിക്കുന്നു. ഇനിയിടെ നാം അനുഭവിക്കുവാൻ പോകുന്ന സന്തോഷങ്ങൾ (1) പരേതനായ ജയചന്ദ്രസേനൻ ജമീൻദാരുടെ സകല സ്ഥാവരജംഗമസ്വത്തുക്കൾക്കും അവകാശിയായി ഭവിച്ച ആ പുണ്യപുരുഷന്റെ സന്ദർശനം, (2) കുറേക്കാലമായി നാഥനില്ലാതെ നിഃസ്തേജസ്സായി കിടന്നിരുന്ന ജമീൻദാരുടെ ഈ മന്ദിരം പൂർണ്ണാവകാശിയായ നായകനോടുകൂടി കാണുക; (3) ഇതുവരേയും ഒസ്യത്തുകാരനെ കണ്ടുകിട്ടായ്കനിമിത്തം സകല ഭാരങ്ങളും വഹിച്ചുവന്ന മിസ്റ്റർ കെ. രാമറാവു, ദൈവഗത്യാ കണ്ടുകിട്ടിയ ഉടമസ്ഥനു സകലസ്വത്തുക്കളും ഏല്പിച്ചു കൊടുത്തു കൃതകൃത്യതയെ പ്രാപിക്കുന്നതിനെ അനുമോദിക്കുക. ഇവയിൽ നാം എല്ലാവരും ഒരുപോലെ സന്തോഷിക്കുക. മാന്യസദസ്യരേ, ഇന്നു നമുക്കു സിദ്ധിച്ചിട്ടുള്ള ഈ ഭാഗ്യം ദൈവകല്പിതമാണ്. എനിക്ക് ഇപ്പോൾ ഇത്രമാത്രമേ പറവാനുള്ളൂ" എന്നു പറഞ്ഞു സഭാനാഥൻ ഇരുന്നു.

സഭാനാഥന്റെ ഉപക്രമപ്രസംഗം കേട്ടപ്പോൾ കരുണാകരൻ നായർ ഇടിവെട്ടു കൊണ്ടതുപോലെ ഒന്നു ഞെട്ടി. പല പ്രകാരത്തിലുള്ള വിചാരപരമ്പരകൾ അദ്ദേഹത്തിന്റെ ഹൃദയസോപാനതതികളിൽ കൂടി വിദ്യുച്ഛക്തിപോലെ പാഞ്ഞു തുടങ്ങി. "എന്ത്! ജയചന്ദ്രസേനൻ ജമീൻദാർ മരിച്ചുവോ? ഹാ കഷ്ടം! അദ്ദേഹമായി ഒരു മൂന്നു നാലു ദിവസത്തെ പരിചയം മാത്രമേ എനിക്കുണ്ടായിരുന്നുള്ളുവെങ്കിലും, ഉദാരശീലനായ അദ്ദേഹത്തോട് ഒരു പന്തീരാണ്ടു പെരുമാറിയതുപോലെ

യാണ് എനിക്ക തോന്നുന്നത്. അദ്ദേഹത്തിന്ന സന്താനങ്ങൾ ഉണ്ടായിട്ടില്ലേ? സന്താനമുണ്ടെങ്കിൽ അന്യന്ന് ഒസ്യത്ത് എഴുതുവാൻ കാരണമുണ്ടോ? ഞാൻ ഇവിടെ വന്ന സമയത്ത് അദ്ദേഹത്തിന്ന മൂന്നു ഭാൎയ്യമാർ ഉണ്ടായിരുന്നുവല്ലോ; അവർ മൂന്നു പേരും കേവലം വന്ധ്യകളായിപ്പോയോ? അയ്യോ! ഇപ്പോൾ അവരും ഇല്ലെന്നുണ്ടോ? അവരിൽ ഒരാളെങ്കിലും ജീവിച്ചിരിക്കുന്ന പക്ഷം ഈ കൃത്യം വേണമെന്നില്ലല്ലോ. ദൈവമേ! ഈ പുണ്യാത്മാവിന്റെ കഥ ഇങ്ങിനെ ആയിപ്പോയല്ലോ! ആട്ടെ. ഇനിയത്തെ അവകാശി ആരായിരിക്കും? ആ പുണ്യപുമാനെ കാണുവാൻ എന്റെ കണ്ണുകൾ ആശിക്കുന്നു" എന്ന വിചാരങ്ങളോടുകൂടി അദ്ദേഹം അവിടെ ഇരുന്നിരുന്നവരെ എല്ലാം ഒന്നു നോക്കി. പക്ഷേ ആളെ കണ്ടറിവാൻ സാധിച്ചില്ല. കരുണാകരൻ നായർ ഇങ്ങിനെ വിചാരിച്ചിരിക്കുമ്പോൾ വക്കീലവർകൾ എണീററു സഭാദ്ധ്യക്ഷനേയും സഭയേയും വന്ദിച്ച് ഇപ്രകാരം വിജ്ഞാപനം ചെയ്തു. "മാന്യരേ! നമ്മുടെ ജയചന്ദ്രസേനൻ ജമിൻദാരുടെ മരണദിവസം രജിസ്റ്റ് ചെയ്യിക്കപ്പെട്ട മുക്ത്യാർ മൂലം ഞാൻ ഇന്നേ തിയ്യതിവരെ അദ്ദേഹത്തിന്റെ സകല സ്വത്തുക്കളുടേയും ചുമതല വഹിച്ചിരിക്കുന്നുവെന്ന് എല്ലാവൎക്കും അറിയാവുതാണല്ലോ. ഇത് അദ്ദേഹത്തിന്റെ ഒസ്യത്തുടമസ്ഥന്ന് ഈ സഭയിൽവെച്ചു സകല സ്വത്തുക്കളും ഏല്പിച്ചുകൊടുക്കേണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ യോഗം കൂടീട്ടുള്ളത്. ഒസ്യത്താകട്ടെ, ഒപ്പിട്ടു വാങ്ങുവാൻ ഉടമസ്ഥനില്ലാത്തതിനാൽ ഇതുവരേ

യും ആപ്പീസ്സിൽത്തന്നെ ഇരിക്കേണ്ടിവന്നു. ഇന്ന് എന്റെ അപേക്ഷപ്രകാരം ഒസ്യത്തോടുകൂടി സബ്ബ്‌രജിസ്ത്രാർ അവർകൾ ഹാജരായിട്ടുമുണ്ട് (സബ്ബ്‌രജിസ്ത്രാരെ നോക്കി) അവിടുന്ന് ആ ഒസ്യത്ത് ഈ സഭാസമക്ഷം വായിച്ച് ഉടമസ്ഥനു കൊടുക്കേണ്ടതിലേക്ക് അപേക്ഷിച്ചുകൊള്ളുന്നു." എന്നു പറഞ്ഞ് ഇരുന്നു. സബ്ബ്‌രജിസ്ത്രാർ എഴുന്നീറ്റ് എല്ലാവരും കേൾക്കത്തക്കവിധം ഒസ്യത്തു വായിച്ച് അതു മേശമേൽ വെച്ച് ഇരുന്നു. ആ സമയത്തുണ്ടായ ഹസ്തതാഡനശബ്ദം ആ സ്ഥലമാസകലം മുഴങ്ങി.

സഭാനാഥൻ എഴുന്നീറ്റു നിന്ന്, "മാന്യസഭാവാസികളേ! ജയചന്ദ്രസേനൻ ജമിൻദാരുടെ എല്ലാ സ്ഥാവരജംഗമങ്ങളായ സ്വത്തുക്കൾക്കും ഇന്നു മുതൽ ഇതാ! ഈ ഇരിക്കുന്ന (കരുണാകരൻ നായരെ ചൂണ്ടിക്കാണിച്ചുംകൊണ്ട്) മഹാനാണു പൂർണ്ണാവകാശി, എന്ന് ഇപ്പോൾ എല്ലാവരും അറിഞ്ഞുവല്ലോ. ഈ രാജ്യവാസികളായ നാം ജയചന്ദ്രസേനൻ ജമീൻദാരെ സ്ഥാനമാനങ്ങൾക്കനുസരിച്ച് ഏതുപ്രകാരം ആദരിച്ചുവന്നുവോ, ആ ആദരവിനു യാതൊരു കുറവുംകൂടാതെ ഇദ്ദേഹത്തിൽ അനുവർത്തിക്കണമെന്നു നിങ്ങളോടു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. (കരുണാകരൻ നായരെ നോക്കി) മാന്യപ്രഭോ! ജമീൻദാരദ്ദേഹം നിങ്ങളെ പുത്രനിർവിശേഷം സ്നേഹിച്ച് എഴുതി വെച്ചിരിക്കുന്ന ഒസ്യത്തു കൈപ്പററി ഒപ്പിട്ടുകൊടുക്കുകയും അവിടുത്തെ ആശ്രിതന്മാരായ ജനങ്ങളെ വേണ്ടതുപോലെ സംരക്ഷിക്കുകയും ചെയ്യേണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു." എന്നു പറഞ്ഞിരുന്നു.

കരുണാകരൻ നായർ എന്തു സമാധാനമാണു പറയുന്നതു്. അദ്ദേഹത്തിന്നു സ്വബോധം ഉണ്ടോ എന്നുതന്നെ സംശയമാണു്. കണ്ണുകളിൽനിന്നു് അശ്രുജലം പൊഴിഞ്ഞുതുടങ്ങി. ഒരക്ഷരംപോലും ഉച്ചരിക്കുവാൻ അദ്ദേഹത്തിന്നു് സാധിച്ചില്ല. അക്കപ്പാടെ അദ്ദേഹം സ്തബ്ധനായി ഇരുന്നുപോയി.

കരുണാകരൻ നായരുടെ ഇരിപ്പു കണ്ടു് വക്കീലവർകൾ അദ്ദേഹത്തിന്റെ കൈപിടിച്ചുംകൊണ്ടു് ഇങ്ങിനെ പറഞ്ഞു. "പ്രഭോ! നിങ്ങൾ മിണ്ടാതെ ഇരിക്കുന്നതിന്റെ താല്പര്യം മനസ്സിലാകുന്നില്ല. ഏതൊരു മനുഷ്യനും ഈ സന്ദർഭത്തിൽ സന്തോഷിക്കാതിരിക്കുമോ? നിങ്ങളുടെ മുഖം പ്രകാശവിഹീനമായി കാണുവാൻ കാരണമെന്തു്? മഹാശയ! നിങ്ങളുടെ മനസ്സിലുള്ള വിചാരങ്ങളെ തള്ളിക്കളഞ്ഞു സ്വയംവന്നു വരിക്കുന്ന ലക്ഷ്മിയെ സ്വീകരിക്കുക. ഞങ്ങളെ കൃതകൃത്യന്മാരാക്കി ചെയ്യുക. ജമിൻദാർ അവർകളുടെ അഭിലാഷത്തെ സാധിപ്പിച്ചു പരലോകത്തിൽ അദ്ദേഹത്തിന്നു നിത്യസമാധാനം ഉണ്ടാക്കിത്തീർക്കുക മൌഢ്യഭാവത്തെ ഉപേക്ഷിച്ചു സന്തോഷത്തോടുകൂടി കസ്ത്യത്തു കൈക്കൊള്ളുക." എന്നുപറഞ്ഞു വക്കീൽ ഇരുന്നപ്പോൾ ഒരുവിധം ധൈര്യപ്പെട്ടിച്ചു കരുണാകരൻനായർ എണീട്ടുനിന്നു സഭാനാഥനും സഭാവാസികൾക്കും വന്ദനം ചെയ്തു താഴെ വിവരിക്കുംപ്രകാരം പറഞ്ഞു:—

"അല്ലയോ! മാന്യസദസ്യരേ! ഞാൻ നാടും വീടുമില്ലാത്തവനും നിത്യസഞ്ചാരിയും ആയ ഒരുവനാണെന്നു

മുമ്പുതന്നെ പറഞ്ഞുകൊള്ളട്ടെ. ആ എനിക്കു മഹാന്മാരായ നിങ്ങളുടെ പുരോഭാഗത്തുനിന്നു രണ്ടു വാക്കു പറയുവാനുള്ള പഠിപ്പും പരിചയമോ ഉണ്ടാവില്ലെന്നുള്ളതു തീച്ചതന്നെ. ഞാൻ ഐഹികവിഷയത്തിൽ വിരക്തി വന്നു ദേശാടനം ചെയ്യുന്ന കാലത്താണു വിശാലപുരിയിൽവെച്ചു ശ്രീമാൻ ജയചന്ദ്രസേനൻ ജമീൻദാർ അവർകളെ കാണുവാൻ സംഗതി വന്നതു്. ആ മഹാശയൻ അദ്ദേഹത്തിൻെറ സവ്വസ്വത്തെയും എങ്കൽ സ്ഥാപിക്കത്തക്കവണ്ണം അദ്ദേഹത്തോടു യാതൊരു വിധത്തിലും ഞാൻ ബന്ധപ്പെട്ടിട്ടില്ലെന്നാണ് എനിക്കു തോന്നുന്നതു്. വെള്ളത്തിൽനിന്നു പിടിച്ചു കയററി എന്ന ഒരു സംഗതി മാത്രമേ പറവാനുണ്ടെങ്കിലും ഉള്ളു. ആ സംഗതി എത്രയോ തുച്ഛമാണ്. അദ്ദേഹത്തിൻെറ പ്രവൃത്തി എത്രയോ മഹത്തരമാണെന്നു പറയേണ്ടതില്ലല്ലോ. എനിക്ക് ഈ ധനാഗമം സന്തോഷാവഹവും, സുഖപ്രദവുമല്ല. എന്തുകൊണ്ടെന്നാൽ കുറെക്കാലമായി പരിചയിച്ചുവന്നിരുന്ന സന്യാസവൃത്തിക്ക് ഇതു് ഏററവും ദോഷകരമാകുന്നു. ധനമുണ്ടായാൽ അഹങ്കാരം വദ്ധിക്കും. തന്നിമിത്തം പ്രമാദവും, പ്രമാദത്താൽ കലഹവും, കലഹത്താൽ നാശവും ആണു സംഭവിക്കുന്നതു്. ഈ നാശവൃക്ഷത്തിൻെറ നാരായവേരായ ധനത്തെ ഉപേക്ഷിച്ചു മേൽഗതി നേടണമെന്നായിരുന്നു എൻെറ വിചാരം. അതിനായിട്ടാണു ഞാൻ യതിച്ചുവന്നിരുന്നതും. അതിന്നിടയിലാണ് ഇങ്ങിനേയും ഒന്നു സംഭവിച്ചതു്.

ഹാ! ഒരു ശ്വാവിനെ സിംഹവേഷം ചമയിച്ചു മൂ

ഗരാജന്റെ ആസ്ഥാനത്തിരുത്തിയെങ്കിലും ആ വേഷ
ധാരിയാൽ മൃഗാധിപന്റെ ഗർജ്ജനാദികളെ ചെയ്യു
വാൻ സാധിക്കാത്തതുപോലെയല്ലേ ഞാൻ ഈ ജമീൻ
ദാരുടെ സ്ഥാനം വഹിപ്പാൻ പോകുന്നതു്? ഇതു വി
ചാരിക്കുമ്പോൾ എനിക്കു ലജ്ജ തോന്നുന്നു. മാന്യജന
ങ്ങളേ! ജമീൻദാരദ്ദേഹം എന്റെ പേൎക്കു ഒസ്യത്തു എഴുതി
വെച്ചു. വക്കീലവൎകൾ ആ സ്വത്തുക്കളെ പരിപാലി
ച്ചു. അദ്ദേഹം ആളെ അറിഞ്ഞിട്ടല്ലെങ്കിലും മരണഘട്ട
ത്തിൽനിന്നു് എന്നെ രക്ഷിച്ചു. പല ഉപായവും പറ
ഞ്ഞു് ഇവിടേക്കു് ആനയിച്ചു. ഈ രാജ്യവാസികളായ
എല്ലാവരും എന്നെ ഈ സ്വത്തുക്കൾക്കു് അവകാശിയാ
യി സ്വീകരിച്ചു. ഈ സ്ഥിതിക്കു് കേവലനായ ഞാൻ
അതിനെതിരെ നിരസിച്ചു എന്നു വന്നാൽ എന്നെ
സ്വാമിദ്രോഹിയെന്നോ ദൈവദ്രോഹി എന്നോ ജന
ങ്ങൾ അഭിപ്രായപ്പെടുമെന്നുള്ളതു നിസ്സംശയമാണു്;
ആയതുകൊണ്ടു് ഉദാരഗുണവാന്മാരായ നിങ്ങളെല്ലാവ
രും എന്നെ സഹോദരസ്നേഹത്തോടെ സഹായിക്കുകയും
എന്റെ പ്രാണദാതാവും ജമീൻദാരുടെ പ്രാണസ്നേഹി
തനുമായ വക്കീലവൎകൾ ഇതേവരെ ഏതൊരു പ്രകാ
രം ഇവിടത്തെ അധികാരങ്ങൾ നടത്തിവന്നിരുന്നുവോ,
അതുപോലെതന്നെ മേലിലും നടത്തിവരികയും ചെയ്യു
ന്നപക്ഷം നിങ്ങളുടെ പ്രീതിക്കായി ഈ സ്ഥാനത്തെ
സ്വീകരിപ്പാൻ എനിക്കു സമ്മതമാണു്" എന്നു പറഞ്ഞു്
ഇരുന്നു. ആ സമയത്തുണ്ടായ ഹസ്തതാഡനരവം ഈ
ശുഭവാൎത്തയെ സ്വൎഗ്ഗസ്ഥനായ ജമീൻദാരവൎകളെ അ

റിയിക്കുവാനോ എന്നുതോന്നുമാറു് ആകാശപൎയ്യന്തം മുഴ ങ്ങിക്കൊണ്ടിരുന്നു.

ഉടനെ സഭാനാഥന്റെ ആജ്ഞപ്രകാരം വക്കീൽ അവർകൾ കപ്പുബുക്കെടുത്തു കരുണാകരൻനായരുടെ മു മ്പിൽവെച്ചു. കരുണാകരൻനായർ കപ്പിടുവാൻ പേന യെടുത്തപ്പോൾ കൈ വിറച്ചുതുടങ്ങി. ഒരുവിധം ധൈൎയ്യ മവലംബിച്ചു് കപ്പിട്ടുകൊടുത്തു. സഭാനാഥൻ കസ്ത്യത്തെ ടുത്തു കരുണാകരൻനായരുടെ കയ്യിൽ കൊടുത്തു. കരു ണാകരൻനായർ എഴുനേററു സഭയേയും സഭാനാഥനേ യും പ്രത്യേകിച്ചു ജമിൻദാരുടെ പടത്തേയും വന്ദിച്ചു് ക സ്ത്യത്തു വാങ്ങി ഇരുന്നു. തൽസമയം വക്കീൽ കണക്കുക ളും താക്കോലുകളും കരുണാകരൻനായരുടെ മുൻപിൽ വെച്ചു. ഉടനെ പ്രഭുക്കന്മാരിൽ പ്രധാനപ്പെട്ട രണ്ടുമൂന്നു പേർ അനുമോദനസൂചകമായ പ്രസംഗം നടത്തിയതി നുശേഷം സഭാദ്ധ്യക്ഷൻ എഴുനീററു് ഉപസംഹാരപ്ര സംഗം തുടങ്ങി.

“ അല്ലയോ മാന്യസദസ്യരേ! അന്ധകാരമയമായി രിക്കുന്ന അംബരം നക്ഷത്രോദയത്താലെന്നപോലെ ജയചന്ദ്രസേനൻ ജമിൻദാരുടെ ഈ മന്ദിരം കരുണാക രോദയത്താൽ ശോഭമാനമായി കാണുവാൻ സംഗതി വ ന്നതുകൊണ്ടു നാം ഇന്നു കൃതാൎത്ഥരായി. കരുണാകരൻ നായരെ കണ്ടുപിടിച്ചു പൊതുജനസമക്ഷം അദ്ദേഹത്തി നു സകലസ്വത്തുക്കളേയും ഏല്പിച്ചുകൊടുക്കത്തക്കവ ണ്ണം തീരുമാനിച്ച വക്കീലവർകളുടെ ആലോചനാശ

ക്തി അതില്ലാംഘനീയംതന്നെ. വിശിഷ്യ "ഭാഗ്യം ഫല
തി സൎവ്വത്ര ന വിദ്യാ ന ച പൌരുഷം" എന്ന പാഠം
നാം പഠിച്ചതുപോലെയുമായല്ലോ: മഹാജനങ്ങളേ, എ
ല്ലാം ദൈവതന്ത്രമാണ്. അദ്ദേഹത്തിന്റെ ലീലാവിനോ
ദങ്ങളെ ആർ കണ്ടിരിക്കുന്നു! സകലപ്രപഞ്ചങ്ങളുടേയും
നിയന്താവായ ഈശ്വരൻ ഈ സഭാവാസികളായ നമ്മ
ളേയും വിശേഷിച്ചു മഹാഭാഗ്യശാലിയായ ഈ കരുണാ
കരൻനായരേയും കരുണാപുരസ്സരം കാത്തുരക്ഷിക്കട്ടെ!!"
എന്നു പറഞ്ഞു സഭാനാഥൻ ഇരുന്നു. ആ സമയത്തുണ്ടാ
യ മംഗളവാദ്യഘോഷംകൊണ്ടും, ഹസ്തതാഡനശബ്ദം
കൊണ്ടും, ചീയേഴ്സ് വിളികൊണ്ടും, ദിക്കാസകലം മു
ഴങ്ങി.

ഉടനെ വക്കീൽ എഴുനീററു സഭാനാഥനേയും കരു
ണാകരൻനായരേയും മാലയണിയിച്ചു ഡാക്കടരും, മ
ററും സഭാവാസികളെ പനിനീർ തളിക്കുകയും അവൎക്ക
ചെറുനാരങ്ങ മുതലായതു കൊടുക്കുകയും ചെയ്തതിന്റെ
ശേഷം സഭാനാഥനു നന്ദി പറഞ്ഞു മംഗളകരമായി
സഭ പിരിയുകയും ചെയ്തു.

സഭയിൽ ഇരുന്നിരുന്നവരും, ഗൈററുവരെ തിക്കി
ത്തിരക്കി നിന്നിരുന്നവരും, അകത്തുപ്രവേശിപ്പാനിടമി
ല്ലാതെ ഗൈയിററിങ്കൽത്തന്നെ എത്തിച്ചുനോക്കി നിന്നി
രുന്നവരും, ആയ അസംഖ്യം ജനങ്ങളിൽവെച്ചു മൂന്നു
പേർ ഒഴികെ ബാക്കി എല്ലാവരും ഒരുപോലെ സന്തോ
ഷിച്ചു. ആ മൂന്നുപേർ ഇന്നവരാണെന്നു വായനക്കാൎക്ക്
ഊഹിക്കാവുന്നതാണല്ലോ.

# ഏഴാമദ്ധ്യായം.

## സ്ഥലമാററം.

ഗാർഡൻപാർട്ടി കഴിഞ്ഞു് എല്ലാവരും പിരിഞ്ഞതിനുശേഷം വക്കീലും ഡാക്ടരും ശുഭമുഹൂത്തത്തിൽ ജയചന്ദ്രസേനൻ ജമീൻദാരുടെ ഗൃഹത്തിങ്കൽ കരുണാകരൻനായരെ പ്രവേശിപ്പിച്ചു. വക്കീൽ പെട്ടി, അലമാരി, മുതലായവയെ ലിസ്റ്റ് പ്രകാരം ഒത്തുനോക്കി കരുണാകരൻനായരെ ഏല്പിച്ചുകൊടുത്തു. അതു കണ്ടു കരുണാകരൻനായർ ഇങ്ങിനെ ചോദിച്ചു.

കരുണാകരൻനായർ—സ്വാമി! നിങ്ങളുടെ ഉദ്യമം എന്താണെന്നു് എനിക്കു മനസ്സിലാവുന്നില്ല. ഈ കാട്ടുന്ന ഗോഷ്ഠികളുടെ അത്ഥം എന്താണു്?

വക്കീൽ—ഇതു ഞാൻ ചെയ്യേണ്ട ചുമതലയാണു്. അല്ലാതെ ഗോഷ്ഠിയും മററുമല്ല. ഇതെല്ലാം ലിസ്റ്റിൻപടി ശരിയായിരിക്കുന്നു. ഞങ്ങൾക്കു് ഇപ്പോൾ പോകുവാൻ സമയമായിത്തുടങ്ങി. അതിന്നു് അനുവാദം തരണം.

കരുണാകരൻനായർ—(വക്കീലിന്റെ കൈ പിടിച്ചുകൊണ്ടു്) ഇതാണു് ഇപ്പോൾ കേമമായതു്. എന്നെ പുലിയെ പിടിച്ചു കൂട്ടിലിട്ടടക്കുന്നതുപോലെ തനിയെ ഇവിടെ വിട്ടു പോകുന്നതു് ഉചിതമാണോ? ഞാൻ സഭയിൽ വെച്ചു് അപേക്ഷിച്ചതെല്ലാം മറന്നുപോയോ?

വക്കീൽ—പ്രഭോ! മറന്നിട്ടില്ല. മറക്കുകയുമില്ല. ഇപ്പോൾ

അങ്ങോട്ടു പോയിട്ടു കുറച്ചാവശ്യമുണ്ടു്. നാളെ വന്നു കണ്ടുകൊള്ളാം.

കരുണാകരൻനായർ — ശരി, നിങ്ങൾക്കു് ഇപ്പോൾ പോകാതെ നിവൃത്തിയില്ലാത്തപക്ഷം നിർബ്ബന്ധിക്കുന്നതു ന്യായമല്ലല്ലോ. നാളെ വരുവാനമാന്തിക്കയില്ലെന്നു വിശ്വസിക്കുന്നു.

വക്കീലും ഡാക്കടരും യാത്ര പറഞ്ഞു പോയി. കരുണാകരൻനായർ ഒരു ചാരുകസാലയിൽ കിടന്നുകൊണ്ടു് ഓരോന്നു വിചാരിച്ചു തുടങ്ങി. "ഇതെന്തൊരു സംഭവമാണു്. 'അന്യഥാ ചിന്തിതം കാൎയ്യം ദൈവമന്യത്ര ചിന്തയേൽ' എന്ന മട്ടിൽ ഞാൻ ഉദ്ദേശിച്ചു നടന്നിരുന്ന പ്രവൃത്തി ഒന്നു്, ഇപ്പോൾ ദൈവം കൊണ്ടുവന്നു സംഘടിപ്പിച്ചതു് മറ്റൊന്നു്, മനുഷ്യൻ വിചാരിച്ചിട്ടുള്ളതു് എല്ലാം നടക്കില്ലെന്നുള്ളതിന്നു് ഇതുതന്നെ ദൃഷ്ടാന്തമല്ലേ?" എന്നും മററും ആലോചിച്ചു കുറച്ചുനേരം കിടന്നതിന്നുശേഷം നേരം സന്ധ്യയായതു കണ്ടു് അദ്ദേഹം കുളത്തിലേക്കു പോകുകയും ചെയ്തു.

മാസങ്ങൾ ഒന്നുരണ്ടു കഴിഞ്ഞു. ഇതിനിടയ്ക്കു കരുണാകരൻനായർ പലേ ധൎമ്മച്ചിലവുകളും ഏൎപ്പെടുത്തി: ഒന്നാമതു്, ജമീന്ദാരുടെ ശ്രാദ്ധദിവസം സാധുക്കൾക്കു ധൎമ്മച്ചിലവു നടത്തേണ്ടതിന്നുവേണ്ടി കുറെ ദ്രവ്യം ഗവൎമ്മേണ്ടിനെ അധികാരപ്പെടുത്തി റജിസ്റ്റർ ചെയ്തുവെച്ചു. രണ്ടാമത്തേതു വിദ്യാഭ്യാസവിഷയമായിരുന്നു. പത്തു ക്ലാസ്സുവരെ ഉള്ളതായ ഒരു ഇംഗ്ലീഷ് ഹൈസ്കൂളും ശിരോമണിവരേയുള്ള ഒരു സംസ്കൃതപാഠശാലയും ഫീസ്സി

ല്ലാതെ പഠിപ്പിക്കുവാനുള്ള ഏൎപ്പാടുകളോടുകൂടി സ്ഥാപിച്ചു. ഡാക്ടർ കെ. വെങ്കിട്ടറാവു അവർകൾക്കു പതിനായിരം രൂപ സമ്മാനദാനം ചെയ്തു. സ്ഥലംകാൎയ്യസ്ഥന്മാർ, ഗ്രാമസ്ഥന്മാർ, ഗൃഹജോലിക്കാർ, ഇവൎക്കു യഥായോഗ്യം സംഭാവനകളും കൊടുത്തു.

ഒരു ദിവസം കരുണാകരൻനായരും വക്കീൽ അവർകളുംകൂടി ഓരോന്നു സംസാരിച്ചുംകൊണ്ടിരിക്കുമ്പോൾ ഒരു തപ്പാൽശിപായി ഒരു രജിസ്റ്റ്കവർ കൊണ്ടുവന്നു വക്കീലിന്നു കൊടുത്തു. വക്കീൽ ഒപ്പിട്ടു ലക്കോട്ടു വാങ്ങി. അപ്രതീക്ഷിതമായി രജിസ്ട്രാപ്പീസ്സിൽനിന്നും തനിക്കു ഇങ്ങിനെ ഒരു ഉരുപ്പടി വരുന്നതിന്റെ കാരണം എന്തായിരിക്കുമെന്നു കുറച്ചു് ആശ്ചൎയ്യത്തോടെ കവർ പൊട്ടിച്ചു വായിച്ചു. ആ ആശ്ചൎയ്യം കുറേക്കൂടി വൎദ്ധിച്ചു. ഒരിക്കൽകൂടി വായിച്ചുനോക്കി. ഒരു ദീൎഘശ്വാസത്തോടുകൂടി കരുണാകരൻനായരെ ഒന്നു നോക്കി. ആ നോട്ടത്തിൽ ആശ്ചൎയ്യം, ബഹുമാനം, സ്നേഹം, ഈ വക രസങ്ങൾ ഇടകലൎന്നു സ്ഫുരിച്ചിരുന്നു. ഗൽഗദാക്ഷരത്തോടുകൂടി കരുണാകരൻനായരോടു് "പ്രഭോ! ഇതെന്തൊരു കഥയാണു്?" എന്നു ചോദിച്ചു. "ഞാൻ ചെയ്യേണ്ടതായ ഒരു കടമയാണു് ഇതു്. അതിൽ ആശ്ചൎയ്യപ്പെടത്തക്കവണ്ണം ഒന്നുമില്ല" എന്നു നായർ മറുവടി പറഞ്ഞു. "ഞാൻ നിങ്ങൾക്കു് ഇതിന്നു തക്കവണ്ണം പ്രവൎത്തിച്ചിട്ടുള്ളതെന്താണു്" എന്നു വക്കീൽ രണ്ടാമതും ചോദിച്ചതിന്നു "ജമീൻദാരദ്ദേഹം ഇങ്ങിനെ ചെയ്യത്തക്കവണ്ണം ഞാനെന്തു പ്രവൎത്തിച്ചു" എന്നായിരുന്നു കരുണാക

രൻനായരുടെ മറുവടി. പിന്നീട് അല്പനേരം രണ്ടുപേരും മൌനികളായിരുന്നു.

പ്രിയവായനക്കാരേ! ആ ലാക്കോട്ടിൽ വന്ന സാധനം എന്തായിരിക്കുമെന്നു നിങ്ങൾക്കറിവാനാശയുണ്ടായിരിക്കുമല്ലോ. ജമീന്ദാരുടെ ഗൃഹവും ആ ഗൃഹം സ്ഥിതിചെയ്യുന്ന സ്ഥലവും ആ ഗൃഹത്തിങ്കലുള്ളതായ എല്ലാ ഇളകുന്ന മുതലുകളും ജമീന്ദാരുടെ ഭൂസ്വത്തിൽ നേർപകുതിയും വക്കീൽ കെ. രാമറാവു അവർകൾക്ക് കരുണാകരൻനായർ ദാനം ചെയ്തതായി എഴുതി റജിസ്ത്ര് ചെയ്ത് ആപ്പീസ്സിൽനിന്ന് വക്കീലവർകൾക്ക് നേരിട്ടു അയച്ച "ദാനപത്ര"മായിരുന്നു അതു്.

വക്കീൽ—പ്രഭോ! നിങ്ങളുടെ ഈ സാഹസം കടുപ്പമായിപ്പോയി.

നായർ—യാതൊരു കടുപ്പവുമില്ല. നിങ്ങൾ എന്നെ രക്ഷിച്ചിട്ടുള്ള സ്ഥിതിക്ക് ഇതു് ഏററവും ലഘുതരമാണ്. ഇനി ഒന്നു പറഞ്ഞുകൊള്ളട്ടെ. ഇടക്കും തലക്കും നിങ്ങളുടെ ഈ സംബോധന എനിക്കു പഥ്യമല്ല.

വക്കീൽ—അതിരിക്കട്ടെ, സാരമില്ല. നിങ്ങളുടെ ഈ ഉദ്യമം കാണുമ്പോൾ ആശ്രിതന്മാരായ ഞങ്ങളെ ഉപേക്ഷിച്ച് ഇവിടം വിട്ടു പോകുവാനാണു ഭാവമെന്നു തോന്നുന്നു.

നായർ—അങ്ങിനെ വിചാരിച്ചിട്ടില്ല. പക്ഷേ എന്റെ ഒരാശ കിടക്കുന്നതു വാസസ്ഥാനം ഒന്നു മാററിയാൽ കൊള്ളാമെന്നാണ്.

വക്കീൽ—എന്താ, ഇവിടെ സുഖമില്ലെന്നുണ്ടോ?

നായർ—ഇവിടെ സുഖമില്ലായ്കയല്ല. സ്വദേശം ശ്രേഷ്ഠമാണല്ലോ. വിശിഷ്യ സ്വഗൃഹം അതിവിശിഷ്ടം തന്നെ.

വക്കീൽ—എങ്കിലും നിങ്ങൾ ഈ ഗൃഹം വിട്ടുപോകുന്നതു് ഏററവും വ്യസനഹേതുവാണ്.

നായർ—നിങ്ങളെയാണല്ലോ ഇതിൽ സ്ഥിതിചെയ്യത്തക്കവണ്ണം ഞാൻ സങ്കല്പിച്ചിരിക്കുന്നതു്.

വക്കീലിന്നു പിന്നെ പറവാൻ സമാധാനമില്ലാതായി. തനിക്കു് ഇങ്ങിനെ ഒരു സമ്പത്തു ലഭിക്കുമെന്നു സ്വപ്നത്തിൽപ്പോലും വിചാരിച്ചിരുന്നില്ല. ആശിച്ചിരുന്നുമില്ല. കരുണാകരൻനായരുടെ ഉദാരഗുണങ്ങളെ ആലോചിച്ചു് അദ്ദേഹം ആശ്ചര്യപരതന്ത്രനായി ഭവിച്ചു. ഈ ഒരു അനശ്വരത്നം അന്യദേശാലങ്കാരമായി ഭവിക്കുവാനല്ലേ പോകുന്നതു് എന്നു വിചാരിച്ചപ്പോൾ വക്കീലവർകളുടെ വ്യസനങ്ങൾക്കു് അതിരില്ലാതെ ആയി. ഇതു വിരോധിക്കുവാൻ പാടുള്ളതുമല്ല. വിരോധിച്ചാൽ നിൽക്കുന്നതുമല്ല. അദ്ദേഹം എന്തു ചെയ്യും? കരുണാകരൻനായരുടെ ഉദ്ദേശങ്ങളെ വക്കീൽ മനസ്സില്ലാമനസ്സോടെ സമ്മതിച്ചു.

കരുണാകരൻനായൎക്കു സ്വദേശമായ ലക്ഷ്മീപുരത്തുവന്നു വീടു പണിയിക്കേണ്ട ഭാരം വേണ്ടിവന്നില്ല, അദ്ദേഹത്തിന്റെ പൂൎവ്വഭവനം ലേലത്തിൽക്കൊണ്ടതു വക്കീൽ കെ. രാമക്കുറുപ്പു ബി. എ., ബി. എൽ. അവർകൾ ആയിരുന്നു. അദ്ദേഹം പഴയ വീടു പൊളിച്ചു നീക്കി പുതിയ പരിഷ്കാരമട്ടിൽ ഒരു ഗൃഹം പണിയിച്ചു. വീടു

വളരെ വെട്ടപ്പും കളുക്കവുമുള്ളതും ഉപയോഗത്തിന്നു വേണ്ടപ്പെട്ട എല്ലാ സ്ഥലങ്ങളോടുകൂടിയതുമായിരുന്നു. വിശേഷിച്ച ഗൃഹത്തിന്റെ പടിഞ്ഞാറുവശം സുമാർ 8 ഏക്ര സ്ഥലം ചുററും ഒരു പൂങ്കാവനം നിൎമ്മിച്ചിട്ടുണ്ട്. അതിന്റെ മദ്ധ്യത്തിങ്കലായി ഒരുമാതിരി വലിയ വൃക്ഷങ്ങളിൽ പടൎന്നുപിടിച്ച പ്രതിദിവസവും പുഷ്പിതങ്ങളായ ലതാഗണങ്ങളാലും, അതിന്നു ചുററും പല തരങ്ങളായ പൂച്ചെടികളാലും ആ പ്രദേശം ഒരു ലതാഗൃഹംപോലെ ശോഭിച്ചിരുന്നു. ആ ലതാഗൃഹമദ്ധ്യത്തിങ്കൽ കളിൎക്കല്ലുകൊണ്ടു നിൎമ്മിച്ച ഒരു മണ്ഡപവുമുണ്ട്. ആ പൂങ്കാവനത്തിന്നും ഗൃഹത്തിന്നും ചുററും പുറത്തുനിന്നു നോക്കിയാൽ കാണാത്തവിധം ഉയരത്തിൽ മതിൽ കെട്ടീട്ടുണ്ട്. ഉദ്യാനത്തിലേക്കു കടന്നുപോകുവാൻ ഗൃഹത്തിന്റെ പടിഞ്ഞാറെ തളത്തിൽനിന്നും തെക്കെ മുററത്തുനിന്നും പടിഞ്ഞാട്ട് ഓരോ വാതിലുകൾ ഉണ്ടായിരുന്നു. ഗൃഹത്തിന്റെ കിഴക്കഭാഗത്ത് ഒരു പടിപ്പുര മാത്രമേ ബഹിൎഗ്ഗമനത്തിന്നു ദ്വാരമുള്ളു. ആകപ്പാടെ ആ സ്ഥലം വളരെ മനോഹരമായിരുന്നു. വക്കീലവർകൾ ആ ഗൃഹത്തിന്നു "ഭാരതീവിലാസം" എന്ന നാമധേയവുമിട്ടു.

വക്കീൽ രാമക്കുറുപ്പ് അവർകൾ ഒരു ദിവസം ഉച്ചയ്ക്കു ഭക്ഷണം കഴിച്ചു മാളികമുകളിൽ ഇരിക്കുകയായിരുന്നു. അദ്ദേഹം ഒരാലോചനയിൽപ്പെട്ടു കുറച്ചുനേരം അങ്ങുമിങ്ങും നടന്നു. പിന്നീടു ചാരുകസേരയിൽ ചെന്നു കിടന്ന് ഒരു വൎത്തമാനപത്രവുമെടുത്തു വായനതുടങ്ങി. അതും മുഷിഞ്ഞ് ഓരോന്നു പിറുപിറുത്തുതുടങ്ങി.

ആ സമയത്ത് ഒരു പ്രൌഢാംഗന ആ അറയ്ക്കകത്തു പ്രവേശിച്ചു.

ആ സ്ത്രീ കാഴ്ചക്കു വിരൂപയല്ലെങ്കിലും അവളുടെ ചില ചേഷ്ടകളെക്കൊണ്ട് ഒരു ബീഭത്സതയാണു് അധികം കാണപ്പെടുന്നത്. അവളുടെ കൈകൾക്കു ജോലിയില്ലാത്ത സമയത്തും ജോലികളുടെ ഇടയ്ക്കും തലയ്ക്കും അവൾക്കു പ്രത്യേകമായി അവൾ കല്പിച്ചുകൊടുത്തിട്ടുള്ള ജോലി തലയിൽ പേൻതപ്പലാണു്. സംസാരസമയങ്ങളിലെല്ലാം താടിയെ ഇടത്തോട്ടും വലത്തോട്ടും ആട്ടി അവസാനവാചകത്തോടുകൂടി താടിയെ വലത്തുഭാഗത്തേക്ക് ഊന്നി നിറുത്തുകയാണു പതിവ്. ഈ ഒരഭിനയം സൌന്ദര്യത്തിന്നു് ഒരു പ്രധാനാംശമായിട്ടാണു് അവൾ കരുതിവന്നിരുന്നത്. ആംഗ്ലേയവനിതമാരുടെ നയനങ്ങളോട് ഏതാനും സാദൃശ്യപ്പെടുന്ന കണ്ണുകളെ അർദ്ധനിമീലിതങ്ങളാക്കിയും ചുണ്ടുകൾ ചെരിച്ചുമുള്ള അവളുടെ ഹാസം, ഏതൊരു മനുഷ്യനും ഹാസാസ്പദമായി ഭവിക്കുന്നതാണു്. അവളുടെ പഠിപ്പിന്റെ കാര്യം വക്കീലും അവളുമായുള്ള സംഭാഷണംകൊണ്ടു വെളിപ്പെടുന്നതാകയാൽ ആ ഭാഗം എഴുതുന്നില്ല. അവൾ വക്കീലിന്റെ കിടപ്പും സമ്പ്രദായവും കണ്ടു മന്ദസ്മിതത്തോടുകൂടി 'അല്ലാ! ഇതെന്തൊരു കിടപ്പാണു?' എന്നു ചോദിച്ചു.

വക്കീൽ—(തിരിഞ്ഞുനോക്കീട്ട്) എന്താ വിശാലാക്ഷിക്ക് എന്റെ കിടപ്പു ബോധിച്ചില്ലെന്നുണ്ടോ?

വിശാലാക്ഷി—ബോധിക്കായ്കയല്ല. അങ്ങയുടെ ദേഹം

ഈ രാജ്യത്തും മനസ്സ മനോരാജ്യത്തിലും ആയിക്കണ്ടെപ്പോൾ അങ്ങിനെ ചോദിച്ചുപോയി എന്നെ ഉള്ളു.

വക്കീൽ .. ഞാൻ മനോരാജ്യത്തിൽ കിടക്കകയാണെന്നു ഭവതി എങ്ങിനെ അറിഞ്ഞു?

വിശാലാക്ഷി—എന്താ, എനിക്കൊന്നും അറിഞ്ഞുകൂടെന്നോ? നിങ്ങളോളം പഠിപ്പ് ഇല്ലെങ്കിലും ശീലവതി, പത്തുവൃത്തം, പതിനാലുവൃത്തം, ഇതുകളൊക്കെ ഞാനും പഠിച്ചിട്ടുണ്ട്. ഒരുക്കൂട്ടമൊക്കെ എനിക്കും അറിയാം.

വക്കീൽ—(പൊട്ടിച്ചിരിച്ചുകൊണ്ട്) എന്താ, ഇപ്പോൾ ഇങ്ങോട്ടു പോന്നത്? കാര്യം വല്ലതും പറവാനുണ്ടോ?

വിശാലാക്ഷി—അതോ ഈയ്യിടെ വരുന്ന കക്ഷികളെ ഒക്കെ മടക്കിക്കളയുന്നത് എന്താണ്? കോടതിക്കുപോകവേണ്ടെന്നുവെച്ചുവോ? പഞ്ചത്തു പണിക്കരുടെ കേസ്സുപ്രസംഗം ഇമ്മാസം 25-ാംനു-യാണെന്നും അതു കഴിഞ്ഞാൽ രണ്ടു ദിവസത്തിനകത്തു നമ്പ്ര് വിധി പറയുമെന്നും വിധികഴിഞ്ഞാൽ രണ്ടു കിഴി കയ്യിലാണെന്നും അതുകിട്ടിയാൽ വിലാസൂന് (വിശാലാക്ഷിയമ്മയുടെ മകൾ വിലാസിനി) പണ്ടം പണിയിക്കാമെന്നുമല്ലേ പറഞ്ഞിരുന്നത്? അവരുടെ റിക്കാർട്ടുംകൂടി ഇന്നലെ മടക്കിക്കൊടുത്തുവെന്നാണല്ലോ കേട്ടത്?

വക്കീൽ—വിശാലാക്ഷി അത് എങ്ങിനെ അറിഞ്ഞു?

വിശലാക്ഷി—എനിക്കു ചെവിയില്ലെന്നോ?

വക്കീൽ—ഇനി എനിക്കു പ്രാക്കടീസ്സ വേണ്ടെന്നനിച്ചു.

വിശാ—പ്രകടിപ്പു വേണ്ടെന്നുവെച്ചാൽ ഇനി എന്താ ക

ഴിഞ്ഞുകൂടുവാൻ മാറ്റും? ഉള്ള പണമൊക്കെ സ്ഥലം പണിയ്ക്കു പൊടിതട്ടി.

വക്കീൽ—പ്രകടിപ്പോ? (എന്നു ചിരിച്ചുകൊണ്ടു്) എനിക്കു മുൻസിപ്പു് ഉദ്യോഗത്തിന്നു കല്പന കിട്ടിയിരിക്കുന്നു. ഈ മാസം 10-ാംനു- കോഴിക്കോട്ടു ഡിസ്ത്രിക്കട മുൻസീഫ് കോട്ടിൽ ചെന്നു ചാർജ എറ്റുവാങ്ങുവാനാണു കല്പന. അതുകൊണ്ടാണു റിക്കാർട്ടു മടക്കി കൊടുത്തതു്.

വിശാ—നന്നായി. അപ്പോൾ ഞാൻ ഒരു മുൻസീപ്പിന്റെ ഭാര്യയുംകൂടി ആവുമല്ലോ.

വക്കീൽ—അതുകൊണ്ടെന്താ വിശേഷം?

വിശാ—എത്ര ആളുകളാണു് എന്നെ കണാൻ വരുക? ഇനി കാപ്പിക്കു പഞ്ചാര വാങ്ങണം. കൽക്കണ്ടംതന്നെ ധാരാളം പൊടിച്ചു ചേക്കാം. പിന്നെ—ഹാ!

വക്കീൽ—അതൊന്നും തരമാകയില്ല. കൈക്കൂലിക്കേസ്സിൽ കേശവമേനോന്റെ പണി തുലഞ്ഞതു കേട്ടിട്ടില്ലേ?

വിശാ—അതു് അയാളെ കൊള്ളാഞ്ഞിട്ടു്. "കക്കാൻ പോകുന്നപക്ഷം നിക്കപോകണം." അതിനാണു വശത വേണ്ടതു്. അതൊക്കെ പോട്ടെ. നിങ്ങളെന്തേ മനോരാജ്യം വിചാരിച്ചിരുന്നതു്? അതു പറയൂ.

വക്കീൽ—ഞാൻ ഈ സ്ഥലത്തെ കുറിച്ചു വിചാരിക്കുകയാണു്.

വിശാ—എ—നിങ്ങൾ ജോത്സ്യം പഠിച്ചിട്ടുണ്ടോ? അതു

ഞാനറിഞ്ഞില്ലേ! പിന്നെ എന്തിനാണ് ഇവിടുത്തു കാരൊക്കെ പാഴ്ക്കും മററും പോണത്?

വക്കീൽ—പ്രശ്നവിചാരത്തിന്നു പാഴ്ക്കാ മറേറാ പോകണം.

വിശാ—ഇത് അതല്ലങ്കിൽ പിന്നെ എന്തു വിചാരാണ്?

വക്കീൽ—ഈ വിചാരവഴി വേറെയാണ്.

വിശാ—അതെ—പെണ്ണിനല്ലേ സ്വാതന്ത്ര്യവിചാരമുള്ളു? ഇപ്പിടെ മണ്ണിനുംകൂടി തുടങ്ങീട്ടുണ്ടോ?

വക്കീൽ—(ചിരിച്ചുകൊണ്ട്) ആ വക വിചാരങ്ങളൊന്നുമല്ല. നമ്മൾ ഇവിടെനിന്നു പോയാൽ ഈ സ്ഥലത്തെ എന്തുചെയ്യണമെന്നാണ് ആലോചിക്കുന്നത്.

വിശാ—അതിനിത്ര ആലോചിക്കാനുണ്ടോ?

വക്കീൽ—അതുവ്വലോ. ഇതിന്ന് ഒരുപടി പണം ചിലവു ചെയ്തുപോയിട്ടില്ലേ?

വിശാ—അതുകൊണ്ട്?

വക്കീൽ—നമ്മൾ ഇല്ലെങ്കിൽ ഇതു നാനാവിധമായി പോകുമല്ലോ.

വിശാ—വാടകക്കു കൊടുക്കണം.

വക്കീൽ—വാടകക്കു കൊടുത്താൽ പിന്നെ വരുമ്പോൾ കഴുക്കോലുംകൂടി കാണുകയില്ല.

വിശാ—കെട്ടിച്ചുമക്കാൻ നിവൃത്തിയില്ലല്ലോ; പിന്നെ എന്താ ചെയ്യാൻ കണ്ടിരിക്കുന്നതു്?

വക്കീൽ—തരംവന്നാൽ വില്ക്കണമെന്നാണ്.

വിശാ—വിശേഷം! ഈ ആലോചനയാണു നന്നായതു്.

വക്കീൽ—ഉം. എന്താണതു്?

വിശാ—അന്നു പറഞ്ഞതൊക്കെ ശരിയായി. വിലാസ്സുനുള്ള പണ്ടങ്ങളും എനിക്ക് എന്നു പറഞ്ഞ വീടും സ്വപ്നത്തിൽകണ്ട കാഴ്ചതന്നെ. നാവെടുത്താൽ നുണയല്ലാതെ ഒന്നും പറയില്ല. കണ്ണല്ലാത്തതൊക്കെ പൊന്നാക്കിത്തരാമെന്നും മറ്റും പറഞ്ഞു ഫലിപ്പിക്കാൻ നല്ല മിടുക്കുണ്ട്. കാൎയ്യമടുക്കുമ്പോൾ പുള്ളി കള്ളി തെററിക്കും. കൊള്ളാം: ഈയുള്ളവളെ ഇതിനുല്ലേ കൊള്ളു.

വക്കീൽ—ഏയ്, അങ്ങിനെ വിചാരിക്കേണ്ട. ഇതു വിററാൽ ആ പണം പിന്നെ ആൎക്കാ?

വിശാ—ആവോ? എനിക്ക് അറിയാമോ? അഞ്ചുമണിക്കു ക്ലബ്ബിൽ പോയാൽ രാത്രി പതിനൊന്നുമണിക്കല്ലേ മടങ്ങി എത്തുള്ളു. അതിനിടക്ക് ആൎക്കെല്ലാം കൊടുക്കേണ്ടതുണ്ടോ ആവോ? ദൈവത്തിന്നറിയാം.

വക്കീൽ—(കോപത്തോടെ) വിശാലാക്ഷി, അപരാധം വിളിച്ചു പറവാൻ സൂക്ഷിച്ചിട്ടുവേണം, കേട്ടോ.

വിശാ—ഇല്ലാത്തതു പറവാനല്ലേ സൂക്ഷിക്കേണ്ടു?

വക്കീൽ—ഇപ്പോൾ ഉള്ളത് എന്താണ്? വല്ലതും പറയാതെ പാടുനോക്കി പോയിക്കൊള്ളു.

വിശാ—ഞാൻ പോയ്ക്കൊള്ളാം. എന്നെക്കൊണ്ട് ഉപദ്രവം വേണ്ട; അവിടേക്കു യോഗ്യത കൂടിയല്ലോ. ഇനി ഒക്കെ നല്ലതിനെ തിരഞ്ഞ് എടുക്കാമല്ലോ. അന്ന് എന്നെ "പൊന്നേ" "കണ്ണേ" എന്നൊക്കെ പറഞ്ഞിട്ടല്ലേ മയക്കിയത്? അല്ലെങ്കിൽ ഞാൻ വരുമോ? നിങ്ങൾക്ക് ആരുകൂട്ടാകും? വിലാസുവിന്റെ അ

ച്ഛൻ മരിച്ചതുകൊണ്ടല്ലേ എനിക്ക് ഇങ്ങിനെ കഷ്ടപ്പാട വന്നത്? പാവം—ആ “പഞ്ചവൎണ്ണക്കിളി,” ആ ഗോവിന്ദമേനോൻെറ മകൾ—അവളെ പിടിപ്പാൻ എന്തെല്ലാം തരത്തിൽ വല വീശി. ആ സാധുക്കുട്ടി ഈ കോട്ടാളു'ൻെറ തലയിൽ പെടാഞ്ഞത് അവളുടെ ഭാഗ്യം. സ്ഥലം പണിക്കാലത്താണല്ലോ അവൾക്കു വല വീശിത്തുടങ്ങിയത്. അവളെക്കൊണ്ടു വരുന്നതിന്നു മുൻപുതന്നെ സ്ഥലത്തിന്ന് അവളുടെ പേരു കൊടുത്തുകഴിഞ്ഞു. പെണ്ണിൻെറ കാൎയ്യം വായിൽ മണ്ണടിച്ചു. മണ്ണിൻെറ പേർ മണ്ണിൽതന്നെ വേരൂന്നി. പിന്നെ കണ്ട പെണ്ണുങ്ങളെ പിടുത്തംകൂടി എൻെറ അമ്മ എന്നെ ബലികഴിച്ചുവിട്ടു.

ഇങ്ങിനെ കാരണോർ പുലമ്പിക്കൊണ്ടു “ശടപട” എന്നു കോണിപ്പടിഇറങ്ങി വിശാലാക്ഷി താഴത്തേക്കു പോയി. വക്കീൽ പിന്നേയും കാരണോർ വിചാരിച്ചുതുടങ്ങി. “ഈ സ്ഥലം ഞാൻ വില്ക്കുവാൻ ഉദ്ദേശിച്ചാൽ പകുതിവില കിട്ടുവാൻ ഞെരുങ്ങും. കയത്തൻ ഇങ്ങോട്ട് ആവശ്യപ്പെടുന്നതായാൽ ഇരട്ടി കിട്ടുവാനും മതി. വിറ്റാൽ കൊള്ളാമെന്നുള്ള ഉദ്ദേശം ചില സ്നേഹിതന്മാരെ അറിയിച്ചിട്ടുമുണ്ട്. അവരാരും ഇതേവരെ വന്നില്ലല്ലോ” ഇങ്ങിനെ വിചാരിച്ചിരിക്കെ ഉമ്മറത്തു ഒരു ചുമ കേട്ടു. ഉടനെ വക്കീൽ—

“ആരാ, രാമനോ?”

“അതെ എമാന്നേ”

“എന്താ വന്നത്?”

"ആരോ ഒരു ജോഷ്യൻ കാണാൻ വന്നിരിക്കുന്നു. ഞാൻ അറിയുല്ല്യാ" എന്നു പറഞ്ഞു വാലിയക്കാരൻ താഴത്തേക്കുപോയി.

"ഇതെന്തു ശല്യമാണ്. ഞാൻ പ്രാക്കടീസ്സു നിറുത്തീട്ടും പിന്നേയും ആളുകൾ വന്നു വെറുതെ ബുദ്ധിമുട്ടിക്കുന്നുവല്ലോ? മുമ്പുള്ള കക്ഷിക്കാരുടെ റിക്കാർട്ടു മുഴുവനും മടക്കിക്കൊടുത്തുകഴിഞ്ഞു. പുതിയ കക്ഷിയാവാൻ ആവശ്യപ്പെടുന്നവരോടു കാര്യം പറഞ്ഞു പറഞ്ഞു തോററു. ഇനിയും ആളുകൾ വരുന്നതിന്നു കുറവില്ല." ഇങ്ങിനെ ഓരോന്നു വിചാരിച്ചുംകൊണ്ടു വക്കീൽ താഴത്തു വന്നപ്പോൾ ഉയന്തരം ഉടുപ്പുകളോടുകൂടിയ ഒരു യോഗ്യപുരുഷനെ കണ്ടു.

വക്കീലിന്ന് ആളെ മനസ്സിലായില്ലെങ്കിലും മയ്യാദപ്രകാരം വന്ദനംചെയ്ത് ഒരു കസേര നീക്കി ഇട്ടുകൊടുത്ത് 'ഇരിക്കാം' എന്നു പറഞ്ഞു. ആഗതൻ പ്രതിവന്ദനംചെയ്തു കസേരയിൽ ഇരുന്നു. വക്കീൽ ആഗതന്നാഭിമുഖമായി ഇരുന്നതിൻെറശേഷം 'എവിടുന്നാണു വരുന്നതു്?' എന്നു ചോദിച്ചു.

ആഗതൻ—ഞാൻ വിജയനഗരത്തിൽനിന്നു വരുന്നു. വക്കീൽ മിസ്റ്റർ രാമക്കുറുപ്പ് നിങ്ങൾതന്നെയല്ലേ?

വക്കീൽ—അതെ. എന്താ വല്ല കേസ്സുനിമിത്തം വന്നതാണോ?

ആഗതൻ—അല്ല; നിങ്ങളെ ഒന്നു കണ്ടുപോകുവാൻ മാത്രമാണ്.

വക്കീൽ—നിങ്ങളുടെ പേർ?

ആഗതൻ—കരുണാകരൻ നായർ.

വക്കീൽ—നിങ്ങളുടെ വീട്ടു പേർ?

കരു—പൂവള്ളിസ്ഥൽ എന്നായിരുന്നു.

വക്കീൽ—കുമാരൻ നായരുടെ അനന്തിരവൻ ആയിരിക്കാം, അല്ലേ?

കരു—അതേ.

വക്കീൽ—ഓ......മിസ്റ്റർ കരുണാകരൻ നായരോ! ജയചന്ദ്രസേനൻ ജമീൻദാരുടെ ഉദ്യോഗസ്ഥനോ?

കരു—(അൽമനസ്സോടെ) ഓ! അങ്ങിനേയും ജനങ്ങൾ പറയുന്നുണ്ടു്.

വക്കീൽ—ഹരി! ഹരി! ഞാൻ ആളെ അറിയായ്കനിമിത്തം നിങ്ങളെ വേണ്ടതുപോലെ സൽക്കരിക്കുവാൻ സാധിച്ചില്ലല്ലോ. മാപ്പു ചോദിച്ചുകൊള്ളുന്നു.

കരു—അയ്യോ, നിങ്ങൾ ഇങ്ങിനെ പറയരുതേ. എനിക്കു വിശേഷവിധിയായി യാതൊരു യോഗ്യതയുമില്ല. ഞാൻ പഴയ കരുണാകരൻനായർതന്നെ.

വക്കീൽ—നിങ്ങളുടെ ആഗമനത്തെ കുറിച്ചു മുൻകൂട്ടി ഒരു കാർഡു് അയച്ചിരുന്നു എങ്കിൽ എത്ര വിധത്തിലും ഈ ക്ലേശത്തിന്നു് ഇടയാവില്ലായിരുന്നുവല്ലോ.

കരു—ഞാൻ ഇങ്ങോട്ടു പുറപ്പെടേണമെന്നു വിചാരിച്ചതുതന്നെ മിനിഞ്ഞാന്നുവൈകുന്നേരമാണു്. അപ്പോൾതന്നെ പുറപ്പെടുകയും ചെയ്തു. ഇവിടെ ഇന്നു കാലത്തു 12 മണിക്കാണു വന്നതും. കാൽമണിക്കൂറു മുമ്പെയാണു് ഇവിടെവന്നു നിങ്ങളെ കാണണമെന്നും തീർച്ചപ്പെടുത്തിയതു്.

വക്കീലിന്നു പലേ സംശയങ്ങളും തുടങ്ങി. "ഇദ്ദേഹം ഇപ്പോൾ പെട്ടെന്നു ലക്ഷ്മീപുരത്തു വരാനുള്ള കാരണമെന്തു്? എന്നെക്കാണേണ്ടുന്ന കാൎയ്യം തല്ക്കാലം തീൎച്ചപ്പെടുത്തിയതാണെന്നല്ലേ പറഞ്ഞതു്? അതിന്റെ താല്പൎയ്യം എന്തു്? കേസ്സൊന്നുമില്ലെന്നു മുൻപുതന്നെ ഇദ്ദേഹം പറഞ്ഞിരിക്കുന്നു. അതോ ഈ സ്ഥലത്തെപ്പററി വല്ല കേസ്സും തുടങ്ങുവാൻ ഭാവിക്കുകയാണോ? അതിന്നും കാരണമില്ലല്ലോ. ഇദ്ദേഹത്തിന്റെ സമ്മതംഹർജിയോടുകൂടീട്ടല്ലേ ലേലത്തിൽ വിററതു്? പിന്നെ എന്നെക്കണ്ടിട്ടുള്ള കാൎയ്യം എന്തായിരിക്കാം?" അദ്ദേഹം ഇങ്ങിനെ ഓരോന്നു വിചാരിച്ചുംകൊണ്ടിരിക്കുമ്പോൾ "നിങ്ങളെ കണ്ടിട്ടു് ഒരു കാൎയ്യം ആലോചിപ്പാനുണ്ടു്. അതുകൊണ്ടാണു് ഇങ്ങോട്ടു വന്നതു്" എന്നു കരുണാകരൻ നായർ പറഞ്ഞു.

വക്കീൽ—എനിക്കു മുൻസിഫ് ഉദ്യോഗത്തിന്നു കോഴിക്കോട്ടേക്കു കല്പനയാവുകയാൽ ഞാൻ പ്രാക്ടീസ്സു നിറുത്തിയിരിക്കുന്നു. എന്നോടു് എന്തു കാൎയ്യമാണു് ഇപ്പോൾ ആലോചിപ്പാനുള്ളതു്?

കരു—അതുകൊണ്ടുതന്നെയാണു് ഇപ്പോൾ ആലോചിക്കണമോ എന്നൊരു സംശയം ജനിച്ചതു്.

വക്കീൽ—അതു് എന്താണാവോ? കാൎയ്യം പറയാമല്ലോ.

കരു—വിശേഷിച്ചൊന്നുമല്ല. വളരെ പുരാതനമായ ഞങ്ങളുടെ കുടുംബം സ്ഥിതി ചെയ്തിരുന്നതല്ലേ ഈ സ്ഥലം. കാരണവരുടെ കടത്തിന്നു് അതു ലേലത്തിൽ വി

ററുപോയി. ലേലത്തിൽ കൊണ്ടതും ഈ സ്ഥലം പരിഷ്കരിച്ചതും നിങ്ങളാണെന്നു് അറിഞ്ഞു. നിങ്ങൾക്കു് ഇവിടം വിട്ടു പോകേണ്ടതായി വന്നിരിക്കുന്നുവെന്നും, ആളുകളുണ്ടായാൽ ഈ സ്ഥലം വിററാൽക്കൊള്ളാമെന്നുണ്ടെന്നും ഞാൻ ഇവിടെ വന്നപ്പോൾ കേട്ടു. അങ്ങിനെ വില്ക്കുന്ന പക്ഷം എന്റെ പൂർവ്വികന്മാരുടെ സ്ഥലം എനിക്കു വാങ്ങിയാൽക്കൊള്ളാമെന്നുണ്ടു്. ആ ഒരു സംഗതി കണ്ടു സംസാരിക്കേണ്ടതിലേക്കാണു് ഞാൻ ഇപ്പോൾ ഇങ്ങോട്ടിറങ്ങിയതു്.

വക്കീലിന്റെ മനസ്സൊന്നു തണുത്തു. തന്റെ ഉദ്ദേശംപോലെ ഒരപേക്ഷകനും ഉണ്ടായി. ഈ ഘട്ടം വിട്ടുകളയുവാൻ പാടില്ല. ഇനിയൊരു സന്ദർഭം കിട്ടുവാൻ ഞെരുക്കമുണ്ടു്. എന്നു വിചാരിച്ചു.

വക്കീൽ—ഞാൻ ഈ ഗൃഹം വില്ക്കണമെന്നു തീർച്ചപ്പെടുത്തീട്ടില്ല. വില്ക്കുന്ന പക്ഷം എനിക്കു ചിലവായ സംഖ്യ കിട്ടുവാനും ഞെരുക്കമുണ്ടു്. ലേലത്തിൽ കൊണ്ടതു തന്നെ വളരെ നഷ്ടപ്പെട്ടിട്ടാണു്. പിന്നീടു വീടു പൊളിച്ചു പണിചെയ്തു. പൊളിച്ച വീടിന്റെ മരങ്ങൾ വിറകിനല്ലാതെ വേറെ ഒന്നിനും ഉപയോഗപ്രദമല്ലായിരുന്നു. വിശേഷിച്ചു ചില പുതിയ പരിഷ്കാരങ്ങളും വരുത്തീട്ടുണ്ടു്. ഇതിനൊക്കെ ഒരുപടി അധികച്ചിലവു ചെയ്തുപോയി. ഇതൊക്കെ ആരു കാണും? ശരിയായ വില ആരു തരും? നഷ്ടപ്പെട്ടു വിററുപോകത്തക്കവണ്ണം—ഇപ്പോൾ അടിയന്തിരസംഗതികളൊന്നും നേരിട്ടിട്ടില്ല.

കരു—നിങ്ങൾ നഷ്ടപ്പെട്ടു തരണമെന്നു ഞാൻ പറയു ന്നില്ല. ഒരു മാതിരി രണ്ടു കക്ഷികൾക്കും ദോഷം പ റ്റാത്ത സ്ഥിതിയിൽ ആക്കിത്തന്നാൽ കൊള്ളാമെ ന്നേ ആവശ്യപ്പെടുന്നുള്ളു.

വക്കീൽ—(കുറച്ച് ആലോചിച്ച്) എന്താണു ഞാൻ പറയേ ണ്ടത്? നിങ്ങളുടെ മുഖത്തു നോക്കി പറയുവാൻ ഞാൻ ഭയപ്പെടുന്നു.

കരു—എന്തിനു ഭയപ്പെടുന്നു? കാര്യം പറവാൻ ഭയപ്പെ ടണമോ?

വക്കീൽ—നിങ്ങളുടെ സ്വന്തം വീടു വീണ്ടും എടുക്കുന്ന തിൽ എനിക്കു വളരെ സന്തോഷമാണ്. കുറച്ചു നഷ്ട വും നമുക്കു വന്നാലും ഞാൻ വഹിച്ചുകൊള്ളാം; "കോ ടി കൊണ്ടു കുളത്തിൽ പോയാൽ കൊണ്ടതിൽ പാതി വില" എന്നുണ്ടല്ലോ. അതുകൊണ്ടു പലരും ആക്ഷേ പം പറഞ്ഞു എന്നു വന്നേക്കാം.

കരു—അന്യന്റെ ബോദ്ധ്യമല്ലല്ലോ കാര്യം.

വക്കീൽ കുറച്ചു നേരം ആലോചിച്ചിട്ട് ഒരു കട ലാസ്സുതുണ്ട് എടുത്തു തന്റെ അഭിപ്രായമെഴുതി കരുണാകരൻ നായരുടെ കയ്യിൽ കൊടുത്തു. കരുണാകരൻ നായർ അതു വായിച്ചുനോക്കി "ചി ലവോ?" എന്നു ചോദിച്ചു. 'പകുതി നിങ്ങൾ വഹിക്കേ ണ്ടതാണ്' എന്നു വക്കീൽ പറഞ്ഞു. നായർ അതിനു സ മ്മതിച്ചു.

"രോഗി ഇച്ഛിച്ചതും പാൽ വൈദ്യൻ കല്പിച്ചതും പാൽ."

# എട്ടാമദ്ധ്യായം.

## വിവാഹം

നമ്മൾ മുല്ലക്കൽ ഗോവിന്ദമേനവനെ വിട്ടു പോന്നിട്ട് കുറേ നാളായല്ലോ. അവിടത്തെ സ്ഥിതി എന്താണെന്ന് ഒന്ന് അന്വേഷിക്കുക തന്നെ. ഗോവിന്ദമേനവന കുറച്ചു കാലമായി ഒരു ദീനം പിടിപ്പെട്ടിരിക്കുന്നു. ആ ദീനം ക്രമത്തിൽ വർദ്ധിച്ച് ഇപ്പോൾ അത്യാസന്നതയിൽ എത്തിയിരിക്കുന്നു. ഭാരതിയുടെ ശുശ്രൂഷയാലും ഡാക്ടർ ചിദംബരയ്യരുടെ ചികിത്സാവൈഭവത്താലും രോഗി ഒരു വിധം ദിവസം നീട്ടിക്കൊണ്ടു പോകുന്നുവെന്നുതന്നെ പറയാം. ഓരോ ദിവസം ചെല്ലുന്തോറും ദീനം ഓരോ ഡിഗ്രി കൂടുതലായി വരികയാണ്. ഒരു ദിവസം ഡാക്ടർ ഗോവിന്ദമേനവൻെറ അടുക്കൽ ഇരിക്കുകയായിരുന്നു. അപ്പോൾ മേനവൻ ഡാക്ടരെ നോക്കി പറഞ്ഞു:—"സ്വാമി, അദ്ദേഹം ഇനിയും വന്നില്ലല്ലോ. അദ്ദേഹത്തെ ഒന്നു കണ്ടു മരിച്ചാൽ കൊള്ളാമെന്നുണ്ട്. അതുവരെ എൻെറ ജീവൻ ഈ കൂട്ടിൽ കിടക്കുമോ?"

ഡാക്ടർ—നിങ്ങൾ അപ്പടിയൊന്നും ഭയപ്പെട വേണ്ടാം. നേത്തേക്കു താനെ അവൾക്കു തന്തിയനുപ്പിനത്. ഇന്നേക്കാവതു നാളെക്കാവതു വരാമലിരിക്കമാട്ടാർ.

ഗോ–മേ—ഒരു സമയം അദ്ദേഹം വിജയനഗരത്തിലേക്കു പോയിരിക്കുമോ? എന്നാൽ വൈഷമ്യമായി.

ഡാക്ടർ—അവർ ലക്ഷ്മീപുരത്തിൽ വാസമുറപ്പിത്താർ എന്നല്ലവോ നീർ ശൊന്നതു്?

ഗോ_മേ—അതെ. എങ്കിലും കാൎയ്യങ്ങളെല്ലാം കിടക്കു ന്നതു് അവിടെയല്ലേ? ലക്ഷ്മീപുരത്തു താമസമാക്കി യിട്ടു നാലു മാസമല്ലേ ആയിട്ടുള്ളു?

ഡാക്കടർ—അപ്പടിയാം. അവർ ഭാഗ്യശാലി എന്ന തുക്കു് സന്ദേഹമില്ലെ.

ഇവർ ഇങ്ങിനെ സംസാരിച്ചിരിക്കുമ്പോൾ ശങ്ക രൻ മുകളിലേക്കു് ഓടിവന്നു് "അങ്ങോര് വന്നു" എന്നു പറഞ്ഞു. "ആരാ കരുണാകരൻനായരോ?" എന്നു ഗോവി ന്ദമേനവൻ ചോദിച്ചു:—"അതേ! അങ്ങോരെന്നെ" എ ന്നു ശങ്കരൻ പറഞ്ഞു. ഡാക്കടരും മേനവനും സന്തോ ഷിച്ചു. വേഗം കൂട്ടിക്കൊണ്ടുവരുവാൻ അവർ പറഞ്ഞ പ്രകാരം ശങ്കരൻ പോയി കരുണാകരൻനായരെ കൂട്ടി ക്കൊണ്ടുവന്നു. കരുണാകരൻനായർ രോഗിയെക്കണ്ടു് അല്പനേരം സ്തബ്ധനായി നിന്നുപോയി. എല്ലും തോലി യും മാത്രം ശേഷിച്ചദേഹവും, പൊട്ടക്കിണറുകളോ എ ന്നു തോന്നത്തക്കവിധം കണ്ടിൽ ചാടിയ കണ്ണുകളും, ചു ണ്ടുകൾ തൊണ്ണോടു ഒട്ടിപ്പിടിക്കുകയാൽ ഭയജനകമായി പുറത്തു പ്രകാശിച്ചുംകൊണ്ടിരിക്കുന്ന ദന്തനിരകളും, ചീര ത്തണ്ടുകൾപോലുള്ള പാണിപാദങ്ങളും, മത്സ്യക്കൂടിനൊ ത്ത വക്ഷഃസ്ഥലവും, കണ്ടാൽ എത്ര ധീരചിത്തനായാ ലും സ്തബ്ധനാവാതെ ഇരിക്കുമോ?

കരുണാകരൻനായരുടെ കണ്ണുകളിൽനിന്നു ധാര ധാരയായി അശ്രുജലം ഒഴുകിത്തുടങ്ങി. വ്യസനാധിക്യ ത്താൽ ഒരക്ഷരംപോലും ഉച്ചരിക്കുവാൻ നാവനങ്ങാതെ യായി. ഈ സ്ഥിതിയിൽ നില്ക്കുന്ന കരുണാകരൻനാ

യരെ കണ്ടിട്ട ഗോവിന്ദമേനവൻ പറഞ്ഞു:—"ആവൂ. ഇനി ഞാൻ മരിച്ചാലും എനിക്ക സ്വൎഗ്ഗംതന്നെ."

കരു-നാ—(കുറച്ചു ധൈൎയ്യമവലംബിച്ച്) സ്നേഹിതാ! ഇതെന്തൊരു കഥയാണു! ദീനം ഈ മട്ടിലാവുന്നതുവരേയും വിവരം സൂക്ഷ്മമായി അറിയിക്കാതെ കഴിച്ചുവല്ലൊ. ഒന്നു രണ്ട് എഴുത്തുകളിൽ സുഖക്കേടാണ് എന്നു മാത്രമല്ലേ എഴുതിയിരുന്നുള്ളു? ഹാ! കഷ്ടം! നിങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി കാണുമ്പോൾ എന്റെ ഹൃദയം തകരുന്നു.

ഡാക്കടർ—ഒരെട്ടുനാൾക്കിപ്പുറമാകും ഇവരുടെ ഉടമ്പ് ഇന്തമട്ടിലാനത്. നാൻ നന്നാ വേലശെയ്തിട്ടും ഒന്നും പ്രയോജനപ്പെടവില്ലൈ.

കരു-നാ—ഞാൻ കുറച്ചു ദിവസമായി ഇങ്ങോട്ടു വരണമെന്നു വിചാരിച്ചു തുടങ്ങീട്ട്. പുതിയ സ്ഥലം ഏറ്റെടുത്തുകയാൽ അവിടം ഒരു മട്ടാക്കാതെ വിട്ടുപോരാൻ നിവൃത്തിയില്ലാതെയായി. ഇടക്ക് ഒന്നു രണ്ടു തവണ വിജയനഗരത്തിലേക്കും പോകേണ്ടിവന്നു. ഈ അവസ്ഥ ഞാൻ മുമ്പറിഞ്ഞിരുന്നുവെങ്കിൽ മറ്റു ജോലികൾ നീട്ടിവെച്ചിട്ടും ഇതിന്നു മുമ്പു ഞാൻ ഇവിടെ വന്നേനേ!

ഗോ-മേ—സ്നേഹിതാ! ഈ സമയത്തെങ്കിലും നിങ്ങൾ എത്തിയല്ലോ. ഇനി എന്തായാലും വേണ്ടില്ലാ. (ശങ്കരനെ നോക്കീട്ട്) ശങ്കരാ! ഇദ്ദേഹം വന്ന കാലിൽത്തന്നെ നില്ക്കുന്നതു നീ കണ്ടില്ലേ?

ഉടനെ ശങ്കരൻ ഒരു ചെയർ മേനവന്റെ അടു-

ത്തു കൊണ്ടുവന്നു കൊടുത്തു. ഓരോ വൎത്തമാനങ്ങൾ പറഞ്ഞു കുറച്ചു നേരം കഴിഞ്ഞതിന്റെ ശേഷം മേനവൻ കരുണാകരൻ നായരോട് "ഇനി വൎത്തമാനമൊക്കെ കുളിയും ഭക്ഷണവും കഴിഞ്ഞിട്ടാവാം" എന്നു പറഞ്ഞു. അതുപ്രകാരം കരുണാകരൻ നായർ കുളിക്കുവാൻ പോയി.

ഡാക്ക്ടർ_മേനവനോ!—എന്തൊ ആശ്ചൎയ്യം ഇപ്പൊഴത്തെ ഇവർ മുൻപാത്ത ആളേ അല്ലെ. മുഖത്തെല വിളക്കം എന്ത ശോഭ. ലക്ഷ്മിശോഭതാൻ. എന്ന വിനയം ഹ! ഹ! ഇപ്പടിയല്ലവോ വേണ്ടും. അന്തധനഗൎവ്വമേ കിടയാതെ.

ഗോ_മേ—ഇതല്ല. ഒരു ചക്രവൎത്തിസ്ഥാനം തന്നെ ഇദ്ദേഹത്തിന്നു ലഭിച്ചാലും ഈ വിനയത്തിന്നു യാതൊരു കുറവും ഉണ്ടാവുന്നതല്ല.

ഡാക്ക്ടർ—നാം മുന്നെ പേശിന വാൎത്തയെ പത്തി ശീഘ്രം ശെയ്‌നിക്കവേണം. ദീൎഘം ശെയ്യവിടാതെ. നാൻ ഇപ്പൊത്ത് ആത്തുക്കു പോറെൻ. കാൎയ്യങ്കളെല്ലാം പേശി വേണ്ടിയതുപോലെ ശെയ്യവിട്"

എന്നു പറഞ്ഞു ഡാക്ക്ടർ പോയി. കരുണാകരൻ നായർ കുളിയും ഭക്ഷണവും കഴിച്ചു ഗോവിന്ദമേനവന്റെ അടുക്കൽ വന്നിരുന്നു. ഓരോ നാട്ടുവൎത്തമാനങ്ങൾ പറഞ്ഞതിന്റെ ശേഷം മേനവൻ—"സ്നേഹിതാ എന്റെ അവസ്ഥ ഞാനെന്തു പറയട്ടെ (ദീൎഘശ്വാസത്തോടുകൂടി) എന്റെ കുട്ടികൾ" എന്നു പറയുമ്പോഴെക്കും കണ്ണുകൾ

ളിൽ വെള്ളം നിറഞ്ഞു. സംസാരിക്കുവാൻ നാവിളകാതെയായി.

കരു—നാ—മിത്രമേ! നിങ്ങളിങ്ങിനെ ദുഃഖിക്കുന്നതു ശരിയല്ല. എല്ലാം ദൈവേച്ഛയല്ലേ? നാം എന്തു ചെയ്യും. ഈ സംസാരത്തിങ്കൽ സുഖദുഃഖങ്ങളെ അനുഭവിപ്പാൻ കടപ്പെട്ടവരല്ലേ നമ്മൾ. അതനുഭവിച്ചല്ലാതെ തീരുമോ! ഇനിനു സംഗതികളെ തീരെ മറന്നു കളയു.

ഇവർ രണ്ടാളും ഇങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഭാരതി ഒരു കിണ്ണത്തിൽ പാലും കൊണ്ടുവന്ന് ഉമ്മറത്തു നിന്നായി.

ഗോ—മേ—എന്താണു ഭാരതി! പാലാണോ?

ഭാരതി—അതേ.

ഗോ—മേ—ഇങ്ങോട്ടു കൊണ്ടുവരൂ.

അപ്രകാരം അച്ഛന്റെ അടുക്കലേക്കു കൊണ്ടുചെന്നു കുറേശ്ശകുറേശ്ശയായി അദ്ദേഹത്തിന്റെ വായിൽ കഴിച്ചു കൊടുത്തു.

കരുണാകരൻ നായർ ഭാരതിയെ കണ്ടു. അദ്ദേഹം ഗോവിന്ദമേനവന്റെ ഗൃഹത്തിൽ ദീനക്കിടക്കയിൽ കിടന്നിരുന്ന കാലത്തു് അവൾ കളിമാറാത്ത ഒരു കുട്ടിയായിരുന്നു. ഇപ്പോഴോ? യൌവനാരംഭദശയിൽ എത്തിയിരിക്കുന്ന ഒരു സുന്ദരി; അതേ സുന്ദരി തന്നെ.

ഒരു തരുണിയുടെ സൌന്ദര്യ്യവർണ്ണനക്കുവേണ്ടി മലകേറി മറിഞ്ഞു മൃഗങ്ങളെ തേടുകയും വെള്ളത്തിൽ ചാടി മുങ്ങി ശ്വാസംമുട്ടി കിട്ടിയതിനെ തട്ടി എടുക്കുകയും,

ആകാശത്തേക്കു കോണിവെച്ചു കയറി അമ്പിളിമാനെ പിടിക്കുകയും, പക്ഷികൾക്കു വല വീശുകയും ചെയ്യുതുകൊണ്ടു് ഒരു പ്രയോജനവുമില്ല. ഇതുകളെക്കൊണ്ടു് ഒരുത്തിയുടെ സൌന്ദൎയ്യം പൂൎത്തിയാകുമെന്നും തോന്നുന്നില്ല. എന്നുതന്നെയല്ല, അതുകളൊക്കെ മുൻഗാമികൾ സ്വീകരിച്ചിട്ടുള്ളതുമാണു്. അതുകൊണ്ടു് എല്ലാ അവയവങ്ങളും അതാതുകളുടെ ഗുണങ്ങളോടു യോജിച്ചിരിക്കകയാൽ നവനവമായ സുഷമയെ ജനിപ്പിക്കുന്നതും വീക്ഷണവേളകളിലെല്ലാം ആകാംക്ഷാജനകമായിട്ടും കാണികളുടെ ഹൃദയാകൎഷണത്തിങ്കൽ കാന്തോപമമായും ഇരിക്കുന്ന ഒരു വിശിഷ്ടഗുണം ഏതൊരു വ്യക്തിയിൽ നിരന്തരം സ്ഥിതിചെയ്യുന്നുവോ അതാണു 'സൌന്ദൎയ്യം' എന്നു പറയപ്പെടുന്നതു്. ആ ഗുണത്തിന്നു് അധിഷ്ഠാനഭൂതയായിരുന്ന കരുണാകരൻ നായരുടെ പുരോഭാഗത്തു പ്രത്യക്ഷീഭവിച്ച ഭാരതിക്കുട്ടി എന്നു പറഞ്ഞാൽ നമ്മുടെ വൎണ്ണനാവിഷയം പൂൎണ്ണമായി.

ഭാരതിക്കുട്ടിയുടെ വിശാലങ്ങളായും ചഞ്ചലങ്ങളായും ഉള്ള നയനങ്ങളിൽ തന്റെ പിതാവിന്റെ സ്ഥിതി കണ്ടിട്ടു ശോകവും, താൻ കൌമാരദശയിൽ രോഗശുശ്രൂഷയാൽ പരിചയപ്പെട്ട കരുണാകരൻനായരെ കണ്ടപ്പോൾ എന്തെന്നില്ലാത്ത ഒരു വികാസവും, അദ്ദേഹം വലിയ ഒരു പ്രഭുപദം പ്രാപിച്ചതായി അറികയാൽ ഒരു ശങ്കയും, നായർ ദീനക്കിടക്കയിൽ കിടന്നിരുന്ന കാലത്തു താൻ ഓരോ നേരംപോക്കുകളും വിഡ്ഢിത്വങ്ങളും പറഞ്ഞിട്ടുള്ളതു് ഓൎക്കുമ്പോൾ ഒരു ഭയവും, ഇപ്പോൾ അ

ദ്ദേഹത്തിന്റെ മുമ്പിൽ താൻ പെരുമാറേണ്ടത് എങ്ങിനെയാണെന്നറിയായ്കയാൽ ഒരു പരിഭ്രമവും, എന്നുവേണ്ട പലപ്രകാരേണയുള്ള രസങ്ങളും സ്ഫുരിച്ചിരുന്നു. താൻ മുമ്പു കണ്ട ഭാരതി ഇവൾതന്നെയാണോ എന്നു കരുണാകരൻനായർ ആദ്യം ഒന്നു ശങ്കിച്ചുപോയി. ഒരു ദ്ദേഹം സ്നേഹിതന്റെ ദീനസ്ഥിതിയും മകളുടെ പിതൃഭക്തിയും അവളുടെ സൌന്ദര്യാദിഗുണങ്ങളും മററും ചിന്തിച്ചുംകൊണ്ടിരിക്കുമ്പോൾ ഭാരതി അച്ഛനു പാൽ കൊടുത്തു പുറത്തേക്കു പോയി.

ഗോ_മേ__സ്നേഹിതാ! നിങ്ങൾ പട്ടാളം വിട്ടു പിരിയുമ്പോൾ ഒരു കത്തയച്ചതല്ലാതെ പിന്നീടു കുറേക്കാലമായി എഴുത്തുകളൊന്നും കാണാത്തതിനാലും പത്രങ്ങളിൽ നിങ്ങളുടെ അദ്ഭുതയത്തെ പ്രത്യക്ഷപ്പെടുത്തിയതായ പരസ്യം നിങ്ങൾ അറിഞ്ഞതായോ നിങ്ങളെ കണ്ടുകിട്ടിയതായോ മററൊ മറുപരസ്യം പത്രങ്ങളിൽ കാണാത്തതിനാലും നിങ്ങൾക്കു വല്ല അപായവും സംഭവിച്ചിരിക്കുമോ എന്നു ശങ്കിച്ചിരിക്കുമ്പോഴാണ വിജയനഗരത്തിൽനിന്നു ഗാർഡ്സ് പട്ടി കഴിഞ്ഞ പിറേറദിവസംതന്നെ നിങ്ങൾ അയച്ച കത്ത് എനിക്കു കിട്ടിയത്. ആ എഴുത്തു കണ്ടപ്പോൾ ഉണ്ടായ സന്തോഷം ഇന്നപ്രകാരമാണെന്നു പറഞ്ഞറിയിക്കുവാൻ അസാദ്ധ്യംതന്നെ. നിങ്ങൾ അതേവരെ എന്തെല്ലാം പ്രകാരത്തിലുള്ള കഷ്ടതകൾ അനുഭവിച്ചു? ആ കഥകൾ ഓക്കുമ്പോൾ എന്റെ ഹൃദയം തകരുന്നു.

കരു_നാ__ആ ഭാഗം സാരമില്ല. വിശിഷ്യ മനുഷ്യൎക്ക കഷ്ടാവസ്ഥ വരുന്ന കാലത്തല്ലാതെ ഈശ്വരവിചാരമുണ്ടാകുന്നതുമല്ല. പക്ഷേ, എന്റെ ഉദ്ദേശം വേറെയായിരുന്നു. ദൈവം അതിന്നു സമ്മതിച്ചില്ലെന്നുതന്നെ പറയട്ടെ. ഇപ്പോൾ ഇങ്ങിനേയും ഒരു വേഷം കെട്ടേണ്ടിവന്നു.

ഗോ_മേ__നിങ്ങളുടെ ആദ്യത്തെ എഴുത്തു കണ്ടപ്പോൾ നിങ്ങളെ ഈ സ്ഥിതിയിൽ ഇനി ഒരിക്കലും കാണുവാൻ സംഗതി വരുമെന്നു ഞാൻ സ്വപ്നത്തിൽപ്പോലും ഓൎത്തിരുന്നില്ല. രണ്ടാമത്തെ എഴുത്തു വളരെ സന്തോഷപ്രദമായിരുന്നു എങ്കിലും പിന്നീട് ഒരു സംഗതിയെക്കുറിച്ചായിരുന്നു അല്പം ഒരു വിഷാദമുണ്ടായിരുന്നതു്. ദൈവാധീനത്താൽ അതും തീൎന്നുപോയി.

കരു_നാ__ആ വിഷാദഹേതു എന്തായിരുന്നു?

ഗോ_മേ__വേറെ ഒന്നുമല്ല. നിങ്ങളുടെ താമസം വിജയനഗരത്തിലാകുമെന്നല്ലേ വിചാരിപ്പാൻ തരമുള്ളു. ആ സ്ഥിതിക്കു നമ്മൾ തമ്മിൽ വളരെ അകന്നു താമസിക്കേണ്ടിവരുമല്ലോ എന്നു കരുതി അല്പം ഒന്നു വ്യസനിച്ചുപോയി.

ഇവർ ഇങ്ങിനെ ഓരോ വിഷയത്തെപ്പറ്റി സംസാരിച്ചുംകൊണ്ടിരിക്കുന്നതിന്നിടക്കു ഗോവിന്ദമേനവൻ തന്റെ ഉദ്ദേശത്തെ കരുണാകരൻനായരെ അറിയിക്കേണമെന്നു പലതവണയും ശ്രമിച്ചുനോക്കി. എങ്കിലും തൽക്കാലം അതു പറയാതെ വേറെ വിഷയങ്ങളെത്തന്നെ

എടുത്തു വരികയാണു് ഉണ്ടായതു്. കാരണം കരുണാകരൻനായരുടെ വാക്കുകളിൽനിന്നു് എന്തെങ്കിലും തന്റെ ഉദ്ദേശവഴിക്കു വല്ല സൂചനയും കിട്ടുമോ എന്നൊന്നു പരീക്ഷിച്ചിട്ടു മതി തന്റെ ഉദ്ദേശം തുറന്നുപറയുവാൻ എന്നു വിചാരിച്ചിട്ടാണു പറയാതിരുന്നതു്. ഈ മട്ടിൽത്തന്നെ ദിവസം മൂന്നുകഴിഞ്ഞു. ഈ മദ്ധ്യേ കരുണാകരൻനായരുടെ സംഭാഷണങ്ങളിൽനിന്നു മേനവന്റെ ഉദ്ദേശവഴിക്കുള്ളതായ യാതൊരു കരുക്കളും കണ്ടുകിട്ടിയില്ല.

ഗോ_മേ—സ്നേഹിതാ! നിങ്ങൾ ഇതുവരേയും ബ്രഹ്മചാരിയായിത്തന്നെ ഇരിക്കുന്നുവല്ലോ. അങ്ങിനെയായാൽ മതിയോ?

കരു_നാ—എനിക്കു് അതുതന്നെയാണു സുഖം.

ഗോ_മേ—(കരഞ്ഞുംകൊണ്ടു്) മിത്രമേ! എന്റെ പുത്രി അനാഥയായിത്തീരുമല്ലോ.

കരു_നാ—(പരിഭ്രമത്തോടുകൂടി) ഉം, എന്താ! അവൾക്കു് അനാഥത്വം സംഭവിപ്പാൻ കാരണം?

ഗോ_മേ—അതു പറയാം. അവൾക്കു മാതുലന്മാരോ മറ്റു ബന്ധുവർഗ്ഗങ്ങളോ ആരുംതന്നെ ഇല്ലല്ലോ. അവളുടെ സഹോദരന്മാർ—ഹാ! ദൈവവിധി എന്തു ചെയ്യാം. എന്റെ മരണാനന്തരം അവളുടെ കഥ എന്തായിരിക്കും? ആ ഭാഗം വിചാരിക്കുമ്പോൾ എന്റെ ഹൃദയം തകരുന്നു. സ്നേഹിതാ, നിങ്ങൾ എന്റെ പുത്രിയെ രക്ഷിക്കാമോ?

കരു_നാ—(മേനവൻ പറഞ്ഞതിന്റെ സാരം മനസ്സിലാക്കാതെ)

അതിനെന്താ വിഷമം? ഞാൻ അവളെ വേണ്ടതു
പോലെ രക്ഷിച്ചുകൊള്ളാം.

ഗോ_മേ__ഞാൻ പറഞ്ഞതിന്റെ സാരം നിങ്ങൾ ഉദ്ദേശിച്ചതുപോലെയല്ല. (കരുണാകരൻനായരുടെ കൈ പിടിച്ചുംകൊണ്ടു്) എന്റെ അപേക്ഷയെ ഞാൻ തുറന്നുപറയട്ടെ. നിങ്ങൾ അതിനെ നിരസിക്കില്ലെന്നു വിശ്വസിക്കുന്നു. (തൊണ്ട വിറച്ചുംകൊണ്ടു്) എന്റെ... പുത്രിയെ... നി...ങ്ങൾ... സ്വീ...കരി...ക്കണം.

മേനവന്റെ ഈ വാക്ക കേട്ട കരുണാകരൻനായർ ഒന്നു നടുങ്ങി. എന്നാൽ അദ്ദേഹത്തിന്റെ ഇതുവരെ സ്ഥിരമായി അനുഷ്ഠിച്ചുവന്നിരുന്ന പ്രവൃത്തിയും സ്ത്രീവിഷയത്തിലുള്ള വിരക്തിയും വിവാഹത്തിലുള്ള വിമുഖതയും മറ്റും ആലോചിച്ചാൽ ഗോവിന്ദമേനവന്റെ അപ്രതീക്ഷിതമായ ഈ വാക്ക കേട്ടകൂട്ടമ്പോൾ അദ്ദേഹം നടുങ്ങിയതു് ഒട്ടും അതിശയമല്ല. കുറച്ചുനേരം മൌനത്തോടെ ഇരുന്നതിന്റെ ശേഷം അദ്ദേഹം ഇങ്ങിനെ പറഞ്ഞു.

കരു_നാ__കല്യാണം കഴിക്കുകയോ! ഞാനോ__നിങ്ങളുടെ മകളേയോ__അയ്യോ! ഞാൻ ആ കാൎയ്യം ആലോചിക്കുകതന്നെ ഉണ്ടായിട്ടില്ല.

ഗോ_മേ__നിങ്ങളെന്താണ് ഇങ്ങിനെ പറയുന്നതു്? വിവാഹം കഴിക്കാതിരിപ്പാൻ കാരണമെന്തു്? വിവാഹം മനുഷ്യൎക്ക വിധിച്ചിട്ടുള്ള ധൎമ്മമല്ലേ?

കരു_നാ__അതു മനുഷ്യൎക്കു വിധിച്ചിട്ടുള്ള ധൎമ്മമാണെങ്കിലും എനിക്കതിൽ മോഹമില്ല.

ഗോ_മേ__സ്നേഹിതാ! നിങ്ങളൊന്നാലോചിച്ചു നോക്കുവിൻ. മനുഷ്യർ കാലധൎമ്മത്തെ അനുസരിച്ചു നടക്കേണ്ടതല്ലേ? സന്യാസവൃത്തി അനുഷ്ഠിച്ചിരുന്നതു് ഉപേക്ഷിക്കുവാൻ കാരണം ദൈവഗതിയല്ലേ? അതു നിങ്ങൾ വിചാരിച്ചിരുന്നതാണോ? നാം വിചാരിക്കാതെകണ്ടുള്ള സംഗതികൾ ദൈവം നമ്മെക്കൊണ്ടു ചെയ്യിക്കും. ഇപ്പോൾ നിങ്ങൾ ഒരു സഞ്ചാരിയോ സന്യാസിയോ അല്ലല്ലോ. നിങ്ങൾ ഒരു ഗൃഹനായകനായിരിക്കുന്നില്ലേ? ഒരു ഗൃഹമായാൽ അതിനു ഒരു ഗൃഹിണി വേണ്ടതല്ലേ? അതുതന്നെ പോരാ, നിങ്ങൾക്കു സഹോദരീസഹോദരന്മാരോ മരുമക്കളോ ആരും തന്നെ ഇല്ലല്ലോ. ആയതുകൊണ്ടു വാൎദ്ധക്യദശയിലെങ്കിലും അടുത്തു പരിചരിക്കാൻ കടപ്പെട്ട ഒരാൾ വേണ്ടതല്ലേ? 'ഒരുത്തനായാൽ ഒരുത്തിവേണ'മെന്ന നാട്ടുനടപ്പിനെ നിരസിക്കുന്നതു യുക്തമാണോ? ഗൃഹസ്ഥാശ്രമത്തിലിരുന്നുകൊണ്ടു് ധൎമ്മാൎത്ഥകാമമോക്ഷങ്ങളെ സമ്പാദിക്കണമെന്നല്ലേ മനു പറഞ്ഞിട്ടുള്ളതു്? ഇങ്ങിനെയെല്ലാമിരിക്കെ നിങ്ങൾ മുൻപറഞ്ഞ വാക്കു് അടിസ്ഥാനരഹിതമാണു്.

കരു_നാ__എനിക്കു പ്രായം അതിക്രമിച്ചിരിക്കെ—വിശേഷിച്ചു ഇങ്ങിനെയുള്ള കുട്ടിയെ—

ഗോ_മേ__നിങ്ങളെന്താണു് അസംബന്ധം പറയുന്നതു്! കാലാതിക്രമം വന്നുവോ ഇല്ലയോ എന്നുള്ളതു് എനി

ക്കം അറിയാം. നിങ്ങൾക്കു മുപ്പത്തഞ്ചിൽ പരം വയസ്സായിട്ടില്ലല്ലോ. എല്ലാം കുട്ടികളേക്കാൾ ഒരു വിശേഷം ഇവൾക്കുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല; ആ ഭോഗം ഇരിക്കട്ടെ. പരിജനങ്ങളെക്കൊണ്ടു പരിപൂർണ്ണമായിരിക്കുന്നു എങ്കിലും നിങ്ങളുടെ ഗൃഹം ഒരു ഗൃഹശ്രീ ഇല്ലാത്തതുപോലെയല്ലേ കാണപ്പെടുന്നതു്? സ്നേഹിതാ! എനിക്കു് അധികം സംസാരിപ്പാൻ വയ്യാ. ക്ഷീണം അധികരിച്ചു വരുന്നു. നിങ്ങളുടെ മനസ്സിനു മനസ്സായും ജീവനു ജീവനായും ഇരിക്കുന്ന ഒരാൾ സദാ നിങ്ങളുടെ സമീപത്തുണ്ടാകേണ്ടതാണു്. മറുത്തു പറയരുതു്. മുമ്പു നാം തമ്മിൽ കഴിഞ്ഞിട്ടുള്ള സ്നേഹം കൊണ്ടെങ്കിലും നിങ്ങൾ എന്റെ പുത്രിയെ സ്വീകരിക്കണം.

ഗോവിന്ദമേനവന്റെ ഈ വാക്കുകൾ കേട്ടു കരുണാകരൻനായർ ഇതികർത്തവ്യതാമൂഢനായി തീൎന്നു. പിന്നീടു് അദ്ദേഹം ഓരോന്നു് ഇങ്ങിനെ വിചാരിച്ചു തുടങ്ങി. "ഇദ്ദേഹം പറയുന്നതെല്ലാം ശരിയാണു്. വിശിഷ്യ ഈ കുട്ടിയുടെ സ്ഥിതി വിചാരിക്കുമ്പോൾ അവളിൽ എനിക്കു് അത്യന്തം കരുണയുദിക്കുന്നു. ഇദ്ദേഹം മരിച്ചാൽ പിന്നെ ഇവളുടെ കഥ എന്തായിരിക്കും! ഞാൻ ഇവിടെ ദീനത്തിൽ കിടന്നിരുന്ന കാലത്തു രക്ഷപ്പെട്ടതുതന്നെ ഇവളുടെ അശ്രാന്തപരിശ്രമംകൊണ്ടുതന്നെയല്ലേ? ഈ സമയത്തു ഞാൻ ഒരേ വാശിപിടിക്കുന്നതു മനുഷ്യധൎമ്മമാണോ? അതുമാത്രമല്ല ഇന്നവളെ കണ്ടപ്പോൾതന്നെ എന്റെ മനസ്സിൽ എന്തെന്നില്ലാ

ത്ത ഒരു വികാരം ജനിച്ചിരിക്കുന്നു. ഇപ്പോൾ ഏതു വിധേന വിചാരിച്ചാലും സ്നേഹിതന്റെ അപേക്ഷയെ ഉപേക്ഷിക്കുവാൻ പാടുള്ളതല്ല. എല്ലാം ദൈവസങ്കല്പം" എന്നു തീരുമാനപ്പെടുത്തി അദ്ദേഹം മേനവനെനോക്കി "പ്രിയമിത്രമേ! ഞാൻ നിങ്ങളുടെ പുത്രിയെ സസന്തോഷം സ്വീകരിച്ചുകൊള്ളാം" എന്നു പറഞ്ഞു.

ഭാരതീകരുണാകരന്മാരുടെ പാണിഗ്രഹണം അടുത്ത ശുഭമുഹൂർത്തത്തിൽ കാലദേശാവസ്ഥയനുസരിച്ചു ഗോവിന്ദമേനവൻ നടത്തുകയും ചെയ്തു.

## ഒമ്പതാമദ്ധ്യായം.

### ഒരു ബന്ധനം.

ഭാരതിയുടെ പാണിഗ്രഹണം കഴിഞ്ഞു മൂന്നാം ദിവസം ഗോവിന്ദമേനവൻ പരലോകം പ്രാപിച്ചു. ശവസംസ്കാരാദി ക്രിയകളെല്ലാം കരുണാകരൻനായർതന്നെ നടത്തിച്ചു. ഗോവിന്ദമേനവന്റെ മരണത്താൽ ഭാരതിയും കരുണാകരൻനായരും വളരെ വ്യസനിച്ചു. എങ്കിലും കരുണാകരൻനായർ അദ്ദേഹത്തിന്റെ ദുഃഖം ഒരു പ്രകാരത്തിൽ അമർത്തിവെച്ചു. ഭാരതിക്ക് അതു സാധിക്കായ്കയാൽ അവൾ സദാ മന്ദോത്സാഹയായും, ശൂന്യമനസ്സായും ദിവസം കഴിച്ചുകൂട്ടി. കരുണാകരൻനായർക്ക് സ്ത്രീകളോട് ഇടപെട്ടിട്ടുള്ള പരിചയമില്ലെങ്കിലും ഒരു വിധം നല്ല വാക്കുകളെ പറഞ്ഞ് അവളെ സമാധാനപ്പെടു

ത്തി. പുലകുളി, അടിയന്തരം മുതലായതു കഴിഞ്ഞതിന്റെശേഷം ആ ഗൃഹം തൽക്കാലം ഒരാൾക്കു വാടകക്കു കൊടുത്തു ഭാരതിയും കരുണാകരൻനായരും സ്വന്തം നാട്ടിലേക്കു പുറപ്പെട്ടു. അവിടെ പാൎത്തിരുന്ന പാൎവ്വതിയമ്മ, രാമൻനായർ, ശങ്കരൻ മുതൽപേരെയും കൂട്ടിക്കൊണ്ടുപോയി. ഇവർ സ്വന്തം ഗൃഹത്തിലെത്തിയശേഷം അത്യാഘോഷത്തോടുകൂടി വിവാഹം നടത്തി. ഗോവിന്ദമേനവൻ പാണിഗ്രഹണക്രിയ മാത്രം നടത്തീട്ടുള്ളതല്ലാതെ യാതൊരു ആഘോഷവും നടത്തീട്ടുണ്ടായിരുന്നില്ല. ആ സമയവും അങ്ങിനെയുള്ളതാണല്ലൊ. ആ വിവാഹഘോഷത്തിന്നു "വിജയനഗര"ത്തിൽനിന്നു വക്കീൽ മിസ്റ്റർ കെ. രാമറാവുവും ഡാക്ടർ കെ. വെങ്കിട്ടറാവു അവർകളും വേറെ പല പ്രഭുക്കന്മാരും വന്നിരുന്നു. നഗരവാസികളായ പ്രഭുക്കന്മാരും പ്രഭ്വികളും ഉദ്യോഗസ്ഥന്മാരും അവരുടെ ഭാൎയ്യമാരും മറ്റും സന്നിഹിതരായിരുന്നു. അന്നേ ദിവസം അഗതികൾക്കും ബ്രാഹ്മണന്മാൎക്കും കരുണാകരൻനായർ അന്നവസ്ത്രാദികളെ കൊടുത്തു സന്തോഷിപ്പിച്ചു. ആഗതന്മാരായ പ്രഭുക്കന്മാരേയും ഉദ്യോഗസ്ഥന്മാരേയും മറ്റും കരുണാകരൻനായർ യഥായോഗ്യം സൽക്കരിച്ചയച്ചു അവരുടെ സ്ത്രീകളെ ഭാരതിയും അവരവരുടെ യോഗ്യതയനുസരിച്ചു സൽക്കരിച്ചു യാത്രയാക്കി.

ഭാരതിക്കു പലേ സ്നേഹിതമാരെ കണ്ടുകിട്ടുകയാൽ അവൾ ഉത്സാഹഭരിതയായി ഭവിച്ചു. ക്രമേണ പിതൃവിയോഗദുഃഖത്തെ തീരെ വിസ്മരിക്കയും ചെയ്തു.

എന്നുതന്നെയല്ല അവളുടെ മനോഭാവത്തിന്നുതന്നെ തല്ക്കാലം ഒരു മാററം സംഭവിച്ചിരിക്കുന്നു. പട്ടണത്തിലുള്ള എല്ലാ പ്രഭുക്കളും ഉദ്യോഗസ്ഥമഹിഷിമാരും തന്റെ സ്നേഹിതമാരായി ഭവിക്കുകനിമിത്തം താൻതന്നെ സൎവ്വശ്രേഷ്ഠ, എന്നും ധരിച്ചുവശായി. തന്റെ എല്ലാ പ്രവൃത്തികളും, സല്ലാപങ്ങളും ഭൎത്താവിന്നു സന്തോഷപ്രദങ്ങളാണെന്നറിഞ്ഞപ്പോൾ അവൾ ഏററവും തെളിഞ്ഞുപോയി. ഗൃഹഭരണവിഷയമെല്ലാം അവൾക്കൊത്തവണ്ണംതന്നെയായിരുന്നു. അവൾ ഒരു കാൎയ്യം നിശ്ചയിച്ചാൽ അതിന്നു് അപ്പീലില്ലാ. സൎവ്വസ്വാതന്ത്ര്യവും അവൾക്കു സിദ്ധിച്ചിരുന്നു. ആദ്യമെല്ലാം അവൾ സ്നേഹിതമാരെ ചെന്നു കാണുകയും, അവരെ തന്റെ ഗൃഹത്തിലേക്കു ക്ഷണിച്ചു വരുത്തുകയും ചെയ്തിരുന്നതു ഭൎത്താവിന്റെ അനുമതി വാങ്ങീട്ടായിരുന്നു. ഇപ്പോൾ ആ കരുഭാരം നിറുത്തിവെച്ചു് അവൾ സ്വേച്ഛയായി നടത്തിത്തുടങ്ങി. കരുണാകരൻനായർ അവളുടെ പ്രവൃത്തികൾക്കു യാതൊരു തടസ്ഥവും ചെയ്യാത്തതിനാൽ അദ്ദേഹത്തിന്നു് ഇതെല്ലാം സമ്മതമെന്നുതന്നെ അനുമാനിക്കേണ്ടിയിരിക്കുന്നു. കരുണാകരൻനായർ കുഡുംബഭരണവിഷയത്തിൽ ഇതുവരെ പ്രവേശിച്ചിട്ടുള്ള ഒരാളല്ല. കണ്ടും, കേട്ടും, പ്രവൎത്തിപ്പിച്ചും, പ്രവൎത്തിച്ചും അറിയേണ്ടതായ ഈ ഒരു വിഷയത്തെപ്പററി യാതൊരു പരിചയവുമില്ലാത്ത ഒരു ആളാൽ ഇതു് എങ്ങിനെ നടത്തപ്പെടും?. മററൊരാൾ നടത്തുന്നതിനെ സമ്മതിക്കയല്ലേ തരമുള്ളൂ. ആയതുകൊണ്ടു ഭാൎയ്യക്കു സൎവ്വസ്വാതന്ത്ര്യം സിദ്ധിച്ചതിൽ ഒരത്ഭുതവുമില്ലല്ലോ.

കാലത്തിന്റെ മാററം അതിശയിക്കേണ്ടതുതന്നെ യാണല്ലോ. ലക്ഷ്മീപുരം രാജ്യം ഭരിച്ചുവന്നിരുന്ന "മയൂരവൎമ്മ" മഹാരാജാവു നാടു നീങ്ങിയിട്ട് ഇപ്പോൾ രണ്ടു സംവത്സരമേ ആയിട്ടുള്ളൂ. ഇതിനിടക്ക് ആ രാജ്യത്തു സംഭവിച്ചിരിരുന്ന മാററങ്ങൾക്ക ഒരു കയ്യം കണക്കുമില്ല. ഇപ്പോഴത്തെ മഹാരാജാവിന്നു വാൎദ്ധക്യം ബാധിച്ചിട്ടില്ലെങ്കിലും ബധിരത്വം ഹേതുവാൽ രാജ്യവാസികളുടെ സങ്കടങ്ങളെ കേൾക്കുവാൻ സാധിച്ചിരുന്നില്ല. കടലാസ്സു നോക്കേണ്ടതായ ഭാരം "സേവ്വാധി"ക്കാണല്ലോ. യുവരാജാവിന്നു ചെറുപ്പമാണ്. കാൎയ്യപ്രാപ്തിയുണ്ടെങ്കിലും അദ്ദേഹം ഇപ്പോൾ വിദ്യാൎത്ഥിനിലയെ വിട്ടിട്ടില്ല. എന്നുതന്നെയല്ല കൊട്ടാരം വിട്ടു ബഹിൎഗ്ഗമനം ചെയ്യാറില്ലെന്നുതന്നെ പറയാം. അന്നത്തെ മന്ത്രിപദം വഹിച്ചിരുന്നതു "ഉസ്മാൻഖാൻ" എന്നു പേരായ ഒരു പട്ടാണിയായിരുന്നു. മഹാരാജാവിന്റെ ചെറുപ്പത്തിൽത്തന്നെ ഉസ്മാൻഖാനെ വളരെ സ്നേഹമായിരുന്നു. മന്ത്രി അവൎകളുടെ സ്ഥാനാരോഹണത്തോടുകൂടി ആ രാജ്യം ഒന്നു കീഴ്മേൽമറിഞ്ഞു. വ്യഭിചാരം, മദ്യപാനം, ചൂതുകളി, ബലാൽസംഗം, ഇവകൾക്ക് അന്ന് ആ രാജ്യം ഒരു വിളനിലമായിരുന്നു. ഇവകൾക്കെല്ലാം ഒരു സൂത്രധാരസ്ഥാനം വഹിച്ചിരുന്നതു പ്രകൃത്യാ സ്ത്രീജിതനായ ഉസ്മാൻഖാൻ അവൎകളുടെ ഏകപുത്രനായ "ബിറാൻഖാൻ" ആയിരുന്നു. പുത്രസ്നേഹംനിമിത്തമോ, എന്തോ, ഉസ്മാൻഖാൻ അതിനെ തടയുകയോ മറേറാ ചെയ്തിരുന്നില്ല. മുൻപറഞ്ഞവയിൽ ഒന്നാംവിഷ

യത്തിൽ ബീറാൻഖാൻ അത്യാസക്തിയുള്ളവനായിരുന്നു. ബീറാൻഖാന്റെ പ്രീതിയില്ലാഞ്ഞാൽ അന്നു ജനങ്ങൾക്കു കഴിഞ്ഞുകൂടുവാൻതന്നെ ഞെരുക്കമായിരുന്നു. ആദ്യകാലത്തു ചില സാധുകുടുംബങ്ങളിൽ ഇയ്യാൾ പൂത്തടിച്ചുവന്നിരുന്നതിനെ ചിലർ കണ്ടില്ല, കേട്ടില്ല, എന്നു നടിച്ചുവന്നിരുന്നു. ഇപ്പോൾ അയാളുടെ ബാധ എല്ലാ ഇടങ്ങളിലും വ്യാപിച്ചിരിക്കുന്നു എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ. "വരുത്തിക്കൊത്തിക്കുക"യും "ചെന്നിക്കുകയുമായി," ഇയ്യാളുടെ വിനോദം എല്ലാ ഇടങ്ങളിലും നിലനിന്നുപോന്നു. ബീറാൻഖാന്നു പ്രധാനസേവകൻ അല്ലെങ്കിൽ ധർമ്മസചിവൻ ആയിട്ടു കേശവപ്പണിക്കർ എന്ന ഒരു യോഗ്യനാണ് അടുത്തുകൂടിയിരിക്കുന്നതു്. അയാൾ സ്വതേ ഒരു സാധുകുടുംബത്തിൽ ജനിച്ചിട്ടുള്ളവനും ചുരുക്കത്തിൽ ഒരു ഉദ്യോഗത്തിലിരുന്നിരുന്നവനും ആയിരുന്നു. ബീറാൻഖാന്റെ സചിവപദം ലഭിച്ചതുമുതൽ കേശവപ്പണിക്കർക്കു് ഉദ്യോഗക്കയറ്റം കിട്ടിത്തുടങ്ങി. അയാൾ എല്ലാ ദിക്കിലും 'ഇല്ലത്തെ വൃദ്ധ'യാണ്. ആ നഗരത്തിലുള്ള എല്ലാ യുവജനങ്ങളും മന്ത്രിപുത്രന്റെ അനുഗാമികളായിത്തീർന്നുവെന്നുകൂടി ഇവിടെ പറഞ്ഞുകൊള്ളട്ടെ. എന്തു് അഴിമതികൾ നടന്നാലും ചോദ്യംതന്നെ ഉണ്ടോ എന്നു സംശയമാണ്. ഇവക ലഹളകൾ മൂർദ്ധന്യംകൊണ്ടിരിക്കുന്ന കാലത്താണു ഭാരതിയുടെ സ്വേച്ഛാസഞ്ചാരവും സ്വാതന്ത്ര്യവും നടത്തിവന്നിരുന്നതു്.

കുട്ടികളെ ബാല്യത്തിൽത്തന്നെ ശിക്ഷിച്ചു വേണ്ട

പ്പെട്ട ഉപദേശങ്ങൾ കൊടുത്തു് അവരെ നല്ലവഴിക്കു തിരിച്ചുവിടാഞ്ഞാൽ യൌവനദശയിൽ അവർ ദുർവൃത്തരായിത്തീരുമെന്നുള്ളതു നിസ്സംശയമാണല്ലോ. ഒരു മുള മുളച്ചുവരുന്ന സമയത്തു് അതിനെ നമ്മുടെ ആവശ്യംപോലെ വളച്ചും-ചരിച്ചും മറ്റും ചെയ്യുവന്നാൽ അതു് ഉപയോഗപ്രദമായ ഒരു പല്ലക്കുതണ്ടായിത്തീരുന്നു. മൂത്ത മുള വളച്ചാൽ വളയുന്നതുമല്ല. "യത്തദഗ്രേമൃതമിവ പരിണാമേ വിഷോപമം" ഭാരതിയുടെ സ്വാതന്ത്ര്യാദിവിഷയങ്ങളെല്ലാം ഇപ്പോൾ കരുണാകരൻനായക്കു് അനിഷ്ടജനകങ്ങളായിട്ടാണു പരിണമിച്ചതു്. നാട്ടിലെ കലാപങ്ങൾ വിചാരിക്കുമ്പോൾ നഗരസ്ത്രീകളോടുള്ള വേഴ്ചയും മറ്റും അവളുടെ ചാരിത്രഭംഗത്തിന്നു ഹേതുവായിത്തീരുമെന്നു നായർ തീരുമാനപ്പെടുത്തി. ഭാരതിയുടെ സ്വാതന്ത്ര്യത്തെ കുറക്കുവാനുള്ള വഴികൾ ആലോചിച്ചുതുടങ്ങി. ഉപായത്തിൽ ചിലതു പറയുകയും പ്രവൃത്തിക്കുകയും ചെയ്തു. കഷ്ടം! അതുകൊണ്ടുണ്ടോ ഫലപ്രാപ്തി! പുര തീപിടിക്കുമ്പോഴാണോ കിണറുകുഴിക്കേണ്ടതു്? അഴിച്ചുവിട്ടതിനെ പെട്ടന്നമത്തിയാലുണ്ടോ പിടികിട്ടുവാൻപോകുന്നു! ഈവക കുഴപ്പത്തിൽപ്പെട്ടു കരുണാകരൻനായർ ഉഴലുമ്പോൾ ഒരു ദിവസം ഭാരതി ചിരിച്ചുംകൊണ്ടു് "നാഥാ! ഇന്നു ഞാൻ ചില സഖിമാരോടൊന്നിച്ചു "മനോമോഹന"നാടകം കാണുവാൻ പോകേണമെന്നു തീർച്ചപ്പെടുത്തിയിരിക്കുന്നു. ഒരു സമയം വരുമ്പോൾ കുറച്ചു വൈകിപ്പോയി എന്നും വരാം. അവിടത്തെ സദസ്യക്കുള്ള കാഴ്ചയാണത്രേ കാ

ണേണ്ടത്. ഇന്നാണത്രേ പന്തയംവെച്ചു കളിക്കുന്ന പന്തുകളി" എന്നു കരുണാകരൻനായരോട് പറഞ്ഞു. കരുണാകരൻനായർ ഒന്നും സമാധാനം പറയാതെ ഇരിക്കുന്നതു കണ്ടു,

ഭാരതി—എന്താ, മനോരാജ്യം? ഞാൻ പറഞ്ഞതു കേട്ടില്ലെന്നുണ്ടോ?

കരുണാകരൻനായർ—ഓ! കേട്ടു, കേട്ടു.

ഭാരതി—പിന്നെന്താ, ഒന്നും പറയാതെ ഇരിക്കുന്നത്?

കരുണാകരൻനായർ—ഇന്നുതന്നെ പോകേണമോ? നാളെയായാൽ പോരേ?

ഭാരതി—അതു പോരാ; ഇന്നുതന്നെ പോകണം. അങ്ങിനെയാണ് ഇന്നലെ പറഞ്ഞ് ഉറപ്പിച്ചിട്ടുള്ളത്.

കരുണാകരൻനായർ—(കുറച്ചു ദേഷ്യത്തോടെ) ആ ഉറപ്പിച്ചതൊക്കെ അവിടെ ഇരിക്കട്ടെ. ഇന്നു പോകുന്നത് എനിക്കു സമ്മതമില്ല.

ഭാരതി—ഉം. എന്താ, സമ്മതമില്ലാതിരിപ്പാൻ കാരണം? ഞാൻ പോയിവരുന്നതുകൊണ്ട് എന്താണ് ഇവിടത്തേക്കു തരക്കേട്?

കരുണാകരൻനായർ ഭാരതി! അധികമൊന്നും പറയേണ്ട. ഭവതി സ്വേച്ഛപോലെ സഞ്ചരിക്കുന്നതു തീരെ നിർത്തൽചെയ്യണം. കുറേക്കാലമായി ഭവതിയുടെ നടവടികൾ എനിക്കു തൃപ്തികരമല്ലാതായിത്തീർന്നിരിക്കുന്നു. പുറത്തു പോകുന്നപക്ഷം എന്റെ ഒരുമിച്ചല്ലാതെ ഒററക്കു പോകുവാൻ എനിക്കുമേൽ അനുവദിക്കുന്നതല്ല. അകത്തേക്കു പോയ്ക്കോളു.

ഇതുവരേയും ഭർത്തൃമുഖത്തിങ്കൽനിന്ന് അഹിതങ്ങളായ വചനങ്ങളെ ശ്രവിക്കാത്ത ഭാരതി അദ്ദേഹത്തിന്റെ ഈ വാക്കു കേട്ട സമയത്ത് ഇടിവെട്ടു കൊണ്ടപോലെ അല്പനേരം സ്തബ്ധയായി നിന്നുപോയി. ആകപ്പാടെ അവളുടെ സ്വഭാവം ഒന്നു മാറി. മുഖം രക്തവൎണ്ണമായിത്തീൎന്നു. കണ്ണുകൾ ചുകന്നു. നിന്നനിലയിൽനിന്നിളകാതെ കുറച്ചുനേരം കരുണാകരൻനായരെ നോക്കി ഒരു ദീൎഘശ്വാസത്തോടുകൂടി അവിടെനിന്നു പോവുകയും ചെയ്തു. അവളുടെ കിടപ്പറയിൽ കടന്നു വാതിലടച്ച് ഓരോന്നു പുലമ്പിത്തുടങ്ങി. കരുണാകരൻനായർ എല്ലാം കേട്ടിരുന്നതല്ലാതെ യാതൊരു മറുവടിയും പറയുകയുണ്ടായില്ല. ഭാരതിയുടെ ഓരോ വാക്കുകളിൽനിന്ന് അദ്ദേഹത്തിനു പല ശങ്കകളും ജനിച്ചുതുടങ്ങി. ഭാരതിക്കും ഭർത്താവിന്റെ പ്രകൃതിമാററം കണ്ട് എന്തെന്നില്ലാത്ത ഒരത്ഭുതവും കോപവും വൎദ്ധിച്ചുതുടങ്ങി. "ഇതുവരേയും എന്നോടു യാതൊരഹിതവും പറയാത്ത ഇദ്ദേഹം ഇന്നെന്താണ് ഇങ്ങിനെ കഠോരവാക്കു പറവാനുള്ള കാരണം? ഇദ്ദേഹത്തിന് എന്റെ പേരിലുള്ള സ്നേഹം അസ്തമിച്ചിരിക്കുമോ? ആരോ വല്ലവരും വല്ല ഏഷണികളും പറഞ്ഞു പിടിപ്പിച്ചിരിക്കുമോ? അല്ല; അദ്ദേഹത്തിന്നു മുമ്പുതന്നെ എന്നെ സ്നേഹമില്ല. അച്ഛൻ എന്നെ സ്വീകരിക്കണമെന്നു പറഞ്ഞപ്പോൾത്തന്നെ അദ്ദേഹം മറുത്തു പറയുകയല്ലേ ചെയ്തത്? പിന്നീട് അച്ഛന്റെ ശാഠ്യത്താൽ സ്വീകരിച്ചു എന്നല്ലാതെ എന്നെ സ്നേഹപൂൎവ്വം സ്വീകരിച്ചതല്ല. ഇതുവരേയും എന്നെ

ലാളിച്ചിരുന്നതു് അച്ഛൻെറ സ്വത്തു കയ്യിലാവുന്നതുവരെ— അതേ, അത്രമാത്രം—ഒരു നാട്യം നടിക്കുകതന്നെയാണു്. അതും സ്വാധീനത്തിലായപ്പോൾ "കെട്ടുകഴിഞ്ഞാൽ ബ്രാഹ്മണി പുല്ലൂട്ടിൽ" എന്നു് ഒരു തള്ളും. കഷ്ടം! എൻെറ ശിരോലിഖിതം ഇങ്ങിനെ ആയിപ്പോയല്ലോ. ഇപ്പോൾ എൻെറ അച്ഛനുണ്ടെങ്കിൽ—" എന്നോരോന്നു പറഞ്ഞു കരഞ്ഞുതുടങ്ങി.

കരുണാകരൻനായർ സ്വതേ മൌനശാലിയാണല്ലോ. ഭാരതിയുടെ പരിദേവോക്തികൾ കേട്ടിട്ടും അദ്ദേഹത്തിന്നു യാതൊരു കലുഷവുമുണ്ടായില്ല. ഭാരതിയുടെ പുറത്തേക്കുള്ള സഞ്ചാരം തീരെ നിറുത്തപ്പെട്ടു. അതിനാൽ അവരിൽ കലഹബീജം അങ്കുരിച്ചുതുടങ്ങി. എന്തായാലും "പത്തനാടി മറിച്ചാൽ പടിക്കലോളം." ഭാരതിയുടെ പ്രതാപങ്ങളെല്ലാം "ഭാരതീവിലാസ"ത്തിൽത്തന്നെ ലയിച്ചു. കൂട്ടിലിട്ട പുലിയെപ്പോലെ അവൾ അവിടെ കിടന്നു് അലയുകയല്ലാതെ വേറെ എന്തു ചെയ്യും?

സ്നേഹിതരേ! നാം എന്തെങ്കിലും ഒന്നു കയ്യഴച്ചു പ്രവൎത്തിക്കണമെങ്കിൽ നല്ലവണ്ണം ആലോചിച്ചിട്ടു വേണ്ടതാണു്. ആദ്യം മുകളിൽ കയറി പെട്ടെന്നു താഴത്തിട്ടു പോയാൽ അതു് അനിഷ്ടപര്യവസായിയായ ഒരു സാഹസമായിത്തീരുന്നതാണു്. അതിന്നു് ഉദാഹരണം ഭാരതീവിലാസംതന്നെ.

# പത്താമദ്ധ്യായം.

## ഒരു ഗൂഢസന്ദൎശനം.

ഒരു തറവാട്ടുകാൎയ്യസ്ഥനെ "കെട്ടുകാൎയ്യസ്ഥ"നാക്കി വെച്ചാൽ പിന്നിട്ടുള്ള അയാളുടെ ജീവിതം അതിശോചനീയംതന്നെ. 'കേറി ഇരുന്നുണ്ട ദിക്കിൽ ഇരന്നുണ്ണുക' എന്നതു മരണത്തേക്കാൾ വലിയതാണല്ലോ. ഭാരതിയുടെ സ്വാതന്ത്ര്യം നിറുത്തപ്പെട്ടതിനാൽ അവൾ ചിറകില്ലാത്ത പക്ഷിപോലെ പരവശയായി. കണ്ണീരും കയ്യുമായി ദിനരാത്രങ്ങളെ കഴിച്ചുകൂട്ടിത്തുടങ്ങി. ആരേയും കാണാതേയും ആരോടും സംസാരിക്കാതേയും ഗൃഹാന്തൎഭാഗത്തുതന്നെ കാലയാപനം ചെയ്തുവന്നു. ഗൃഹത്തിലിരുന്നു മുഷിയുമ്പോൾ ഉദ്യാനത്തിലും അവിടേയും ഇരിക്കാൻകൊള്ളാതായാൽ ഗൃഹത്തിലുമായി ചില ദിവസങ്ങൾ കഴിഞ്ഞുകൂടി.

ഭാരതിയുടെ സ്നേഹിതമാർ അവളെ കാണാനായിക്കൊണ്ടു ഇങ്ങോട്ടു അന്വേഷിച്ചു വന്നുതുടങ്ങി. എന്നാൽ കരുണാകരൻനായർ അവർ അകത്തേക്കു പ്രവേശിക്കുന്നതിന്നുമുമ്പുതന്നെ വല്ല കാരണങ്ങളും പറഞ്ഞു് അവരെ മടക്കിക്കളയും. ഇങ്ങിനെ ഒന്നുരണ്ടു തവണ വന്നതിൽ പ്രവേശം ലഭിക്കായ്കയാൽ പിന്നീട് അവരാരും വരാതെയുമായി. കരുണാകരൻനായർ ഭാരതിക്കു ചില ഹിതോപദേശങ്ങൾ ചെയ്യേണമെന്നു പലപ്പോഴും വിചാരിച്ചിരുന്നു. അവൾ വല്ലതും ഇങ്ങോട്ടു സംസാരിക്കുമ്പോളല്ലേ തരമുള്ളൂ. ആയതുകൊണ്ടു് ഇതേവരെ നായരുടെ

ഉദ്ദേശം സാധിച്ചില്ല. ഒരു ദിവസം ഭാരതി അറയിൽ ഇരിക്കുമ്പോൾ, കരുണാകരൻനായർ ഉമ്മറത്തു ലാത്തിക്കൊണ്ടു്, അവൾക്കു കേൾക്കത്തക്കവണ്ണം ആ നാട്ടിലെ നടവടിച്ചുരുക്കം തന്നെത്താനെ പറഞ്ഞുംകൊണ്ടിരുന്നു. അതുകൊണ്ടെന്തു പ്രയോജനം? അതിന്റെ താല്പര്യം അവൾ മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ എന്നതു ആരു കണ്ടു? അവൾ ചിന്താസാഗരത്തിൽ മുഴുകി ഇരിക്കുകയാണല്ലോ. ഇവർ പരസ്പരം കാര്യം മനസ്സിലാക്കാതെ, കോളിളകിയ കായലിൽ രണ്ടു പൊങ്ങുതടികൾപോലെ അവരുടെ മനോധർമ്മാനുസരണം ചരിച്ചുതുടങ്ങി. ഇവരുടെ മനസ്സു രണ്ടു വഴിക്കായി തിരിഞ്ഞുപോയി. ഇനി ഇവ ഒന്നിച്ചു വന്നുചേരുമോ; അതോ ഭിന്നിച്ചുതന്നെ കലാശിക്കുമോ! എന്തോ! അങ്ങിനേയും ചില മാസങ്ങൾ കഴിഞ്ഞു.

ഭാരതിക്കു പാർവ്വതിയമ്മയുടെ സഹായത്തോടുകൂടി, രണ്ടുനേരവും പുഴയിൽ പോയി കുളിച്ചുവരുവാൻ മാത്രം കരുണാകരൻനായർ അനുവദിച്ചിരുന്നു. പുഴ ഇവരുടെ ഗൃഹത്തിൽനിന്നു സുമാർ രണ്ടു ഫർല്ലോങ്ങു് കിഴക്കുഭാഗത്തായിട്ടാണു്. അതിലിറങ്ങി കുളിക്കേണ്ടതിലേക്കു മൂന്നുനാലു കടവുകളുള്ളതിൽ മദ്ധ്യക്കടവിന്റെ ഉപരിഭാഗത്തായി ഒരു ആൽവൃക്ഷം, അതിവിശേഷമായികെട്ടിപ്പടുത്ത തറയോടുകൂടി ശാഖോപശാഖകളായി പന്തലിച്ചു പാന്ഥന്മാരുടെ ക്ലാന്തിനിവാരണത്തിന്നു നിർമ്മിക്കപ്പെട്ട വിതാനപ്പന്തലോ എന്നു തോന്നത്തക്കവിധം ആ നദീതീരത്തെ അലങ്കരിക്കുന്നുണ്ടു്. ഒരു ദിവസം സന്ധ്യാസ

മയത്തു്, ഭാരതി പുഴയിലിറങ്ങി മേൽക്കഴുകുകയായിരുന്നു. പാർവ്വതിയമ്മ കുളി കഴിച്ചു് ഒരു കല്ലിന്മേൽ കുന്നടച്ചിരുന്നു നാമം ജപിച്ചുതുടങ്ങി. വേറെ ചില സ്ത്രീകൾ അവിടവിടെയായി മേൽക്കഴുകുന്നതുമുണ്ടു്. ഭാരതി, കരിക്കൽ തിരിഞ്ഞുനോക്കിയപ്പോൾ മുൻപറഞ്ഞ ആൽമറഞ്ഞുനിന്നു് ആരോ ഒരാൾ തന്നെ എത്തിച്ചുനോക്കുന്നതുപോലെ തോന്നി. അവൾ പെട്ടെന്നു ദൃഷ്ടി തിരിച്ചുകളഞ്ഞു. എന്തോ ഒരു അവിഹിതകർമ്മം ചെയ്തപോലെ അവളുടെ മനസ്സിൽ ഒരു സങ്കോചമുണ്ടായി. പിന്നെ തന്റെ ഇരുപാർശ്വങ്ങളിലും നോക്കി. കുളിച്ചിരുന്ന സ്ത്രീകൾ കുറച്ചകലെയായി നിൽക്കുന്നതു കണ്ടു് അല്പം സമാധാനംകൊണ്ടു. കുറച്ചുനേരം കഴിഞ്ഞതിന്റെശേഷം അവൾ ഒന്നുകൂടി തിരിഞ്ഞുനോക്കി. അപ്പോൾ ആ ആൾ അല്പംകൂടി അടുത്തു വ്യക്തപ്പെടത്തക്കവണ്ണം കണപ്പെട്ടു. അപ്പോഴും ആ ആളുടെ നോട്ടം ഇവളിൽത്തന്നെയായിരുന്നു. ഭാരതി പരിഭ്രമിച്ചു പാർവ്വതിയമ്മയെ വിളിച്ചു. അതു കേട്ടു് ആ വ്യക്തി മിന്നലെന്നപോലെ പെട്ടെന്നു മറഞ്ഞുകളഞ്ഞു. "എന്താ! വിളിച്ചതു്?" എന്നു പാർവ്വതിയമ്മ ചോദിച്ചതിനു "നിങ്ങളെ അടുത്തു കണ്ടില്ല, പോകാറായി, അതുകൊണ്ടു വിളിച്ചതാണു്" എന്നു് അവൾ ഒരു കപടവും പറഞ്ഞു. അവർ രണ്ടുപേരും ഗൃഹത്തിലേക്കു പോകുന്നവഴിക്കു ഭാരതി ഒന്നുരണ്ടു തവണ തിരിഞ്ഞുനോക്കി. പിന്നിൽ ആരേയും കാണാത്തതിനാൽ സമാധാനപ്പെട്ടു. ഭയത്തിനു് അല്പം ആശ്വാസമുണ്ടായി എങ്കിലും വീട്ടുപടിക്കലെത്തിയപ്പോൾ

വേറെ ഒരു ഭയം ഉള്ളിൽ കടന്നുകൂടി: ഇനി പ്രവേശിക്കുന്നതു സെൻറർ ജയിലിലേക്കല്ലേ?

പിറേറ ദിവസവും അതേസമയത്തു ഭാരതി കുളിക്കുമ്പോൾ ആ ആൾ അവിടെ ഹാജരുകൊടുത്തു. അന്നും പാർവ്വതിയമ്മ പതിവുമ്പടി ജപത്തിൽ ഏൎപ്പെട്ടിരുന്നു. ഭാരതി ആ ആളെക്കണ്ടതു തലേദിവസത്തേക്കാളും അധികം അടുത്തായിരുന്നു. അടുത്തു വേറെ ആരും ഉണ്ടായിരുന്നതുമില്ല. ഭാരതിയുടെ ഉള്ളിൽ ഭയമുണ്ടായിരുന്നുവെങ്കിലും അയാളെ നല്ലവണ്ണം ഒന്നു സൂക്ഷിച്ചുനോക്കി. ആൾ ഒരു സുന്ദരപുരുഷനായിരുന്നു. ഇരുപതിൽ അധികം വയസ്സു കാണുകയില്ല. ദൈൎഘ്യത്തോടും, നിബിഡതയോടും, നീലിമയോടും കൂടിയ കുടുമ കെട്ടി പിൻപുറത്തിട്ടിരുന്നു. മനോഹരമായ മുഖത്ത് ശ്മശ്രുക്കൾ മുളച്ചുതുടങ്ങീട്ടില്ല. പഴുത്ത ചെറുനാരങ്ങയ്ക്കൊത്തനിറം. ആകമാനം ഒരു നോട്ടത്തിൽ ഒരു സ്ത്രീയാണോ എന്നു ശങ്കിച്ചുപോകും. അന്നും അയാൾ തന്നെ ഉററുനോക്കുന്നതു കണ്ടു് അവൾ വ്യാകുലപ്പെട്ടു. അപ്പോഴേക്കും പാർവ്വതിയമ്മ ജപം കഴിഞ്ഞെണീററു. പാർവ്വതിയമ്മ എണീററതോടുകൂടി ആൾ അപ്രത്യക്ഷനായി. അവർ രണ്ടുപേരും ഗൃഹത്തിലേക്കു പോന്നു. പിന്നീടു രണ്ടുമൂന്നു ദിവസത്തേക്കു ഭാരതി പുഴയിലേക്കുതന്നെ പോയിരുന്നില്ല. നാലാംദിവസം, ഭാരതി പുഴയിൽനിന്നു വരുമ്പോൾ മുൻകണ്ട ആൾ അവൾക്കഭിമുഖമായി വഴിയിൽ മുട്ടിയെത്തി. ഭാരതി പെട്ടെന്നു നിന്നുപോയി. ആ മനുഷ്യനും ഭാരതിയെത്തന്നെ നോക്കിക്കൊണ്ടുനി

ന്നു. അന്നു് അവൾക്കു് ഒട്ടും രസകരമായിരുന്നില്ല. മുമ്പിൽ പോകുന്ന പാൎവതിയമ്മ തിരിഞ്ഞുനോക്കി. 'ഭാരതിക്കുട്ടി, നേരം സന്ധ്യയായി. വേഗം വരൂ' എന്നു പറഞ്ഞപ്പോൾ 'ഇതാ! ഞാനൊപ്പമുണ്ടു്, കാലിൽ ഒരു കല്ലു തടയുകയാൽ അല്പം നിന്നുപോയി.' എന്നു ഭാരതി അന്നും ഒരു വ്യാജം തട്ടിവിട്ടു് അവൾ വഴി മാറിപ്പോയി. അവൾ പോയതിന്നുശേഷം ആ യുവാവു "ഹാ! ഇവളുടെ പോക്കം എത്ര മനോഹരം!" എന്നു പറഞ്ഞുംകൊണ്ടു് ഒരു ദീൎഘശ്വാസത്തോടുകൂടി പോയി. ഇങ്ങിനെ പുഴക്കടവിലായിട്ടും വഴിമദ്ധ്യത്തിലായിട്ടും ആ യുവാവു്, ഇവളെ പലപ്പോഴും സന്ദൎശിക്കുകയും, കണ്ടന്ന സമയത്തെല്ലാം അഭിലാഷസൂചകമായ ചില ചേഷ്ടകളെ കാണിക്കുകയും ചെയ്തുവന്നു. ഇങ്ങിനെ മൂന്നുനാലു മാസം കഴിഞ്ഞു.

* * * *

നേരം പകൽ പന്ത്രണ്ടു മണി സമയം. അത്യുന്നതവും അതിവിശാലവും ആയ ഒരു മാളികമുകളിൽ, ഒരു യുവാവു് അങ്ങോട്ടും ഇങ്ങോട്ടും ലാത്തുന്നുണ്ടു്. ആ ആൾ ഇടക്കിടക്കു ദീൎഘശ്വാസം വിടുന്നതു കണ്ടാൽ എന്തോ ഒരു വിചാരവലയിൽ പെട്ടിരിക്കുന്നു എന്നു് അനുമാനിക്കാം. ഇടക്കിടക്കു ജനൽവഴി പുറത്തു നോക്കിയും, ചിലപ്പോൾ "ഘടികാര"സൂചിയെ നോക്കിയും കുറേനേരം കഴിച്ചുകൂട്ടി. പിന്നീടു് ഒരു ചാരുകസാലയിൽ കിടന്നു് ഓരോന്നു വിചാരിച്ചുതുടങ്ങി.

"ഹാ! എന്തൊരു സൌന്ദൎയ്യം. ഈ നാട്ടിലെന്ത

ല്ല ഒരു ദിക്കിലും ഇങ്ങിനെ ഒരു സുന്ദരിയുണ്ടെന്ന് എനി
ക്ക തോന്നുന്നില്ല. അന്നു ഞാൻ പുഴക്കടവിൽവെച്ച്
അവളെ കണ്ടപ്പോൾതന്നെ എന്റെ ധൈര്യമാസക
ലം വിട്ടുപോയി. പിന്നീട് പലപ്പോഴും അവളെ കാണു
വാൻ സംഗതിവന്നു. കാണുമ്പോഴെല്ലാം എന്നിൽ കാ
മാഗ്നി ജ്വലിച്ചുതുടങ്ങി. ഈ ത്രൈലോക്യം ജയിക്കുവാൻ
ആ കണ്ണുകളുടെ ശോഭ ഒന്നുതന്നെ മതിയാവുന്നതാണ്.
ഇവളെ കണ്ട അന്നുമുതൽക്ക് എനിക്ക വല്ലാത്തൊരു മൂ
ഢം. എനിക്ക് ഒരു പ്രവൃത്തിയിലും ഒരു ഉത്സാഹമില്ലെ
ന്നുതന്നെയല്ല സദാ ഞാൻ അവളുടെ ധ്യാനനിഷ്ഠ
യിൽ ലയിക്കുകയുമാണെല്ലൊ സംഭവിച്ചിരിക്കുന്നത്. എ
ന്തു പുസ്തകമെടുത്തു നോക്കിയാലും ഭാരതിയുടെ സ്വരൂ
പംതന്നെ ദൃഷ്ടികളിൽ പതിയുന്നു! ആശ്ചര്യം! എന്റെ
സ്ഥിതി ഇങ്ങിനെയായിത്തീന്നുവല്ലോ. ഞാൻ ആരാ
ണ്? എന്റെ പ്രവൃത്തി എന്താണ്? എനിക്ക് ഇങ്ങിനെ
ഒരു ദുർമ്മോഹം ജനിക്കുന്നതു ന്യായമാണോ? ഇതു് ആ
രെങ്കിലും അറിഞ്ഞുവശായാൽ പിന്നെ ഈ മുഖം പുറ
ത്തു കാണിക്കുവാൻ തരമുണ്ടോ? ആയി, ചീത്ത! ചീത്ത!
വയ്യ! വയ്യ!! ഒരിക്കലും വയ്യ!!! അങ്ങിനെതന്നെ കചി
ഞ്ഞ ഒരു മോഹമുണ്ടോ? വേണ്ട! വേണ്ട!! അവളെ ഇനി
മേൽ ഞാൻ കാണുവാൻ ശ്രമിക്കില്ല. തീച്ചതന്നെ"
അയാളുടെ ചിന്ത ഇത്തരത്തിൽ പര്യവസാനിച്ചു. എ
ന്നാൽ അടുത്ത ക്ഷണത്തിൽതന്നെ ആ യുവാവിന്റെ
വിധം മാറി. ഭാരതിയുടെ അതിഃകോമളവദനവും, വി
ദ്യുല്ലതികപോലുള്ള ദേഹകാന്തിയും, മന്ദസ്മിതപ്രൌഢി

യും, മനസ്സിലുദിച്ചുതുടങ്ങി. കിടന്ന കിടപ്പിൽനിന്നു പിടഞ്ഞെണീറ്റു. ഘടികാരം നോക്കിയപ്പോൾ മണി നാലടിപ്പാൻ പത്തു മിനുട്ടുണ്ടു്. അദ്ദേഹം ഇതേവരെ ആലോചിച്ചുറച്ച ധൈൎയ്യം ശിഥിലമായിപ്പോയി. "അതേ, ഇപ്പോൾത്തന്നെ, ഒരു നിമിഷംപോലും താമസിക്കുവാൻ പാടില്ല, വല്ലവിധേനയും ചെന്നു കാണുകതന്നെ." എന്നു തീൎച്ചപ്പെടുത്തി ആ യുവാവു് വസ്ത്രവേഷാദികളെ മാററി അവിടെനിന്നു പുറത്തേക്കു പോയി.

ഭാരതീവിലാസത്തിലെ ലതാഗൃഹത്തിൽ ഭാരതി ചിന്താമഗ്നയായിരിക്കുകയായിരുന്നു. ആ സമയത്തു് ഒരു വൃക്ഷശാഖയിൽ രണ്ടു പക്ഷികൾ ഇരിക്കുന്നതു് അവൾ കണ്ടു. അതിൽ ഒന്നു് ആൺപക്ഷിയും, മറേറതു പെൺപക്ഷിയും ആയിരുന്നു. ആൺപക്ഷിയാകട്ടെ മററ പക്ഷിയിൽ അനുഷ്ഠിക്കുന്ന സമ്പ്രദായം കണ്ടാൽ തന്റെ പ്രാണസൎവ്വസ്വം ആ പെൺപക്ഷിയാണെന്നു തോന്നിപ്പോകും. അതു വെയിൽകൊണ്ടു ക്ലാന്തയായ തന്റെ പിടയെ തന്റെ ചിറകു വിടൎത്തി വീശുന്നു; കളകൂജിതംകൊണ്ടു് ആശ്വസിപ്പിക്കുന്നു; പല ആഹാരപദാൎത്ഥങ്ങളും കൊത്തിക്കൊണ്ടുവന്നു് അവളുടെ വദനത്തിൽ കൊടുക്കുന്നു; പിന്നെയും, അവളുടെ ഹിതമെന്തെന്നറിഞ്ഞു പ്രവൎത്തിക്കേണ്ടതിലേക്കു സന്നദ്ധനായി നില്ക്കുന്നു. ഈ വിനോദം കണ്ടു ഭാരതി ഇങ്ങിനെ വിചാരിച്ചുതുടങ്ങി.

"ഹാ! ഈ പക്ഷികളുടെ വിനോദം അതിരമണീയം തന്നെ. തിൎയ്യക്കുകളുംകൂടി തന്റെ സഹചാരിണിയിൽ

കാണിക്കുന്ന ആദരവ് വിശേഷബുദ്ധിയുള്ള മനുഷ്യരിൽ കാണാത്തത് അത്ഭുതമല്ലേ! അല്ല, തെററിപ്പോയി, മനുഷ്യസാമാന്യത്തെ പറയുവാൻ പാടില്ല. എത്രയോ മഹാന്മാർ അവരവരുടെ കളത്രങ്ങളെ വേണ്ടവിധം ലാളിച്ചുവരുന്നു. ഈ ഒരു ഭാഗ്യം എനിക്കു മാത്രമല്ലേ സിദ്ധിക്കാതെയുള്ളൂ. ആയതുകൊണ്ട് മനുഷ്യസാമാന്യത്തെ പഴിക്കുന്നത് ഉചിതമല്ല. കൊടുത്തുവെച്ചതല്ലേ കിട്ടുകയുള്ളൂ. ഞാൻ പൂർവ്വജന്മത്തിൽ ചെയ്ത ദുരിതം അനുഭവിച്ചല്ലാതെ തീരുമോ? പോട്ടെ! ആദ്യംതന്നെ ഭർത്താവ് എന്നെ ലാളിക്കുകയും പിന്നീട് വെറുക്കുകയും ചെയ്തതുകൊണ്ടല്ലേ ഞാൻ ഇങ്ങിനെ സങ്കടപ്പെടേണ്ടി വന്നത്? കഷ്ടം! ഈ ജീവിതത്തേക്കാൾ മരണമാണ് അധികം ശ്രേഷ്ഠമായിട്ടുള്ളത്". അവൾ ഇങ്ങിനെ ഓരോന്നു വിചാരിച്ച് അധോമുഖിയായി ഇരിക്കുകയായിരുന്നു. അപ്പോൾ എന്തോ ഒരു ശബ്ദം കേട്ടു പെട്ടന്നു മുഖം ഉയർത്തി. അപ്പോൾ അവളുടെ മുമ്പിൽ ഒരു തരുണൻ പ്രത്യക്ഷീഭവിച്ചു.

ആ യുവാവിനെ സന്ദർശിച്ച സമയത്ത് ഭാരതിയുടെ ഉള്ളൊന്നു നടുങ്ങി. ഭർത്താവു ഗൃഹത്തിലിരിക്കുന്നു. വിശേഷിച്ച് അദ്ദേഹം തങ്കൽ ഏററവും ശങ്കയുള്ളവനും ആയിരിക്കുന്നു. ഈ സ്ഥിതിക്കു വിജനപ്രദേശത്ത് ഒരു യുവാവിനോടുകൂടി അവളെ കാണുവാൻ സംഗതി വന്നാൽ ഭാവി എന്തായിരിക്കുമെന്ന് വിചാരക്കുമ്പോൾ അവൾ എങ്ങിനെ നടുങ്ങാതിരിക്കും! അല്പസമയംകൊണ്ടു ഭാരതി തൻെറ പരിഭ്രമത്തെ ഒരു മാതിരി അട

കി ആ യുവാവിനോട് "നിങ്ങളാരാണ്? ഇവിടെക്കെങ്ങിനെ വന്നു? വന്നിട്ടുള്ള കാൎയ്യമെന്തു്?" എന്നു ചോദിച്ചു.

യുവാവു. സുന്ദരി, കോപിക്കരുതു്. ഞാൻ പറയുന്നതിനെ ശ്രദ്ധിച്ചു കേൾക്ക. എന്റെ നാമാദികളെ പിന്നീട പറഞ്ഞുകൊള്ളാം. ഞാൻ ഇപ്പോൾ ഭവതിയുടെ ദാസനായിട്ടാണ വന്നിരിക്കുന്നതു. പല സന്ദൎഭങ്ങളിലും ഭവതിയെ സന്ദൎശിക്കുകയാൽ എന്റെ മനസ്സ ഭവതിയിൽ ലയിച്ചിരിക്കുന്നു. അതിനെ വീണ്ടെടുക്കുന്നതിന്ന ഞാൻ യത്നിച്ചിട്ടും സാധിക്കുന്നില്ല. ഇവിടെ വരേണ്ടതിലേക്ക പല വഴികളും ആലോചിച്ചു നോക്കി. ഒരു വിധത്തിലും പ്രവേശദ്വാരം ലഭിക്കായ്കയാൽ ഒടുവിൽ ഈ മതിൽ ചാടിക്കടന്നു. മനോമോഹിനി! ഇനി ഭവതിയുടെ കരുണയല്ലാതെ എനിക്ക മറ്റൊരു അവലംബമില്ല.

ഭാരതി—(ആശ്ചൎയ്യത്തോടുകൂടി) എന്തു്! എന്നെ കാണ്മാനോ! ഈ മതിൽ ചാടിക്കടന്നിട്ടോ! കഷ്ടം, ഈ പ്രവൃത്തി കേവലം അനുചിതമായിട്ടുള്ളതല്ലേ? പുരുഷധൎമ്മത്തിന്ന യോഗ്യമല്ലാത്ത ഈ പ്രവൃത്തി ചെയ്ത നിങ്ങൾ ആരുതന്നെയായാലും ഇവിടെ ഒരു ക്ഷണനേരം നില്ക്കുവാൻ ഞാൻ അനുവദിക്കുന്നതല്ല. വേഗം പുറത്തേക്ക പോയ്ക്കൊൾക.

യുവാവു്—ഭവതി എന്റെ സൎവ്വാപരാധങ്ങളും കരുണയോടുകൂടി ക്ഷമിക്കുവാൻ ഇതാ, ഞാൻ വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു. ഭവതിയോടു രണ്ടു വാക്ക സംസാരിച്ചതിന്റെശേഷം ഇവിടം വിട്ടുപോകുന്നതിന്ന തെയ്യാറാണ്.

ഭാരതി—നിങ്ങൾ ഇവിടെ നില്ക്കുന്നതും എന്നോടു സം
സാരിക്കുന്നതും ഒട്ടും യോഗ്യമല്ല. നിങ്ങളിവിടെ നി
ല്ക്കുന്നതു നിങ്ങളുടെ മാനത്തിന്നും പ്രാണങ്ങൾക്കും
അപായകരമാണെന്ന് ഓൎമ്മിക്കണം.

യുവാവു്—(ദീനസ്വരത്തിൽ) അല്ലയോ വധൂരത്നമേ! ഭവ
തിയെ അന്ന് ആ പുഴക്കടവിൽവെച്ചു കാണുവാൻ
ഇടവന്നു എനിക്ക് ഇതുവരെ ഒരു നിമിഷമെങ്കിലും
സ്വസ്ഥചിത്തനായിരിക്കുവാൻ സാധിച്ചിട്ടില്ല. എ
നിക്ക് അന്നുമുതൽ ഭവതിയിൽ അനുരാഗം ഉദിച്ചു
തുടങ്ങി. അതു് അസ്ഥാനത്തിലും അനുചിതവും ആ
ണെന്നു വിചാരിച്ചു് അതിനെ തടുക്കേണ്ടതിലേക്കു
ഞാൻ എന്റെ ധൈൎയ്യം മുഴുവനും പ്രയോഗിച്ചു പ
രിശ്രമിച്ചുനോക്കി. എന്നാൽ അതു വിഫലമായി എ
ന്നുതന്നെയല്ല എത്രത്തോളം തടയപ്പെട്ടുവോ അത്ര
ത്തോളം അതു വൎദ്ധിക്കുകയും ചെയ്തു. ഭവതിയുടെ മ
നോഹരരൂപം എന്റെ ഹൃദയത്തിങ്കൽനിന്ന് ഒരിക്ക
ലും വിട്ടൊഴിയുന്നില്ല. ഒരു പ്രവൃത്തിയിലും മനസ്സു
നില്ക്കുന്നതുമില്ല. ഭവതിയുടെ ദൎശനം ഒന്നൊഴിച്ചു
മറ്റു യാതൊന്നുംതന്നെ എന്നെ സന്തോഷിപ്പിക്കു
ന്നില്ല. ഞാൻ പകൽസമയം ഓരോ നിമിഷവും
ഓരോ യുഗംപോലെ കഴിച്ചുകൂട്ടുന്നു. രാത്രിയിലെ ക
ഥ ഞാൻ എന്താണു് പറയേണ്ടതു്? "രാത്രിഃ കല്പശ
തായതേ" എന്ന് ഒരു മഹാകവി പറഞ്ഞതുപോലെ
അനുഭവപ്പെട്ട എനിക്ക് കൃച്ഛ്രലബ്ധമായ നിദ്രാസമയ
ത്തിങ്കൽ ഭവതിയുടെ സ്വപ്നസമാഗമം ഒന്നുമാത്രം ജീ

വിതസൌഖ്യത്തെ നൽകുന്നു. എന്നാൽ ഹതഭാഗ്യനായിരിക്കുന്ന എനിക്ക് ആ സൌഖ്യാനുഭവവും അധികനേരം നിലനിൽക്കുന്നില്ല. ഉത്തരക്ഷണത്തിങ്കൽ ഉണരുമ്പോൾ ഭവതിയുടെ മനോഹരരൂപം അപ്രത്യക്ഷമാവുകയും ചെയ്യുന്നു. അപ്പോഴത്തെ സങ്കടാവസ്ഥയെ ഞാൻ ആരെ അറിയിക്കുന്നു? ഹതവിധിയെ ശപിക്കയല്ലാതെ എന്തൊരു നിവ്വാഹമാണ് ഉള്ളതു്? ഇങ്ങിനെയാണു ഞാൻ രാത്രി കഴിച്ചുകൂട്ടുന്നതു്.

ഭാരതി—(വെറുപ്പോടെ) ജീവിതത്തിലും, മാനത്തിലും കൊതിയില്ലാത്ത നിങ്ങൾ സംഭാഷണം നിറുത്തി ഇവിടെനിന്നു പോകുന്നതാണ് ഏറ്റവും ഉചിതമായിട്ടുള്ളതെന്നു് ഞാൻ വീണ്ടും പറഞ്ഞുകൊള്ളുന്നു. അങ്ങയോടു സംസാരിക്കുന്നതിന്നു ഞാൻ ഒട്ടുംതന്നെ ഇഷ്ടപ്പെടുന്നില്ല. അങ്ങയുടെ ഈ അപരാധത്തെ ക്ഷമിച്ചിരിക്കുന്നു. ഇനിയും ഇപ്രകാരം ചെയ്യുന്നതാണാൽ അതു് ഒരിക്കലും ക്ഷമിക്കത്തക്കതായിരിക്കയില്ല.

അവർ തമ്മിൽ ഇത്രയും സംഭാഷണം നടത്തിയതിന്റെശേഷം ഭാരതി പിന്തിരിഞ്ഞു നോക്കാതെ ഭവനത്തിലേക്കു പോയി. അവൾ കിടപ്പറയിൽ കടന്നു വാതിൽ ബന്ധിച്ചു് അസ്വസ്ഥയായി കുറെ നേരം കിടന്നു. പിന്നെ എണീറ്റിരുന്നു് ഇപ്രകാരം വിചാരിച്ചുതുടങ്ങി. 'ഞാൻ ഇദ്ദേഹത്തെ പല തവണയായി കണ്ടുവരുന്നു. അപ്പോഴെല്ലാം അദ്ദേഹം എന്നെ അത്യാസക്തിയോടെ

നോക്കിയിരുന്നതും ആ നോട്ടങ്ങളിൽ പല ആശയങ്ങഠം സ്ഫുരിച്ചിരുന്നതും ഞാൻ കണ്ടിട്ടുണ്ട്. ഇപ്പോഠം എൻെറ അടുത്തു വന്ന് അദ്ദേഹത്തിൻെറ അന്തരംഗത്തെ മുഴവനും തുറന്നു പറയുകയും ചെയ്തു. ഈശ്വരാ! ഇദ്ദേഹത്തിൻെറ ഈ പ്രവൃത്തി നിന്ദാസ്പദമല്ലേ? ഭർത്താവു കോപത്തോടും സംശയത്തോടുംകൂടി എന്നെ അതിജാഗ്രതയോടെ സൂക്ഷിച്ചുവരുമ്പോഠം ഇപ്രകാരം ഒരു യുവാവിനോടുകൂടി സഹവാസമുണ്ടെന്നറിഞ്ഞാൽ എൻെറ മാനഹാനിക്കും പുറമെ ജീവഹാനിയും നിശ്ചയംതന്നെ. എന്നാലും ആ യുവാവിൻെറ മുഖത്തു നോക്കി കഠിനവാക്കുകഠം പറയുന്നതിന്നോ—മനസ്സനുവദിക്കുന്നില്ല. ഭർത്താവ് എന്നെ എത്രത്തോളം ദ്രോഹിക്കുന്നുവോ അതിൽ നൂറിരട്ടി ആ യുവാവ് എന്നിൽ പ്രേമം നടിക്കുന്നു. ഇതാ! ആ യുവാവ്, ഇപ്പോഴും എൻെറ മുമ്പിൽ നിന്നുകൊണ്ടു കൈ നീട്ടി യാചിക്കുന്നതുപോലെ തോന്നുന്നു. ഹാ! എന്തൊരു മുഖം! എന്തൊരു വിനയം! ദൈവമേ! ഞാനെന്തു ചെയ്യേട്ടെ......ഛേ! ഛേ!! ഞാനെന്താണു വിചാരിക്കുന്നതു? ഞാനാര്? എനിക്ക് ഈ വക ആലോചനകഠംക്ക് അവകാശമെന്തു്? ഒരിക്കലും പാടില്ല. ഇനി ഈ വക ആലോചനകഠംക്കു ഞാൻ അവസരം കൊടുക്കയില്ല. മാനംതന്നെ വലിയതു്. സുഖം ക്ഷണികമാണ്." ഇങ്ങിനെ ഓരോന്നു വിചാരിച്ച് ഭാരതി അന്നത്തെ രാത്രി കഴിച്ചുകൂട്ടി.

രണ്ടു മൂന്നു ദിവസമായിട്ടു ഭാരതി ഗൃഹം വിട്ടു പുറത്തിറങ്ങിയതേയില്ല. ആ യുവാവാകട്ടെ പുത്തരിയിൽ

കല്ലുകടിച്ച’തുപോലെ ഒന്നാംദിവസംതന്നെ ഭാരതിയാൽ തിരസ്കൃതനാകയാൽ പല വിചാരങ്ങളോടുകൂടി ആ ലതാഗൃഹത്തിൽനിന്ന സ്വഗൃഹത്തിലേക്ക മടങ്ങി. ഒരുവിധം ബാക്കിയുള്ള പകൽ കഴിച്ചുകൂട്ടി. രാത്രിയായപ്പോൾ വീണ്ടും വിചാരങ്ങൾ വർദ്ധിച്ചുതുടങ്ങി. ഭക്ഷണാദികളിലൊക്കെ ശ്രദ്ധയുണ്ടായില്ല. അറയിൽപ്പോയി കിടക്കും. കിടപ്പുറക്കുന്നില്ല. എണീക്കും. പിന്നെയും കിടക്കും. പിന്നെയും എണീററിരിക്കും. ഇങ്ങിനെ "കിടക്കും വേഗാലേററങ്ങാം ഞൊടിയിരിക്കും വിവശനായ് ജപിക്കും ധ്യാനിക്കും പുനരപി കിടക്കും പുനരഹോ" എന്നമട്ടിൽ രാത്രിയും കഴിച്ചുകൂട്ടി.

പിറേറ ദിവസവും അയാൾ ആ ഉദ്യാനത്തിൽ ചെന്നു സന്ധ്യവരെ ഭാരതിയുടെ വരവിനെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. എന്നിട്ടും അവളെക്കാണാഞ്ഞയാൾ നിരാശനായി മടങ്ങിപ്പോരികയും തലേന്നാളത്തെപ്പോലെയോ അതിലും അധികമോ ദുഃഖത്തോടെ ആ നിശയേയും കഴിച്ചുകൂട്ടി. ഇന്നല്ലെങ്കിൽ നാളെ എന്ന് ആശാബദ്ധനായി അയാൾ ഒഴിക്കാതെ പിന്നെയും രണ്ടു ദിവസങ്ങളുംകൂടി മുൻസ്ഥിതിയിൽത്തന്നെ കഴിച്ചുകൂട്ടി. നാലാംദിവസം പതിവുപോലെ അവിടെ ചെന്നുകൂടി. 'കൊററുകടി'കൊണ്ടു കഴങ്ങുകയല്ലാതെ കൊതിച്ചിരുന്ന കോമളാംഗിയെ കണികാണാൻകൂടി കഴിഞ്ഞില്ല. ഒടുവിൽ ഭഗ്നാശനായി അയാൾ അവിടെ ഇരുന്നുകൊണ്ട് ഓരോന്നു വിചാരിച്ചുതുടങ്ങി.

"ഞാൻ ഈ ചെയ്യുന്ന പ്രവൃത്തി സാഹസംതന്നെ. എങ്കിലും അതിൽനിന്നു പിൻവലിക്കുന്നതിന്നു ഞാൻ ശക്തനാകുന്നില്ല. ദൈവമേ! ഞാനെന്തു ചെയ്യേണ്ടു? അവൾ എനിക്കു വശംവദയാകുമോ? അതോ, അന്നത്തെ എന്റെ പ്രവൃത്തികൾതന്നെ അവളെ നീരസപ്പെടുത്തിയിരിക്കുമോ? അല്ലെങ്കിൽ പിന്നെ എന്തുകൊണ്ടായിരിക്കും അവൾ ഇങ്ങോട്ടു വരാത്തതു്? സംശയമില്ല, കാരണം അതുതന്നെയാണ്. എന്റെ പേരിൽ അല്പമെങ്കിലും ദയ തോന്നീട്ടുണ്ടായിരിക്കുമെങ്കിൽ അവൾ പോകുന്ന സമയത്തു് ഒന്നു തിരിഞ്ഞു നോക്കുകയെങ്കിലും ചെയ്യുമായിരുന്നു. ഈശ്വരാ! ഇനി ഒരിക്കൽക്കൂടി അവളെ എനിക്കു കാണിച്ചുതരേണമേ!" അയാളുടെ വിചാരം ഇത്രയുമായപ്പോഴക്കും ആ മനോഹരരൂപംതന്നെ—അയാളുടെ മനസ്സിനെ അപഹരിച്ച ആ ഭാരതിക്കുട്ടിതന്നെ—അതാ, വീണ്ടും അയാളുടെ മുമ്പിൽ പ്രത്യക്ഷീഭവിച്ചു.

ഇതേവരെ ആ യുവാവിന്നു് ഇരുട്ടടഞ്ഞിരുന്ന ഈ ലോകം അപ്പോൾ വീണ്ടും പ്രകാശിച്ചുതുടങ്ങി. പെട്ടെന്നു് അയാളും അവളുടെ ദൃഷ്ടിപുടങ്ങൾക്കു ലക്ഷീഭവിച്ചു. ഉദ്യാനത്തിങ്കൽ മന്ദമാരുതസ്പർശത്താൽ ഇളകിക്കൊണ്ടിരുന്ന ലതകളേയും വിവിധങ്ങളായ ചെടികളേയും കണ്ടാനന്ദിച്ചും, സുരഭിലങ്ങളായ ചില പുഷ്പങ്ങളെ പറിച്ചു വാസനിച്ചും മന്ദമായി നടന്നുകൊണ്ടു വരുമ്പോളാണ്, അവൾ വള്ളിക്കുടിലിൽ മറഞ്ഞിരിക്കുന്ന ആ യുവാവിനെക്കണ്ടതു്. അപ്രതീക്ഷിതമായ ഈ കാഴ്ച ഭാരതി

ക്ക് ആദ്യത്തിൽ അസാമാന്യമായ പരിഭ്രമത്തിന്നു കാരണമായിത്തീൎന്നു. അപ്പോൾത്തന്നെ സ്ത്രീകൾക്കു സഹജമായ ലജ്ജാഭാരത്താലോ, അധൎമ്മത്തിൽനിന്നും നിവൎത്തിപ്പിക്കാൻ ഉത്സാഹിക്കുന്ന മനസ്സാക്ഷിയുടെ പ്രേരണയാലോ ഭാരതിയുടെ തല താഴ്ത്തപ്പെട്ടു. ആ ഒരു ക്ഷണത്തിൽ പല വിചാരപരമ്പരകളും ഹൃദയത്തിൽക്കൂടി പായുന്നതായി അവളുടെ മുഖഭാവം വ്യക്തപ്പെടുത്തി. ഒടുവിൽ അവൾ തല ഉയൎത്തി; താൻ മുമ്പു കണ്ടതു പരമാൎത്ഥം തന്നെയോ എന്നു തീൎച്ചപ്പെടുത്തുന്നതിന്നെന്നപോലെ ഒരിക്കൽക്കൂടി നോക്കി. അതേ, ഇനി ഇവിടെ പ്രവേശിക്കരുതെന്നു താൻ വിരോധിച്ചിരുന്ന ആ യുവാവു തന്നെ. പക്ഷേ അയാളുടെ ഇപ്പോഴത്തെ അവസ്ഥ മുൻ കണ്ടതിൽനിന്നു തീരെ വ്യത്യസ്തപ്പെട്ടിരിക്കുന്നു. രക്തമററു വിളറിയ മുഖത്തോടും, മിക്കവാറും നിൎജ്ജീവങ്ങളായ കണ്ണുകളോടും, ഏററവും കൃശമായിത്തീൎന്ന ശരീരാവയവങ്ങളോടും കൂടിയ അയാൾ അതിദയനീയമായ ഒരവസ്ഥയെ പ്രാപിച്ചിരിക്കുന്നു. ഭയത്താലും, പരിഭ്രമത്താലും, വ്യസനത്താലും, അനുകമ്പയാലും ഭാരതി ഇതികൎത്തവ്യതാമൂഢയായി സ്വല്പനേരം നിന്നനിലയിൽത്തന്നെ നിന്നുപോയി.

ആടിയുലഞ്ഞുംകൊണ്ടിരിക്കുന്ന ലതകളാലും ചെടികളാലും വഴി കാണിക്കപ്പെട്ടവളായി ഉദ്യാനദേവതയെപ്പോലെയിരിക്കുന്ന ഭാരതി അരികത്തേക്കു വരുന്നതു കണ്ടു യുവാവ് ആനന്ദപരവശനായി തന്റെ പ്രാണനേക്കാളും സ്നേഹിച്ചുവരുന്ന അവൾക്കു സ്വാഗതോക്തിയാ

യി ഒരു മന്ദസ്മിതം ചെയ്യുന്നതിന്നു മാത്രമേ അപ്പോൾ പ്രാപ്തനായുള്ളു. എന്തു പ്രവർത്തിക്കേണ്ടു എന്നറിയാതെ രണ്ടു പേരും സ്വല്പനേരം നിന്നു. ഒടുവിൽ ഭാരതി തന്റെ മനോവികാരങ്ങളെ അമർത്തിയുംകൊണ്ട് ഇപ്രകാരം പറഞ്ഞു.

ഭാരതി — അല്ലം! ഇതെന്തു സാഹസമാണ്? നിങ്ങൾക്ക് ഇനിയും വിവേകമുണ്ടായിട്ടില്ലല്ലോ! ഞാൻ എത്ര നിരോധിച്ചു പറഞ്ഞിട്ടും നിങ്ങൾ കേവലം ഒരു മൂഢനെപ്പോലെ പ്രവർത്തിക്കുന്നു? ഈ പ്രവൃത്തി ഭവാനെപ്പോലുള്ള പുരുഷകേസരികൾക്കു ഭൂഷണമാണോ? വിടപ്രമാണികളുടെ പ്രവൃത്തിയല്ലേ ഇതു്? ഇതാ, ഇനിയും ഞാൻ ഉപദേശിക്കുന്നു. നിന്ദ്യമായ ഈ ആഗ്രഹത്തെ ഉപേക്ഷിക്കുക. ആപത്തോ, അപമാനമോ ഉണ്ടാവാനിടവരുന്നതിന്നു മുമ്പ് ഇവിടെനിന്നു പോവുക.

യുവാവ് —(തൊഴുതുകൊണ്ട്) ഭദ്രേ, ക്ഷമിക്കണേ! ഞാനെന്തു ചെയ്യട്ടേ? ഭവതിയെ ഒരു നിമിഷമെങ്കിലും കാണാതിരിക്കുന്നതിന് എനിക്കു സാധിക്കുന്നില്ല. ഞാൻ പല വിധത്തിലും മനസ്സിനെ സമാധാനിപ്പിച്ചുനോക്കി. ഒട്ടും സാധിക്കുന്നില്ല. അന്നുമുതൽ ഇന്നേവരെ ഭവതിയുടെ ആഗമനത്തെത്തന്നെ പ്രതീക്ഷിച്ചുകൊണ്ടു സദാ സമയവും എന്നു പറയട്ടെ—ഇവിടെത്തന്നെ പതുങ്ങിയിരുന്നുംകൊണ്ടു സമയം കഴിച്ചുകൂട്ടുന്നു. അനന്യശരണനായ എന്നെ ഭവതി ഉപേക്ഷിക്കരുള്ള്. എന്നിൽ ഭവതി കരുണ ചെയ്യാത്തപക്ഷം ഈ

സുകുമാരൻ(അപ്പോൾ അയാൾ പറഞ്ഞ പേർ അഞ്ജിനെയാണ്.) മദനാഗ്നിയിൽ ദഹിച്ചു നാമാവശേഷനായിത്തീരും. എന്റെ അപരാധങ്ങളെ ക്ഷമിക്കുന്നതിനും,രാവും പകലും ഭവതിയെത്തന്നെ ധ്യാനിച്ചുംകൊണ്ടിരിക്കുന്ന ഈ സാധുവിങ്കൽ കരുണയുണ്ടാവുന്നതിനും, ഇതാ—ഞാൻ ഭവതിയുടെ കാൽ പിടിച്ചാശ്രയിക്കുന്നു. കാൽ പിടിച്ചവരെ കുടഞ്ഞു ചവിട്ടരുതു്.

ഇത്രയും പറഞ്ഞു് ആ സുകുമാരൻ ഭാരതിയുടെ കാല്ക്കൽ നമസ്കരിക്കുവാൻ ഭാവിച്ചപ്പോൾ, ഭാരതി 'അരുതു്! അരുതു്!! സാഹസം പ്രവർത്തിക്കരുതു്?' എന്നു പറഞ്ഞു തടുക്കുവാനായി കയ്യു നീട്ടി. അവളുടെ ആ നീട്ടിയ കയ്യിനെ സുകുമാരൻ പിടിച്ചൊന്നു ചുംബിച്ചു. ആ സമയത്തു് ഭാരതിക്കു "വിദ്യുച്ഛക്തി"യുടെ വേഗം വ്യാപിച്ചപോലെ ഒരാവേശം പെട്ടെന്നുൽഭവിച്ചു. അവൾ ഒരു തൂണുപോലെ നിന്നുപോയി. അല്പം കഴിഞ്ഞപ്പോൾ നില്ക്കുവാൻ ശക്തിയില്ലാതായി. അവൾ പതുക്കെപ്പതുക്കെ ചെന്നു കൽത്തറയിന്മേൽ ഇരുന്നു. സുകുമാരനും അവളെ അനുയാനംചെയ്തു് ആ തറയിൽത്തന്നെ സ്ഥിതി ഉറപ്പിച്ചു.

ഇവർ അവിടെ ഇരുന്നതിന്റെ ശേഷം അല്പനേരം ആരും ഒന്നും സംസാരിച്ചില്ല. പിന്നീടു സുകുമാരൻ ഓരോന്നു പറഞ്ഞുതുടങ്ങി. ഭാരതി അതിനെ കേട്ടിരുന്നതല്ലാതെ യാതൊരു മറുപടിയും പറഞ്ഞിരുന്നില്ല. സുകുമാരന്റെ വാക്കു് അധികരിച്ചുവരുമ്പോൾ അവൾ ഒന്നോ രണ്ടോ വാക്കുകളെക്കൊണ്ടു് അതിനെ നിറുത്തൽ

ചെയ്യുക മാത്രമേ ചെയ്തിരുന്നുള്ളൂ. അവരുടെ രഹസ്യപ്ര പത്തിൽ ശ്രദ്ധിക്കുന്നതു നമുക്ക് അനുചിതവും അനാവ ശ്യവുമാകയാൽ ആ സംഗതി വിട്ടു വായനക്കാരുടെ ശ്ര ദ്ധയെ ഗൃഹത്തിലിരിക്കുന്ന കരുണാകരൻ നായരുടെ അടുക്കലേക്കു ക്ഷണിച്ചുകൊള്ളുന്നു.

ഭാൎയ്യയുടെ പ്രവൃത്തികളിൽ മുമ്പുതന്നെ അവിശ്വ സ്തഹൃദയനായിരിക്കുന്ന കരുണാകരൻ നായർ നാലഞ്ചു ദിവസമായി അവളുടെ പ്രകൃതിക്ക് അല്പം ഭേദഗതികൾ കണ്ടപ്പോൾ അതിൻെറ കാരണത്തെ കുറിച്ചു ചിന്തിച്ചു തുടങ്ങി. "അവൾ തോട്ടത്തിലേക്കു പോയാൽ അധികം താമസിക്കാതെ മടങ്ങി വരാറുണ്ട്. എന്നാൽ മൂന്നു ദിവ സങ്ങൾക്കു മുമ്പു അവൾ തോട്ടത്തിൽനിന്നു മടങ്ങി വ ന്നതു പതിവിലും താമസിച്ചായിരുന്നു. എന്നുതന്നെയല്ല, അന്ന് അവളുടെ മുഖത്തിന്നു വളരെ ഭാവഭേദവും കണ്ടു. പിന്നെ മൂന്നു ദിവസത്തേക്കു തോട്ടത്തിലേക്കു പോയതേ യില്ല. ഇന്നവളരെ നേരത്തെതന്നെ പോയി. ഇതുവരെ തിരിച്ച് എത്തിയിട്ടുമില്ല. ഇതിന്നു കാരണം എന്തായി രിക്കും?" ഇങ്ങിനെ കരുണാകരൻ നായർ പലതും ആ ലോചിച്ചു. എന്നിട്ടും മനസ്സമാധാനത്തിന്നു മതിയായ യാതൊരു യുക്തിയും കണ്ടുപിടിക്കുവാൻ അയാൾക്കു സാധിച്ചില്ല. ഒടുവിൽ അദ്ദേഹം ഉലാത്തുവാനെന്ന ഭാവ ത്തിൽ തോട്ടത്തിലേക്കു നടന്നുതുടങ്ങി.

പ്രണയപാരവശ്യംകൊണ്ടു മതിമറന്നു. സംസാരിച്ചും കൊണ്ടിരിക്കുന്ന സുകുമാരൻെറയും, തൻെറ പാതിവ്രത്യ ധൎമ്മത്തെ ചിന്തിക്കാതെ—ഈ വിടപ്രമാണിയുടെ പ്ര

ണയസംഭാഷണത്തിൽ ശ്രദ്ധിച്ചുംകൊണ്ടിരിക്കുന്നു ഭാരതിയുടേയും ഭാവി എന്തായിരിക്കും? അവൾക്കു ഭാവിയെക്കുറിച്ചുള്ള ചിന്തതന്നെയില്ല. സുകുമാരൻ ജീവിതാശയേയും, അപമാനഭയത്തേയും അതിക്രമിച്ച കാമാന്ധനാണു്. ഭാരതിയോ, തന്റെ ഭർത്താവിങ്കൽ വെറുപ്പു തോന്നിയിരിക്കയാലും, സുകുമാരന്റെ ആപാതമധുരങ്ങളായ ചാടുവാക്കുകളിൽ ലയിച്ചിരിക്കയാലും ഭർത്താവു തന്നെ പിന്തുടർന്നുവരുമെന്നുള്ളതു തന്നെ വിചാരിക്കുന്നില്ല. അവരുടെ സംഭാഷണം അതേരീതിയിൽത്തന്നെ നടന്നുംകൊണ്ടിരിക്കുന്നു. കരുണാകരൻ നായരും അടുത്തടുത്തു വന്നുതുടങ്ങി. രണ്ടു നിമിഷത്തിനുള്ളിൽ ഈ കാൎയ്യം അയാൾക്കു പ്രത്യക്ഷപ്പെടും. അയാളുടെ എല്ലാ സംശയങ്ങളും ഇപ്പോൾ വെളിപ്പെടുകയും ചെയ്യും. എന്നാൽ പിന്നീടുണ്ടാവുന്ന ഘോരപരിണാമം എന്തായിരിക്കുമെന്നു്. പ്രിയവായനക്കാരേ, നിങ്ങൾതന്നെ ഊഹിച്ചുകൊള്ളുവിൻ. നിമിഷം ഒന്നുകൂടികഴിഞ്ഞു. എന്നാൽ ഇനിയും ചില കാൎയ്യങ്ങൾ ഇവരെക്കൊണ്ടുതന്നെ നിൎവ്വഹിക്കേണ്ടതുണ്ടെന്നുള്ള ഈശ്വരസങ്കല്പംകൊണ്ടായിരിക്കാം ഭാരതി പെട്ടെന്നു പിന്തിരിഞ്ഞു നോക്കിയതു്. ഇളകിക്കൊണ്ടിരുന്ന ചെടികളുടെ ഇടയിൽക്കൂടി ഒരാൾ അടുത്തു വരുന്നതായി കണ്ടു. അവളുടെ മനസ്സു സംഭാഷണവിഷയത്തിൽനിന്നും നിവർത്തിച്ചു തന്റെ ഭർത്താവിന്റെ അടുക്കലേക്കു് ഓടി. അപ്പോൾ ഭർത്താവു തന്റെ ഓരോ പ്രവൃത്തികളും സൂക്ഷിച്ചുംകൊണ്ടുവരുന്നതു് അവൾക്കോർമ്മ വന്നു. ഇത്രത്തോളംകൊണ്ടുതന്നെ ഈ വരുന്ന ആൾ ഭർത്താവാ

ണെന്നും അവൾ ഉൗഹിച്ച് ഒന്നുകൂടി സൂക്ഷിച്ചുനോക്കി. അതേ തന്റെ ഭർത്താവുതന്നെ എന്നവളറിഞ്ഞു. അവളുടെ ധൈര്യം നിശ്ശേഷം നശിച്ചു. എന്തു ചെയ്യേണ്ടുവെന്നറിവില്ലാതെയായി. തനിക്ക് ഒളിക്കുവാനോ സുകുമാരനെ ഒളിപ്പിക്കുവാനോ സമയമില്ല. ഭർത്താവ് അടുത്തു വന്നുകഴിഞ്ഞിരിക്കുന്നു. തല ചുററുന്നപോലെ തോന്നി. സംസാരിക്കുന്നതിന്നു ശക്തിയില്ലാതായി. ഒരു വിധത്തിൽ താഴ്ന്ന സ്വരത്തിൽ "അതാ ഭർത്താവ്" എന്നു പറഞ്ഞതോടുകൂടി അവൾ മോഹാലസ്യപ്പെട്ടു വീണു. അതിനിടക്കു സുകുമാരൻ ഒരു മിന്നലെന്നപോലെ അവിടെ നിന്നും മറയുന്നതു് അവൾ കണ്ടു. അപ്പോഴക്കു കരുണാകരൻനായരും അവിടെ എത്തി.

കരുണാകരൻനയർ പരിഭ്രമത്തോടെ ഭാര്യയെ താങ്ങി ഇരുത്തി. "ഭാരതി, ഇതെന്തു കഥയാണ്? പെട്ടെന്നു വീഴുവാൻ കാരണമെന്തു്? വല്ല സുഖക്കേടും ഉണ്ടോ?" എന്നു ചോദിച്ചപ്പോൾ ഭാരതി ഒരു ദീർഘശ്വാസത്തോടെ "ഇല്ല. ഒന്നുമില്ല. എന്തോ തലതിരിയുന്നു" എന്നു പറഞ്ഞു് അവിടം വിട്ടു ഗൃഹത്തിലേക്കു പോയിക്കളഞ്ഞു.

"ഇവൾക്കു് എന്താണു് ഇപ്പോൾ തലതിരിച്ചിലിന്നുള്ള കാരണം? എന്തെങ്കിലും പറഞ്ഞാലല്ലേ കാര്യം മനസ്സിലാക്കാൻ സാധിക്കയുള്ളൂ. ഇങ്ങോട്ടു മിണ്ടുന്നില്ലെന്നുതന്നെയല്ല അങ്ങോട്ടു കുത്തിച്ചോദിച്ചാലുംകൂടി മറുപടി കിട്ടിക്കൊള്ളാൻ ഞെരുക്കം" അദ്ദേഹം ഇങ്ങിനെ വിചാരിച്ച് ഒരു മണിക്കൂറു നേരം അവിടെ ഇരുന്നു. മൂന്നു നാലടി ദൂരത്തിങ്കൽ ഒരു മുടിലിന്റെ പിൻഭാഗത്തു ശ്വാ

സവുംകൂടി അടക്കി നിശ്ശബ്ദമായി സുകുമാരൻ മറഞ്ഞിരുന്നു. സാധു എന്തൊരു കഷ്ടപ്പാടാണ് അനുഭവിക്കുന്നേത്? ഈ ഘട്ടത്തിൽ ഏതൊരു രാജാവായിരുന്നാലും അല്പനായ വരനെ ഭയപ്പെടുകയല്ലാതെ ഗത്യന്തരമില്ലാത്തതാണല്ലോ.

സ്നേഹിതരേ! "കാമികൾക്കു കണ്ണില്ലെ"ന്നുള്ളതു് ഏററവും വാസ്തവമാണ്. അവർ മാനത്തേയും പ്രാണനേയും ഗണിക്കുകയില്ല. അതിയോഗ്യതയിലിരിക്കുന്നവരുംകൂടി ഈ ഒരു വലയിൽപ്പെട്ടുപോകും.

## പതിനൊന്നാമദ്ധ്യായം.

### ഒരു കഠിനക്കൊല.

സംവത്സരോത്സവം, ഷൺമാസോത്സവം, മാസോത്സവം എന്നിങ്ങിനെ ജനങ്ങൾക്കു് ആനന്ദപ്രദങ്ങളായ അനേകതരം ഉത്സവങ്ങൾ പല ദിക്കുകളിലും നടന്നുവരുന്നുണ്ടു്. ആവക ഉത്സവവീക്ഷണത്തിന്നു് എത്രയും വഴി അകലെനിന്നു് ആബാലവൃദ്ധം അസംഖ്യം ആളുകൾ അടുത്തുകൂടുക പതിവാണല്ലോ. എന്നാൽ റയിൽവെ ആപ്പീസ്സുകളിൽ,ഓരോ മണിക്കൂറുകളിലും നടക്കുന്ന സംഗതികൾ മേൽപ്പറഞ്ഞ ഉത്സവങ്ങളെ അതിശയിക്കത്തക്ക ഒരു ഉത്സവമായി ഗണിക്കപ്പെടാവുന്നതാണ്. പ്ലാറ്റ്ഫാറത്തിൽ ഓരോ വണ്ടി കയറിവരികയും ഇറങ്ങിപ്പോ

കകയും ചെയ്യുന്നതുപോലെ മെയിൽവണ്ടി, പാസ്സിഞ്ചർ, ഷട്ടിൽ, ലോക്കൽ തുടങ്ങിയുള്ള വണ്ടികളുടെ പോക്കുവരവുസമയത്ത് ഓരോ സ്റ്റേഷനിൽ ഉണ്ടാകുന്ന ആഘോഷത്തിന്ന് അവസാനമില്ലെന്നുതന്നെ പറയാം. അതിൽവെച്ചു വലിയ സ്റ്റേഷനോ വണ്ടി മാററമുള്ള ടിക്കോ വല്ല ജങ്ക്ഷനോ മറേറാ ആയാൽ പിന്നെ പറയേണ്ടതുണ്ടോ? ഈ വക ആപ്പീസ്സുകളിൽ അതിബഹളംതന്നെ. ഹിന്തുക്കൾ, മുഹമ്മദീയർ, ക്രിസ്ത്യാനികൾ തുടങ്ങി അനേകതരം മതക്കാരുടെ ഉത്സവാദികൾക്കു പ്രായേണ അതാതു മതക്കാരാണു പോവുക പതിവുള്ളത്. എന്നാൽ റയിൽവെ മഹോത്സവത്തിന്നു നിമ്മത്സരന്മാരായി മേൽപ്പറഞ്ഞ എല്ലാ മതക്കാരും ഒരുപോലെ പങ്കുകൊള്ളുന്നതുകൊണ്ടാണ് ആ ഉത്സവം എല്ലാ ഉത്സവങ്ങളേയും അതിശയിക്കുന്നതെന്നു മുക്തകണ്ഠം പറഞ്ഞത്.

ആപ്പീസ്സുകളിൽനിന്ന് ഓരോ വണ്ടികൾ പുറപ്പെടുന്നതിന്നു സാധാരണ അരമണിക്കൂറു മുമ്പായി അടുത്ത സ്റ്റേഷനിൽനിന്നു 'ബ്ലോക്ക്' കിട്ടും. ബ്ലോക്കു കിട്ടിയാൽ ഉടനെ പുറത്തു 'ബെല്ല്' അടിക്കുന്ന ശബ്ദം കേൾക്കാം. ആ സമയത്തു വണ്ടികളിലായും, നടന്നും, ഓടിയും അസംഖ്യം ആളുകൾ ഹാജരു കൊടുക്കുകയും, ടിക്കററു വാങ്ങേണ്ടതിലേക്കു തിക്കിത്തിരക്കിക്കൂട്ടുകയും ചെയ്യുന്നു. 'സിഗ്നൽ' താഴ്ത്തുക, വഴിയാത്രക്കാരുടെ സാമാനം തൂക്കി 'ബുക്ക്' ചെയ്യേണ്ടതു ബുക്കുചെയ്യുക, പാസ്സു വാങ്ങിക്കൊടുക്കുക, ഈവക കോലികൾ എടുത്തതിന്ന് അവക്കു കിട്ടേ

ണ്ടതായ ഫീസ്സിന്നു വഴിയാത്രക്കാരോടു വഴക്കടിക്കുക, ഈവക ലഹളകളിൽ പോൎട്ടൎമാർ പൊടിപൊടിക്കുന്നു. മററു ചില പോൎട്ടർമാർ ടിക്കററു കിട്ടാതെ തിരക്കിൽപ്പെട്ടുലയുന്ന യാത്രക്കാൎക്ക "ബുക്കിങ്ങ് ക്ലാൎക്കി"നോടു സേവകൂടി ടിക്കററു വാങ്ങിക്കൊടുത്തു് അവരോടു സംഭാവനകൾ വാങ്ങുന്നു. ചില പോലീസ്സുദ്യോഗസ്ഥന്മാർ ജനങ്ങളുടെ ഇടയിൽക്കൂടി അധികാരവലിപ്പം നടിച്ചു് അങ്ങോട്ടും ഇങ്ങോട്ടും ലാത്തുകയും ജനങ്ങളോടു മുറുക്കാൻ പററിക്കുകയും ലഹള ഇല്ലാത്തേടത്തു ലഹള ഉണ്ടാക്കിത്തീൎക്കുകയും ചെയ്യുന്നു. ചില സ്ത്രീകൾ തങ്ങളെ കൂട്ടിക്കൊണ്ടു വന്ന പുരുഷന്മാർ ടിക്കററു വാങ്ങുവാൻ പോയി തിരിച്ചു കാണാഞ്ഞുയാൽ പരിഭ്രമിച്ചു നാലുപാടും നോക്കുന്നു. ചില കുട്ടികൾ വില്ക്കുവാൻ തയ്യാറുചെയ്തു വെച്ചിട്ടുള്ള "ഓറഞ്ചു"തുടങ്ങി വിവിധങ്ങളായ പഴങ്ങളേയും പലതരം പലഹാരങ്ങളേയും കണ്ടു് അവയെ വാങ്ങിക്കൊടുക്കേണ്ടതിന്നു വാശിപിടിച്ചു് അമ്മമാരുടെ വസ്ത്രങ്ങളിൽ തൂങ്ങുന്നു. ചില വികൃതക്കുട്ടികൾ പലതരം പാട്ടുപാടിയും ആട്ടങ്ങളാടിയും ജനങ്ങളോടു പണം പിടുങ്ങുന്നു. ചിലർ ലണ്ടൻ, അമേരിക്ക, ജൎമ്മൻ മുതലായ പട്ടണങ്ങളെ ഒരുതരം യന്ത്രങ്ങളിൽ ജനങ്ങൾക്കു കാട്ടിക്കൊടുത്തു പൈസ്സ വാങ്ങുന്നു. പല ജാതിക്കാരും അവരവരുടെ സ്വഭാഷകളിലും അന്യഭാഷകളിലും കുശലങ്ങൾ പറയുന്നതും കാൎയ്യാദികൾ സംസാരിക്കുന്നതും മററുമുള്ള ആരവങ്ങളെക്കൊണ്ടു് ആപ്പീസ്സ് മാറെറാലികൊള്ളുന്നു.

വണ്ടിയുടെ 'വിസിൽ' കേട്ടുതുടങ്ങിയതോടുകൂടി ആ

ളുകളെല്ലാം ഇളകിമറിഞ്ഞ കടൽപോലെ വശായി. അ രയും തലയും മുറുക്കി സാമാനങ്ങളെടുപ്പിച്ചും എടുത്തും എല്ലാവരും സന്നദ്ധന്മാരായി നിൽക്കുന്നു. വണ്ടി ഝം കാരത്തോടുകൂടി പ്ലാററുഫോറത്തിൽ വന്നുനിൽക്കുമ്പോ ഴേക്കു വണ്ടിയിൽ നിന്നിറങ്ങുന്നവരും വണ്ടി കയറുന്നവ രുമായിട്ടു തിരക്കു അസഹനീയംതന്നെ. കൂലിക്കാരുടെ ലഹളക്കു പുറമെ ചിലർ വഴുതിവീഴുകയും ചിലർ തിക്കി ത്തിരക്കി കയറുകയും ചെയ്യുന്നു. ചിലർ ഭാര്യമാരുടെ കൈപിടിച്ചു തിക്കിത്തിരക്കി വണ്ടിയിൽ കയററുമ്പോഴ ത്തെ തിരക്കുനിമിത്തം അവൾക്കു കയറുവാൻ സാധിക്കാതെ വണ്ടിവിട്ടു വളരെ അകലുകയും ഒരു വിധം ഞെരുങ്ങി പ്പിടിച്ചു വണ്ടിയുടെ അടുത്തു വരുമ്പോൾ തന്റെ ഭാര്യ യെ കയററിയ കമ്പാർട്ടുമെണ്ട്" ഏതാണെന്നറിയാതെ കഴങ്ങുകയും ചെയ്യുന്നു. ചില പാട്ടിമാർ വിണ്ടും, എണ്ണി ററും, വടികത്തിയും, ഭാണ്ഡം തൂക്കിയും, കുട്ടികളോടു ക യർത്തും വണ്ടിയിൽ കയറി. തിരക്കുനിമിത്തം ഇരിക്കുവാൻ സ്ഥലമില്ലെങ്കിലും സ്വസാമർത്ഥ്യംകൊണ്ടു സ്ഥലമുണ്ടാ ക്കി ഇരിക്കുന്നു. ടിക്കററുപരിശോധകന്മാർ ടിക്കററു വാ ങ്ങാതെ വണ്ടികയറിയിട്ടുള്ളവരോടു കയർത്ത് അവരെ വ ണ്ടിയിൽനിന്നു പുറത്തേക്കു തള്ളി ഇറക്കുന്നു. കച്ചവടക്കാർ അവരവരുടെ സാമാനങ്ങൾ ഒന്നുചേർത്തു നീട്ടി വിളിച്ചു പറഞ്ഞുംകൊണ്ടു നടക്കുന്ന ശബ്ദത്താൽ ജനങ്ങളുടെ ചെ കിടടഞ്ഞുപോകുന്നു. എന്തിനേറെ പറയുന്നു. ഇപ്പോ ഴുള്ള കാഴ്ചകളിൽവെച്ചു രസകരമായ കാഴ്ച ഇതുതന്നെ യാണ് എന്നതിനു സംശയമില്ല.

മുൻ അദ്ധ്യായത്തിൽ വിവരിച്ച സംഭവം കഴിഞ്ഞു പതിനഞ്ചാം ദിവസം മദിരാശിക്കു പോകുന്ന മെയിൽവണ്ടിയെ നിരീക്ഷിച്ചുംകൊണ്ടു വിജയനഗരം റെയിൽവെ സ്റ്റേഷനിൽ അസംഖ്യം ജനങ്ങൾ ടിക്കറ്റുമേടിച്ചു സന്നദ്ധരായി നിൽക്കുന്നു. രാത്രി മണി പതിനൊന്നടിച്ചു. ഒരു പിടി കടുകു വാരി എറിഞ്ഞാൽ താഴത്തു വീഴാത്ത വണ്ണം ആ പ്ലാറ്റുഫോറത്തിൽ ആൾക്കൂട്ടം നിറഞ്ഞിരുന്നു. വണ്ടി വരാറായി. പച്ചനിറത്തിലുള്ള വിളക്കുകൾ കാണിച്ചുംകൊണ്ടു പോർട്ടർമാർ തയ്യാറായി നിൽക്കുന്നു. ആളുകളെല്ലാം ഒന്നിച്ചിളകിവശായി. തിരക്കില്ലാത്ത മുറിയിൽ കയറണമെന്നും തങ്ങൾ തങ്ങളുടെ സാമാനങ്ങൾ സൂക്ഷിക്കണമെന്നും, കൂട്ടം വിട്ടു പിരിയാതിരിക്കണമെന്നുമുള്ള വിചാരത്താൽ പലരും ജാഗ്രൂകന്മാരായി നിൽക്കുന്നു. പ്രധാന സ്റ്റേഷൻ, രാത്രിസമയം, പോരെങ്കിൽ അസംഖ്യം ആൾത്തിരക്കും. ഇങ്ങിനെയുള്ള സന്ദർഭമാണല്ലോ തസ്കരന്മാർക്കു ശുക്രദശാകാലമായിട്ടുള്ളതു്! അവരും അവരുടെ ജോലിയിൽ ബദ്ധശ്രദ്ധന്മാരായി നടക്കുന്നു. വണ്ടി വന്നു പ്ലാറ്റുഫോറത്തിൽ നിലച്ചു. അപ്പോഴത്തെ ബഹളം വായനക്കാർതന്നെ ഊഹിക്കുകയാണു നല്ലതു്. ചിലരുടെ ഭാണ്ഡം പോയി, ചിലരുടെ മണിപേഴ്സ് കാണാനില്ല, ചിലരുടെ കുട്ടികൾ കൈവിട്ടുപോയി, ദുർഭം ചില വങ്കപ്രഭുക്കന്മാരുടെ ഭാര്യമാരും തഥൈവ. ഈ തിരക്കിൻമദ്ധ്യേ സെക്കൻറ്ക്ലാസ് വെയിററിങ്ങ് റൂമിൽനിന്നു ഉയർന്നതരം ഉടുപ്പുകൾ ധരിച്ച ഒരാൾ ഒരു കൂലിക്കാരനെക്കൊണ്ടു തൻറെ ചെറുതായ രാ-

ടിക്കറ്റ് എടുപ്പിച്ചുംകൊണ്ടു സെക്കൻറ് ക്ലാസ്സ് കമ്പാർട്ടുമെണ്ടിൽ ചെന്നു കയറി. ആ ആൾ വണ്ടികയറുന്ന പ്ലാറ്റുഫോറത്തിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നിരുന്നവരിൽ ഒരുവൻ കണ്ടു തന്റെ കൂട്ടുകാരോട് ഇങ്ങിനെ പറഞ്ഞു.

ഒന്നാമൻ—എടോ, രണ്ടാം ക്ലാസ്സ് മുറിയിൽ കയറിയ ആ ആളെ താൻ കണ്ടുവോ?

രണ്ടാമൻ—ഞാൻ കണ്ടില്ല. ആളാരാണ്? കൊള്ളുള്ളവനോ?

ഒന്നാമൻ—എടോ! താൻ വല്ല പെണ്ണുങ്ങളേയും നോക്കിനിന്നാൽ മതിയോ? അങ്ങിനെയായാൽ എങ്ങിനെ കണ്ടുപിടിക്കും?

മൂന്നാമൻ—സ്നേഹിതാ! ഞങ്ങൾ ആ ബന്ധക്കാരനെ സൂക്ഷിച്ചുനോക്കുകയായിരുന്നു. ആയത്തുകൊണ്ടാണു കാണാഞ്ഞതു. അതാരായിരിക്കും?

ഒന്നാമൻ—ആരെന്നോ? അന്നു നമ്മുടെ കയ്യിൽനിന്നു പിഴച്ചുപോയ ആ കള്ളനാണ്.

രണ്ടാമൻ—അന്ന് ആ മലയിൽവെച്ചു പിഴച്ചുപോയവനോ?

ഒന്നാമൻ—അതേ.

രണ്ടാമൻ—കഷ്ടം! ഞാൻ കണ്ടില്ലല്ലോ. അവൻ ഇവിടേക്കെന്നു വന്നു?

ഒന്നാമൻ—അതെനിക്കറിഞ്ഞുകൂടാ. ഇപ്പോൾ വണ്ടികയറുന്നതു മാത്രം കണ്ടു.

മൂന്നാമൻ—അവൻ നാട്ടിലേക്കു മടങ്ങുകയായിരിക്കാം.

ഒന്നാമൻ—ഇവനെ ഇങ്ങിനെ വിട്ടയച്ചാൽ മതിയോ?
രണ്ടാമൻ—പോരാത്തതാണ്. ഇനി എന്താ നിവൃത്തി?
ഒന്നാമൻ—എടോ! ആലോചിച്ചാൽ വഴി കിട്ടാതിരിക്കുമോ? ഇങ്ങിനെയായാലെന്താ?

എന്നു മററവരുടെ ചെവിയിൽ എന്തോ മന്ത്രിച്ചു. അവർ രണ്ടു പേരും ഒന്നാമന്റെ ബുദ്ധിശക്തിയെ അഭിനന്ദിച്ചു. അപ്പോൾ ഫസ്റ്റ് ബെൽ അടിയ്ക്കുന്ന ശബ്ദം കേട്ടു. ഒന്നാമൻ ഓടിച്ചെന്നു മദ്രാസ്സിലേക്കുള്ള മൂന്നു മൂന്നാംക്ലാസ്സ് ടിക്കററുമേടിച്ചുവന്നു. മൂന്നു പേരും വണ്ടികയറി. തൽസമയം പോസ്റ്റ്ബെൽ അടിക്കുകയും വണ്ടി പുറപ്പെടുകയും ചെയ്തു.

അവർ കയറിയിരുന്ന കമ്പാർട്ടുമെണ്ടിൽ തിരക്കധികമായിരുന്നതുകൊണ്ട് ശ്വാസംപുംകൂടി അയയ്ക്കുവാൻ സാധിച്ചിരുന്നില്ല. അവിടെനിന്നു നാലാമത്തെ ആപ്പീസ്സുവരെ വണ്ടി നില്ക്കാത്തതുകൊണ്ട് അതുവരെ അവൎക്കു നിന്നു കാൽ അനക്കാതെ നില്ക്കേണ്ടിവന്നു. അവിടെ വണ്ടി നിന്നപ്പോൾ അതിലെ തിരക്കുകൾ മിക്കവാറും ഒഴിയുകയാൽ അവർ അല്പം ആശ്വാസംകൊണ്ടു. അവരും അവിടെ ഇറങ്ങി. മുൻ അടയാളപ്പെടുത്തിയിരുന്ന രണ്ടാംക്ലാസ്സുമുറിയിൽ ചെന്നു നോക്കി. ഒരാൾ തലയോടുകൂടി മൂടി പുതച്ചു കിടന്നുറങ്ങുന്നതു കണ്ടു. വേറെ ആരും ആ മുറിക്കുള്ളിൽ ഉണ്ടായിരുന്നില്ല. അവരിൽ ഒരുവൻ മററവരോട് "നിങ്ങൾ നമ്മൾ ഇരുന്നിരുന്ന മുറിയിൽ ചെന്നിരിക്കുവിൻ. ഞാൻ കാൎയ്യം നിവൎത്തിച്ച് അടുത്ത സ്റ്റേഷനിൽ അവിടെ എത്തിക്കൊള്ളാം" എന്നു

പറഞ്ഞ് അവരെ അയച്ചു. വണ്ടി ഇളകാറാകുന്നതുവരെ അയാൾ അങ്ങോട്ടും ഇങ്ങോട്ടും ചുററിപ്പാറി നിന്നു. വണ്ടി ഇളകിയതോടുകൂടി ആ മനുഷ്യൻ മുൻപറഞ്ഞ രണ്ടാംക്ലാസ്സുമുറി തുറന്ന് അകത്തു കടന്നു വാതിൽ ബന്ധിക്കുകയും ചെയ്തു. ഭയങ്കരമായ ഭാവിയെ ചിന്തിച്ചുംകൊണ്ടെന്നപോലെ നിലവിളിച്ചുംകൊണ്ടു വണ്ടി യാത്രയായി.

സെക്കൻക്ലാസ്സ മുറിയിൽ ഉറങ്ങിക്കിടന്നിരുന്ന ആൾ സുഷുപ്തിയിൽ ലയിച്ചിരിക്കുന്നു. മറേറ മനുഷ്യൻ ഉറങ്ങിക്കിടന്നിരുന്നവന്റെ ഉറക്കത്തെ പരിശോധിക്കുന്നു. നല്ല ഉറക്കമാണെന്നറിഞ്ഞതിനാൽ അയാൾ അരയിൽ നിന്ന് അതിഭയങ്കരമായ ഒരു കഠാരി എടുക്കുന്നു. ഹാ! കഷ്ടം! നിദ്രയിൽ ലയിച്ചു കിടക്കുന്ന ആളുടെ മാറത്ത് ഊക്കോടെ അയാൾ കുത്തുന്നു. കുത്തു കൊണ്ടവൻ അയ്യോ! എന്ന് ഒരാർത്തസ്വരത്തോടുകൂടി ഒന്നു ഞെട്ടി ആസീററിൽത്തന്നെ കിടക്കുന്നു. അപ്പോഴേക്കും വണ്ടി അതിവേഗത്തോടെ അടുത്ത സ്റ്റേഷനിൽ ചെന്നു നില്ക്കുന്നു. ഘാതുകൻ പെട്ടെന്നു വാതിൽ തുറന്നു പുറത്തു ചാടികൂട്ടുകാരോടുകൂടി ഗെയിററു കടന്നു പുറത്തു ചാടിയിരിക്കുന്നു. ഇതിന്നെല്ലാം സാക്ഷിഭൂതൻ അവിടെ പ്രകാശിച്ചുംകൊണ്ടിരിക്കുന്ന ദീപംതന്നെയായിരുന്നു.

പാപസഞ്ചയനിധികളായ ഈവക ദുഷ്ടസംഘത്തെ വഹിച്ചിട്ടുള്ള ഘനം കുറഞ്ഞുവെങ്കിലും ഭൂമിക്കുംകൂടി അസഹനീയമായ മൃതദേഹഘനത്തെ താൻ വഹിച്ചിരിക്കുകൊണ്ടു തേങ്ങി തേങ്ങി ശ്വാസമയക്കുകയോ എന്നു തോ

നുമാറു് ഢെ...ഢെ...ഢേ...ഢെ എന്ന ഘനസ്വര ത്തോടുകൂടി വണ്ടി അവിടം വിട്ടു പോവുകയും ചെയ്തു.

വണ്ടി അടുത്ത സ്റ്റേഷനിൽ ചെന്നെത്തി. ആ സമയത്തു പ്ലാറ്റുഫാറത്തിൽ ലഹള പൊടിപൂരമായി നടക്കുന്നു. പോല്ലീസ്സ സൂപ്രഡെണ്ടു ലോക്ക്സാസ്സ് അവർകളും അദ്ദേഹത്തിന്റെ മദാമ്മയും കൂടി സെക്കൻ ക്ലാസ്സ കമ്പാർട്ടുമേണ്ടിൽ ചെന്നു കയറി. ആദ്യം കയറിയതു മദാമ്മയായിരുന്നു. അവർ അകത്തേക്കു കടന്നു കൂടുമ്പോൾ "ഓ"—എന്ന ആർത്തനാദത്തോടുകൂടി പിന്നോക്കം മറിഞ്ഞു; സാസ്സ് അവർകൾ 'ഇതെന്താ'ണെന്നു ചോദിച്ചുംകൊണ്ടു ഭാര്യയെ താഴത്തു വിഴാതെ താങ്ങിപ്പിടിച്ചു. നാലു പാടും ഒന്നു നോക്കി. അപ്പോൾ അദ്ദേഹം കണ്ട കാഴ്ച അതിഭയങ്കരമായിരുന്നു. സീററിൽ കുത്തേററ രക്തപ്രളയത്തോടെ മൃതിപ്പെട്ടു കിടക്കുന്ന ഒരാളെയാണു കണ്ടതു്. സാസ്സ് അവർകൾ മോഹാലസ്യപ്പെട്ട തന്റെ മദാമ്മയെ ഒരു സീററിൽ കിടത്തി ഉടനെ തന്റെ വിസ്സിൽ വിളിച്ചു. അപായസൂചകമായ ആ വിസ്സിൽ വിളി കേട്ടു് എട്ടു പത്തു പോല്ലീസ്സുകാർ അവിടേക്കു് ഓടി വന്നു. പോല്ലീസ്സുകാർ ഓടുന്നതു കണ്ടു ഗാർഡും, അണ്ടർ ഗാർഡും സ്റ്റേഷൻമാസ്റ്ററും എന്നുതന്നെയല്ല അവരെ തുടന്നു് അസംഖ്യം ആളുകളും അവിടെ തിക്കിത്തിരക്കിക്കൂടി. ഹാ! എന്തൊരു ഭയങ്കരമായ കാഴ്ച! സൂപ്രഡെണ്ടിന്റെ കല്പനപ്രകാരം ഒരു കാൺസ്റ്റബിൾ കുത്തേററ ആളുടെ മൂടുപടം എടുത്തു മാററി. സാസ്സ് അവർകൾ കനിഞ്ഞു സൂക്ഷിച്ചു നോക്കിയപ്പോൾ ആളെ മ

നസ്സിലായി. അദ്ദേഹം അമ്പരന്നുപോയി. "ഇദ്ദേഹം പട്ടാളത്തിലെ മേലധികാരിയാണല്ലോ! ഇദ്ദേഹത്തിന്നു ഇതെങ്ങിനെ പററി. ഈ കഠിനക്രിയ ആരു ചെയ്തു?" അദ്ദേഹം ഇങ്ങിനെ വിചാരിച്ചിരിക്കുമ്പോൾ—"സമയമായിത്തുടങ്ങി. മെയിൽ വണ്ടിയാണ്" എന്നു സ്റ്റേഷൻ മാസ്ററർ പറയുകയാൽ സൂപ്രഡെണ്ടിന്റെ കല്പനപ്രകാരം പ്രേതത്തെ ഇറക്കി ആപ്പീസ്സിൽ കിടത്തി. പട്ടാള മേലധികാരിയുടെ പോക്കററു മുതലായതു പരിശോധന തുടങ്ങി. ആ പരിശോധനയിൽ ടിക്കററും അതോടുകൂടി ഒരു കമ്പിക്കടലാസ്സും കിട്ടി. മേലധികാരി വണ്ടി കയറിയ സ്ഥലവും ഇറങ്ങേണ്ടതായ സ്ഥലവും ടിക്കററു മൂലം അറിഞ്ഞു. അദ്ദേഹം രാത്രി വണ്ടിക്കു പുറപ്പെടുവാനുള്ള കാരണം ആ കമ്പിക്കടലാസ്സിനാൽ വ്യക്തപ്പെട്ടു. പിന്നീടു ഘാതുകനെ കണ്ടു പിടിക്കേണ്ടതിലേക്കുള്ള ശ്രമമായി. ആ ശ്രമം വിഫലമാണെന്നുള്ളതു് അവക്കുതന്നെ അറിയാവുന്നതാണ്. ഒന്നാമത്തു രാത്രി സമയം, വണ്ടിയിൽ വെച്ചു നടന്ന സംഭവം, പോരെങ്കിൽ ഡാക്ടർ പരിശോധിച്ചു 'കുത്തു കൊണ്ടിട്ടു ഒരു മണിക്കൂറു കഴിഞ്ഞിരിക്കും' എന്ന സർട്ടിഫൈ ചെയ്തു. പിന്നെ ഈ വക പ്രവൃത്തിച്ചിട്ടുള്ളവർ അവിടെ നിൽക്കുമോ— എങ്കിലും ചില അന്വേഷണം നടത്തി എന്നു വരുത്താതെ തരമില്ലല്ലോ. മേലധികാരി കയറിയ വിജയനഗരം ആപ്പീസ്സിലേക്കു കമ്പി അടിച്ചു. അവിടുന്നു മറുപടി കിട്ടിയതു് ഇങ്ങിനെയായിരുന്നു. 'മേലധികാരി വന്നതു പാസ്റ്റ് ബെല്ലടിച്ചതിന്റെ ശേഷമാണു. വണ്ടി ഇളകാറായി

രിക്കുന്നു. മദ്രാസ്സിലേക്ക് ഒരു ടിക്കേററ് എന്നു മാത്രം പറഞ്ഞ് അദ്ദേഹം വണ്ടി കയറുകയാണ് ഉണ്ടായത്. ടിക്കററു കൊണ്ടുപോയി അദ്ദേഹത്തിനു കൊടുത്തതും വണ്ടിയിളകിയതും ഒരേ സമയത്തായിരുന്നു. അപ്പോൾ ആ കമ്പാർട്ടുമെണ്ടിൽ അദ്ദേഹം മാത്രമേ ഉണ്ടായിരുന്നുള്ളൂ.” ഇതിനിടക്ക് അടുത്ത കമ്പാർട്ടുമെണ്ടുകളെ പരിശോധിച്ചുതുടങ്ങി. ഇതുകൊണ്ടൊന്നും ഫലപ്രാപ്തി ഉണ്ടായില്ല. ഫ്ളായിസ്സ്ററവനൊന്നിച്ച് തോണി കയറിയാൽ ഒരു കവിൾ വെള്ളമെങ്കിലും കുടിക്കാതെ കഴികയില്ലല്ലോ. മറെറാരു കമ്പാർട്ടുമെണ്ടിൽനിന്ന് ഒരു ശെക്ക് കിട്ടി. അതിലുള്ള ആളുകളെ എല്ലാം താഴത്തിറക്കി കേസ്സന്വേഷണം നടത്തി തെളിവെടുക്കേണ്ടതിലേക്ക പോലീസ്സിൻസ്പെക്ടർക്ക് കല്പനകൊടുത്തു സൂപ്രണ്ട സായ്പ് അവർകൾ വണ്ടിയിൽ ചെന്നു കയറി.

അതിയായ ഭാരമിറക്കിയ സ്വസ്ഥചിത്തനെപ്പോലെ വണ്ടി പതുക്കെ പതുക്കെ നീങ്ങിത്തുടങ്ങി. വണ്ടിയിൽനിന്നിറങ്ങിയവരെ പുറത്തു വിടാതെ എല്ലാ ഗെയിററുകളും മുൻകൂട്ടി ബന്ധിച്ചിരുന്നു. ഇൻസ്പെക്ടരും പോലീസ്സുകാരും വണ്ടിയിൽനിന്നിറക്കിയവരെ പരിശോധിച്ചതിൽ ഒരുവൻെറ ഉടുപ്പുകൾ ചോര പുരണ്ടിരിക്കുന്നതു കണ്ട് അവനോട് സാമം, ദാനം, ഭേദ, മെന്ന മൂന്നുപായംകൊണ്ടും ഈ കേസ്സിനെപ്പററി ചോദിച്ചതിൽ അയാൾ കററം സമ്മതിക്കില്ലെന്നു കണ്ടു നാലാമത്തെ ഉപായം പ്രയോഗിച്ചുതുടങ്ങി. ആ സാധുവിൻെറ ഭാക്കിന് അപ്പോഴും ഭേദഗതി വന്നിട്ടില്ല. എന്നാൽ നി-

ൻെറ ഉടുപ്പിന്മേൽ ചോര പുരളുവാനുള്ള കാരണമെ
ന്തെന്നു പോല്ലീസ്സുകാർ ചോദിച്ചതിന്നു "എജമാനന്മാ
രേ! എൻെറ കൈത്തണ്ടമേൽ ഒരു കുരു ഉണ്ടായിരുന്നു.
അതു പൊട്ടിയിട്ട് അല്പം നേരമേ ആയുള്ളു. അതിൽനിന്നു
വരുന്നചോര ഇനിയും നിലച്ചിട്ടില്ല. ഇതാ നോക്കുവിൻ."
എന്നു അയാൾ പറഞ്ഞു അവക്ക് ആ കുരു കാണിച്ചു
കൊടുത്തു. അപ്പോൾ ഒരു കാൺസ്റ്റേബിൾ മുൻ വി
വരിച്ച സെക്കൻറ് ക്ലാസ്സ മുറിയിൽ പതിഞ്ഞിരുന്ന കാല
ടിയുടെ അളവു എടുത്തിരുന്നതു അയാളുടെ കാലിനോ
ടൊപ്പിച്ചുനോക്കി. അവ തമ്മിൽ വളരെ വ്യത്യാസം
കണ്ടു. അതിനാൽ ആ സാധു രക്ഷപ്പെട്ടു. പ്ലാറ്റുഫോ
റത്തിൽ നിന്നു ആളുകളെ പുറത്തു വിടാതെ ബന്തോവ
സ്ത ചെയ്തിരിക്കയാണല്ലൊ. പിന്നീടു അവരെ ഓരോരു
ത്തരെയായി പരിശോധന കഴിച്ചു വിട്ടുതുടങ്ങി. ഈ
വക ഏർപ്പാടുകൊണ്ടു പല സാധുക്കളേയും ബുദ്ധിമുട്ടി
ച്ചു എന്നല്ലാതെ യാതൊരു കാര്യവും ഉണ്ടായില്ല. മേല
ധികാരിയുടെ പ്രേതത്തെ അയാളുടെ ശേഷക്കാരെ കമ്പി
യടിച്ചു വരുത്തി ഏല്പിച്ചുകൊടുത്തു. എല്ലാ പോല്ലീസ്സ
സ്റ്റേഷനിലേക്കും ഈ കൊലക്കേസ്സ് അറിവു കൊടുത്തു.

കൊക്കിന്നു വെച്ചതു ചക്കിന്നു കൊണ്ടു.

അതു് ദൈവവിലാസം.

# പന്ത്രണ്ടാമദ്ധ്യായം.

## ഒരവിചാരിതസംഭവം.

പ്രിയവായനക്കാരേ! നിങ്ങളെ ഞാൻ അങ്ങോട്ടും ഇങ്ങോട്ടും ഓടിച്ചു ബുദ്ധിമുട്ടിക്കുന്നുവെന്നു നിങ്ങൾക്ക് എന്നിൽ പരിഭവം തോന്നരുതു്. പല ദിക്കുകൾ ചെന്നു സന്ദർശിക്കയും പല വിശേഷങ്ങൾ അറിയുകയും പലരേയും കണ്ടു പരിചയപ്പെടുകയും ചെയ്യണമെന്നുള്ള അഭിപ്രായക്കാരനാണു ഞാൻ. ഈ പ്രവൃത്തികൊണ്ടു ലോകപരിചയവും മനസ്സിനു വികാസവും സഹജീവികളിൽ സ്നേഹവും ഉണ്ടാകുമെന്നാണു ഞാൻ വിചാരിക്കുന്നതു്. കേവലം ഒരു 'കൂപമണ്ഡൂകം' പോലെ ആയുസ്സും ചരത്തിയതുകൊണ്ടു് എന്തുപ്രയോജനമാണുള്ളതു്? ഈ രീതിയെ അനുസരിച്ചു നടക്കുന്ന എന്റെ അനുയായികളും എന്നോടൊപ്പം സുഖദുഃഖാദികളിൽ പങ്കുകൊള്ളേണ്ടിവരുമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇനി നാം തീവണ്ടി മല മുതലായതുവിട്ടു വീണ്ടും ലക്ഷ്മീപുരത്തുതന്നെ പ്രവേശിച്ചു് അവിടെ നടക്കുന്ന സംഗതികൾ എന്താണെന്നു അന്വേഷിക്കുകതന്നെ.

രമണീയമായ ഒരു രാത്രി. കളങ്കമററു ഉദിച്ചുയർന്നു വരുന്ന കുമുദബാന്ധവൻ തന്റെ കിരണകന്ദളങ്ങളും കൊണ്ടു രജതദ്രവങ്ങളെ ദ്യാവാപൃഥിവികളുടെ അന്തരാളം മുഴുവൻ നിറയ്ക്കുന്നു. സമയം ഏകദേശം അർദ്ധരാത്രിയോടടുത്തിരിക്കുന്നു. രാത്രി പത്തുമണിവരെ നാനാജനങ്ങ

ളുടെ സമ്മർദ്ദംകൊണ്ടു മുഖരിതങ്ങളായിരുന്ന ആ ലക്ഷ്മീപുരം നഗരത്തിലെ തെരുവീഥികൾ ഇപ്പോൾ വിജനസ്ഥലങ്ങളെപ്പോലെ നിശ്ശബ്ദങ്ങളായിരിക്കുന്നു. പരസ്ത്രീലമ്പടന്മാരും പരദ്രവ്യാപഹാരികളും ചൂതുകളിക്കാരും ഒഴികെ ബാക്കി എല്ലാവരും നിദ്രയെ പ്രാപിച്ചിരിക്കുന്നു. ഈ മൂന്നുവർഗ്ഗക്കാരും നിദ്രാദേവിയുടെ കല്പനാജ്ഞകൾക്കുംകൂടി കീഴടങ്ങാത്തവരാണല്ലോ. ഈ സമയത്തു് രതീവിലാസത്തിലെ പൂന്തോട്ടത്തിനകത്തു് അവിടവിടെ വൃക്ഷച്ഛായകളിൽ മറഞ്ഞും പതുക്കെ പതുക്കെ നിശ്ശബ്ദമായി കാലടികളെ വെച്ചും ഒരു സി. ഐ. ഡി. യെ തോല്പിച്ചു പോകുന്ന തസ്കരവീരനെപ്പോലെ ഒരാൾ സഞ്ചരിക്കുന്നു. സമയം അതിക്രമിച്ചതിനാലുള്ള ഭയമോ സന്തോഷദായകമായ നിലാവു കണ്ടതുകൊണ്ടുള്ള ഹർഷമോ അയാളുടെ മുഖത്തു സ്ഫുരിച്ചുകൊണ്ടിരുന്നില്ല. എന്നാൽ പല ചിന്തകളെക്കൊണ്ടു് വളരെ കലുഷിതമാണു ഹൃദയമെന്നു് അയാളുടെ വിവർണ്ണമായ മുഖംകൊണ്ടും, ഉത്സാഹമാന്ദ്യംകൊണ്ടും അനുമാനിക്കാവുന്നതാണു്. രതീവിലാസത്തിന്റെ പിൻഭാഗത്തു് ഇടത്തു പുറത്തെ ഒരു ജനൽപ്പഴുതിൽക്കൂടി പുറത്തു പ്രകാശിച്ചിരുന്ന ദീപപ്രഭയെ ലക്ഷ്യമാക്കിക്കൊണ്ടാണു് അയാൾ നടക്കുന്നതു്. അതിനാൽ ഈ ആൾ പരദ്രവ്യാപഹാരികളുടെ വശത്തിൽപ്പെട്ടവനല്ലെന്നു വിചാരിക്കണം.

അയാൾ ഗൃഹത്തോടടുക്കുംതോറും ഗതി മന്ദിപ്പിക്കുകയും പ്രകാശസ്ഥലങ്ങളിൽ തന്നെ കാണിക്കാതിരിക്കാൻ അധികം ജാഗ്രതയുള്ളവനാകയും ചെയ്തു. ഗൃഹത്തി

കൽ എല്ലാവരും ഉറക്കമായില്ലെന്നു് അവിടെ ഇടക്കിട
ക്ക കാലടിശബ്ദങ്ങൾ കേട്ടതുപോലെ തോന്നുകയാൽ അ
യാളുടെ ഗതിക്കു് ഈ വ്യത്യാസം വന്നതാണു്. ഇതി
നാൽ അയാൾ ഗൃഹത്തിലെ ഒരംഗമോ ആ ഗൃഹത്തോ
ടു് ഏതൊരു വിധത്തിലെങ്കിലും സംബന്ധപ്പെട്ട ഒരാ
ളോ അല്ലെന്നും അവിടെ എല്ലാവരുടേയും സന്തോഷ
സമ്മരങ്ങളോടുകൂടി പോകുന്നവനല്ലെന്നും നിശ്ചയി
ക്കാം. അതിനാൽ അയാളെ ദൃഃതാത്സുകനെന്നും
പറയാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ ഇത്ത
രക്കാൎക്കു് ഒരു വിശേഷമുണ്ടു്. മററുസമയങ്ങളിൽ അ
വർ പരസ്സരം എന്തുതന്നെ വിചാരിച്ചിരുന്നാലും കൂടി
ക്കാഴ്ചകളിലും സങ്കേതസ്ഥലങ്ങളിലും, അവർ ചിരപരി
ചിതന്മാരും അത്യന്തമിത്രങ്ങളും ആയിത്തീരുന്നു. ഇതര
വ്യവസായങ്ങളെ ഉപേക്ഷിച്ചും അന്യർ അറിയരുതെ
ന്നുള്ള ഭയത്തെ ത്യജിച്ചും ആ സങ്കേതസ്ഥലത്തേക്കു്
ഓടി എത്തും. അതു ചേട്ടാ'ഭഗവതിയുടെ അനന്യ
സാമാന്യമായ പ്രാഭവമാണു്.

അയാൾ പതുക്കെ പതുക്കെ നടന്നു് വെളിച്ചം ക
ണ്ടിരുന്ന ജനലിന്റെ താഴെ എത്തി. കുറച്ചുനേരം ചെ
വി ഓൎത്തുകൊണ്ടു നിന്നു. അകത്തു ആരും അനങ്ങുന്ന
തായോ സംസാരിക്കുന്നതായോ അപ്പോൾ കേൾക്കാനി
ല്ല. എല്ലാം നിശ്ശബ്ദം. ഉടനെ അയാൾ ചുമരിന്മേൽ
പൊത്തിപ്പിടിച്ചു കയറി ജനൽവഴിക്കു് അകത്തു പ്ര
വേശിക്കാൻ തീൎച്ചപ്പെടുത്തി. തൽക്ഷണം ഭയംകൊ
ണ്ടു് അയാളുടെ ദേഹം മുഴുവൻ കിടുകിടെ വിറച്ചു

തന്റെ പ്രവൃത്തിയുടെ പരിണാമം എന്തായിരിക്കുമെന്നോൎത്തപ്പോൾ അയാൾ സ്തബ്ധനായി. സന്ധികളെല്ലാം തളൎന്നു. കയ്യിന്നും കാലിന്നും ബലമില്ലാതായപോലെ തോന്നി. ചുമരിന്മേൽക്കൂടി ജനാലവരെ ചെല്ലുന്ന കാൎയ്യവും എളുപ്പമല്ല. എന്നാൽ ഇതുകളൊന്നും അയാളുടെ ആശയെ നിറുത്തുന്നതിന്നോ സംരംഭത്തെ തടയുന്നതിന്നോ മതിയായില്ല. അസഹ്യമായ അയാളുടെ ആശാപ്രവാഹത്തിന് ഇവ സ്വല്പവിഘ്നങ്ങൾ മാത്രമേ ആയിരുന്നുള്ളു. അയാൾ ചുമരു കയറുവാൻ ഭാവിച്ചു. സാധിച്ചില്ല. യാതൊരവലംബവുമില്ലാതെ ചുമരിന്മേൽ കയറുവാൻ മാൎജ്ജാരനോ മറ്റോ ആയിരിക്കണം. അയാൾക്ക് ആ ഒരു വിചാരം തോന്നിയതുതന്നെ ഏതോ ഭ്രാന്തിപോലെ ഒരു വകഭേദമെന്നേ പറയേണ്ടു. പിന്നീടു ഗൃഹത്തിന്റെ പടിഞ്ഞാറെ ഭാഗം പരിശോധന നടത്തിത്തുടങ്ങി. ദൈവാധീനം! തളത്തിൽനിന്ന് ഉദ്യാനത്തിലേക്കുള്ള വാതിൽ അല്പം തുറന്നു കിടക്കുന്നതു കണ്ടു. വന്നതുവന്നു എന്നു നിശ്ചയിച്ച് അതിലൂടെ അകത്തേക്കു പ്രവേശിച്ചു. ആ തളത്തിൽ മങ്ങിക്കത്തിയിരുന്ന ഒരു ദീപമല്ലാതെ വേറെ ആരും ഉണ്ടായിരുന്നില്ല. തളത്തിന്റെ കിഴക്കെ അറ്റത്തായിട്ടാണു മുകളിലേക്കു കയറുവാനുള്ള കോണി സ്ഥാപിച്ചിരുന്നതു്. നിശ്ശങ്കമായും നിശ്ശബ്ദമായും അയാൾ ആ കോണി കയറി മുകളിൽചെന്നു. അവിടേയും അറയുടെ വാതിൽ അല്പം തുറന്നു കിടന്നിരുന്നു. അതും ഭാഗ്യംതന്നെ. അകത്തുള്ളവർ തന്നെ കാണരുതെന്നു വിചാരിച്ച് ഒരു

ഭാഗത്തേക്ക മറഞ്ഞുനിന്നു് അയാൾ അകത്തേക്കെത്തി
ച്ചുനോക്കി.

അതു ഭാരതിയുടെ കിടപ്പുമുറിയായിരുന്നു. മനോ
ഹരമായി അലങ്കരിച്ചിരുന്ന ഒരു സോഫമേൽ ഭാരതി
കിടന്നിരുന്നു. അവൾ റോസ്സുവൎണ്ണത്തിലുള്ള ഉടുപ്പുക
ളാണു് ഉപയോഗിച്ചിരുന്നതു്. ദീപപ്രകാശത്താൽ അവ
മിന്നിക്കൊണ്ടിരുന്നു. അവൾ ഗാഢമാലോചനയിൽ മുഴുകി
മേല്പോട്ടു നോക്കിക്കൊണ്ടു കിടക്കുകയായിരുന്നു. സൌ
ന്ദൎയ്യമേറിയ അവയവങ്ങൾ, തങ്കത്തിനൊത്ത നിറം,
യൌവനം, യോജിപ്പുള്ള ഉടുപ്പുകൾ, (വളരെ എണ്ണങ്ങളി
ല്ലെങ്കിലും ഉള്ളവ), അഴകേറിയവയും ദീപപ്രഭയാൽ ദ്വിഗു
ണീകൃതശോഭാജനകങ്ങളുമായ ആഭരണങ്ങൾ, ഏകാ
ന്തസ്ഥിതി, ഇതെല്ലാംകൂടി ആലോചിച്ചപ്പോൾ ആയിര
റായിരം കണ്ണുകളെ മയക്കുന്നതിന്നും മനസ്സുകളെ ഹരി
ക്കുന്നതിന്നും, ഇവൾ ഒരുവൾ മാത്രം മതി എന്നു നമ്മു
ടെ സ്നേഹിതൻ നിശ്ചയിച്ചു. ഇമച്ചുമിഴിക്കുടാതെ കു
റെ നേരം അവളെത്തന്നെ നോക്കിക്കൊണ്ടു നിന്നു. അ
ലംഭാവം വന്നില്ല. അയാളുടെ നേത്രേന്ദ്രിയങ്ങൾ ആ
ദിവ്യമൂൎത്തിയിൽത്തന്നെ ലയിച്ചു. അതു കണ്ടു ബാക്കി
ഇന്ദ്രിയങ്ങൾക്കും ധൃതി കൂടിത്തുടങ്ങി. മനസ്സു് ആനന്ദ
മഹാസമുദ്രത്തിലെ തിരകൾക്കിടയിൽ പെട്ട ഒരു ചെറു
തോണിപോലെയായിത്തീൎന്നു. കുറച്ചുനേരം ഇങ്ങിനെ
സാമീപ്യസുഖത്തെ അനുഭവിച്ചശേഷം സായൂജ്യസുഖ
ത്തിന്നുള്ള തീവ്രേച്ഛകൊണ്ടു് അയാൾ പതുക്കെ പതു
ക്കെ വാതിൽ തുറന്നു് അകത്തേക്കു കടന്നു.

ഭാരതി ഗാഢാലോചനയിൽ മുഴുകിയിരുന്നതുകൊണ്ടു് വാതിൽ തുറന്ന ശബ്ദവുംകൂടി അവൾ കേട്ടില്ല. സുകുമാരൻ (ആഗതന്റെ പേർ ഇതായിരുന്നു) മന്ദം മന്ദം ചെന്നു് അവളുടെ ശിരോഭാഗത്തായി കുറച്ചുനേരം നിന്നു. അവൾ ഉറങ്ങുകയല്ലെന്നു മനസ്സിലായി. അയാൾ ഇനി പ്രവൎത്തിക്കേണ്ടതു് എന്തെന്നു വിവരമില്ലാതെ സ്വല്പ സമയം ആലോചനയിൽ പെട്ടുപോയി. "ഇവളുടെ കണ്ണുരണ്ടും പൊത്തിപ്പിടിച്ചെങ്കിലോ? ആയി, അതു വയ്യ. അവൾ ആരെന്നറിയാതെ പേടിച്ചു നിലവിളിച്ചെങ്കിൽ കാൎയ്യം അപകടത്തിലാവും. വേണ്ട, പതുക്കെ രണ്ടു കയ്യും പിടിച്ചുകളയാം. അതുംപാടില്ല. ഇവളുടെ ഇപ്പോഴത്തെ കിടപ്പുകൊണ്ടു മനസ്സു് ഗാഢാലോചനയിൽ ലയിച്ചതുപോലെ കാണപ്പെടുന്നു. ബാഹ്യപ്രപഞ്ചത്തിൽ അവൾ ദൃഷ്ടി വെച്ചിട്ടില്ല. ആ സ്ഥിതിക്കു് അതും ഭയജനകമായിത്തന്നെ തീരും" അയാൾ ഇങ്ങിനെ പൂൎവ്വപക്ഷ സമാധാനങ്ങളോടുകൂടി ഓരോന്നു വിചാരിച്ചിരിക്കേ, അയാളറിയാതെ ഒരു ചുമ പുറപ്പെട്ടുപോയി. ഗാഢാലോചനയിൽ ലയിച്ചിരുന്ന അവളെ ഉണൎത്തുവാൻ ആ ചുമക്കു നിഷ്പ്രയാസം സാധിച്ചു. അവൾ പെട്ടന്നു ഞെട്ടിയുണൎന്നു കിടന്ന കിടപ്പിൽ മൂന്നുപാടും ഒന്നു നോക്കി. ആരേയും കണ്ടില്ല. വാതിലടച്ചിരുന്നതു മുൻസ്ഥിതിയിലല്ലായിരുന്നതുകൊണ്ടു് അവളുടെ പരിഭ്രമം ഒന്നുകൂടി വൎദ്ധിച്ചു. പിന്നാക്കം തിരിഞ്ഞുനോക്കി. അപ്പോൾ തന്റെ തലയ്ക്കലായി നില്ക്കുന്ന സുകുമാരനെ കണ്ടു.

സുകുമാരനെ കണ്ട ക്ഷണത്തിൽ ഭാരതി അടിതൊട്ടു മുടിവരെ കിടുകിടെ വിറയ്ക്കുകയും പെട്ടെന്നു സോഫയിൽനിന്നു എണീക്കുകയും ചെയ്തു. അവളുടെ കവിൾത്തടങ്ങൾ ചെമ്പരത്തിപ്പൂപോലെ തുടുത്തുവശായി. കണ്ണുകളിൽനിന്നു തീപ്പൊരി പറക്കുന്നുവോ എന്നു തോന്നിപ്പോകും. വിറയ്ക്കുന്ന അധരത്തെ ദന്തതാലമത്തിക്കൊണ്ടു സുകുമാരനെ നിർന്നിമേഷം അവൾ നോക്കിനിന്നു. സുകുമാരനാകട്ടെ ഭയജനകങ്ങളായ അവളുടെ ഈ ഭാവഭേദങ്ങൾ കൊണ്ടു യാതൊരു ഇളക്കവുമുണ്ടായില്ല. അയാൾ മുൻനിന്നിരുന്ന സ്ഥിതിയിൽത്തന്നെ നിന്നതേയുള്ളു. ഭാരതിക്കു കോപം സഹിക്കവയ്യാതായിട്ടു ഇപ്രകാരം പറഞ്ഞു.

ഭാരതി—സുകുമാര! നിങ്ങളെന്താണ് ഇപ്പോൾ പ്രവൎത്തിച്ചതു്? ഇതെന്തൊരു സാഹസമാണ്? നിങ്ങൾ ഇവിടെ എങ്ങിനെ പ്രവേശിച്ചു?

സുകുമാരൻ—മനോഹരി! എനിക്ക് ഇവിടേക്കുള്ള പ്രവേശദ്വാരം ദൈവം സുകരമായി അനുവദിച്ചു തന്നു. യാതൊരു ബുദ്ധിമുട്ടുംകൂടാതേയും യാതൊരുത്തരും കാണാതേയും ഈശ്വരൻ എന്നെ ഇവിടേക്കു കൊണ്ടു വന്നു വിട്ടു. ഇനി ഭവതിതന്നെയാണ് എനിക്കാശ്രയമായിട്ടുള്ളതു്.

ഭാരതി—ഉന്മത്തന്മാരിൽവെച്ചു് അഗ്രഗണ്യനായ അങ്ങയോടു ഞാനെന്താണു പറയേണ്ടതു്? ഭത്താവു താഴത്തറയിൽ!

ഭത്താവു് എന്നു് ഉച്ചരിച്ച മാത്രയിൽ അവളുടെ

ദേഹമാസകലം ഒന്നു വിറച്ചു. വാക്കു മുഴുമിപ്പാൻ കഴു
ത്തിൽ എന്തോ ഒന്നു ബന്ധിച്ചതുപോലെ തോന്നുക
യാൽ ശബ്ദം പുറപ്പെടാതായി. അവൾ മാറത്തു കൈ
വെച്ചുംകൊണ്ടു സുകുമാരനെത്തന്നെ നോക്കി നിന്നു.

സുകുമാരൻ—അദ്ദേഹം ഇന്നു വിജയനഗരത്തിലേക്കു
പോകുന്നുവെന്നു കേട്ടുവല്ലോ; പോയില്ലേ?

ഭാരതി—ഇല്ല. പോയിട്ടില്ല. ഇപ്പോഴത്തെ പോ
ക്കിൽ തന്നെ എന്തോ ഒരു വ്യാജമുള്ളതുപോലെ തോ
ന്നുന്നു. സാധാരണ പോകുന്ന സംഗതിതന്നെ അദ്ദേ
ഹം പുറത്തു പറയുക പതിവില്ല. എന്നുതന്നെയല്ല,
വിശേഷിച്ച് ഇപ്പോൾ പോയി വന്നിട്ടു പത്തുപതിന
ഞ്ചുദിവസമേ ആയിട്ടുള്ളു. എങ്കിലും അദ്ദേഹം ഇനി
ഒരു അരമണിക്കൂറുകഴിഞ്ഞാൽ പോകും. സുകുമാര!
എന്റെ അവസ്ഥയെക്കുറിച്ച് അങ്ങു കുറച്ചെങ്കിലും ഒ
ന്നാലോചിക്കേണ്ടതല്ലേ? എന്നെ ആപത്തിൽ പെടു
ത്തുന്നതിന്നാണോ അങ്ങയുടെ ഈ ഉദ്യമം? ഞാൻ
അന്ന് ഉദ്യാനത്തിൽവെച്ചു പറഞ്ഞതെല്ലാം ജലരേ
ഖാപ്രമാണമായിപ്പോയോ?

ഭാരതിയുടെ ഈ വാക്കുകൾ സുകുമാരൻ കേട്ടുവോ
ഇല്ലയോ എന്നറിഞ്ഞുകൂടാ. അയാൾ ഇതിന്നു യാതൊ
രു സമാധാനവും പറഞ്ഞില്ല. എന്നുതന്നെയല്ല ഭാര
തിയുടെ രണ്ടു കൈകളെയും പിടിച്ചു. ഭാരതി, കുതറി
വിടുവിക്കുവാൻ നോക്കി; സാധിച്ചില്ല. "അരുത് അരു
ത്" എന്നു പറഞ്ഞു ഭാരതി പിന്നെയും കൈകൾ പി
ന്നാക്കം വലിച്ചുനോക്കി സുകുമാരന്റെ പിടുത്തം ബ

ലപ്പെട്ടതായിരുന്നു. അവൾ "അയ്യോ" എന്നു പതുക്കെ ഒരു ഒച്ച പുറപ്പെടുവിച്ചു.

സുകുമാരൻ—പ്രിയേ! ഭയപ്പെടേണ്ട. ഞാൻഭവതിക്ക് ആപത്തുണ്ടാക്കുന്ന ഒരു നിർദ്ദയനാണെന്നു വിചാരിക്കുന്നുണ്ടോ?

ഭാരതി—അതെ. അങ്ങയുടെ ഈ അവിവേകത്തെ ആലോചിക്കുമ്പോൾ അങ്ങിനെ വിചാരിക്കേണ്ടിയിരിക്കുന്നു. അങ്ങേയ്ക്കു പുറത്തു പോകാനുള്ള മാൎഗ്ഗവുംകൂടി മുടങ്ങിയിരിക്കുമെന്നാണു ഞാൻ വിചാരിക്കുന്നത്. മാതാവ് എന്നിൽ സംശയത്തോടെ അതിജാഗ്രതകനായിരിക്കുന്നു. പല കാവലുകളും ഉറപ്പിച്ചിട്ടുണ്ട്. ഈ സന്ദൎഭത്തിൽ അങ്ങയുടെ ഈ വക അവിവേകപ്രവൃത്തികൾ "കുന്നിൻെറ പുറത്തു കരു" എന്ന മട്ടിൽ പരിണമിക്കും എന്നു തോന്നുന്നു. മാന്യയുവാവേ! നിങ്ങൾ ദയവുണ്ടായി ഇവിടം വിട്ടുപോകുവിൻ. നമ്മൾ രണ്ടുപേരുടേയും ജീവനെ വൃഥാ കളയരുതെ!

സുകുമാരൻ—ഭവതി സ്ത്രീസ്വഭാവംകൊണ്ട് ഇത്ര വളരെ സംശയിക്കയാണ്. ആപത്തു വരുമ്പോൾ ഭവതിയെ വിട്ടുംവെച്ച് ഓടിപ്പോകുന്ന ഒരു മൂഢനല്ല ഈ സുകുമാരൻ എന്ന് ഉറപ്പായി കരുതിക്കൊൾക.

സുകുമാരൻെറ ഈ വാക്കുകേട്ടു ഭാരതിക്ക് അല്പം ഒരു സമാധാനമുണ്ടായി. അയാൾ, പറഞ്ഞതു ശരിയായി നടത്തുന്നവനാണെന്ന് അയാളുടെ നയനങ്ങളിൽ സ്ഫുരിച്ചിരുന്ന ഗാംഭീൎയ്യം—ധൈൎയ്യം മുതലായ രസങ്ങളെക്കൊണ്ട് ഊഹിക്കാവുന്നതാണ്. എങ്കിലും അവൾ

ക്ക ഭർത്താവിന്റെ ക്രൂരസ്വഭാവവും തങ്കലുള്ള ശങ്കയും വിചാരിക്കുമ്പോൾ സുകുമാരന്റെ ഈ വാക്ക് ഏററവും ലഘുതരമായിട്ടാണ് തോന്നിയത്. വിശേഷിച്ച് ഈയ്യാളോട്ട താൻ ഇങ്ങിനെ സംഭാഷണം നടത്തുന്നതുതന്നെ ആപൽക്കരമാണെന്നു വിചാരിച്ച് വീണ്ടും പറഞ്ഞു.

ഭാരതി—നിങ്ങൾ ധൈൎയ്യശാലി തന്നെ എന്നു സമ്മതിക്കാം. എങ്കിലും ആ ധൈൎയ്യം പ്രയോഗിക്കേണ്ട സ്ഥലം ഇതല്ല. ഞാനൊന്നപേക്ഷിച്ചു കൊള്ളട്ടെ. എന്റെ മാനം നില നിൎത്തിയാൽ കൊള്ളാം. നിങ്ങൾ ദയവുണ്ടായി അതു മാത്രം സാധിപ്പിച്ചുതരണം.

സുകുമാരൻ—ഭദ്രേ! ഭവതി ഇങ്ങിനെ പറയുന്നതാണ് എന്റെ ജീവന്ന് അപായകരമെന്നു ഞാൻ വിചാരിക്കുന്നത്. അന്നെനിക്കു സിദ്ധിച്ചതായ ഒരു ചുംബനം കൊണ്ട് ഇതുവരെ ഞാൻ ജീവിച്ചു. അല്ലെങ്കിൽ എന്റെ കഥ എന്തായിരിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഭാരതി—ഇല്ല. ഇല്ല. അന്നുതന്നെ ഞാനറിഞ്ഞിട്ട നിങ്ങൾ ചുംബിച്ചിട്ടില്ല. ബലാൽക്കാരമായി എന്റെ കൈ ചുംബിക്കുകയല്ലെ ചെയ്തത്? ഈ വക ജല്പനം കൊണ്ടു യാതൊരു പ്രയോജനവുമില്ല. ഞാൻ നിങ്ങൾക്കനുകൂലയല്ല.

എന്നു പറഞ്ഞു് അവൾ ബലം പ്രയോഗിച്ചു സുകുമാരങ്കൽനിന്നു തന്റെ കൈകളെ വിടുവിച്ച് അകലെ മാറിനിന്നു.

സുകുമാരന്റെ മനസ്സിടിഞ്ഞു. തന്റെ സകല അ

ഭിലാഷങ്ങളും ഒന്നിനുമീതെ ഒന്നായി നിരാശാഗൎത്ത ത്തിലേക്കു മറിയുന്നതുപോലെ അയാൾക്കു തോന്നി. സുകുമാരൻ അവളുടെ മുമ്പിൽ മുഖത്തിനിന്നു് അനുരാഗപൂൎണ്ണങ്ങളായ ദൃഷ്ടികളെ അവളുടെ മുഖത്തുറപ്പിച്ചു് ഇടറിയ സ്വരത്തിൽ ദയനീയമായി ഇപ്രകാരം പറഞ്ഞു.

സുകുമാരൻ—എന്റെ പ്രാണനു പ്രാണനായിരിക്കുന്ന ഓമലേ, ഭവതിയുടെ പേരിലുള്ള പ്രണയപാരവശ്യം കൊണ്ടു മാത്രമാണു ഞാൻ ഈ തെറ്റുകളൊക്കെ ചെയ്തതു്. അതിനെ ക്ഷമിക്കുക. ഈ പ്രവൃത്തികളെ കൊണ്ടു ഭവതിക്കു് അപ്രീതിയോ വൈമനസ്യമോ ഉണ്ടായിട്ടുണ്ടെങ്കിൽ ഇതാ വീണ്ടും മാപ്പുചോദിച്ചുകൊള്ളുന്നു. എന്റെ സകല പ്രവൃത്തികളുടേയും പരമമായ ഉദ്ദേശം ഭവതിയുടെ സന്തോഷം ഒന്നു മാത്രമാകുന്നു. പ്രിയഭാരതി! ഞാൻ ഭവതിക്കു് അന്യനല്ലെന്നു വിചാരിക്കുമെങ്കിൽ ഞാൻ കൃതാൎത്ഥനായി. ആ ഒരു സമാധാനവാക്കെങ്കിലും കിട്ടിയാൽ മതി. എന്നാൽ ഞാൻ ഇപ്പോൾത്തന്നെ ഇവിടം വിട്ടുപോകുന്നതിന്നു തെയ്യാറാണു്.

ഭാരതി കുഴങ്ങി. സുകുമാരന്റെ ഓരോ വാക്കുകളും അവളുടെ മനസ്സിനെ അലിക്കത്തക്കതായിരുന്നു. അവൾ കുറച്ചുനേരം സുകുമാരനെത്തന്നെ നോക്കിനിന്നു. ഇനി എന്താണു പറയേണ്ടതു് എന്നു വിവരമില്ലാതെ അല്പം ആലോചിച്ചതിന്റെ ശേഷം

ഭാരതി സുകുമാരാ! അങ്ങു് എന്തു ചാപല്യമാണു കാണിക്കുന്നതു്? വാസ്തവത്തിൽ എനിക്കു് ഇപ്പോഴാണു്

അങ്ങയോടു ദ്വേഷ്യം തോന്നുന്നത്. എണീക്കു. ഇതി
ന്നുള്ള സമയം ഇതല്ല.

സുകുമാരൻ— ഇല്ല. ആ ഒരു സമാധാനമെങ്കിലും കിട്ടാ
തെ ഞാൻ എണീക്കുകയില്ല. ഭാരതി! ഭവതിയുടെ
പ്രണയത്തിന്നുവേണ്ടി ഞാൻ എന്റേതായ സകല
ത്തും സമൎപ്പിച്ചു കഴിഞ്ഞു. അതുപോലെത്തന്നെ ഈ
നിലയിൽനിന്ന് എന്റെ ജീവനെ സമൎപ്പിക്കുന്നതി
നുംകൂടി ഞാൻ തെയ്യാറായിരിക്കുന്നു. ഭവതിക്ക് എ
ന്നിൽ കരുണയുണ്ടാവാത്തപക്ഷം മരണം എനിക്ക്
എത്രയോ ശ്രേഷ്ഠമായ ഒരു അനുഗ്രഹമാണ്. ഭവ
തി എന്റെ ആരാദ്ധ്യദേവതയാകുന്നു. ഭവതിയല്ലാ
തെ എനിക്ക് വേറൊരു അവലംബമില്ല. എന്റെ
ആത്മാവിനേക്കാറം അധികം ഞാൻ ഭവതിയെ സ്നേ
ഹിക്കുന്നു.

ഭാരതി: പാവം! എന്തു ചെയ്യും. തടുക്കവയ്യാത്ത പ്ര
ണയപ്രവാഹം ഒരു പുറത്ത്. അനൎഹമായ പ്രവൃത്തി
കളെ നിരോധിക്കുന്ന മനസ്സാക്ഷിയുടെ കഠിനമായ ശാ
സന ഒരു പുറത്ത്. ഭൎത്താവു മുകളിലേക്കു വരുമോ എ
ന്നുള്ള ശങ്ക മറ്റൊരു പുറത്ത്. പോരെങ്കിൽ അയാളു
ടെ അവിനയത്തെ തടുക്കുവാൻ താൻ പറഞ്ഞതെല്ലാം
നിഷ്ഫലമായല്ലോ എന്ന നിരാശയും. സുകുമാരന്റെ
ഹാവഭാവങ്ങളെ കണ്ടിട്ട് ഒരു കരുണയും ഭാവിയെ ചി
ന്തിച്ചിട്ടുള്ള ഭയവും. ഇതുകളെല്ലാം ഓൎത്തോൎത്തു കുറച്ചുനേ
രം അവറം കഴിഞ്ഞുപ്പോയി. സുകുമാരന്റെ ഓരോ വാ
ക്കും അവളുടെ സൌഭാഗ്യത്തെ പുകഴ്ത്തുന്നതായിരുന്നു.

അയാൾ പറഞ്ഞ വാക്കുകളുടെ അൎത്ഥം മനസ്സിൽ സ്ഥ രിച്ചു തുടങ്ങിയപ്പോൾ മറ്റുള്ള ചിന്തകൾ തന്നെ ഒഴി ഞ്ഞു മാറി. ഡയനാമിട്ടി'ന്റെ പുക ആദ്യം ഘന മായിരുന്നു ക്രമേണ ക്രമേണ അയഞ്ഞയഞ്ഞു് ഒടുവിൽ മേഘങ്ങളോടു ചേൎന്നു ലയിച്ചു് അദൃശ്യമായിത്തീരുന്നു. അതുപോലെ അവളുടെ ആദ്യത്തെ ചിന്തകളെല്ലാം മന സ്സിൽ എവിടെയോ ലയിച്ചു് അദൃശ്യങ്ങളായിത്തീൎന്നു. സൌന്ദൎയ്യാഭിമാനം ക്രമത്തിൽ വൎദ്ധിച്ചു തുടങ്ങി. ഈ അഭിമാനം സ്ത്രീജനങ്ങളെ ദുഷ്പ്രവൃത്തിയിലേക്കു വലിക്കുന്ന ഒരു പാശമാണല്ലോ. ഈ അഭിമാനം ഉണ്ടായിത്തുട ങ്ങിയാൽ പിന്നെ അവർ യാതൊരു ഉപദേശങ്ങൾക്കും കീഴ്‌വണങ്ങുകയില്ല. യഥാൎത്ഥത്തിൽ തന്നെ സ്നേഹിക്കു ന്നതു സുകുമാരൻതന്നെയാണെന്നു് അവൾ നിശ്ചയിച്ചു. തന്നോടുള്ള പ്രേമംകൊണ്ടല്ലെ അയാൾ ഇപ്രകാരം പ്ര വൎത്തിച്ചതു് എന്നു വിചാരിച്ചപ്പോൾതന്നെ അവളുടെ മനസ്സലിഞ്ഞു. മനസ്സിലെ വികാരം മുഖത്തു സ്ഫുരിക്കുന്ന താണല്ലോ. അവളുടെ മുഖത്തു കളിയാടുന്ന സന്തോ ഷഭാവത്തെക്കണ്ടു വീണ്ടും സുകുമാരൻ ഇപ്രകാരം പ റഞ്ഞു.

സുകുമാരൻ—ഭാരതീ! ഭവതി സന്തോഷിക്കുന്നപോലെ തോന്നുന്നു. സന്തോഷസൂചകമായി എനിക്കൊരു ചും ബനം തരുമോ? അതിന്നു ഭവതി അനുവദിക്കുമെങ്കി ലേ ഞാൻ ഇവിടെനിന്നു എണീക്കുകയുള്ളൂ.

ഈ ഒരു ചോദ്യവുംകൂടി ഉണ്ടായപ്പോൾ ഭാരതിയു ടെ ഹൃദയത്തിൽ പരിശിഷ്ടമായി കിടന്നിരുന്ന വല്ല

ധൈൎയ്യശകലവുംകൂടി ഉണ്ടെങ്കിൽ അതും നശിച്ചുപോയി. ഒരു സമയം ഭൎത്താവു യാത്ര പറവാൻ മുകളിലേക്കു വരുമായിരിക്കാം. വരുന്നപക്ഷം അതിന്നുള്ള സമയവുമായിത്തുടങ്ങി. വല്ലപ്രകാരത്തിലും സുകുമാരനെ അയക്കാഞ്ഞാൽ ആപത്തുണ്ടായിത്തീരുമെന്നു വിചാരിച്ച് അവൾ സുകുമാരൻെറ കൈകളെപ്പിടിച്ച് എണീപ്പിച്ചു. അവർ രണ്ടുപേരുടേയും മുഖം അതിവികസിതങ്ങളായി ഭവിച്ചു. ഭാരതിയും സുകുമാരനും അന്യോന്യം ഗാഢാലിംഗനം ചെയ്യുവാൻ ബാഹുക്കളെ നീട്ടുന്നു. ഹാ! കഷ്ടം! ഭാരതിയാകട്ടെ തൻെറ ജന്മസാഫല്യത്തെ കൊടുക്കുന്ന വിശിഷ്ടതരമായ വസ്തു, അനൎഘമായരത്നം, സകല വ്രതങ്ങളിൽവെച്ച് അത്യുത്തമമായ വ്രതം, സ്ത്രീസാമാന്യത്താൽ അനുഷ്ഠിക്കേണ്ടതായ പാതിവ്രത്യധൎമ്മം, ഈ ഒരു വിലയേറിയ സാധനത്തെ നിഷ്പ്രയാസം ബലികഴിച്ച് പാപാന്ധകൂപത്തിൽ പതിക്കുവാൻ പോകുന്നു. ഇതും ദൈവത്തിന്നു സമ്മതമായിത്തീരുമൊ? എന്തൊ!

ഭാരതി പരസ്ത്രീവൎഗ്ഗത്തിൽ പെട്ടവളല്ലെ; പരസ്ത്രീകൾക്കു പാതിവ്രത്യമുണ്ടൊ; എന്നു ചിലർ ചോദിക്കുമായിരിക്കാം. പക്ഷെ ആ ചോദ്യംതന്നെ അന്ധവിശ്വാസത്തിന്മേലുള്ളതാണെന്നാണ് പറയേണ്ടത്. എന്തുകൊണ്ടെന്നാൽ പരസ്ത്രീഎന്നൊരു വൎഗ്ഗംതന്നെയില്ല. എന്നാൽ പരസ്ത്രീ എന്നു പറയുന്നത് ആരെയാണ്? എന്നു ചോദിക്കുന്നപക്ഷം; പരൻെറസ്ത്രീ-പരസ്ത്രീ. അപ്പോൾ അന്യൻെറ ഭാൎയ്യ എന്നു സിദ്ധിക്കുന്നു. ആ സ്ഥിതിക്ക് അന്യൻെറ ഭാൎയ്യക്കു പാതിവ്രത്യം വേണ്ടെന്നും തൻെറ ഭാൎയ്യക്കു

പാതിവ്രത്യം വേണമെന്നമല്ലെ അതുകൊണ്ടു് ഉദ്ഘോഷിക്കേ ണ്ടതു്! ഈ ഒരു സിദ്ധാന്തവാക്കിന്നു എന്താണു മറുവടി പറയേണ്ടതു്. എന്നാൽ കുലസ്ത്രീ പരസ്ത്രീ വേശ്യാസ്ത്രീ എന്നിങ്ങിനെ പലരും പറയുന്നതിന്റെ ഉദ്ദേശം എന്തായിരിക്കും എന്നു ശങ്കിക്കുന്നുവെങ്കിൽ അതും പ്രവൃത്തിവ്യത്യാസംകൊണ്ടു സിദ്ധിച്ച നാമഭേദമാണെന്നാണു് എന്റെ അഭിപ്രായം. ഒരു സ്ത്രീക്കു് ഒരു വരൻ എന്നു സ്ത്രീസാമാന്യത്തിന്നു വിധിച്ചിട്ടുള്ള നിയമമാണു്. ഈ നിയമത്തിന്നു ജാതിഭേദമോ മതഭേദമോ കല്പിച്ചിട്ടില്ല. എന്നാൽ ചിലർ ഒരു ഭർത്താവു മരിച്ചാൽ അന്യനെ ഭർത്താവാക്കി വരിച്ചു വരുന്നുണ്ടു്. മറ്റു ചിലർ ഒരുവൻ ഉപേക്ഷിച്ചാൽ മറ്റൊരുവനെ വരിക്കാമെന്നും നടപ്പാക്കിയിരിക്കുന്നു. ഈ വർഗ്ഗക്കാരെയായിരിക്കാം പരസ്ത്രീകൾ എന്നു ലോകർ പറയുന്നതു്. ഒരു രാത്രിക്കു് ഒരു ഭർത്താവു് എന്ന നിശ്ചയത്തിന്മേൽ ആചരിച്ചു വരുന്നവർ വേശ്യാസ്ത്രീകളുമായി. എന്നാൽ ഈ വക പ്രവൃത്തികളെക്കൊണ്ടാണു മുൻപറഞ്ഞ നാമവ്യത്യാസങ്ങളെ വ്യവഹരിച്ചു വരുന്നതു്. അല്ലാതെ അങ്ങിനെ ഒരു വർഗ്ഗക്കാർ എന്നു് ഒരിക്കലും പറയാൻ പാടുള്ളതല്ല. അവരവർ ആചരിച്ചു വന്ന നടവടിക്രമം എന്നു മാത്രമെ പറവാൻ പാടുള്ളു.

ബ്രാഹ്മണസ്ത്രീകൾക്കേ പാതിവ്രത്യം വേണ്ടു, ഇതരസ്ത്രീകൾക്കു പാതിവ്രത്യം അനുഷ്ഠിക്കേണ്ട ആവശ്യമില്ല, എന്നും ബ്രഹ്മാവു് അവരെ ബ്രഹ്മസ്വമാക്കി കല്പിച്ചിട്ടുള്ളതാണെന്നും മറ്റും ചില സ്വാർത്ഥപരന്മാർ വിചാരിച്ചു് ആ

ചാരങ്ങളെ ചൂണ്ടിക്കാണിച്ചു വാദിക്കുമായിരിക്കാം ആ വാദം ഒരു വാദമായി സ്വീകരിക്കത്തക്കതല്ല. അന്നുത്തെ പ്രമാണികൾ ഓരോന്നു നടപ്പിൽ വരുത്തിയതല്ലാതെ മറ്റൊന്നുമല്ലെന്നാണു വിചാരിക്കേണ്ടതു്. ഏതൊരു സ്ത്രീയും തന്റെ ഭർത്താവൊഴിച്ച് അന്യനെ മനോവാക്കായങ്ങളിൽ ഏതുകൊണ്ടെങ്കിലും വ്യഭിചരിച്ചാൽ അവൾ പതിതയാവുന്നതാണ്. ഇതുകൊണ്ടു സ്ത്രീകളിൽ 'പതിവ്രത' എന്നും 'പതിത' എന്നും ഈ രണ്ടു വകപ്പല്ലാതെ മൂന്നാമതു് ഒന്നുണ്ടെന്നു വിചാരിപ്പാൻ തരമില്ല. ഇതരയുഗാപേക്ഷയാ ഈ കലിയുഗത്തിങ്കൽ കേവലം കായകർമ്മം സംഭവിച്ചെങ്കിലെ പതിതയാവുകയുള്ളു എന്നാണ് സ്മൃതി പറയുന്നതു്. ഈ ഒരു പാതിവ്രത്യമാഹാത്മ്യത്തെ അറിയാതെ ധൂർത്തടിക്കുന്ന സ്ത്രീകളെ കേവലം മൃഗികൾ എന്നല്ലെ പറയേണ്ടതു്.

വെളിച്ചം കണ്ടല്ലാതെ ഇരുട്ടു നീങ്ങുമോ? അജ്ഞാനാന്ധകാരനിവാരണത്തിന് ഉപദേശദീപമല്ലേ ആവശ്യമായിട്ടുള്ളതു്! ആ ദീപം പ്രകാശിപ്പിച്ചു കൊടുക്കേണ്ടതു്, അതാതു കാലങ്ങളിലെ പ്രമാണികളുടെ ചുമതലയുമല്ലേ? കണ്ണു കാണാത്തവൻ കുഴിയിൽ ചാടുന്നതു് ഒട്ടും അത്ഭുതമല്ലല്ലോ. അതുപോലെ ഈ സാധുസ്ത്രീകൾ പാതിവ്രത്യമഹത്വത്തെ എങ്ങിനെ അറിയും? ആർ ഉപദേശിക്കും? ഉപദേഷ്ടാക്കൾതന്നെ അവരെ തെറ്റിദ്ധരിപ്പിക്കുകയല്ലേ ചെയ്തുവരുന്നതു്? ഈ ദുരുപദേശത്താൽ എത്ര സ്ത്രീജനങ്ങളാണു കണ്ണുകാണാതെ നരകക്കുഴിയിൽ പതിക്കുന്നതു്. അവരെ ഉദ്ധരിപ്പിച്ചു സന്മാർഗ്ഗത്തിൽ നടത്തേ

ണ്ടതിന്നു് ആരെങ്കിലും ശ്രമിക്കുന്നുണ്ടോ? ഹാ! കഷ്ടം! സ്ത്രീ
കൾക്ക പാതിവ്രത്യത്തിൽപരം വലുതായിട്ടു് എന്താണൊ
ന്നുള്ളതു്. ഒരു തപസ്സും, വ്രതാദികളും, അതിനോടൊക്കുന്ന
തല്ല. "സ്വധർമ്മാനുഷ്ഠാനമേവ തപഃ" എന്നല്ലേ ശാസ്ത്ര
വിധി. സ്ത്രീകൾക്കുള്ള ധർമ്മം പാതിവ്രത്യധർമ്മമാണ
ല്ലോ. അവൎക്കു് അതുതന്നെയാണു തപസ്സായിട്ട വിധിച്ചി
ട്ടുള്ളതു്. അവൎക്ക തീർത്ഥാടനാദികളും പുണ്യക്ഷേത്രദർശന
ങ്ങളും കൂടി ചെയ്യണമെന്നില്ല. പതിയുടെ ഹിതമറിഞ്ഞു
സദാ ശുശ്രൂഷ ചെയ്തുവരുന്നവൾക്ക മേൽപ്പറഞ്ഞ സു
കൃതം ഇരുന്ന ഇരുപ്പിൽതന്നെ ഹസ്തലബ്ധമാണല്ലോ.
പതിവ്രതയാൽ സാധിക്കപ്പെടാത്തതായ യാതൊരു വ
സ്തുവും ഈ പ്രപഞ്ചത്തിങ്കലില്ല. ശീലാവതി എന്ന തപ
സ്വിനി ഈ ഒരു വ്രതവിശേഷത്താൽ സൂര്യോദയത്തേയും
കൂടി തടഞ്ഞു നിറുത്തിയില്ലേ? സാവിത്രി എന്ന രാജപു
ത്രി അന്തകങ്കൽനിന്നു തന്റെ ഭർത്താവിന്റെ ജീവനെ
വീണ്ടെടുത്തില്ലേ? ദമയന്തിയെ പരിഭവിപ്പാൻ വന്ന
കാട്ടാളൻ ഭസ്മാവശേഷനായിത്തീൎന്നില്ലേ? എന്നു വേണ്ട
എത്രയോ പതിവ്രതമാർ അവരുടെ നിഷ്ഠാവിശേഷ
ത്താൽ പല കഷ്ടാവസ്ഥകളിൽനിന്നും രക്ഷപ്പെട്ടിരിക്കു
ന്നു! കേവലം വിഷയസുഖത്തെ മാത്രം അടിസ്ഥാനപ്പെ
ടുത്തി ആ ഒരമൂല്യധനത്തെ, അതായതു പാതിവ്രത്യത്തെ
വിററു തിന്നു ജന്മം പാഴാക്കിക്കളയാതെ മേൽപ്പറഞ്ഞ
മഹതികളെ അനുകരിച്ചു ജന്മം സഫലമാക്കേണ്ടതിന്നു
നമ്മുടെ സഹോദരിമാരോടു് ഞാൻ ഏററവും വിനീത
നായി പ്രാർത്ഥിച്ചുകൊള്ളുന്നു.

എന്റെ പ്രിയവായനക്കാൎക്ക് ഇനി ഒരു ശങ്കക്ക വഴിയുണ്ടായിരിക്കാം. അതായത് ഒരു രജനിക്ക് ഒരു വരൻ എന്ന വ്രതമനുഷ്ഠിച്ചുവന്നിരുന്ന ഒരു വേശ്യാസ്ത്രീ ഒരു രാത്രിക്ക വരനാക്കി വരിച്ചിരുന്ന പുരുഷൻ അന്ന് അൎദ്ധരാത്രിക്ക സംഗതിവശാൽ മരിച്ചുപോയി. അവാം അന്നത്തെ ഭൎത്താവിനോടുകൂടി സഹഗമനം (ഉടൻ തടി ചാടി മരിക്കുക) ചെയ്തിരിക്കുന്നു. അതിനുള്ള കാരണം ആ രാത്രി മുഴുവനും അവാം അദ്ദേഹത്തിന്റെ ഭാൎയ്യയാണെന്നല്ലേ അവളുടെ സങ്കല്പം? ആ നിശ്ചിതാവധിക്കുള്ളിൽ അയാൾ മരിച്ചുപോയാൽ അവാം വിധവയായി. വിധവമാൎക്ക സഹഗമനം വിധിച്ചിട്ടുള്ളതുമാണല്ലോ. ഈ സ്ഥിതിക്ക് അവളെ പതിവ്രത എന്നല്ലേ പറയേണ്ടതു്? ഇതുപോലെ കാരണവശാൽ പുനൎവ്വിവാഹം ആചരിച്ചുവരുന്ന ബ്രാഹ്മണേതരസ്ത്രീകൾക്കും പാതിവ്രത്യമില്ലെന്നു പറയുവാൻ സാധിക്കുമോ എന്നാണെങ്കിൽ മുൻ വിവരിച്ച ഇതിഹാസംകൊണ്ടു സങ്കല്പശക്തിയാണു വിശദപ്പെട്ടിരിക്കുന്നതു്. പുനൎവ്വിവാഹിതമാരാകട്ടേ വേശ്യമാരാകട്ടേ അവരവരുടെ* സങ്കല്പബലംപോലെ ആചരിച്ചു വരുന്ന ഭൎത്തൃസ്വീകാരത്തിനു യുഗഭേദം മാറ്റുന്നവരിച്ചിരിക്കുന്നു എന്നാണു വിചാരിക്കേണ്ടതു്. ഒരു മഹാൻ ഗുരുവായൂരപ്പനെ "ചട്ടി എരുമ" എന്നു സങ്കല്പിച്ചു ധ്യാനിച്ചപ്പോൾ ആ ദേവൻ അതേ സ്വരൂപമായി അയാൾക്ക പ്രത്യക്ഷപ്പെട്ടു എന്ന് ഒരു പുരാവൃത്തം ഇതിനെ പിന്താങ്ങുന്നതുകൊണ്ടു സങ്കല്പശക്തിയെ സ്വീകരിക്കാതെ നിവൃത്തിയില്ല. ആയതുകൊണ്ട് അ

വരേയും 'എങ്കിൽ ബ്രഹ്മഷി' എന്ന മട്ടിൽ പതിവ്രതമാരുടെ കൂട്ടത്തിൽ സമ്മതിക്കാം. മേൽപ്പറഞ്ഞ നിശ്ചയങ്ങളിൽനിന്നു വ്യതിചലിച്ചവർ (ഭർത്തൃവഞ്ചകികൾ) പതിതമാരെന്നു പറയാതെ നിവൃത്തിയില്ല. ഇപ്പോൾ ഏതു ഭാഗംകൊണ്ടു നോക്കിയാലും നമ്മുടെ ഭാരതിക്കുട്ടിയുടെ ഈ പുറപ്പാടു പതിതാമാർഗ്ഗത്തിങ്കലേക്കെന്നുള്ളതു നിസ്സംശയമാണല്ലോ.

ദൈവവിധി ആരറിയുന്നു. ഇലയിൽ വിളമ്പിയ ചോറു ഭക്ഷിക്കുവാൻ താമാകാതെ ഭവിക്കുന്നതു ദൈവവിധിയല്ലേ? ഭാരതീസുകുമാരന്മാരുടെ ആലിംഗനസുഖത്തിന്നു ദൈവം ഒരന്തരായമുണ്ടാക്കിത്തീർത്തു. ഇവർ നീട്ടിയ ബാഹുക്കൾ അന്യോന്യം സ്പർശിക്കുന്നതിന്നു മുമ്പു കോണിപ്പടി ചവിട്ടി കയറുന്ന ശബ്ദം കേട്ടു. നീട്ടിയ കൈകളെ പെട്ടെന്നു വലിച്ചു രണ്ടു പേരും പിന്നോട്ടു മാറി. എന്തു ചെയ്യേണ്ടു എന്നു വിവരമില്ലാതെ ഒരു നിമിഷം നിന്നുപോയി. ഈവക ഘട്ടങ്ങളിൽ സ്ത്രീകളുടെ സാമത്ഥ്യം അതിശയിക്കപ്പെടേണ്ടതാണല്ലോ; ഭാരതിക്കു സംശയമുണ്ടായില്ല. അവിടെ കട്ടിൻചുമട്ടിൽ കിടന്നിരുന്ന ഒരു വലിയ കിടക്ക നീർത്തി,സുകുമാരനെ പിടിച്ചതിന്നകത്തു വിലങ്ങത്തിൽ ചുരുട്ടിക്കിടത്തി, കിടക്ക ചുരുട്ടി കട്ടിലിന്റെ ചുവട്ടിലേക്കു തള്ളിവെച്ച്,അവൾ ഒന്നുമറിയാത്ത ഭാവത്തിൽ ഒരു റവുക്ക തുന്നിക്കൊണ്ട് അവളുടെ മഞ്ചത്തിന്മേൽ ചെന്നിരുന്നു.

"ഞാനൊന്നു മറിഞ്ഞില്ലെന്റെ നാരായണ"

—ാാ:ാാ—

# പതിമ്മൂന്നാമദ്ധ്യായം.

## പാപനിവൃത്തി.

പെട്ടെന്നു വാതിൽ തുറന്ന് ഒരാൾ ഭാരതിയുടെ അറക്കുള്ളിൽ പ്രവേശിച്ചു. ആ ആൾ യാത്രക്കുള്ള ഉടുപ്പുകളും മററും ധരിച്ചു ഭാരതിയോടു യാത്ര പറവാനായി വന്ന കരുണാകരൻ നായരായിരുന്നു. ആ സമയത്തു് അദ്ദേഹത്തിന്റെ മുഖത്തു സ്ഫുരിച്ചിരുന്ന ക്രോധരസം ഏതൊരു ധീരചിത്തനേയും ഭയപ്പെടുത്തുന്നതായിരുന്നു. അദ്ദേഹം അകത്തു കടന്നു ഭാരതിയെത്തന്നെ ദൃഷ്ടിയുറപ്പിച്ചു നോക്കിക്കൊണ്ടു നിന്നു.

വാതിൽ തുറക്കുന്ന ശബ്ദം കേട്ടു് ഇരുന്ന ഇരുപ്പിൽത്തന്നെ ഭാരതി തലയൊന്നു ചരിച്ചു നോക്കി. ഭർത്താവാണെന്നറിഞ്ഞപ്പോൾ ഉദാസീനഭാവത്തോടുകൂടി അവൾ പിന്നേയും റവുക്ക തുന്നുന്നതിൽത്തന്നെ ദൃഷ്ടി പതിപ്പിച്ചു. റവുക്ക തുന്നുന്നതിൽ ബദ്ധശ്രദ്ധയായി നടിച്ചിരുന്നുവെങ്കിലും ഇടക്കിടക്കു് അവൾ കരുണാകരൻ നായരെ ഇടക്കണ്ണിട്ടു നോക്കിക്കൊണ്ടിരുന്നു. കരുണാകരൻ നായർ നിന്ന നിലയിൽനിന്നനങ്ങാതേയും തന്നിൽ ഉറപ്പിച്ച ദൃഷ്ടി ചലിപ്പിക്കാതേയും നിൽക്കുന്നതു കണ്ടപ്പോൾ അവൾ ഇവിടെ നടന്ന സംഭവം അറിഞ്ഞിരിക്കുമോ എന്നു ശങ്കിച്ചു. ആ ശങ്ക വർദ്ധിച്ചുവന്നതോടുകൂടി അവളുടെ ധൈര്യമാസകലവും സൂര്യരശ്മികൾ തട്ടിയ ഹിമകണംപോലെ ദ്രവിച്ചുതുടങ്ങി. പലേ വിചാരങ്ങ

ളും അവളുടെ മനസ്സിനെ ശല്യപ്പെടുത്തിത്തുടങ്ങി. എന്നാൽ അവൾ യാതൊരു ഭാവഭേദവും പുറത്തു കാണിച്ചില്ല. ധൈൎയ്യം ഉപയോഗിക്കേണ്ട സന്ദൎഭത്തിൽ ഭയത്തിന്നിടംകൊടുക്കുന്നതു് അപായകരമാണല്ലോ. ചിന്നിച്ചിതറിക്കിടന്നിരുന്ന അവളുടെ ധൈൎയ്യശകലങ്ങളെ ഏകീകരിച്ചു ദൃഢമാക്കി നിറുത്തി. ഭൎത്താവിന്റെ നിലയെ ഒന്നുംകൂടി ഇടക്കണ്ണിട്ടു നോക്കി. അപ്പോൾ ദൃഢമാക്കി നിറുത്തിയിരുന്ന അവളുടെ ധൈൎയ്യം പമ്പകടന്നു. ഹൃദയാന്തരാളത്തിൽനിന്നു ധൈൎയ്യം നിൎഗ്ഗമിച്ചപ്പോൾ വീണ്ടും വിചാരസഞ്ചയം കടന്നുകൂടി. ഭാരതിയുടെ ഇരിപ്പും സമ്പ്രദായവും കണ്ടു കരുണാകരൻ നായർ ഒരു ദീൎഘശ്വാസത്തോടുകൂടി "ഇതെന്തു പ്രവൃത്തിയാണ്?" എന്നു ചോദിച്ചു.

ഭാരതി ഈ ചോദ്യം കേട്ടപ്പോൾ വിദ്യുച്ഛക്തിയുടെ പ്രേരണയാലെന്നപോലെ ഒന്നു വിറച്ചു. തന്റെ സകലപ്രവൃത്തികളും ഭൎത്താവറിഞ്ഞു. തന്റെ ജീവിതവും അസ്തമിച്ചു. എന്നു് അവൾ വിചാരിച്ചുവെങ്കിലും ഒരു കൈ പരീക്ഷിച്ചുനോക്കണമെന്നു തീൎച്ചപ്പെടുത്തി. വിട്ടുപോയ ധൈൎയ്യത്തെ പ്രയാസപ്പെട്ടു വീണ്ടും അവലംബിച്ചു് ഇങ്ങിനെ പറഞ്ഞു.

ഭാരതി—(തന്റെ പ്രവൃത്തിയിൽനിന്നു കണ്ണെടുക്കാതെയും മുഖം തിരിക്കാതെയും ഉദാസീനഭാവത്തോടെ) പ്രവൎത്തിക്കുന്നതെന്താണെന്നു കണ്ടുകൂടെ?

ഭാരതി ലോകാനുഭവം ഇല്ലാത്തവളെന്നിരുന്നാലും അവളേക്കാൾ പത്തിരട്ടി ലോകാനുഭവമുള്ളവൎക്കും കൂടി ഇ

ത്രത്തോളം കറിക്കകൊണ്ട വാക്ക പറയുന്നതിന്ന സാധി ക്കമോ എന്ന സംശയമാണ്.

കരുണാകരൻ നായൎക്ക ഭാരതിയുടെ ഈ വാക്ക് ഒട്ടം തൃപ്തികരമായില്ല. കുറച്ചു നേരം ഒന്നും മിണ്ടാതെ നിന്നു. പിന്നീട്ട നാലുപാട്ടം നോക്കി.

കരുണാകരൻ നായർ—എന്തു്; ഇവിടെ ചില ശബ്ദങ്ങൾ കേട്ടുവല്ലോ.

ഭാരതി അലസഭാവത്തോടെ "ആവോ" എന്നു പറഞ്ഞു തൂന്നിയിരുന്ന റൈക്കൾ്സീല ഒന്നു മറിച്ചിട്ടു. അവൾ കിഴ്പോട്ടു നോക്കിക്കൊണ്ടിരുന്ന നോട്ടത്തിന്നു ഇളക്കം വന്നില്ലെങ്കിലും മനസ്സിന്നു ഇളക്കം തട്ടി. അവളുടെ കഴുത്തിലെ ഞരമ്പുകൾ ഇറുകിയതുപോലെ തോന്നി. ആ സമയത്തു ഭൎത്താവു വല്ലതും ചോദിച്ചിരുന്നുവെങ്കിൽ അവൾക്ക യാതൊരു മറുവടിയും പറയുവാൻ സാധിക്കയില്ലായിരുന്നു. ഭൎത്താവിന്നു തന്റെ എല്ലാ സംഗതികളും അറിവുണ്ടെന്നും ഉപായത്താൽ തന്നെക്കൊണ്ടുതന്നെ പറയിപ്പിക്കുവാൻ യത്നിക്കുകയാണെന്നും അവൾ ധരിച്ചു. എന്നാലും സ്വകാൎയ്യം മറച്ചുവെക്കാതെ സംസാരിപ്പാൻ പാടില്ലെന്ന് അവൾ തിച്ചപ്പെടുത്തി. ഉടനെ അവൾ തലയുയൎത്തി ഭൎത്താവിനെ ഒന്നു നോക്കി. അദ്ദേഹം നിശ്ചലനായി ഇമച്ചിമിഴിക്കുടാതെ അവളെത്തന്നെ നോക്കിക്കൊണ്ടു നിൽക്കയായിരുന്നു. ആ സ്ഥിരദൃഷ്ടി അവൾ ഏറ്റവും അന്തൎഭാഗത്തിങ്കൽ മറച്ചുവെച്ചിരുന്ന എല്ലാ സംഗതികളേയും കണ്ടുപിടിക്കുന്നപോലെ അവൾക്ക തോന്നി. എന്നാലും അവൾ ഒട്ടും പരിഭ്രമം കാ

ണിക്കാതെ ആ നിലയിൽത്തന്നെ ഇരുന്നു. അവർ രണ്ടുപേരും അല്പസമയം അന്യോന്യം നോക്കിക്കൊണ്ടിരുന്നതിന്റെശേഷം കരുണാകരൻനായർ "ഭാരതി സംസാരിച്ചിരുന്നതുപോലെ കേട്ടുവല്ലോ" എന്നു വീണ്ടും പറഞ്ഞു.

ഭാരതി:—എന്റെ പാട്ടിനു ഞാൻതന്നെ ഉറക്കെ ഓരോന്നു പറഞ്ഞുകൊണ്ടിരുന്നിരുന്നു.

ഇത്രയും പറഞ്ഞ് അവൾ വീണ്ടും റൌക്ക തുന്നിത്തുടങ്ങി. രണ്ടു മിനുട്ടിനുള്ളിൽ തന്റെ ഗതി കീഴ്പോട്ടോ, മേല്പോട്ടോ എന്നറിയാതെ അവൾ വിചാരമഗ്നയായി ഭവിച്ചു.

കരുണാകരൻനായർ കുറച്ചുനേരം ആലോചിച്ചു നിന്നതിന്റെശേഷം 'വിശേഷം' എന്നൊരു വാക്കമാത്രം പറഞ്ഞു. ഇനി എന്തൊന്നാണു ഭർത്താവിന്റെ ചോദ്യമുണ്ടാകുന്നതെന്നറിയാതെ ഭാരതി ചിന്താമഗ്നയായിരിക്കുമ്പോഴാണ് ഈ വാക്കു കേട്ടത്. ഈ വാക്കു കേട്ടപ്പോൾ ഒരു ദീർഘശ്വാസംകൊണ്ട് അവളുടെ ഹൃദയത്തിന്ന് അല്പം ആശ്വാസം വന്നു. എന്തുകൊണ്ടെന്നാൽ ഈ വാക്കുകൊണ്ടു ഭർത്താവിനു കാര്യം നിശ്ചിതമായിട്ടില്ലെന്നാണ് അനുമാനിക്കേണ്ടത്. എങ്കിലും എന്തോ ഒരു ശങ്ക ഇല്ലെന്നില്ലതാനും. "അക്രിയായാം ധ്രുവോ മൃത്യുഃ ക്രിയായാം സംശയോ ഭവേൽ" അതിനാൽ ഒന്നു പൊരുതിനോക്കേണ്ടതാണെന്ന് അവൾ നിശ്ചയിച്ചു തുന്നിയിരുന്ന റൌക്കശ്ശീല ഒരു മുക്കിലേക്ക് എറിഞ്ഞു ക്രോധത്തോടെ ഭർത്താവിനെ ഒന്നു നോക്കി.

ഭാരതി—അത്രവിശേഷമൊന്നുമില്ല. എന്റെ ജീവിതകാലം മുഴുവനും ഇവിടെ—ഈ ജയിലിൽ—കഴിക്കേണ്ടതായി വന്നിരിക്കുന്നു.

ഇത്രയും പറഞ്ഞപ്പോഴെക്കും അവളുടെ മനസ്സിൽ ദുഃഖവും കോപവും വൎദ്ധിച്ചുവന്നു. അവൾ വെറുപ്പോടുകൂടി പല്ലിറുമ്മിക്കൊണ്ടു് ഇപ്രകാരം ഓരോന്നു പുലമ്പിത്തുടങ്ങി.

"ആരേയും കാണാനും പാടില്ല; ആരോടും സംസാരിപ്പാനും പാടില്ല. എന്റെ മനസ്സമാധാനത്തിന്നു വേണ്ടി വല്ലപ്പോഴും ഞാൻ തന്നെത്താൻ വല്ലതും പറഞ്ഞുംകൊണ്ടിരുന്നാൽ അതിന്നു വലുതായ ഒരു കുറ്റവും! ഞാൻ എന്തു ചെയ്യേണ്ടു? ഇതൊക്കെ അനുഭവിക്കേണ്ടി വന്നതു് എന്റെ ശിരോലിഖിതംതന്നെ."

ഇനി എന്താണു് ഇവളോടു ചോദിക്കേണ്ടതു് എന്നു് ആലോചിച്ചുംകൊണ്ടു നില്ക്കുന്ന കരുണാകരൻനായരോടു ഭാരതി ഇപ്രകാരം കടന്നുചോദിച്ചു.

ഭാരതി—എന്താ, നിങ്ങൾ സംശയിച്ചുംകൊണ്ടു നില്ക്കുന്നതു്? എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ ചോദിക്കാം. ഞാനെന്തിന്നും പാത്രമാണല്ലോ. എനിക്കു നിങ്ങൾ ചെയ്യുന്ന ദ്രോഹങ്ങളെല്ലാം അനുഭവിക്കയല്ലാതെ ഗത്യന്തരമുണ്ടോ?

കരുണാകരൻനായർ ഇതിന്നെന്താണു മറുവടി പറയേണ്ടതു്. അദ്ദേഹത്തിന്റെ മനസ്സിൽ എന്തോ ഒരു ശങ്ക ജനിച്ചിട്ടുള്ളതല്ലാതെ കാൎയ്യം വിവരമായി യാതൊന്നും അറിഞ്ഞിട്ടില്ല. അദ്ദേഹം ശാന്തഭാവത്തോടെ ഭാര

തിയുടെ അടുത്തു ചെന്നു അദ്ദേഹത്തിന്റെ വലത്തെ കൈ അവളുടെ ചുമലിൽ വെച്ചു. ആ കരസ്പർശനമുണ്ടാ യപ്പോൾ സത്യാത്മകമായ അതിന്റെ ഭാരത്തെ സഹി പ്പാൻ വയ്യാതെ വഞ്ചനാപൂരിതമായ അവളുടെ ദേഹം നിലത്തോട്ടു താന്നുപോകുന്നുവോ എന്നുവരെക്ക തോന്നി. കരുണാകരൻനായർ മൃദുസ്വരത്തോടുകൂടി അവളോടു്,

കരുണാകരൻനായർ—പ്രിയേ, ഭാരതി! ഭവതി എന്നെ അന്യഥാ ശങ്കിക്കുന്നുവല്ലോ.

ഭാരതി—നിങ്ങളുടെ ആ വിചാരം അസ്ഥാനത്തിലായി പ്പോയി.

കരുണാകരൻനായർ—ഇല്ല, ഇല്ല. സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെ വഞ്ചിക്കുകയില്ല.

ഭർത്താവിന്റെ ഈ വാക്കുകൾ തന്റെ ഹൃദയഗാം ഭീര്യത്തെ അളക്കുന്നതിന്നു മാത്രമോ? തന്റെ ദുർവൃത്തി കളെ മുഴുവനും അറിഞ്ഞുകൊണ്ടു് ഇങ്ങിനെ നടിക്കുന്ന തിന്നോ? അഥവാ വിചാരപൂർണ്ണമായ അദ്ദേഹത്തിന്റെ മനസ്സിൽനിന്നു പുറപ്പെട്ടതു മാത്രമോ? എന്നു് അവൾ അറിഞ്ഞില്ല. താൻ പറയുന്നതും പ്രവൃത്തിക്കുന്നതുംകൂ ടി എന്താണെന്നു് അവൾക്ക ബോധമുണ്ടായിരുന്നില്ല. അവൾ ഗൽഗദസ്വരത്തോടുകൂടി "നിങ്ങൾ പറയുന്ന വാ ക്കിന്റെ അൎത്ഥം എനിക്കമനസ്സിലാവുന്നില്ല" എന്നു പ റഞ്ഞു.

കരുണാകരൻനായർ—ഏതു വാക്കിന്റെ അൎത്ഥമാണു മനസ്സിലാവാത്തതു്?

ഭാരതി—അന്നു പറഞ്ഞ എല്ലാ വാക്കുകളുടേയും.

കരുണാകരൻനായർ—കഷ്ടം! ഭവതിക്ക് ഇങ്ങിനെയാണല്ലോ തോന്നിയത്. എന്റെ വാക്കുകൾക്ക് ഒരു ത്ഥവുമില്ലെന്നോ?

ഭാരതി—എന്തു കഷ്ടം! പിന്നെ നിങ്ങളുടെ വാക്കിന്ന് എന്തത്ഥമാണുള്ളത്?

കരുണാകരൻനായർ—എന്തത്ഥമാണ് ഉണ്ടാവേണ്ടത്?

ഭാരതി—ഈ പറഞ്ഞതിന്ന് ഒരത്ഥവുമില്ലെന്നാണ് എനിക്കു തോന്നുന്നത്.

കരുണാകരൻനായർ—അത്ഥമെല്ലാം ഞാൻ ഇപ്പോൾത്തന്നെ വഴിയെ മനസ്സിലാക്കിത്തരാം.

ഇപ്പോൾ ഭാരതിയുടെ സ്ഥിതി ത്രിശങ്കുസ്വർഗ്ഗംപോലെയായി. ഈ വാക്കുകൊണ്ടു ഭത്താവു തന്റെ സ്വകാര്യങ്ങളെ സൂക്ഷ്മമായി അറിഞ്ഞിട്ടുണ്ടോ ഇല്ലയോ എന്നു തീരുമാനിക്കുന്നതിന്നും നിവൃത്തിയില്ലാതെ അവൾ കുഴങ്ങി. "സന്ദിഗ്ദ്ധാവസ്ഥയെക്കാൾ രണ്ടിലൊന്നു തീച്ചപ്പെടുന്നതാണു നല്ലത്. ജയമോ അപജയമോ എന്തെങ്കിലുമായിക്കൊള്ളട്ടെ. മുള്ളുതറച്ചാൽ മുള്ളുകൊണ്ടുതന്നെയല്ലേ എടുക്കേണ്ടത്. ഇവിടെ എന്തെങ്കിലും ഒരുപായം പ്രയോഗിച്ചുനോക്കേണ്ടത് അത്യാവശ്യമാണ്. ഞാൻ പറയുന്ന വാക്കുകൾ യഥാത്ഥങ്ങളായിരിക്കുകയും അതുകളാൽ അദ്ദേഹത്തിന്റെ ശങ്ക അസ്ഥാനപ്രയുക്തങ്ങളും തുച്ഛങ്ങളും ആണെന്നു നിശ്ചയിക്കപ്പെടാവുന്നതായിരിക്കയും വേണം. ഇതിന്ന് എന്തൊരു വാക്കാണ് ഉപയോഗിക്കേണ്ടത്" ഇങ്ങിനെ ഭാരതി ഓരോന്നു വിചാരിച്ചിരിക്കുമ്പോൾ അവൾക്ക് ഒരുപായം കണക്കിൽത്തോ

ന്നി. സ്ത്രീകഠം സമയോചിതംപോലെ പ്രവൎത്തിക്കുന്ന
തിലും പറയുന്നതിലും അശിക്ഷിതപടുക്കളാണല്ലോ. അ
വളുടെ മുഖം പ്രകാശിച്ചുതുടങ്ങി. തുടിച്ചുംകൊണ്ടിരുന്ന
ഹൃദയം ധീരതയെ പ്രാപിച്ചു. ഭൎത്താവിന്റെ നേൎക്കു തി
രിഞ്ഞിരുന്നു ധൈൎയ്യത്തോടും ഹാസ്യത്തോടുംകൂടി ഇങ്ങി
നെ പറഞ്ഞു.

ഭാരതി—നിങ്ങഠംക്കുള്ള സംശയം ഈ മാളികയിൽ ആ
രോ സംസാരിച്ചിരുന്നപോലെ കേട്ടുവെന്നാണല്ലോ.
ആ സംശയം തീരെ അസ്ഥാനത്തിലല്ലെന്നു ഞാൻ
തീൎച്ചപ്പെടുത്തിത്തരാം. ഞാൻ യൌവനയുക്തയായ
ഒരു തരുണി. നിങ്ങളെങ്കിൽ ഏററവും വിമുഖത
യെ അവലംബിച്ചിരിക്കയും ചെയ്തിരിക്കുന്നു. എന്നെ
അതിയായി സ്നേഹിച്ചുവരുന്ന ഒരു തരുണൻ—അ
തേ ഒരു സുന്ദരപുരുഷൻ—അദ്ദേഹം പലതവണയും
എന്നോടു സ്വാഭിലാഷസിദ്ധിക്കായി യാചിക്കുകയും
കാക്കൽ പതിച്ചു കരയുകയും ചെയ്തുവരുന്നു. ഇന്നു
നിങ്ങഠം വിജയനഗരത്തിങ്കലേക്കു പോയി എന്നു് അ
ദ്ദേഹം എങ്ങിനെയോ അറിഞ്ഞു് എന്റെ ശയനഗൃ
ഹത്തിൽ എത്തി. ഞാൻ അദ്ദേഹത്തെ സസന്തോ
ഷം സ്വീകരിച്ചു. നിങ്ങളുടെ ഈ ആഗമനത്തെ
ഞാൻ വിചാരിച്ചിരുന്നില്ല. വിചാരിപ്പാനും കാരണ
മില്ലല്ലോ. കുറച്ചുകാലമായിട്ടു് എന്റെ നിഴൽതന്നെ
അങ്ങേക്കു കൊള്ളരുതാതായിട്ടല്ലേ കണ്ടുവരുന്നതു്? ഞ
ങ്ങഠം സരസസംഭാഷണം ചെയ്തുകൊണ്ടിരിക്കുമ്പോഠം
അപ്രതീക്ഷിതമായ അങ്ങയുടെ ആഗമനത്താൽ

ഞാൻ അദ്ദേഹത്തെ ഒളിപ്പിച്ചു. ഒളിപ്പിച്ച സ്ഥലവും വേണമെങ്കിൽ പറഞ്ഞുതരാം. ഈ കട്ടിൻചുവട്ടിൽ ഉള്ള കിടക്കുകളുള്ളിൽ കിടത്തി മടക്കിവെച്ചിരിക്കുന്നു. വേണമെങ്കിൽ ആ കിടക്ക നീർത്തിനോക്കിയാൽ ആളെ കണ്ടുപിടിക്കാവുന്നതാണ്. പോരേ, ഇനി എന്താണ് അറിയേണ്ടത്?

കിടക്കയുടെ ഉള്ളിൽ കിടക്കുന്ന സുകുമാരന്റെ അപ്പോഴത്തെ സ്ഥിതി എന്തായിരിക്കുമെന്ന് എന്റെ വായനക്കാർതന്നെ ഊഹിക്കുന്നതാണ് അധികം നല്ലതു്. തന്റെ ദുർവൃത്തിയുടെ ഫലം അല്പസമയത്തിനുള്ളിൽ അനുഭവിക്കേണ്ടിവരുമെന്ന് സുകുമാരൻ തീച്ചപ്പെടുത്തി.

ഭാരതി ധൈര്യത്തോടെ ഇത്രയും പറഞ്ഞപ്പോഴക്കും ഇനി വരാൻപോകുന്ന ഫലത്തെ ചിന്തിച്ച് അവളുടെ അംഗസന്ധികൾ തളർന്നുപോയി.

ഭാരതിയുടെ ഈ വാക്കു കേട്ട കരുണാകരൻനായർ ഒരു മരപ്പാവപോലെ നിന്നതല്ലാതെ കിടക്ക പരിശോധിപ്പാനോ മറ്റോ അദ്ദേഹം തുനിഞ്ഞില്ല. അതിനുള്ള കാരണത്തെ ഊഹിക്കേണ്ട ഭാരവും വായനക്കാരിൽതന്നെ സമപ്പിച്ചിരിക്കുന്നു.

നമ്മുടെ മനസ്സു ഇരുട്ടടഞ്ഞതാകുന്നു. മനസ്സാക്ഷി ഏറ്റവും പ്രകാശമേറിയതുമാകുന്നു. മനസ്സിന്നു നല്ലതിനേയോ ചീത്തയേയോ അഥവാ രണ്ടിനേയും കൂടിയോ സൌകയ്യംപോലെ ആശ്രയിക്കുന്ന ഒരു പ്രത്യേകസ്വഭാവമുണ്ടു്. മനസ്സാക്ഷിയാകട്ടെ എപ്പോഴും നല്ലതിനെത്തന്നെ ആശ്രയിച്ച് അതിനെത്തന്നെ അനുവത്തിച്ചു

പോരുന്നതാണ്. നല്ലവൎക്ക് എന്നപോലെ ദുൎവൃത്തന്മാൎക്കും മനസ്സാക്ഷിയുണ്ട്. പക്ഷേ ദുൎവൃത്തന്മാർ മനോവ്യാപാരത്തെ മാത്രം അടിസ്ഥാനപ്പെടുത്തി പ്രവൎത്തിക്കുന്നവരാകുന്നു. അതിനാൽ അവരുടെ മനസ്സാക്ഷി രാത്രികാലത്തു സൂൎയ്യബിംബംപോലെ മറയപ്പെട്ടിരിക്കുകയാകുന്നു. പാപകൎമ്മങ്ങളാൽ ദുൎവൃത്തന്മാരുടെ മനസ്സാക്ഷി അവരെ നിരോധിക്കുന്നുണ്ടെങ്കിലും മനസ്സിന്റെ വാസനാശക്തികൊണ്ട് ആ നിരോധം ദുൎബ്ബലമായിത്തീരുകയാലാകുന്നു അവർ പാപകൎമ്മങ്ങളിൽ ശ്രദ്ധാലുക്കളായിത്തീരുന്നത്. മനസ്സിനെ നിയന്ത്രിച്ച് മനസ്സാക്ഷിയെ മുൻനിറുത്തി പ്രവൎത്തിക്കുന്നവർ ഒരിക്കലും പാപകൎമ്മത്തിൽ ആസക്തന്മാരാകുന്നില്ല. മനസ്സാക്ഷിയെ ബലപ്പെടുത്തുന്നതു സകലജനങ്ങൾക്കും സുലഭമായ ഒരു പ്രവൃത്തിയുമല്ല. ഒണക്കപ്പുല്ലിൽപ്പെട്ട തീയെന്നപോലെ മനസ്സിന്റെ ആവേശം—നല്ലതിലായാലും ശരി, തിയ്യതിലായാലുംശരി—ക്ഷണികവും ദുസ്സഹവും ആകുന്നു. കേവലം ശുദ്ധന്മാരെന്നു നാം പറഞ്ഞുവരാറുള്ള ആലോചനാശക്തിയില്ലാത്ത ചിലർ ഇതിന് ഒരു ഉദാഹരണമാകുന്നു. അവർ അപ്പപ്പോൾ മനസ്സിൽ തോന്നുന്നതനുസരിച്ച് പലതും ചെയ്യും. ആ പ്രവൃത്തികളുടെ പരിണാമം അതിദുഃഖകരമായിത്തീരുന്നതാണെങ്കിൽ (അധികവും അങ്ങിനെയാണു കണ്ടുവരുന്നത്) 'അയ്യത്തട;' എന്നു 'മിഴിക്കു'കയും ചെയ്യും. ആപൽബന്ധുവായ മനസ്സാക്ഷി അപ്പോൾ അവരുടെ സഹായത്തിന്നു വരുന്നു. ചിലൎക്ക് അപ്പോൾതന്നെ അതിനെ സ്വീകരിക്കും.

മററു ചിലർ ഇങ്ങിനെ പലേ തെററു കഴിഞ്ഞതിന്നുശേഷമായിരിക്കും അതിനെ സ്വീകരിക്കുക.

ഭാരതി അവളുടെ ഭർത്താവിനെ ചതിച്ചു. അവളുടെ ദുർവൃത്തികൊണ്ട് അവളെ ഏററവും സ്നേഹിക്കുന്ന ഭർത്താവിൻെറ നേരെ തെററു പ്രവർത്തിച്ചു. ആ ബോദ്ധ്യമുണ്ടായതോടുകൂടി അവൾ പശ്ചാത്തപിച്ചു തുടങ്ങി. അപരാധബോധവും, പശ്ചാത്താപവും, അപരാധത്തിൻെറ നിവാരണത്തിങ്കൽ മുഖ്യങ്ങളാകുന്നു. അപരാധബോധം ഹൃദയത്തിങ്കലുണ്ടായതോടുകൂടി അവളുടെ മുഖം ശാന്തമായി ത്തുടങ്ങി. ഭർത്താവിനോട് നേരിട്ടു സംസാരിച്ചു സ്വത്തിൽ ജയം നേടിയ അഹങ്കാരവും നശിച്ചു.

കരുണാകരൻ നായർ— ഭാരതി! എന്നെ ഇങ്ങിനെ പരിഹസിക്കുകയും, ദുഃഖിപ്പിക്കുകയും ചെയ്തതുകൊണ്ടു ഭവതിക്ക് എന്തൊരു സന്തോഷമാണുണ്ടാകുന്നതു്?

ഭാരതി—എന്നെ ഈ മട്ടിൽ ബന്ധനത്തിലിട്ടതുകൊണ്ടു നിങ്ങൾക്ക് എന്തൊരു സന്തോഷമാണുണ്ടാകുന്നതു്?

കരുണാ—കഷ്ടം; ഭവതിയെ ഞാൻ ബന്ധനത്തിലിട്ടിരിക്കുകയാണെന്നു തെററിദ്ധരിച്ചതിലാണ് എനിക്ക് അധികം സങ്കടം തോന്നുന്നതു്. ദുരാചാരംകൊണ്ടു കലുഷിതമായ ഈ പട്ടണത്തിൽ സുന്ദരിയും, യൌവനയുക്തയും, ലോകരീതിയറിയാത്തവളുമായ ഭവതിക്കു ചാരിത്രദൂഷ്യം വരാതിരിക്കുന്നതിന്നുവേണ്ടി ചില നിബന്ധനകൾ ചെയ്തുവെച്ചതല്ലാതെ കേവലം ബന്ധനമാണെന്നു വിചാരിച്ചു പോകരുതു്.

ഭാരതി—അങ്ങിനെയാണെങ്കിൽ തടവുപുള്ളികളെ കൊണ്ടുപോകുമ്പോലെ ഞാൻ കുളിക്കാൻ പോകുമ്പോഴും മററും മുമ്പിലും പിന്നിലും ബലമായ കാവൽ നിറുത്തിയിട്ടുള്ളതിന്റെ ഉദ്ദേശമെന്തായിരിക്കും?

കരുണാ—അങ്ങിനെ ഞാൻ കാവൽ നിറുത്താതെ കണ്ടിരുന്നാൽ ഭവതിക്കു വലുതായ ഹാനി സംഭവിക്കുമായിരുന്നു.

ഭാരതി—എന്തു ഹാനി? ഈ സാധുവായ എന്നെ വല്ലതും പറഞ്ഞു കബളിപ്പിച്ചു കളയാം എന്നല്ലേ അങ്ങയുടെ ഉദ്ദേശം?

കരുണാ—ഭാരതി! ഞാൻ അങ്ങിനെ ഒന്നും ഉദ്ദേശിച്ചിട്ടല്ല പറഞ്ഞതു്. അങ്ങിനെ പറയുന്നവനുമല്ല; പറകയുമില്ല. ഭവതിയോടു ചിലതു പറയണമെന്നു വിചാരിച്ചിട്ടു കുറച്ചു കാലമായി. അതിന്നു് അവസരം ലഭിക്കാത്തതുകൊണ്ടു് ഇതുവരെ നീണ്ടു പോകേണ്ടിവന്നു. എന്റെ വാക്കിൽ ശ്രദ്ധ വെക്കുക. സ്വതേ സഞ്ചാരിയായിരുന്ന എനിക്കു പററിയ അബദ്ധങ്ങൾക്കു് ഒരു കയ്യും കണക്കുമില്ല. "കൌപീനസംസാരം" പോലെ ഒന്നിനുമീതെ ഒന്നായി വന്നുകൂടി. ഇപ്പോൾ പിടികിട്ടാതെയുമായി. ഒന്നാമതു നമ്മൾ തമ്മിലുള്ള പ്രായാന്തരത്തെ നോക്കേണ്ടതല്ലേ? ഞാൻ ഭവതിയെ വിവാഹം ചെയ്യുന്നതെന്നോ സ്നേഹിതന്റെ പ്രീതി——

ഭാരതി—(തടഞ്ഞും കൊണ്ടു്.) അതെനിക്കു മനസ്സിലായിട്ടുണ്ടു്. അച്ഛന്റെ പ്രീതിക്കു മാത്രമായിരുന്നു. നിങ്ങൾ

പ്രീതിയോടുകൂടി സ്വീകരിച്ചതായിരുന്നാൽ എന്നെ ഇത്ര അലക്ഷ്യമാക്കി വെക്കുകയില്ലായിരുന്നു.

കരുണാ—ക്ഷമിക്കു. എൻെറ കുടുംബമാണെന്നോൎത്ത് ഇവിടെ വാസസ്ഥാനമുറപ്പിച്ചത് അതിലും അബദ്ധമായി. എന്തുകൊണ്ടെന്നാൽ—ഈ പട്ടണത്തിലെ നടപടികൾ മുൻസ്ഥിതിയെ വിട്ട് എത്രയോ ദൂരത്തിങ്കലാണ് ഇപ്പോൾ കിടക്കുന്നത്. എന്തു പറഞ്ഞാലും, എന്തു പ്രവൎത്തിച്ചാലും, ഒരു ചോദ്യവുമില്ല. എല്ലാം കലങ്ങി മറിഞ്ഞിരിക്കുന്നു. മഹാരാജാവു് ഒരു ചിന്നാപ്രതിമയും ദുൎമ്മന്ത്രിപ്രമുഖന്മാർ അച്ഛകന്മാരുമായിട്ടാണ് ഇപ്പോൾ പരിണമിച്ചിരിക്കുന്നത്. അച്ഛകൻെറ പ്രീതി സമ്പാദിക്കാഞ്ഞാൽ ദേവപ്രസാദം വ്യൎത്ഥം തന്നെ. അതിനാൽ ഈ പട്ടണത്തിൽ അധികം പേരും മന്ത്രിസേവകന്മാരായിട്ടാണു കാണപ്പെടുന്നത്. മന്ത്രിപുത്രനായ ബീറാംഖാൻ ഇവിടെ നടക്കുന്ന ദുരാചാരങ്ങൾക്ക് ഒരു മാതൃകാപുരുഷനാണ്. ബീറാംഖാൻെറ നൎമ്മസചിവൻ കേശവപ്പണിക്കരാണ്. മന്ത്രിപുത്രൻ ഇഷ്ടപ്പെടുന്ന സ്ത്രീകളുടെ അടുക്കലേക്കു ജാതിഭേദമെന്യേ അയാളെ കൂട്ടിക്കൊണ്ടു പോകുകയും, അവരെ കൊണ്ടുവന്നു കൊടുക്കുകയും, ചെയ്തുവരുന്നതു കേശവപ്പണിക്കരുടെ പ്രധാനപ്പെട്ട തൊഴിലാണ്.

മാരതി—അയാളുടെ നടപടി അങ്ങിനെയായിക്കോട്ടേ. എന്നെ ബന്തോവസ്തിൽ വെച്ചതിന്നും അതിന്നും തമ്മിൽ എന്തു ബന്ധമാണുള്ളത്?

കരുണാ—അതു പറയാം. ആ കേശവപ്പണിക്കർ എല്ലാം ഇടങ്ങളിലും നിത്യനാണ്. കുറേദിവസമായി അയാറം ഇവിടെ ചുററിപ്പററി സഞ്ചരിക്കുന്നതു ഞാൻ കണ്ടു വരുന്നു. ഇന്നു സന്ധ്യക്കും, ഈ പടിപ്പുരക്കൽനിന്ന് അയാറം ആരോടോ സംസാരിക്കുന്നത് ഞാൻ കണ്ടു. അവർ ഭവതിയുടെ മുഖം കണ്ടുവെങ്കിൽ—

ശേഷം പറയാൻ അദ്ദേഹം അസമത്ഥനായിപ്പോയി. കാരണം കൂടാതെ സംശയിച്ചിരുന്നാൽ അത് ആക്കും സഹിക്കത്തക്കതല്ല. ഭാരതി മഞ്ചത്തിന്മേൽനിന്ന് എണീററു നിന്നു കടക്കണ്ണുകൊണ്ടു ഭത്താവിനെ ഒന്നു നോക്കി.

കരുണാ—ഞാൻ പറഞ്ഞതിൻെറ താല്പയ്യം മനസ്സിലായോ?

ഭാരതി—ഇല്ല. എനിക്കൊന്നും മനസ്സിലായില്ല.

കരുണാ—ഒന്നും മനസ്സിലായില്ലെന്നോ; ബീറാംഖാനും കേശവപ്പണിക്കരും ഭവതിയെ കണ്ടുവെങ്കിൽ അവർ ഏതു പ്രകാരേണയും ഭവതിയുടെ ചാരിത്രഭംഗം വരുത്താതിരിക്കയില്ല. ഭവതി അവരെ കണ്ടിട്ടുണ്ടോ?

ഭാരതി—ഞാനാരേയും കണ്ടിട്ടില്ല.

കരുണാ—ഇതു പരമാത്ഥമാണോ? കേശവപ്പണിക്കരേയും കണ്ടിട്ടില്ലേ?

ഭാരതി—പരമാത്ഥം തന്നെ. കേശവപ്പണിക്കരോ? ഏതു കേശവപ്പണിക്കര്? അങ്ങിനെ ആരെങ്കിലും ഇവിടെ ലാക്കുവെച്ചു നടക്കുന്നുണ്ടെങ്കിൽ അതു ഞാൻ

കണ്ടിട്ടും ഇല്ല. അത് എന്നെ സംബന്ധിച്ചിട്ടുള്ളതു മല്ല.

കരുണാ—അതിരിക്കട്ടെ! അവരുടെ നടപടി ഞാൻ സൂക്ഷിച്ചുകൊള്ളാം. എന്റെ ഈ വാൾ കയ്യിലുള്ളപ്പോൾ എനിക്ക് അവരെ ഭയമോ ക്ലേശമോ ഇല്ല.

എന്നു പറഞ്ഞു കരുണാകരൻ നായർ അരയിൽ തിരുകിയിരുന്ന വാൾപ്പിടിയിന്മേൽ കൈ വെച്ചു. ഭാരതിയുടെ ദേഹം അരയാലില പോലെ വിറച്ചു. ഭർത്താവിന്റെ പ്രകൃതിഭേദത്തേയും താൻ ഒളിപ്പിച്ചിരിക്കുന്ന സുകുമാരനേയും ഓർത്ത് അവൾ അത്യധികം വ്യസനിച്ചു. തന്റെ ദുരാചാരത്തെ ശപിച്ചുംകൊണ്ട് അവൾ നിന്ന നിലയിൽ നിന്നനങ്ങാതെ ഭർത്താവിനെത്തന്നെ നോക്കിക്കൊണ്ടു നിന്നു.

കരുണാ—ഭാരതി! തീയ്യിൽ ചാടി വ്രണപ്പെട്ടതിചികിത്സിക്കയേക്കാൾ അധികം നല്ലതു തീയ്യിൽ ചാടാതെ സൂക്ഷിക്കുകയാണല്ലോ. ഈ നാട്ടിൽ പടർന്നുപിടിച്ചിട്ടുള്ള ദുരാചാരവഹ്നിയിൽ ഭവതി പതിച്ചു പോകരുതെന്നു വെച്ചാണു ഭവതിയെ സ്വേച്ഛാനുസരണം പുറത്തു വിടാതിരുന്നതു്. ഈ പട്ടണം കേവലം അരാജകമായിരിക്കുന്നു. എന്തെങ്കിലും സങ്കടം വന്നാൽ പിന്നെ പറയേണ്ടതു മന്ത്രിയോടാണു്. മന്ത്രിയുടെ കഥ ഇനി പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. പിന്നെ യുവരാജാവാണു് ഒരാളുള്ളതു്. അദ്ദേഹത്തിന്നോ ചെറുപ്പം. ഇതുവരെ ഒരു കാര്യത്തിലും അദ്ദേഹം പ്രവേശിച്ചതായി അറിയപ്പെടുന്നില്ല. അദ്ദേഹം പുറത്തിറങ്ങി

സഞ്ചരിക്കുന്നതുതന്നെ വളരെ ദുർല്ലഭം. ആകപ്പാടെ വേലിതന്നെ വിളവു തിന്നുന്ന കാലമായിരിക്കുന്നു. ആ സ്ഥിതിക്കു നമ്മുടെ മാനം നാംതന്നെ സൂക്ഷിച്ചു കൊള്ളണം. അതിനാൽ, പ്രിയ ഭാരതി, ജാഗ്രതയായിരിക്കുക. ഇതൊന്നു മാത്രമേ എനിക്കു ഭവതിയോടു പറയേണ്ടതുള്ളു. ഭാര്യന്റെ സ്നേഹം മലവെള്ളവും ഭർത്താവിന്റെ സ്നേഹം നിലവെള്ളവുമാണ് എന്നോർക്കണം. ഒരു ക്ഷണത്തിൽ മധുരിച്ച വസ്തു ഉത്തരക്ഷണത്തിൽ കയ്പായി തുടങ്ങും. അല്ലാതെ അതു സ്ഥിരമായിരിക്കയില്ല. നാം കീർത്തിയെയാണു മുഖ്യമായി ആശ്രയിക്കേണ്ടതു്. ദേഹം നശിച്ചാലും കീർത്തി നശിക്കുന്നതല്ല. ക്ഷയിക്കുന്നതുമല്ല. മനുഷ്യൻ ഒരു പിടി വെണ്ണീറായാലും വെണ്ണീറിൽ കിടക്കുന്ന രത്നംപോലെ കീർത്തി സ്ഥിരമായി പ്രകാശിച്ചു നില്ക്കും. ആയതുകൊണ്ടു്, എന്റെ ജീവിതസർവ്വസ്വമേ, ഞാൻ — ഭവതിയുടെ ഭർത്താവു് — ഈ ആയുധത്തിന്റെ സഹായം കൊണ്ടും എന്റെ ഭുജബലംകൊണ്ടും ഈ ജീവനെ ഉപേക്ഷിച്ചിട്ടെങ്കിലും ഭവതിയുടെ മാനത്തെയും ഗൌരവത്തെയും രക്ഷിക്കും. അതിന്നു ഭവതി സർവ്വസഹായവും ചെയ്തു് എന്റെ മാനത്തെയും മര്യാദയെയും രക്ഷിക്കണം. മാനം വിററു മഹീതലത്തിലിരിക്കുന്നതിനേക്കാൾ മരിക്കുകയാണു മഹാന്മാർക്കഭിമതമായിട്ടുള്ളതു്. ഞാനിതാ യാത്രയായി. മടങ്ങിവരേണ്ടതിന്നു് ഒരെട്ടു പത്തു ദിവസം വേണ്ടിവരുമെന്നാണു തോന്നുന്നതു്. ഞാൻ പറഞ്ഞതെല്ലാം ഓർമ്മയിൽ ഇരിക്കട്ടേ.

ഇത്രയും പറഞ്ഞു കരുണാകരൻനായര് പുറത്തേക്ക പോയി. ഭർത്താവിൻെറ ഉപദേശംകൊണ്ടു പ്രകൎഷേണ ശോഭിക്കപ്പെട്ട ജ്ഞാനദീപത്താൽ ഭാരതിയുടെ ഹൃദയത്തിൽ നിറഞ്ഞിരുന്ന ദുരാചാരാന്ധതാമിസ്രം വിട്ടൊഴിഞ്ഞു തുടങ്ങി. പല വഴികളിൽകൂടി ഓടിക്കൊണ്ടിരുന്ന അവളുടെ മനസ്സ് സ്ഥിരതയെ പ്രാപിച്ചു. അപ്പോൾ മനസ്സാക്ഷി അവളെ വേണ്ടതുപോലെ സഹായിപ്പാൻ തയ്യാറായി നിന്നു. ബന്ധമോക്ഷങ്ങൾക്ക ഹേതുവായിട്ടുള്ളതു മനസ്സാണല്ലോ. ആ മനസ്സ് സ്ഥിരതയെ പ്രാപിച്ചാൽ പിന്നെ ആ ആൾക്ക യാതൊന്നുംകൊണ്ടും പരിഭവം നേരിടുന്നതല്ല. പാപാന്ധകൂപത്തിൽ പതിക്കവാൻ തുനിഞ്ഞ ഭാരതി അതിങ്കൽനിന്നു പരാവൎത്തിച്ച് പരിശുദ്ധയായി. ഭർത്താവിൻെറ കപടമററ സ്നേഹമാന അവളുടെ മനോവ്യോമത്തിങ്കൽ ഉദിച്ചുവന്നതോടുകൂടി മുഖപങ്കജം വികസിച്ചു തുടങ്ങി. ഭർത്താവുതന്നെയാണു തനിക്കു പരമമായ ദൈവമെന്നും അവൾക്ക ബോധം വന്നു. താൻ പ്രവൎത്തിപ്പാൻ തുനിഞ്ഞ അനീതികളെ ഓൎത്ത് അവൾ അത്യധികം പരിതപിച്ചു. ശിരസ്സിൽ അഞ്ജലിബന്ധത്തോടെ ഇരുന്നു കണ്ണടച്ചുംകൊണ്ടു ഭൎത്താവിൻെറ ദിവ്യവിഗ്രഹത്തെയും ഭർത്തൃമുഖത്തിങ്കൽനിന്നു നിൎഗ്ഗമിച്ച വേദസദൃശമായ വാക്കുകളെയും ചിന്തിച്ചു ചിന്തിച്ച് അവൾ ധ്യാനനിഷ്ഠയിൽ ലയിച്ചുപോയി.

ക്ഷപാകരോദയത്തിൽ മുകുളിതമായിരിക്കുന്ന സരോജത്തിൽപെട്ട ഭൃംഗരാജനെപ്പോലെ കിടക്കയുടെ ഉള്ളിൽ കിടക്കുന്ന സുകുമാരൻ ഭാരതികരുണാകരന്മാരുടെ

സംഭാഷണങ്ങൾ അതിശ്രദ്ധയോടെ കേട്ടിരുന്നു. കരുണാകരൻനായരുടെ ധീരോദാത്തങ്ങളായ ഓരോ വാക്കുകൾ കേൾക്കുന്തോറും തന്റെ ഭാവ്യവസ്ഥയെ ചിന്തിച്ചു സുകുമാരന്റെ ധൈര്യമാസകലം നശിച്ചു തുടങ്ങി. "ഹാ! കഷ്ടം എന്റെ അവിവേകത്തിന്നു ശരിയായിട്ട് എന്താണ് ഒന്നുള്ളത്? ഇവർ ഇത്രയും പറഞ്ഞു കൊടുത്ത സ്ഥിതിക്ക് എന്റെ കഥ അവസാനിക്കാറായി എന്നുള്ളതിലേക്കു സംശയമില്ല. എന്നെ പാർസ്സൽകെട്ടി മുദ്രവെച്ച് അന്തകരാജധാനിയിലേക്ക് "അഡ്രസ്സം" എഴുതി തയ്യാറാക്കി വെച്ചിരിക്കുന്നു. ഇനി ഇദ്ദേഹത്തിന്റെ മൂർച്ചയുള്ള വാൾമുനകൊണ്ടു റജിസ്റ്റർചെയ്യ് അയക്കേണ്ട താമസം മാത്രമെ ഉള്ളൂ" എന്ന് അദ്ദേഹം തന്നെത്താൻ തീർച്ചപ്പെടുത്തി. "എന്റെ വാൾ" എന്ന കരുണാകരൻനായരുടെ വാക്കുകേട്ടപ്പോൾ സുകുമാരന്റെ നിഖിലാവയവങ്ങളിലും ഗതിചെയ്തിരുന്ന വായുക്കളെല്ലാം ഏകീഭവിച്ചു ഹൃദയത്തിങ്കൽ വന്നു നിലച്ചു. അവ നിർഗ്ഗമദ്വാരമന്വേഷിച്ചു തിക്കിത്തിരക്കി നിൽക്കുമ്പോഴാണ് "ഇതാ, ഞാൻ ഇപ്പോൾ യാത്രയായി" എന്നു തുടങ്ങിയ കരുണാകരൻനായരുടെ പിന്നീടുള്ള വാക്കുകേട്ടത്. തൽസമയം അയാളുടെ ആവേശത്തിന്നു അല്പം ആശ്വാസം വന്നു. പിന്നീട യാതൊരു ശബ്ദവും കേൾക്കാത്തതിനാൽ കരുണാകരൻനായർ പോയിരിക്കാമെന്ന് അയാൾ വിചാരിച്ചു. ഇപ്പോൾ സമയം കുറെ ആയല്ലോ. അയാൾ പോയിട്ടുണ്ടെങ്കിൽ ഭാരതി വന്ന് എന്നെ ഇതിൽനിന്നു് വിടുവിക്കേണ്ടതല്ലേ? ഇതുവരേ

യും അവൾ വിടുവിക്കാത്തതുകൊണ്ടു് അയാൾ പോയിട്ടി
ല്ലെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. ഭാണ്ഡത്തിന്റെ ഉ
ള്ളിൽ കിടക്കുന്നതുകൊണ്ടു് പുറത്തു നടക്കുന്ന കാൎയ്യങ്ങൾ
അയാൾക്കു കാണുവാൻ തരമില്ലല്ലോ. യാതൊരു ശബ്ദ
വും കേൾക്കാനില്ല. അയാൾ ഇങ്ങിനെ ഓരോന്നു വി
ചാരിച്ചു് അതിൽ കിടന്നു ശ്വാസംമുട്ടി കഷ്ടപ്പെട്ടു് അ
ങ്ങിനെ കുറെ നേരം കഴിഞ്ഞു. ഭാരതി വരുന്നതുമില്ല.
വല്ലപ്രകാരത്തിലും കുതറി കിടക്കയുടെ ഉള്ളിൽനിന്നു
പുറത്തു ചാടുവാനും ധൈൎയ്യമില്ല. അപ്പോൾ കരുണാ
കരൻനായർ പറഞ്ഞിട്ടുള്ള ഓരോ വാക്കുകളും പ്രത്യേകം
ഓൎമ്മയിൽ വന്നു. അതോടുകൂടി അയാളുടെ വിചാര
ങ്ങൾക്കൊക്കെ ഭേദം വന്നുതുടങ്ങി. 'അരാജകമായ
രാജ്യം' എന്ന വാക്കു നിനവിൽ വന്നപ്പോൾ അയാളു
ടെ ഉള്ളൊന്നു നടുങ്ങി. തന്റെ പ്രവൃത്തികളെ കുറിച്ചു
സ്വകാരൻ ശപിച്ചു തുടങ്ങി. ഹാ! ഞാനേതെല്ലാം അനൎത്ഥ
പ്രവൃത്തികളാണു ചെയ്യാനിരുന്നതു്? എന്റെ ഈ പ്ര
വൃത്തികൾ സൎവ്വസാക്ഷിയായ ജഗദീശ്വരനു സഹിക്കത്ത
ക്കതാണോ? ഇതുവരെയും മനസ്സാക്ഷിക്കു വിരോധമായി
ഒരു പാപകൎമ്മത്തിലും ഏൎപ്പെടാത്ത ഞാൻ ഈ തരുണീ
രത്നത്തിന്റെ ചാരിത്രഭംഗം ചെയ്യുവാനല്ലേ ശ്രമിച്ച
തു്? അനേകം ശുഭകൃത്യങ്ങളെ നടത്തേണ്ടതായ ഈ
ദേഹം കൊണ്ടുപോയി ഘോരതമമായ പാപത്തിന്നു് ഇര
യാക്കിക്കൊടുക്കാനല്ലേ തുനിഞ്ഞതു്? എന്റെ ജന്മത്തെ
ഞാൻതന്നെ ധിക്കരിക്കുന്നു. ദൈവമേ! എനിക്കു മാപ്പു
തരേണമെ. ഇതാ ഞാൻ എന്റെ പിതൃപാദങ്ങളെ പി

ടിച്ചു ശപഥം ചെയ്യുന്നു. ഇനി ഒരിക്കലും ഈവക പ്രവൃത്തികളിൽ ഞാൻ ഏൎപ്പെടുകയില്ല. കരുണാകരൻ നായർ ചെയ്ത ഉപദേശം ഭാരതിക്കല്ല എനിക്കു തന്നെയാണ്. ഈ ഉപദേശംകൊണ്ടു് ഞാൻ പരിശുദ്ധനായി. ഭാരതി എന്നെ വന്നു വിളിക്കേണ്ടതായ ആവശ്യവുമില്ല. ഞാൻ തന്നെ ഇതിൽനിന്നു പുറത്തു ചാടിക്കൊള്ളാം. ഒരു പക്ഷേ കരുണാകരൻ നായർ ഇവിടെ ഉണ്ടായിരുന്നാലും ഞാൻ അദ്ദേഹത്തിന്റെ കാക്കൽ നമസ്കരിച്ചു സത്യസ്ഥിതിയെ തെരിയപ്പെടുത്തി മാപ്പു ചോദിച്ചുകൊള്ളാം. അതേ; അങ്ങിനെ തന്നെ സംശയമില്ല! എന്നിങ്ങിനെ തീരുമാനപ്പെടുത്തി. സുകുമാരൻ ആ കിടക്കയുടെ ഉള്ളിൽനിന്നു പുറത്തു ചാടി. ഉടനെ നാലുപാടും നോക്കി. കരുണാകരൻ നായരെക്കണ്ടില്ല.

ഭാരതിയാകട്ടെ ധ്യാനനിഷ്ഠയിൽ ലയിച്ചിരിക്കുന്ന ഒരു തപസ്വിനിയെപ്പോലെ സുകുമാരന്റെ ദൃഷ്ടിപ്പടങ്ങൾക്കു ലക്ഷ്യിഭവിച്ചു. സുകുമാരൻ അവളെ കണ്ടുകൂടുമ്പോൾ ആശ്ചൎയ്യപരതന്ത്രനായി ഭവിച്ചു. "ഇവൾ മുമ്പിലത്തെ ഭാരതിയല്ല. ഇവളുടെ ഹൃദയം പരിശുദ്ധമായിരിക്കുന്നുവെന്നു മുഖവികാസം വ്യക്തമാക്കുന്നുണ്ടു്. സുകുമാരൻ കുറച്ചുനേരം അവളെത്തന്നെ നോക്കിക്കൊണ്ടു നിന്നു. ഇനി താൻ പ്രവൎത്തിക്കേണ്ടതെന്തെന്നു വിവരമില്ലാതെ ഓരോന്നു് ആലോചിച്ചു തുടങ്ങി. ഒന്നും മിണ്ടാതെ ഇറങ്ങിപ്പോയാലോ? അതു പാടില്ല. ഏതു സ്ഥിതി നോക്കുന്നതായാലും ആ പ്രവൃത്തി ഉചിതമല്ല. ഇവിടെ നില്ക്കുന്നതും ഭംഗിയല്ല. അവളെ വിളിച്ചുണൎത്തി യാത്ര

പറഞ്ഞു പിരിയുകയാണു് ഉത്തമമായിട്ടുള്ളതു്.” ഇങ്ങിനെ വിചാരിക്കുന്നതിനിടക്കു സുകുമാരന്നു വേറെ ഒരാലോചനകൂടി തോന്നി. “ഏതൊരു കൃത്യത്തിന്നും ‘പരീക്ഷ’ എന്നുള്ളതു് അത്യാവശ്യമായിട്ടുള്ളതാണല്ലോ. അതിനാൽ ഇവളുടെ മനോധൈര്യത്തേയും കൂടി ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണു്.” ഇങ്ങിനെ തീച്ചപ്പെടുത്തി ഭാരതിയുടെ ശിരസ്സിലർപ്പിച്ചിരുന്ന അഞ്ജലിബന്ധത്തെ കടന്നു പിടിച്ചു.

ഭാരതി ഞെട്ടിയുണന്നു നോക്കി. അപ്പോൾ സുകുമാരൻ ചിരിച്ചുംകൊണ്ടു തന്റെ മുമ്പിൽ നില്ക്കുന്നതു കണ്ടു. അവൾ സുകുമാരന്റെ കൈകളെ കുതറിവിടുവിച്ചു് പിന്നാക്കം മാറിനിന്നു. സുകുമാരൻ നിന്ന നിലയിൽ നിന്നനങ്ങാതെ അവളെത്തന്നെ നോക്കി നിലവായി. സുകുമാരന്റെ ആ നോട്ടത്തിൽ ഭാരതി എന്താണു തന്നോടു് ഇങ്ങിനെ പ്രവൃത്തിക്കുന്നതു് എന്നു് കളുതരംവാണു് സ്ഫുരിച്ചിരുന്നതു്.

ഭാരതി—(വൈലക്ഷ്യത്തോടെ) തൊടരുതു്. ദൂരെ നില്ക്കൂ. ഭത്താവു പറഞ്ഞ വാക്കുകൾ കേട്ടില്ലെന്നുണ്ടോ?

സുകുമാരൻ—എല്ലാം കേട്ടിരിക്കുന്നു. എങ്കിലും ഭവതിയുടെ മുഖകമലം ചിന്തിക്കുമ്പോൾ അവയെല്ലാം അപ്രകാശിതമായിട്ടാണു് എന്നിൽ പരിണമിക്കുന്നതു്. പ്രിയപ്പെട്ട ഭാരതി! എന്നെ ഉപേക്ഷിക്കരുതേ!

അതിന്നുത്തരമായി ഭാരതി മുഖം തിരിച്ചു ജനാലയ്ക്കൽ ചെന്നു പുറത്തേക്കു നോക്കി നില്ക്കുകയാണു് ഉണ്ടായതു്. സുകുമാരൻ സാമദാനോക്തികൾ ഉപയോഗിച്ചുനോ

ക്കി. അവൾ ഒന്നുകൊണ്ടും വഴിപ്പെടില്ലെന്നു കണ്ട
പ്പോൾ അയാളുടെ മുഖം പ്രകാശംകൊണ്ടു. ഭാരതിയു
ടെ സ്ഥിരതയെക്കുറിച്ചു ശ്ലാഘിച്ചുംകൊണ്ടു പാതിവ്രത്യ
രക്ഷക്കു പാണനെൻറ പനയോലയേക്കാൾ 'മെന'യോല
യ്ക്കാണു പ്രാധാന്യമെന്നു സർട്ടിഫിക്കെററു കൊടുത്തു യഥാ
ത്രോന്മുഖനായിത്തീൎന്നു.

മനുഷ്യൎക്കു കൎമ്മഫലം അനുഭവിച്ചല്ലാതെ തീരുന്ന
തല്ല. അവരവർ ചെയ്ത കൎമ്മങ്ങൾതന്നെ അവരവൎക്കു സു
ഖദുഃഖരൂപേണ ഫലിച്ചുവരുന്നു. ഒരു മഴ പെയ്തു തോൎന്നു
പോകുമ്പോലെ ഒരു കഷ്ടാവസ്ഥ അല്ലെങ്കിൽ ഇഷ്ടാവ
സ്ഥ തീൎന്നുവെന്നു വിചാരിപ്പാൻ പാടുള്ളതല്ല. കൎമ്മശി
ഷ്ടം വല്ലതും കിടക്കുന്നുവെങ്കിൽ അതും അനുഭവിക്കാതെ
തരമില്ല. ഭാരതീസുകുമാരന്മാൎക്കു ഇപ്പോൾ ഒരു മാതിരി
കഷ്ടാവസ്ഥ നീങ്ങി എന്നല്ലേ വിചാരിക്കേണ്ടതു്? അവ
ൎക്കു സിദ്ധിച്ചിട്ടുള്ള മനോവികാസംകൊണ്ടു് ഇനി യാതൊ
ന്നും സംഭവിപ്പാൻ തരമുള്ളതല്ലല്ലോ. എങ്കിലും പരിശി
ഷ്ടകൎമ്മഫലത്തെ ആർ കണ്ടിരിക്കുന്നു. അങ്ങിനെ വല്ലതു
മുണ്ടെങ്കിൽ അതും അവൎക്കു് അനുഭവയോഗ്യമായിട്ടുള്ള
താണല്ലോ.

ഭാരതി ജനാലയ്ക്കൽ കൂടി പുറത്തു നോക്കിക്കൊണ്ടു
നില്ക്കുകയാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അവൾ പ
രിഭ്രമിച്ചു് അവിടെനിന്നു രണ്ടടി പിന്നാക്കം മാറി, 'അ
യ്യോ' എന്നൊരു ശബ്ദം പുറപ്പെടുവിച്ചു. അപ്പോൾ സുകു
മാരൻ അവളുടെ അടുത്തു ചെന്നു ഭയത്തിന്നുള്ള കാ
രണമെന്താണെന്നു ചോദിച്ചു. ഭാരതിക്കു മറുപടി പറയു

വാൻ നാവനങ്ങുന്നില്ല. ഉടനെ സുകുമാരൻ ജനാലയ്ക്കൽ കൂടി പുറത്തേക്കു നോക്കി. അപ്പോൾ ഉദ്യാനത്തിൽ അങ്ങോട്ടും ഇങ്ങോട്ടും ചില ആളുകൾ നടക്കുന്നതായി കണ്ടു. കാൎയ്യമൊന്നും മനസ്സിലായില്ല. തന്റെ ഗമനദ്വാരം മുടങ്ങി എന്ന് അയാൾ തീൎച്ചപ്പെടുത്തി. ഇനി പ്രവൎത്തിക്കേണ്ടതെന്താണെന്ന് അറിയാതെ അല്പനേരം ഭയഗ്രസ്തനായി നിന്നുപോയി.

ഭാരതി ഒരു മാതിരി ധൈൎയ്യമവലംബിച്ചു സുകുമാരനെ നോക്കി "നാം രണ്ടു പേരും വലയിൽ പെട്ടു. ഇനി രക്ഷാമാൎഗ്ഗമൊന്നും കാണുന്നില്ല. ഭൎത്താവു പുറത്തേക്കു പോയതു ശങ്ക തീൎന്നിട്ടല്ലെന്നുള്ളതു നിശ്ചയം തന്നെ. ഇതാ നാലുപാടും കാവലുറപ്പിച്ചു കഴിഞ്ഞു. ഇനി നമ്മളുടെ ഗതി എന്തായിരിക്കും?" എന്നു പറഞ്ഞു. സുകുമാരൻ മറുപടി പറയുവാൻ ചുണ്ടനക്കുമ്പോഴേക്കും താഴത്തു നിന്നു ചില ശബ്ദങ്ങൾ കേൾക്കുകയും, ഉടനെ ആരോ കോണിപ്പടി കയറി വരുന്നതുപോലെയുള്ള ഒച്ച കേൾക്കുകയും ചെയ്തു. ആത്മരക്ഷോപായത്തെ ചിന്തിച്ച് ഒടുവിൽ ഭാരതി "സുകുമാരാ! എന്റെ ജീവനേയും നിങ്ങളുടെ ജീവനേയും വ്യഥാവിൽ കളയരുതെ. ഈ വരുന്നതു ഭൎത്താവു തന്നെയാണ്. ഇനി ഏതു വഴിക്കും അങ്ങയെ ഒളിപ്പിക്കുവാനോ പുറത്തേക്ക് അയക്കുവാനോ നിവൃത്തിയില്ല. ഈ സ്ഥിതിക്ക് ഞാൻ പറയുന്നതിനെ അനുസരിക്കുകയാണ് ഉത്തമം. ഞാൻ നിങ്ങളെ ഒരു സ്ത്രീവേഷം ചമയിക്കട്ടേ. ഇന്നു സന്ധ്യക്ക് ഇവിടെ വഴിപോക്കരായി ഒരു സ്ത്രീയും അവളുടെ ഭൎത്താവും വന്നിട്ടുണ്ട്.

അതു ഭൎത്താവു് അറിഞ്ഞിട്ടുമുണ്ടു്. ആ സ്ത്രീ താഴത്തൊര റയിൽകിടക്കുന്നുമുണ്ടു്. നിങ്ങളെ അവരാണെന്നോമററോ പറഞ്ഞുകൊള്ളാം. ഇതല്ലാതെ വേറെ യാതൊരു വഴി യും കാണുന്നില്ല." എന്നു പറഞ്ഞു പെട്ടിയിൽനിന്നു ചി ല സാധനങ്ങൾ എടുത്തുകൊണ്ടുവന്നു സുകുമാരനു കൊ ടുത്തു. സുകുമാരൻ മൌനാനുവാദത്തോടെ അതുകളെ വാങ്ങി. അതിനെ ഉപയോഗിക്കേണ്ട ക്രമം മനസ്സിലാ കാതെ വിഷണ്ണനായി നില്ക്കുന്നതു കണ്ടു ഭാരതി അവ യെ വേണ്ടതുപോലെ ഉപയോഗപ്പെടുത്തിക്കൊടുത്തു. നീലവൎണ്ണത്തിൽ ഒരു പട്ടുഗൌൺ ധരിപ്പിച്ചു. കൈക ളിൽ ഒരു ജോഡി കാപ്പും കഴുത്തിൽ ഒരു കാൽപ്പവൻ മാലയും അണിയിച്ചു. അയാളുടെ കാതിലുണ്ടായിരുന്ന കടുക്കൻ മാറേറണ്ടിവന്നില്ല. അതു മുൻചെയ്ത അലങ്കാ രങ്ങൾക്കു് അനുകൂലമായ കമ്മൽസ്ഥാനം വഹിച്ചു. തല മുടിയിലും അധികം ജോലി എടുക്കേണ്ടിവന്നില്ല. കുച്ച കൊണ്ടു് ഒന്നു ചീകിയപ്പോൾ അതു് ഒരു നവോഢാരത്ന ത്തിന്റെ പ്രശസ്തകേശങ്ങളെ അതിശയിച്ചു. ഏകമാ നം ക്ഷണനേരംകൊണ്ടു് സുകുമാരൻ ഒരു 'സുകുമാരി' യായിത്തീൎന്നു. ഈ വേഷമാററത്തെക്കുറിച്ചും മററും പറ വാൻ നമുക്കു് ഇത്ര നേരം വേണ്ടിവന്നെങ്കിലും അവൎക്കു ക്ഷണനേരമേ വേണ്ടിവന്നുള്ളു. സുകുമാരനോടു ഭാരതി "ഇവിടെ നിങ്ങൾക്കു പറയേണ്ടതായ വിഷയം വല്ലതും വേണ്ടിവന്നാൽ അതു ഞാൻ നിൎവ്വഹിച്ചുകൊള്ളാം" എ ന്നു പറഞ്ഞു് അവർ രണ്ടുപേരും മഞ്ചത്തിന്മേൽ ചെ ന്നിരുന്നു.

# പതിനാലാമദ്ധ്യായം.

## ശാപമോചനം.

മനോഹരമായ ഒരു സന്ധ്യാസമയം. പശ്ചിമദിഗംഗനയാകട്ടെ സമാഗതനായ അരുണസാരഥിയെ രാഗാതിരേകത്താൽ സംശ്ലേഷംചെയ്തു് അവളുടെ ശയനഗൃഹമാകുന്ന ഉദധികളിലേക്കു മന്ദം മന്ദം നയിപ്പിക്കുന്നു. പഞ്ചബാണമഹാരാജൻ മന്ദമാരുതസ്യന്ദനമേറി കരിമ്പുവില്ലു കുലച്ചു പുഷ്പബാണങ്ങളെ തൊടുത്തു വസന്തസഖിയോടുകൂടി ദിഗ്ജയത്തിനുള്ള പുറപ്പാടായി. കുമുദമുകുളങ്ങളിൽ ഭൃംഗങ്ങളിരുന്നു ശബ്ദിക്കുന്നതു കണ്ടാൽ പഞ്ചബാണരാജന്റെ യാത്രാവേളയിൽ ശബ്ദിക്കുന്ന ശംഖധ്വനികളാണോ എന്നു തോന്നും. പികശുകാദിപക്ഷിവ്രാതം സമയോചിതമായ രാഗാലാപനം ചെയ്യുന്നുണ്ടു്. അതുകൾ രാജവന്ദികളേയും അതിശയിക്കത്തക്കവകളായിരുന്നു. ആടിയുലഞ്ഞും, ലജ്ജാഭാരത്താലോ എന്നു തോന്നുമാറു നമ്രശീർഷകളായും ഉള്ള ലതാവനിതമാരുടെ പല്ലവകരങ്ങളിൽ ധരിച്ചിരിക്കുന്ന പൂങ്കുലകൾ താലങ്ങൾ പിടിച്ചിരിക്കുകയാണോ എന്നു തോന്നിപ്പോകും. പഞ്ചബാണന്റെ അഞ്ചാം സായകതതികൾ ലക്ഷ്മീപുരത്തിലെ ഏഴുനിലമാളികകളുടെ വാതായനങ്ങളിൽ കൂടി രാജപന്ഥാവിൽ പതിക്കുന്നതിനാൽ അതുകൾ സന്ധ്യാനീലിമക്കു് വിശിഷ്യ മോടികൂട്ടുന്നുണ്ടു്. താരേശോദയത്തോടുകൂടി അസംഖ്യം താരേശവദനമാർ താ

രമ്പന്റെ കൂരമ്പുകളേറ്റു വരന്മാരുടെ വരവിനെ നിരീക്ഷിച്ചുംകൊണ്ടുവരാന്തകളിൽ അങ്ങുമിങ്ങും ലാത്തിത്തുടങ്ങി. ചില കാമുകപ്രവീണന്മാർസങ്കേതനിശ്ചയത്തിനു വേണ്ടി അയച്ചിരുന്ന ദൂതന്മാരുടെ വരവിനെ കാത്തുംകൊണ്ടു മിനുട്ടെണ്ണി കഴിച്ചുകൂട്ടുന്നു.

മേൽപറഞ്ഞ സന്ധ്യാസമയത്തു നമ്മുടെ മന്ത്രിപുത്രനായ ബീറാംഖാൻ അസ്വസ്ഥമനസ്സോടെ തന്റെ സ്വന്തം മുറിയിൽ ഇരിക്കുകയായിരുന്നു. മനസ്സിന്റെ ഉല്ലാസത്തിനുവേണ്ടി കുറച്ചു മദ്യം സേവിച്ചു. മദ്യപാനവും അന്യസ്ത്രീഗമനവും അദ്ദേഹത്തിനു പ്രധാനമായിട്ടുള്ളതാണ്. മദ്യത്തിന്റെ ലഹരി തലയ്ക്കു കയറിയപ്പോൾ മനസ്സ് അസാമാന്യമായി സന്തോഷിച്ചു തുടങ്ങി. കിഴക്കേടത്തെ സുഖഭോഗങ്ങൾ ഓരോന്നായി അദ്ദേഹത്തിന്റെ സ്മരണക്കു വിഷയീഭവിച്ചു. അവ ഓരോന്നും ഉത്തരോത്തരം വിശേഷതരങ്ങളായിരുന്നു എന്നു തോന്നി. അദ്ദേഹത്തിനു സുമാർ മുപ്പത്തഞ്ചു വയസ്സു പ്രായം കാണും. എങ്കിലും ചെറുപ്പം മുതൽക്കു സ്ത്രീഷവിയത്തിൽത്തന്നെ അത്യാസക്തിയോടെ ഏർപ്പെട്ടു വരികയാൽ ദേഹം മെലിഞ്ഞും രക്തനാഡികൾ ശോഷിച്ചും കവിളുകൾ ഒട്ടിയുമാണ് ഇപ്പോൾ കാണപ്പെടുന്നത്. ക്ഷീണേന്ദ്രിയതയെ പ്രാപിച്ചിരിക്കുന്നുവെങ്കിലും ആ സുരാദേവി അദ്ദേഹത്തിന്റെ ഉള്ളിൽ പ്രവേശിച്ചാൽ ഉടനെ മട്ടൊന്നുമാറും. എല്ലാററിനും അത്യുൽസാഹം തോന്നും. ഇപ്പോൾ അദ്ദേഹത്തിന്ന് ഇരിപ്പുറയ്ക്കാതായി. അവിടുന്നെണീററ് അങ്ങോട്ടും ഇങ്ങോ

ട്ടം ലാത്തിത്തുടങ്ങി. "ഇന്നേതെങ്കിലും ഒരു പുതിയ ഏൎപ്പാടില്ലെങ്കിൽ ബഹുമോശം തന്നെ" എന്നു വിചാരിച്ചു. ഈ വിചാരം വൎദ്ധിച്ചതോടുകൂടി അയാളുടെ നൎമ്മസചിവനെ കാണ്മാൻ മനസ്സു ധൃതികൂട്ടിത്തുടങ്ങി. അപ്പോഴയ്ക്കും കേശവപ്പണിക്കർ അദ്ദേഹത്തിന്റെ മുമ്പിൽ വന്നു പഞ്ചപുച്ഛവുമടക്കി വിനീതനായി നിന്നു. ബീറാംഖാൻ ഒരു മന്ദഹാസംകൊണ്ടു ആവശ്യപ്പെട്ടപ്പോഴേക്കും വന്നുചേൎന്ന സചിവനെ അഭിനന്ദിച്ചു. അല്പസമയം കഴിഞ്ഞു കേശവപ്പണിക്കർ കാൎയ്യാനിച്ചുംകൊണ്ടു പറഞ്ഞു.

കേശവപ്പണിക്കർ—എജമാനനെ! ഇന്നു ചില വിശേഷസംഗതികൾ കിട്ടിയിരിക്കുന്നു. അതാണു് ഇത്രയും താമസമായതു്.

ബീറാംഖാൻ—തന്റെ മുഖവികാസം കണ്ടപ്പോൾതന്നെ ഞാൻ അങ്ങിനെ വിചാരിച്ചു. കേശവപ്പണിക്കരെ! തന്റെ സാമൎത്ഥ്യവും വിശ്വസ്തതയും എനിക്കറിയാം. അതുകൊണ്ടാണു തന്നോടുള്ള ചേൎച്ച ഇതുവരെയും നിലനിന്നതു്.

കേശവ—(തന്നെ പുകഴ്ത്തിപ്പറഞ്ഞതുകൊണ്ടു് അഭിമാനിച്ചുവെങ്കിലും വിനയത്തെനടിച്ചുംകൊണ്ടു്) അടിയത്തിന്റെ സാമൎത്ഥ്യമൊന്നുമല്ല. ഒക്കെ ഇവിടുത്തെ യോഗ്യതതന്നെ എന്നേ അടിയൻ വിചാരിക്കുന്നുള്ളു.

ബീറാം—(വൈരസ്യത്തോടെ) കഷ്ടമേ! തന്റെ അടിയനും, എജമാനനും! ഇത്രകാലം പഴകിയിട്ടും തന്റെ ഈ ദുസ്സ്വഭാവം വിട്ടിട്ടില്ലല്ലോ.

കേശവ—അയ്യോ! അങ്ങിനെ കല്പിക്കരുതു്. തമ്മിലുള്ള ഗൌരവം നോക്കണ്ടേ?

ബീറാം—അതൊക്കെ മററുള്ളവരുടെ മുമ്പിൽവെച്ചു്. അപ്പോൾ താൻ പറയുന്ന ഇത്തരം വാക്‌ശല്യങ്ങളെ ഒക്കെ ഞാൻ സഹിച്ചുകൊള്ളാം. ആട്ടെ, ഇന്നു താൻ കൊണ്ടുവന്നിട്ടുള്ള വിശേഷസംഗതി എന്തൊക്കെയാണു്? താൻ അവിടെ പോയോ, കണ്ടുവോ?

കേശവ—ഉവ്വു്, കണ്ടു.

ബീറാം—എന്തു തോന്നുന്നു?

കേശവ—ബ്രഹ്മദേവൻെറ പ്രവൃത്തിയെ കുറിച്ചു് ആശ്ചൎയ്യവും ദേഷ്യവും തോന്നുന്നു.

ബീറാം—(ചിരിച്ചുംകൊണ്ടു്) ഉം. എന്താണതു്?

കേശവ—അദ്ദേഹത്തിൻെറ കരകൌശലത്തിൽ ആശ്ചൎയ്യം തോന്നുന്നു. ഇതുപോലെ അവളെ സ്വേച്ഛാനുസാരം ചെന്നു കാണുവാനും സംസാരിക്കുവാനും തരം കിട്ടാത്തതുകൊണ്ടു ദേഷ്യവും തോന്നുന്നു.

ബീറാം—അപ്പോൾ ഞാൻ ഭ്രമിച്ചതു് ഒട്ടും ആശ്ചൎയ്യമല്ല, അല്ലേ? ഞാൻ അവളെ കണ്ടിട്ടില്ല. നിങ്ങൾ പറഞ്ഞു കേട്ടേടംകൊണ്ടുതന്നെ എത്രയോ നന്നായിരിക്കുമെന്നൂഹിച്ചതാണു്.

കേശവ—ഇതുപോലെ ഒരു തരുണീരത്നത്തെ അടിയൻ—അല്ല ഞാൻ—ഇതുവരെ കണ്ടിട്ടില്ല. അവളെപ്പോലെ ഒരു ഉൎവ്വശിയുമില്ല, രംഭയുമില്ല. കമനീയമായ അവളുടെ ആ മുഖം കണ്ടാൽ കാമദേവനും കൈനീട്ടി

സലാം ചെയ്യും. സാധുപ്രകൃതി. ഇനിയൊരു വിശേഷം: അവളുടെ ഭർത്താവൊ തല നരച്ച ഒരു കിഴവൻ. ഇവിടുന്ന് അത്രത്തോളം കനിഞ്ഞ് അവളുടെ പേരിലും ഒരു കരുണ ചെയ്യേണ്ടതാണ്.

ബീറാം — ആ കിഴട്ടുശനി എപ്പോഴും അവിടെത്തന്നെ കാത്തുകൊണ്ടിരിക്കുന്നില്ലേ?

കേശവ — ഉണ്ട്. എങ്കിലും ഇനി ഒരെട്ടുപത്തു ദിവസത്തേക്ക് ആ സൊല്ലയുണ്ടാവില്ല.

ബീറാം — (അക്ഷമനായിട്ട്) എന്തുകൊണ്ടും?

കേശവ — പ്രഭോ! ഞാൻ കുറച്ചു ദിവസമായി ഇതിന്നുവേണ്ടി ചുറ്റിത്തിരിയുന്നു. ഇവിടുത്തെ സന്തോഷം മാത്രമാണ് എന്റെ ശ്രേയസ്സെന്ന് എനിക്കറിയാം. ഞാൻ പലപ്പോഴും പലേ വേഷത്തിലും അവിടെ ചുറ്റി സഞ്ചരിച്ച് അവിടുത്തെ വർത്തമാനങ്ങൾ അന്വേഷിക്കാറുണ്ട്. ഇന്നേ നമ്മുടെ ഇഷ്ടംപോലെ സാധിപ്പാനുള്ള തരം കിട്ടിയുള്ളൂ. ആ തരുണിയുടെ ഭർത്താവ് എന്തോ ആവശ്യത്തിന്നുവേണ്ടി വിജയനഗരത്തിലേക്ക പോകുന്നുണ്ട്. ഇന്നു രാത്രി പന്ത്രണ്ടുമണി കഴിഞ്ഞിട്ടാണത്രെ പുറപ്പാട്. ഇനി എട്ടുപത്തു ദിവസത്തേക്ക മടങ്ങി വരികയില്ല പോൽ.

ഇതിനെ തുടൎന്നു കരുണാകരൻനായർ ഭാരതിക്ക് ആദ്യം സ്വാതന്ത്ര്യം അനുവദിച്ചു കൊടുത്തതും പിന്നീടു പുറത്തിറങ്ങുവാൻ സമ്മതിക്കാതെ നിർബ്ബന്ധിച്ചിരുന്നതും മറ്റും കേശവപ്പണിക്കർ എജമാനനെ അറിയിച്ചു. ആ

വളുടെ കഷ്ടസ്ഥിതിയെ വളരെ അനുതാപത്തോടുകൂടിയാണു കേശവപ്പണിക്കർ പറഞ്ഞത്. ഭാരതിയുടെ വിവരങ്ങൾ കേട്ടപ്പോൾ ബീറാംഖാന്ന് അവളോടുള്ള അനുതാപംകൊണ്ടു ഹൃദയം ദ്രവിച്ചു തുടങ്ങി. ആ സമയത്തു കേശവപ്പണിക്കർ വളരെ വിനയത്തോടുകൂടി ഇങ്ങിനെ പറഞ്ഞു.

കേശവ — എന്നാൽ ഞാൻ ഇന്നു രാത്രിക്കുതന്നെ ഒക്കെ ശട്ടംകെട്ടട്ടെ?

ബീറാംഖാൻ ഒന്നും മറുപടി പറഞ്ഞില്ല. പക്ഷെ സന്തോഷംകൊണ്ട് അയാളുടെ കണ്ണുകൾ വികസിച്ചു. ഭാവജ്ഞനായ ശിഷ്യൻ ഈ മൌനാനുവാദത്തെ (മിക്കതും ഇങ്ങിനെയാണ പതിവ്) പ്രമാണിച്ച് യജമാനന്റെ അടുക്കൽനിന്നു വിടവാങ്ങി പുറത്തേക്കു പോന്നു. ബീറാംഖാൻ രണ്ടാമത്തും അയാളുടെ ഇരുപ്പിടത്തിൽ ചെന്നിരുന്ന് കുപ്പിയിലെ ബാക്കിയും ചെലുത്തിവിട്ടു. കുപ്പിയിലെ സാധനം ഹൃദയത്തിങ്കലോളം എത്തിയപ്പോൾ മനസ്സിലുള്ള സന്താപം പുറത്തേക്കും പോയി. അദ്ദേഹം ആ ചാരുകസേലയിൽ ശയിക്കുകയും ചെയ്തു.

—ഠഠഠ—

## പതിനഞ്ചാമദ്ധ്യായം.

ബീറാംഖാനും കേശവപ്പണിക്കരും സംഭാഷണം ചെയ്തിരുന്ന അതേ സമയത്തുതന്നെ ലക്ഷ്മീപുരം പട്ടണത്തിന്റെ വടക്കു കിഴക്കു ഭാഗത്തായി കിടക്കുന്ന ഒരു ചെ

റുവീഥിയിലെ പടിഞ്ഞാറുവശത്തുള്ള ഒരു വീട്ടിന്നുള്ളിൽ ചിലർ ഇരുന്നു താഴെ പറയുംപ്രകാരം ഒരു സംഭാഷണം നടത്തി.

ഒന്നാമൻ—നമ്മൾ ഇവിടെ വന്നിട്ട് ഏകദേശം ഒരു പത്തുപതിനഞ്ചു ദിവസമായല്ലോ. ഇതുവരേയും നമ്മൾ എന്താണ് ഒന്നു പ്രവൎത്തിച്ചത്?

രണ്ടാമൻ—മതി, മതി. കയ്യിൽ കിട്ടിയതു കളഞ്ഞിട്ടല്ലെ പറക്കുന്നതിനെ പിടിപ്പാൻ പോകുന്നത്? എന്തിനു കൊള്ളാം?

ഒന്നാമൻ—എനിക്ക് ഇയ്യാളെപ്പോലെ (മൂന്നാമനെ ചൂണ്ടിക്കാണിച്ചുകൊണ്ട്) അപകടം പററീട്ടില്ല. ഞാൻ പ്രവൎത്തിച്ചതൊക്കെ ശരിക്കായിരുന്നു. എന്തുചെയ്യാം, നമ്മുടെ ഭാഗ്യദോഷംകൊണ്ട് അവൻ അതിൽനിന്നും രക്ഷപ്പെട്ടു.

മൂന്നാമൻ—ഇതിന്റെ മറി എനിക്കിനിയും മനസ്സിലാവുന്നില്ലല്ലോ. അന്നെന്താണ് ഇങ്ങിനെ ആൾമാറാട്ടം വന്നുപോയത്? ഇതിന്നൊരു കാരണവും കാണുന്നില്ല.

രണ്ടാമൻ—ഒരു സമയം നമ്മുടെ നോട്ടം പിഴച്ചുപോയതായിരിക്കാം. ആളെ മാറി ധരിച്ചുവന്നും വന്നുകൂടെ?

ഒന്നാമൻ—എയി! അതൊരിക്കലുമല്ല. ഞാൻ നല്ലവണ്ണം കണ്ടിരുന്നു.

രണ്ടാമൻ—എന്നാൽ പിന്നെ എന്താണു് ഇങ്ങിനെ പ
റാനുള്ള കാരണം?

ഒന്നാമൻ—അതെന്താ എനിക്കറിഞ്ഞുകൂടാ. അതുപോ
ട്ടെ. പോയബുദ്ധി ആനപിടിച്ചാൽ കിട്ടില്ലല്ലോ?
ഇവിടെ വന്നേടംകൊണ്ടു ഞാൻ ചില ഒററുകൾ വെ
ച്ചിട്ടുണ്ടു്. രണ്ടുദിവസത്തിനകത്തു് എല്ലാം ശരിപ്പെടു
മെന്നാണു തോന്നുന്നതു്.

ഇവരിങ്ങിനെ സംസാരിച്ചുംകൊണ്ടിരിക്കുമ്പോൾ പെട്ടന്നു കതകു തുറന്നു് ഒരാൾ അകത്തേക്കു പ്രവേശിച്ചു. രണ്ടാമനും മൂന്നാമനും ഇയ്യാൾ അപരിചിതനാകകൊണ്ടു് അവർ സംഭാഷണം നിറുത്തി. ഒന്നാമൻ ആഗതനെ നോക്കി ഒരു മന്ദസ്മിതം ചെയ്തു. ആഗതൻ ഒന്നാമനെ കണ്ണുകാട്ടി വിളിച്ചു പുറത്തേക്കു കൂട്ടിക്കൊണ്ടുപോയി. ചെവിയിൽ എന്തോ മന്ത്രിച്ചു് അയാൾ പോയി. ഒന്നാമൻ ചിരിച്ചുംകൊണ്ടു് അകത്തു പ്രവേശിച്ചു ബാക്കിയുള്ളവരോടു് "കൂട്ടരെ! ഇന്നു നല്ലോണം മനസ്സുനിറുത്തി ഒരു നായാട്ടുവേണം. ആ പന്നിത്തടിയനെ രണ്ടുതവണ കുത്തിയിട്ടും ഫലിച്ചില്ലല്ലോ. ഇന്നൊരു കയ്യുകൂടി നോക്കണം" എന്നു പറഞ്ഞു് അവരുടെ ചെവിയിൽ ചിലതു മന്ത്രിച്ചു.

ബാക്കി രണ്ടുപേരും സന്തോഷത്തോടെ "ഭേഷ്; ഇതുവരെ ഇവിടെ കിടന്നു ബുദ്ധിമുട്ടിയാലും ഇന്നെങ്കിലും ഒരു ലാക്കു കിട്ടിയല്ലോ" എന്നു പറഞ്ഞു.

"സമയം?"

"രാത്രി പന്ത്രണ്ടുമണി കഴിഞ്ഞിട്ട്"

"ഓ; ക്ഷപ്തസമയം തെററാതെ നോക്കി ഇരിക്ക ണം" എന്നു പറഞ്ഞ് അവർ മൂന്നുപേരും പുറത്തേക്ക പോയി.

നേരം രാത്രി എട്ടുമണിയായപ്പോൾ ബീറാംഖാന്നു ബോധം വന്നു. അദ്ദേഹം എണീററു ഭക്ഷണാദികളെല്ലാം കഴിച്ചു. അന്ന് അദ്ദേഹത്തിന്നു പതിവിലും അധികമായി ക്ഷീണം തോന്നി. അന്നത്തെ സവാരി നിറുത്തൽചെയ്തു സ്വന്തം മുറിയിൽപോയികിടന്നുറങ്ങിക്കളയാമെന്നു വിചാരിച്ചു. കേശവപ്പണിക്കർ ഏററിട്ടുള്ള കാൎയ്യം നിവ്വഹിച്ച് ഉടനെ വരാതിരിക്കയില്ലെന്ന് അദ്ദേഹത്തിന്ന് നിശ്ചയമുണ്ടായിരുന്നു. "കാൎയ്യം അത്രത്തോളം സാധിക്കുന്നേടത്തിൽ വേണ്ടെന്നു വെക്കുന്നതും കുറെ മോശംതന്നെയല്ലേ. അല്പം ആലോചനക്കുറവു പററി. ഇന്നു വേണ്ട. അടുത്തൊരു ദിവസമാവാം' എന്ന് അപ്പോൾത്തന്നെ കേശവപ്പണിക്കരോടു പറയാമായിരുന്നു. ഒരു സമയം ഇന്നു തരമായില്ലെന്നു വന്നാലോ? അധികം നന്നായി. എന്തി! അതു പററില്ല. ഇന്നു തരമായില്ലെങ്കിൽ പിന്നീട് എന്നാണു തരം വരിക? ഒരു സമയം ഒരിക്കലും തരമായില്ലെന്നു വന്നെങ്കിലോ. അതുകൊണ്ടു തരമായാൽ ഇന്നുതന്നെ വേണം" ഈ വക പലേ ആലോചനകളും മനസ്സിൽ കടന്നുകൂടിയപ്പോൾ അദ്ദേഹത്തിന്നു തന്നെത്താൻ ഒന്നും തീച്ചപ്പെടുത്താൻ സാധിക്കാതെയായി. "എന്തായാലും പണിക്കർ വന്നിട്ടു തീച്ച

യാക്കാം" എന്നു നിശ്ചയിച്ചു ബീറാംഖാൻ ചാരുകസാല യിൽ ചെന്നുകിടന്നു. അപ്പോഴയ്ക്കും മണി പന്ത്രണ്ടടിക്കാ റായി. ദിഗന്തങ്ങൾ നിശ്ശബ്ദങ്ങളായി ഭവിച്ചു. ആ സ മയത്ത് സുഖാന്വേഷികളുടെ സംഘം പുറപ്പെട്ട് അങ്ങു മിങ്ങും സഞ്ചരിച്ചുതുടങ്ങി. അസ്തോന്മുഖനായ ചന്ദ്ര ന്റെ കിരണങ്ങൾ ജനാലപ്പഴുതില്കൂടെ അകത്തു കടന്ന് ആസന്നമരണനായ രുഗ്ണന്റെ ചേഷ്ടകളെ വൈദ്യ ന്റെ സൂക്ഷ്മവീക്ഷണങ്ങളെന്നപോലെ ബീറാംഖാന്റെ മുഖത്തെ പരിശോധിച്ചുംകൊണ്ടു നിലവായി. അപ്പോ ഴക്കും അകത്തിന്റെ വാതിൽ തുറന്നു കേശവപ്പണിക്കർ ഹാജരുകൊടുത്തു. ബീറാംഖാൻ കിടന്ന കിടപ്പിൽ നിന്നെണീക്കാതേയും ഉദാസീനതയോടുംകൂടി ഇപ്രകാരം ചോദിച്ചു.

ബീറാംഖാൻ — പണിക്കരേ, താൻ പോയ കാൎയ്യമെ ന്തായി?

കേശവപ്പണിക്കർ — എല്ലാം ഗധി.

ബീറാം — ശരി. അപ്പോൾ എല്ലാം നമ്മുടെ ഇഷ്ടം പോലെ സാധിക്കുമെന്നല്ലേ വിചാരിക്കേണ്ടതു്? എ ന്നാൽ ഇത്ര താമസമായതിന്റെ കാരണമെന്തായി രിക്കും? കുറെ ബുദ്ധിമുട്ടേണ്ടിവന്നുവോ?

പണിക്കർ — ആ കഥയൊന്നും പറയേണ്ട. ഞാനിവിടുന്നു പോയ ഉടനെ അവിടേക്കു ചെന്നു. അവിടെനിന്നും വല്ല ഒറ്റും കിട്ടുമോ എന്നു പരീക്ഷിച്ചുനോക്കി. അതു തരമാവില്ലെന്നു കണ്ടു. നമുക്കു വാതിൽ തുറന്നു കിട്ടേ

ണമല്ലോ. അതിലേക്കുവേണ്ടി ഞാൻ ഒരു സ്ത്രീവേഷം ധരിച്ച് ഒരു വഴിപോക്കത്തിയെന്ന നിലയിൽ അവിടേക്കു കടന്നുചെന്നു. എൻെറ ഒരു സ്നേഹിതൻ എൻെറ ഭർത്താവെന്ന നാട്യത്തിൽ കൂടെ പോന്നിരുന്നു. അവിടേയുള്ളവർ ലേശം ചെയ്തില്ലെങ്കിലും അലോഗ്യം പറഞ്ഞില്ല. അവിടെ അത്താഴവും പാറിച്ചു. അവർ ഒഴിച്ചു തന്ന ഒരു മുറിയിൽ കിടക്കുകയും ചെയ്തു. ഇതിനിടക്ക് അവിടുത്തെ ഉള്ളുകള്ളികളെല്ലാം ധരിച്ചുവെച്ചു. രാത്രി പതിനൊന്നുമണിയോടുകൂടി കരുണാകരൻനായർ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ കൂട്ടിത്തുടങ്ങി. ആ സമയത്തു ഞാൻ ഉദ്യാനത്തിലേക്കുള്ള വാതിൽ തുറന്നു പതുക്കെ ചാരി വേണ്ട ഏർപ്പാടുകൾ ചെയ്തുവെച്ചു ഞങ്ങൾ ഇങ്ങോട്ടു പോന്നു.

ബീറാം—ഓ! ഒരുമാതിരി ബുദ്ധിമുട്ടിയല്ലോ?

പണിക്കർ—ഇതല്ല, എജമാനനുവേണ്ടി ഇതിലധികവും ബുദ്ധിമുട്ടാൻ ഞാൻ തയ്യാറാണ്.

ബീറാം—അതല്ല ഞാൻ സംശയിച്ചതു്. എനിക്ക് ഇന്നു തീരെ സുഖമില്ല. അതുകൊണ്ട് ഈ ഏർപ്പാടു നാളെക്കോ മറ്റോ ആക്കിവെച്ചാലോ?

പണിക്കർ—കാര്യം ഇത്ര അടുത്തിരിക്കുമ്പോൾ ഉദാസീനത കാണിക്കുന്നതു് അത്ര ശരിയല്ല.

ബീറാം—അതൊക്കെ ഞാനും ആലോചിച്ചു. പക്ഷേ, എനിക്ക് ഇന്നൊന്നിനും പോകേണ്ടാ, എന്നു് ഇടക്കിടെ തോന്നുന്നു.

പണിക്കർ—അവളെ ഒരു കണ്ണു കാണുമ്പോൾ മനസ്സിൻെറ ഈ അസഹ്യതകളൊക്കെ പറപറക്കും. വേണ്ട

മെങ്കിൽ രണ്ടു കപ്പികളുംകൂടി കയ്യിലെടുത്തുകളയാം.

ബീറാം — അതു വേണം: എന്നാലങ്ങിനെയാവട്ടെ. കരുണാകരൻനായർ പോയാൽ നമുക്ക് അറിവാനുള്ള ഉപായം എന്താണെന്നു പറയൂ.

പണിക്കർ — ഇതാ, ഈ ജനൽവഴിക്കു നോക്കു. കിഴക്കു ഭാഗത്തു കാണുന്ന ആ മരക്കൂട്ടത്തിൽനിന്ന് അടയാളം കാണാം.

പിന്നെ അവർ തമ്മിൽ ഓരോ സംഭാഷണങ്ങൾ ചെയ്തുംകൊണ്ടിരുന്നു. ഒരിക്കൽ പണിക്കർ ജനലിൽക്കൂടി നോക്കിയപ്പോൾ താൻ പറഞ്ഞുറപ്പിച്ചതുപോലെയുള്ള അടയാളം കണ്ടു. വേഗം ബീറാംഖാന്ന് അതു കാണിച്ചുകൊടുത്തു. ഒരു ചുകന്ന വിളക്കു മിന്നുന്നതു ബീറാംഖാൻ കണ്ടു. അതിനുത്തരമായി പണിക്കരും ഒരു വിളക്കു കാണിച്ചുകൊടുത്തു. അപ്പോൾ മറ്റെ വിളക്ക് അപ്രത്യക്ഷമായി.

ഉടനെ അവർ രണ്ടുപേരും പുറപ്പെട്ടു. ബീറാംഖാൻ അദ്ദേഹത്തിന്റെ കുതിരപ്പുറത്തും കേശവപ്പണിക്കർ കാൽനടക്കുമാണു യാത്രചെയ്തതു്. അവർക്കനുചരന്മാരായിട്ട് എട്ടുപത്താളും ഉണ്ടായിരുന്നു. അവർ വിശ്വസ്തന്മാർ എന്നുമാത്രമല്ല ഈ വക പ്രവൃത്തികളിൽ തഞ്ചവും തരവും നോക്കി പ്രവർത്തിക്കുന്നതിൽ അതിചതുരന്മാരുമായിരുന്നു. അവർ 'ഭാരതീവിലാസ'ത്തിലെത്തിയപ്പോൾ അനുചരന്മാരിൽനിന്നു രണ്ടുപേരെ നിരത്തുവക്കത്തു നിൽപ്പാനും രണ്ടുപേർ കേശവപ്പണിക്കരോടുകൂടിപ്പോകുവാനും രണ്ടുപേർ എജമാനന്റെ അംഗരക്ഷ

ക്കു നിൽപ്പാനും രണ്ടുപേർ പടിപ്പുരക്കൽ നില്പാനും ര
ണ്ടു പേർ സമയസൌകൎയ്യങ്ങളറിഞ്ഞു് എജമാനന്
അറിവുകൊടുക്കേണ്ടതിനും ഏൎപ്പാടുചെയ്തു കേശവപ്പണി
ക്കർ അനുചരന്മാരോടുകൂടി ഉദ്യാനത്തിലേക്കു പ്രവേശിച്ചു.

പണിക്കർ ഉദ്യാനത്തിൽ പ്രവേശിച്ചതിന്റെ ശേ
ഷം അല്പം ചെവി ഓൎത്തു നിന്നു. എല്ലാം നിശ്ശബ്ദമാ
യിരിക്കുന്നു. അയാൾ ഉദ്യാനത്തിൽനിന്നു് പടിഞ്ഞാറെ
തളത്തിലേക്കു പ്രവേശിപ്പാനുള്ള വാതുക്കൽ ചെന്നുനോ
ക്കി. ആ വാതിൽ താൻ മുമ്പു ചാരിപ്പോന്നതുപോലെത്ത
ന്നെ ഇരുന്നിരുന്നു. ഉടനെ എജമാനനെ കൂട്ടിക്കൊണ്ടു
വരേണ്ടതിന്നു ദൂതന്മാരെ അയച്ചു. 'ഭാരതീവിലാസ'ത്തി
ലെ കാവൽക്കാൎക്കും മറ്റും നല്ല ഉറക്കമായിട്ടുള്ള സമയ
മായതുകൊണ്ടു് അവർ യാതൊന്നും അറിഞ്ഞിരുന്നില്ല.
ബീറാംഖാൻ അടുത്തു വന്നപ്പോൾ ദൂതന്മാരെ അവിടെ
ജാഗ്രതയോടെ ഇരിക്കുവാൻ ശട്ടംകെട്ടി. കേശവപ്പണി
ക്കർ 'തോഴർ ഇതിലെ ഇതിലെ' എന്നു വഴികാട്ടിക്കൊണ്ടു
കോണിപ്പടി കയറിത്തുടങ്ങി. പണിക്കർ മുമ്പുതന്നെ
അവിടത്തെ ഉള്ളുകൾ സകലതും ധരിച്ചിരുന്നതിനാൽ
ഒന്നിനും പ്രയാസമുണ്ടായില്ല. ഇവർ മാളികമുകളിൽ
എത്തിയപ്പോൾ അറയുടെ വാതിലും അടച്ചിട്ടുണ്ടായിരു
ന്നില്ല. അകത്തു കത്തിക്കൊണ്ടിരിക്കുന്ന ദീപം വാതിൽ
പ്പഴുതിൽക്കൂടി പുറത്തേക്കു പ്രകാശിച്ചിരുന്നു. നിശ്ശങ്കമാ
യി അവർ അകത്തേക്കും കടന്നു.

മുന്നദ്ധ്യായത്തിന്റെ അവസാനത്തിൽ വിവരി
ച്ചപ്രകാരം ഭാരതിയും "സുകുമാരി"യായ പുതിയ സ

ഖിയും കരുണാകരൻനായരുടെ വരവിനെ പ്രതീക്ഷിച്ചു കൊണ്ടു ഭയഗ്രസ്തമാരായിരിക്കുമ്പോഴാണു പെട്ടെന്നു് അറയുടെ വാതിൽ തുറന്നു് അകത്തേക്കു് ഇവർ പ്രവേശിച്ചതു്. അപരിചിതന്മാരായ ആഗതന്മാരെക്കണ്ടിട്ടു ഭാരതിയും മറെറ യുവതിയും ആശ്ചര്യത്തോടെ എണീററു നിന്നു.

വിചിത്രമായി അലങ്കരിക്കപ്പെട്ടിരുന്ന ആ മണിയറയിൽ അക്ഷീണയൌവനകളായ രണ്ടു "ആകാശാരാമശവ്രീശവദന"മാരെ കണ്ടപ്പോൾ ബീറാംഖാൻെറ മനസ്സിലുണ്ടായ വികാരങ്ങൾ എന്തെല്ലാമായിരുന്നുവെന്നു പറയുന്നതു സുസാദ്ധ്യമായ ഒരു പ്രവൃത്തിയല്ല. പ്രസിദ്ധചിത്രകാരന്മാരുടെ മനോധൈര്യത്തെക്കൂടി അതിശയിക്കുന്ന സൌന്ദര്യശാലിനികളായ ഇവരത്രേ സ്ത്രീസൃഷ്ടിയുടെ മാതൃകകൾ എന്നു് അയാൾ തീരുമാനിച്ചു. മുമ്പിൽ നില്ക്കുന്നവൾ ഭയാശ്ചര്യസംഭ്രാന്തയാണെങ്കിലും വിടൎന്ന ചെന്താമരപ്പൂപോലെയുള്ള മുഖംകൊണ്ടും കറുത്തു ചുരുണ്ടു് ഇടതിങ്ങി ദൈൎഘ്യത്തോടുകൂടിയ തലമുടികൊണ്ടും അല്പം കൃശമായ ദേഹംകൊണ്ടും സൌന്ദര്യപ്രതിമപോലെ കാണപ്പെട്ടു. അവളുടെ മുഖശോഭ ഉടുത്തിരിക്കുന്ന റോസ്സു നിറമുള്ള വസ്ത്രത്തിൻെറ മോടികൊണ്ടു ദ്വിഗുണീഭവിച്ചിരുന്നു. അവളുടെ പിൻഭാഗത്തായി വേറൊരു സുന്ദരി— ആനീലമനോഹരമായ ഒരു പട്ടാട ധരിച്ചിരിക്കുന്ന ഒരു സുന്ദരി—നില്ക്കുന്നു. സുന്ദരി എന്നു പറഞ്ഞാൽ പോരാ. സൌന്ദര്യം അതിൻെറ പരമകാഷ്ഠയിൽ എത്തിയിരിക്കുന്നതിനാൽ അത്യന്തം മനോമോഹനമായിരിക്കുന്നു. വിശാലങ്ങളായ കണ്ണുകളും അവയുടെ ശോഭയും വാചാമ

ഗോചരംതന്നെ. ഒരുത്തി ലജ്ജാവതിയും വിനീതയും, മറേറവൾ ധീരമനോഹരയും ആകുന്നു; ഈ രണ്ടുസൌന്ദൎയ്യവിഗ്രഹങ്ങളും ഏകകാലത്തിൽ കാണുവാൻ സാധിച്ചതിനാൽ താൻ എത്രയും ഭാഗ്യവാനെന്നു ബീറാംഖാൻ ആത്മനാ അഭിമാനിച്ചു. ഈ ദിവ്യവിഗ്രഹങ്ങളിൽനിന്ന് ഒഴുകിവരുന്ന സൌന്ദൎയ്യാമൃതത്തെ നയനദ്വാരാ പാനംചെയ്തു ബീറാംഖാൻ മതിമറന്നു നിന്നുപോയി.

അപരിചിതന്മാരായിരിക്കുന്ന അവരെക്കണ്ടു ഭയാകുലയായി കുറച്ചുനേരം സ്തബ്ധയായി നിന്നതിന്റെശേഷം താഴ്ന്ന സ്വരത്തോടുകൂടി "നിങ്ങളാരാണ്? എന്താണ് ഈ പ്രവൎത്തിച്ചതു്?" എന്നു ഭാരതി ചോദിച്ചു.

ഈ ചോദ്യം കേട്ടപ്പോൾ 'ഓ! നാടകാരംഭമായി' എന്നു വിചാരിച്ചു കേശവപ്പണിക്കർ പുറത്തേക്കു കടന്നു വാതിൽ പകുതി ചാരി.

ഭാരതിയുടെ ഈ വാക്കു കേട്ട ബീറാംഖാൻ സമാധി ഉണൎന്നവനെപ്പോലെ കൺമിഴിച്ചു്, "ഈ കേൾക്കുന്നതു കുയിൽനാദമോ? വീണാതന്ത്രികളിൽനിന്നു പുറപ്പെടുന്ന കളധ്വനിയോ? ഹാ! സൌന്ദൎയ്യത്തിനൊത്ത സ്വരവും അതിവിശേഷംതന്നെ. സുവൎണ്ണത്തിന്നു സുഗന്ധവും കൂടിയുള്ളതുപോലെ; ബഹുഭേഷ്" ഇങ്ങിനെ ഓരോന്നു വിചാരിച്ചുംകൊണ്ടു നില്ക്കുന്ന ബീറാംഖാനോടു ഭാരതി വീണ്ടും ചോദിച്ചു.

ഭാരതി—അല്ലയോ മഹാനുഭാവ! ഞാൻ ചോദിച്ചതു കേട്ടില്ലെന്നുണ്ടോ? അസമയത്തു സ്ത്രീകളുടെ മുറിയിൽ അന്യപുരുഷന്മാർ പ്രവേശിക്കുന്നതു് ഉചിതമാണോ? അതിലും വെച്ചു് എന്റെ ഭൎത്താവു് ഇവിടെ ഇല്ലാം

ത്ത സമയവും — ഈ അനുചിതകമ്മപ്രവൎത്തകന്മാരാ യ നിങ്ങൾ ആരാണെന്നു വീണ്ടും ചോദിച്ചുകൊള്ളുന്നു.

ഭാരതിയുടെ ഈ വാക്കു കേട്ടു കേശവപ്പണിക്കൎക്ക് ഒരു ചിരി പുറപ്പെട്ടു. ആ ചിരി എജമാനൻ കേൾക്കാതെ കഴിപ്പാൻ അയാൾ വളരെ പണിപ്പെട്ടു. "കഷ്ടം! ഇങ്ങിനേയും ഒരുത്തിയുണ്ടോ? ഈ സമയത്തല്ലാതെ പിന്നെ എത്തു സമയത്താണു വരേണ്ടത്? സാധു, ഇവൾ ഈ വകകളിൽ ഒട്ടും പരിചയപ്പെട്ടവളല്ല, തീൎച്ചതന്നെ." പണിക്കർ ഇങ്ങിനെ വിചാരിച്ചിരിക്കുമ്പോൾ ബീറാംഖാൻ പണിക്കരുടെ മുഖത്തേക്ക് ഒന്നു നോക്കി. ആ നോട്ടത്തിന്റെ അൎത്ഥം കാൎയ്യവിചാരം ഭാരതിയെ മനസ്സിലാക്കേണ്ട ചുമതല അയാൾ കഴിക്കേണമെന്നായിരുന്നു. ഉടനെ കേശവപ്പണിക്കർ അകത്തേക്കു പ്രവേശിച്ച് ഹാസ്യവിന്ദാചാരമായ ഒരു നോട്ടത്തോടുകൂടി ഭാരതിയെ നോക്കി ഇങ്ങിനെ പറഞ്ഞു:—

"ഹേ! മോഹനാംഗി! ഭയപ്പെടേണ്ട. ഇദ്ദേഹം ഈ രാജ്യക്ഷേമാദികളെ നിൎവ്വഹിക്കുന്ന പ്രധാനമന്ത്രി ഉസ്മാൻഖാൻ' അവർകളുടെ ഏകപുത്രനായ ബീറാംഖാൻ അവർകളാകുന്നു. ഞാൻ അദ്ദേഹത്തിന്റെ സ്നേഹിതനും നൎമ്മസചിവനുമായ കേശവപ്പണിക്കരാണ്."

ഭാരതി—അങ്ങിനെയായിരിക്കാം. ഈ അസമയത്തു നിങ്ങൾ ഇവിടെ വന്നതെന്തിനാണെന്നാണ് ഞാൻ ചോദിച്ചത്.

ഭാരതി പറഞ്ഞതു കേട്ടു ബീറാംഖാൻ ഒന്നു പൊട്ടിച്ചിരിച്ചു. അയാൾ, മേൽമീശ തലോടിക്കൊണ്ട് അ

ഴകുമാരവേഷം ഒന്നിനെപ്പോലെ ഒരു പതിഞ്ഞാട്ടം കഴിച്ചു് അവ ളുടെ അടുക്കലേക്കു നീങ്ങിനിന്നു്, പുഞ്ചിരികൊഞ്ചലോ ടും ചില്ലിവില്ലാട്ടത്തോടും കൂടി "ഹേ, സുന്ദരി, ഞാൻ ഇവിടെ വന്നു പോകുന്നതുകൊണ്ടു നിനക്കു മാന്യത കൂ ടുകയേ ഉള്ളൂ. അതു വിശ്വസിച്ചുകൊള്ളൂ." എന്നു പ റഞ്ഞു.

എത്ര അറിവില്ലാത്ത സ്ത്രീകൾക്കും ഇത്രയും വാക്കു കളെ കേട്ടാൽ വക്താവിന്റെ ആശയം മനസ്സിലാവാ തെ ഇരിക്കയില്ല. സ്ത്രീകൾക്കു് ഈ കാര്യത്തിൽ സ്വതേ തന്നെ സാമൎത്ഥ്യം വേണ്ടതിലധികമുണ്ടു്. മേൽപ്പറഞ്ഞ വകളിൽ ഏതെങ്കിലും ഒരു ഭാഗം അല്പം ശ്രവിക്കുന്ന സ മയത്തു് മുഴുവനും അതിന്നപ്പുറവും മനസ്സിലാക്കേണ്ട പടുത സ്ത്രീകളിൽ മിക്കപേൎക്കും ഉള്ളതാണല്ലോ. മന്ത്രിപുത്ര ന്റെ ആശയം ഭാരതിക്കു മനസ്സിലായിട്ടോ മനസ്സിലാ വാതേയോ, അവൾ "എന്തു മാന്യത" എന്നു ചോദിച്ചു.

പണിക്കർ—ഇദ്ദേഹം മന്ത്രിപുത്രനല്ലേ? ഇവിടെ വരണ മെന്നു നിങ്ങൾ അപേക്ഷിച്ചാലും കൂടി വരുന്ന ഒരാ ളാണോ? ആ അദ്ദേഹം ഇവിടെ വന്നു പോകുന്നതു കൊണ്ടു് ഇതിൽ പരം മാന്യത എന്താണു നിങ്ങൾ ക്കു സിദ്ധിക്കുവാനുള്ളതു്?

ഭാരതി—ഇതുകൊണ്ടു് എനിക്കൊരു മാന്യതയുമില്ല. നി ങ്ങളുടെ ആഗമനോദ്ദേശം എന്താണെന്നും മനസ്സി ലാകുന്നില്ല.

പിന്നിൽ നിന്നിരുന്ന സുകുമാരനു്, അല്ല സുകുമാ രിക്കു, ചിരി സഹിക്കവയ്യാതായി. ടവൽകൊണ്ടു മുഖം

പൊത്തിപ്പിടിച്ചുകൊണ്ടു ഭാരതിയുടെ സാധുത്വത്തെ,
അല്ലെങ്കിൽ പാടവത്തെ വിചാരിച്ചു കീഴ്പോട്ടു നോക്കി
നിന്നു.

പണിക്കർ—(മൂക്കത്തു വിരൽ വെച്ചു ഭാരതിയെ നോക്കി) "ഞ
ങ്ങിനെ ഒരു പച്ചപ്പശുവുണ്ടോ? ഇനിയും നിങ്ങൾക്കു
കാൎയ്യം മനസ്സിലായില്ലല്ലോ? ഇതാ തുറന്നു പറ
ഞ്ഞു കളയാം. ഇദ്ദേഹം ഇപ്പോൾ വന്നതു നിങ്ങളുടെ
സംഗമത്തെ ഇച്ഛിച്ചിട്ടാണ്. ഇദ്ദേഹത്തിന്റെ പ്രീ
തി സമ്പാദിക്കുന്നതിനുവേണ്ടി ഈ നാട്ടിലുള്ള എല്ലാ
സ്ത്രീകളും തപസ്സുചെയ്തു വരുന്നു എന്നുതന്നെ പറ
യാം. ഇദ്ദേഹത്തിന്റെ പ്രീതിക്കു പാത്രീഭവിക്കാത്ത ത
രുണികൾ സ്ത്രീസാമാന്യത്തിൽ പെട്ടവരല്ലെന്നാണു
വിചാരിക്കേണ്ടതു്. ആ സ്ഥിതിക്കു് അദ്ദേഹം ഇങ്ങോട്ടു
കാമിച്ചു വന്നതോൎക്കുമ്പോൾ നിങ്ങളുടെ അതിഭാഗ്യ
മെന്നല്ലേ പറയേണ്ടതു്?

ഭാരതിയുടെ മുഖത്തു രക്തപ്രസാദം തീരെ ഇല്ലാ
തെയായി. ദേഹമാസകലം ഒന്നു വിറച്ചു. നില്ക്കുന്നത
നു ശക്തിയില്ലാതെ അവൾ പിന്നോട്ടു മറിഞ്ഞു വീഴ
വാൻ ഭാവിച്ചു. അപ്പോൾ പിന്നിൽ നില്ക്കുന്ന സുകുമാര
ന്റെ കൈകൾ അവൾക്കു് അവലംബമായി ഭവിച്ചതി
നാൽ അവളുടെ ഭയത്തിന്നു് അല്പം ഭേദം വന്നു. സുകു
മാരൻ പിന്നിൽനിന്നിരുന്നതുതന്നെ അവൾക്കോൎമ്മയു
ണ്ടായിരുന്നില്ല. ഉടനെ അവൾ പിന്തിരിഞ്ഞു സുകുമാ
രനെ ഒന്നു നോക്കി. ആ നോട്ടത്തിൽ "ഇപ്പോൾ നേ
രിട്ടിരിക്കുന്ന കഷ്ടാവസ്ഥയിൽനിന്നു തന്നെക്കെങ്ങിനെമോ

ചനം ലഭിക്കുമെന്നും ഭൎത്താവു പറഞ്ഞതുപോലെത്തന്നെ അനുഭവവും വന്നുവല്ലോ" എന്നും ഉള്ള വ്യസനമാണു സൂചിപ്പിച്ചിരുന്നതു്. "ഭവതി ഒന്നിനും ഭയപ്പെടേണ്ട; എന്റെ ജീവൻ ഈ ദേഹത്തിലുള്ള കാലംവരെ ഭവതിക്കു യാതൊരു ദോഷവും സംഭവിക്കയില്ല" എന്നു് ആശയഗൎഭമായി സുകുമാരൻ ഭാരതിയെ നോക്കി. അതിനാൽ ഭാരതിയുടെ മനസ്സു തണുത്തു. ക്ഷയിച്ചുപോയ ദേഹബലം വൎദ്ധിച്ചു. തിരസ്കാരസൂചകമായ നോട്ടത്തോടുകൂടി ബീറാംഖാനെ നോക്കി—

ഭാരതി— പ്രഭോ, ഇപ്പോൾ നിങ്ങളുടെ ഉദ്ദേശമെല്ലാം എനിക്കു മനസ്സിലായി. അതിനുള്ള സ്ഥലം ഇതല്ല. നിങ്ങളുടെ പ്രീതിയും മറ്റും എനിക്കാവശ്യമില്ല. നിങ്ങളുടെ പ്രീതിക്കു പാത്രിഭവിക്കാത്തതുകൊണ്ടു് എന്നെ സ്ത്രീവൎഗ്ഗത്തിൽനിന്നു ബഹിഷ്കരിക്കുന്നപക്ഷം അതു് എനിക്കു് ഇഷ്ടംതന്നെയാകുന്നു. നിങ്ങൾ ഇനി ഒരു നിമിഷംപോലും ഇവിടെ താമസിക്കാതെ പോകുന്നതാണു് ഉചിതമായിട്ടുള്ളതു്.

ബീറാംഖാൻ ആദ്യമായി പ്രവേശിക്കുന്ന സ്ഥലങ്ങളിൽ മിക്കതും ഈവക സംഭാവനകളാണു മുമ്പിലുണ്ടാകാറുള്ളതു്. ആയതുകൊണ്ടു ഭാരതിയുടെ ഈ വാക്കിനെ അദ്ദേഹം അത്ര വകവെച്ചില്ല. ബീറാംഖാൻ ചിരിച്ചുകൊണ്ടു ഭാരതിയെ നോക്കി, "തുടക്കത്തിലൊക്കെ ഇങ്ങിനെ പറയുന്നതു് എനിക്കു ബഹുരസമാണു്" എന്നു പറഞ്ഞു.

ഭാരതി—നിങ്ങളുടെ രസത്തേയും നീരസത്തേയും ഞാൻ ഗണിക്കുന്നില്ല. എന്റെ അഭിപ്രായത്തെ മാത്രം

പറഞ്ഞതാണ്. നിങ്ങൾ പ്രധാനപ്പെട്ട ഒരുദ്യോഗസ്ഥന്റെ പുത്രൻ. വല്ലവരും ഈ വക ദുരാചാരങ്ങളെ നടത്തുന്നുണ്ടെങ്കിൽ ആ വകകളെ നിറുത്തൽ ചെയ്യേണ്ട ഭാരവാഹിയായിരിക്കെ നിങ്ങൾതന്നെ ഈ വക പ്രവൃത്തിക്കു തുനിയുന്നതായാൽ ഇതിൽപരം കഠിനത ഈ നാട്ടിൽ നടക്കേണ്ടതുണ്ടോ? നിങ്ങൾ ഇവിടെ വൃഥാ ജല്പിച്ചു നിന്നിട്ടുള്ള ആവശ്യമില്ല. എന്റെ ഭർത്താവു് ഇപ്പോൾ വരും. വന്നാൽ—

ബീറാംഖാൻ—എന്തി, അതില്ല. അയാൾ ഇനി എട്ടുപത്തുദിവസത്തേക്കു വരില്ലെന്നാണു പണിക്കർ പറഞ്ഞതു്. (കേശവപ്പണിക്കരെ നോക്കി) അങ്ങിനെയല്ലേ?

പണിക്കർ—അതെ.

ഭാരതി കോപത്തോടുകൂടി ഒന്നു പിന്നാക്കം മാറിനിന്നു. അപ്പോൾ സുകുമാരന്റെ മുഖം ബീറാംഖാന്നു നല്ലവണ്ണം കാണാറായി. ഇതുവരേയും സുകുമാരൻ ഭാരതിയുടെ പിന്നിൽ പാറിനിന്നിരുന്നതുകൊണ്ടു അയാളുടെ മുഖം അല്പം മറവിലായിരുന്നു. സുകുമാരന്റെ കളങ്കമററ വക്ത്രേന്ദു സന്ദർശിച്ച സമയത്തു ബീറാംഖാൻ കുല വെട്ടിയ കുററിവാഴപോലെ സ്തബ്ധനായി നിന്നുപോയി. അയാൾ ആശ്ചര്യത്തോടെ പിന്നേയും ഒന്നു കുനിഞ്ഞു നോക്കി. "ഹാ! നല്ല സുന്ദരി" എന്നു താനറിയാതെ പറഞ്ഞു. ഇത്രയും സുന്ദരിയായ ഇവളെക്കുറിച്ചു് ഇതുവരേയും തന്നെ അറിയിക്കാതിരിക്കുവാനുള്ള കാരണമെന്തു്? എന്ന ആശയത്തോടുകൂടി ബീറാംഖാൻ കേശവപ്പണിക്കരെ ഒന്നു നോക്കി. എജമാനന്റെ ആ നോട്ടംകണ്ടു

കേശവപ്പണിക്കർ ഇളിഭ്യനായി. ബീറാംഖാൻ സുകുമാരനോട് "നീ ഭാരതിയുടെ ചാർച്ചക്കാരിയോ?"

സുകുമാരൻ—അതെ.

ബീറാംഖാൻ—നിന്റെ പേർ?

സുകുമാരൻ—(കുറച്ചാലോചിച്ച്) ജാനകി.

ബീ-ഖാൻ—പേരും യോജിച്ചതുതന്നെ—ജാനകി. ജാനു!
നിന്റെ കല്യാണം കഴിഞ്ഞിട്ടുണ്ടോ?

സുകുമാരൻ—ഇല്ല.

ബീ-ഖാൻ—ഭേഷ്. അതും നല്ല അനുകൂലം.

എജമാനന്റെ ഈ ചൊല്ലിയാട്ടം കണ്ട കേശവപ്പണിക്കർ വിഷണ്ണനായി നിൽക്കുമ്പോൾ ബീറാംഖാൻ മതിമറന്നു കേശവപ്പണിക്കരോട് "എടോ താനെന്താമിഴിച്ചുനിൽക്കുന്നത്. പോരുമ്പോൾ കൊണ്ടുവന്ന കുപ്പികളെവിടെ? വേഗം കൊണ്ടുവരു. കപ്പുകളും എടുത്തിട്ടുണ്ടല്ലോ. ക്ഷണം ക്ഷണം! ഉം, പോവു, പോവു" എന്നു പറഞ്ഞു. കഷ്ടം! ഇന്നത്തെ ദിവസം ഇങ്ങിനെയായിപ്പോയല്ലോ. ഈ ജാനകിസ്സനി എവിടന്നു ചാടിവീണു? രാത്രി പതിനൊന്നുമണി കഴിയുന്നതുവരേയും ഈ ജന്തുവിനെ ഇവിടെ എങ്ങും കാണുകയുണ്ടായില്ലല്ലോ. ഇന്നത്തെ സംഭാവന ശൂന്യംതന്നെ. (പുതിയ ഏർപ്പാടുകളിൽ പണിക്കർക്ക് പ്രത്യേകം സംഭാവന പതിവുള്ളതാണ്.) ഭാരതിക്കു വെച്ച വടി ജാനകിയിലായപ്പോൾ ആ ഏർപ്പാട് എജമാനൻതന്നെ കണ്ടുപിടിച്ചതാണല്ലോ. അതിനാലാണു പണിക്കർക്ക് മനസ്താപത്തിന്നിടയായത്.

വിശേഷിച്ച ജാനകിയെക്കുറിച്ച് അറിയിക്കാത്തതിന്ന് വലിയ കുററം കല്പിക്കാനുംമതി. ഇതേതുജാനകി, ഈ നാട്ടിലെങ്ങും ഇതിന്നുമുമ്പ കണ്ടിട്ടില്ലല്ലോ. പണിക്കരിങ്ങിനെ ഓരോന്നു വിചാരിച്ചു താഴത്തു പോയി കപ്പികളും കോ__കളും കൊണ്ടുവന്നു മേശമേൽ വെച്ചു. അപ്പോൾ ഏജമാനൻ ജാനകിയുടെ അടുത്ത് ഓരോന്നു സംസാരിച്ചുകൊണ്ടു നിൽക്കുകയായിരുന്നു. പണിക്കർ അസൂയാകലുഷിതമായ ഒരു നോട്ടത്തോടെ അവരെ ഒന്നു നോക്കി പുറത്തുപോയി നിന്നു. പിന്നീട് അവിടെയും നിൽക്കുന്നതു് ഉചിതമല്ലെന്നു കരുതി വാതിലടച്ചു താഴത്തേക്കു ഇറങ്ങിപ്പോയി.

ബി-ഖാൻ—ഭാരതി! ഇവൾ നിന്റെ ചാർച്ചക്കാരി എന്ന് അവൾ പറഞ്ഞുവല്ലോ. അതു ഏതുവഴിക്കുള്ള ചാർച്ചയാണ്?

ഭാരതി—എന്റെ അകന്നതാവഴിയിലെ ഒരനുജത്തി.

ബി-ഖാൻ—ശരി. ഇവൾക്കു വയസ്സെത്ര?

ഭാരതിക്കു ബീഗംഖാന്റെ സമ്പ്രദായങ്ങൾ കണ്ടു കോപം, ഹാസ്യം, നിന്ദ മുതലായതു മാറിമാറി മനസ്സിലുദിച്ചുതുടങ്ങിയതിനാൽ അവൾ ഇതികർത്തവ്യതാമൂഢയായി നിൽക്കുകയായിരുന്നു. അപ്പോഴേക്കു ഖാന്റെ മുൻപറഞ്ഞ ചോദ്യം രണ്ടാമതു് ഒന്നുകൂടി ഉണ്ടായി. അവൾ അതിന്നു് എന്തു മറുവടി പറയും? ഇവൻ കാമഭ്രാന്തുപിടിച്ചു സുകുമാരനെ ബലാൽക്കരിക്കുവാൻ തുനിയുന്നു. തൽക്കാലം താൻ ഇതിൽനിന്നു രക്ഷപ്പെട്ടുവെന്നിരിക്കിലും ഇനിയത്തെ ഭാവി എന്തായിരിക്കും? ഇ

വനോട എന്താണ പറയേണ്ടതു്? വല്ലതും പറഞ്ഞാൽ കൂടി ഫലിക്കുമോ? മരണകാലത്തു മരുന്നും, നാശകാലത്തുപദേശവും ഫലിക്കില്ലെന്നല്ലേ ഋഷിവചനം? എന്തെങ്കിലുമാവട്ടെ" എന്നു വിചാരിച്ചു് അവൾ "ഭർത്താവേ" എന്നു പറഞ്ഞു സുകുമാരനെ ഒന്നു നോക്കി. യാതൊരു കുസല്യംകൂടാതെ ധൈര്യത്തോടെ നിൽക്കുന്ന സുകുമാരൻ "ഭാരതി ഭയപ്പെടേണ്ട. വേണ്ടതുപോലെ ഞാൻ പ്രവൃത്തിച്ചുകൊള്ളാം" എന്നു് അർത്ഥഗർഭമായ നോട്ടത്താൽ അവളെ സമാധാനപ്പെടുത്തി.

കേശവപ്പണിക്കർ കൊണ്ടുവന്നുവെച്ച കുപ്പിയിൽനിന്നു കുറെ മദ്യം ഒരു കോപ്പയിൽ പകൎന്നു് ഒരു വലിയ ആയിംഗ്ലീഷുഖാൻ ചിലത്തി. തൃപ്തിവന്നില്ല. പിന്നേയും ഒരു കോപ്പ കഴിച്ചു. ബീറാംഖാൻെറ കണ്ണുകൾ ചെമ്പരുത്തിപ്പൂവുപോലെ തുടുത്തുവശായി. അയാൾ കൂസൽകൂടാതെ ഭാരതി ശയിക്കുന്ന മഞ്ചത്തിന്മേൽ ചെന്നിരുന്നു. അയാൾക്കു് എന്തും പ്രവൃത്തിക്കാം. ഒന്നിനും കൂസലില്ലാത്തവനാണ്. ജാത്യാചാരത്തിന്നു വിരുദ്ധമായ മദ്യപാനംതന്നെ അതിന്നു പ്രധാനമായ തെളിവാണ്. അയാൾ മഞ്ചത്തിന്മേൽ ഇരുന്നതിൻെറശേഷം ഭാരതിയെ നോക്കി,

ഖാൻ—നിനക്കിന്നു മാപ്പു്. മുഷിയരുതു്. ഇനി ഒരിക്കലാവാം. നിൻെറ അനുജത്തി, ആ ഭേഷ്, ഭേഷ്, ഒരു സമയം അവൾ നാളെപ്പോവാനുംമതി. ഇന്നു് അവൾതന്നെ.

ഭാരതി—പ്രഭോ, നിങ്ങളെന്തിനാണ തുനിയുന്നതു്? വെ

റുതെ ആപത്തിന്നു വഴിയുണ്ടാക്കരുത്? ഇതാ! ഞാൻ വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു. സാധുക്കളായ ഞങ്ങളെ ഉപേക്ഷിച്ച് ഇവിടം വിട്ടുപോകണം.

ഖാൻ—എന്താപത്ത്? ഓ! ശരി. അവൾക്കു കല്യാണം കഴിഞ്ഞിട്ടില്ല അല്ലേ? അതുകൊണ്ടു വിരോധമില്ല. വേണ്ടിവന്നാൽ ഞാൻതന്നെ കല്യാണം കഴിച്ചുകൊള്ളാം.

ഈ വാക്കു കേട്ടപ്പോൾ സുകുമാരനു ചിരി സഹിക്കവയ്യാതായി. ഭാരതിയെ നോക്കി അയാൾ ഒരു മന്ദസ്മിതം ചെയ്തു. ബീറാംഖാൻ ആ പുഞ്ചിരികണ്ട് "ഓടി ബലെ! എന്തൊരു മന്ദഹാസം! എന്തു പല്ലുകൾ! കുരുക്കുത്തിമുല്ലമൊട്ടുകൾതന്നെ." എന്നു പറഞ്ഞുംകൊണ്ടു ഭാരതിയോടു "ആ കാണുന്ന വാതിലേത്?" എന്നു ചോദിച്ചു.

ഭാരതി—അതു ചായ്പിലേക്കു കടക്കുന്ന വാതിലാണ്.

ഖാൻ—എന്നാൽ നീ അതിന്നകത്തു പോയി വാതിലടച്ചിരിക്കൂ. ഉറങ്ങിയാലും വിരോധമില്ല. ഞാൻ വിളിച്ചേ വരാവൂ. വേഗം പോവൂ.

ഭാരതി—നിങ്ങൾ സാഹസം പ്രവർത്തിക്കരുതേ! ജീവരക്ഷ ചെയ്യണേ!

ഖാൻ—നിന്റെ അനുജത്തിക്കു യാതൊരു ദോഷവും വരില്ല. അവളെ ഞാൻ വേണ്ടതുപോലെ രക്ഷിച്ചുകൊള്ളാം.

ഭാരതി പലപ്രകാരത്തിലും സാമ-ദാന-ഭേദോക്തികളെക്കൊണ്ടു ബീറാംഖാനോടു പറഞ്ഞുനോക്കി.

യാതൊന്നുകൊണ്ടും ഫലിക്കില്ലെന്നു കണ്ടതിനാൽ ഹതാശയായി മനശ്ചാഞ്ചല്യത്തോടെ സുകുമാരനെ ഒന്നു നോക്കി. 'ഭേവതി പൊയ്ക്കോളൂ. ഭയപ്പെടേണ്ട' എന്നു സുകുമാരൻ ഭ്രൂസംജ്ഞകൊണ്ട് അവളെ സമാധാനപ്പെടുത്തി. ഗത്യന്തരമില്ലെന്നുകണ്ട ഭാരതി ചായ്പിൽ കടന്നു വാതിലടച്ചു ചെവിഓർത്തുനിന്നു.

ബീ-ഖാൻ—(സുകുമാരനെ നോക്കി) എന്താ നാണിച്ചു നിൽക്കുന്നത്. ഇങ്ങോട്ടു വരൂ. ഇതസാരം കഴിക്കൂ.

എന്നുപറഞ്ഞ് ഒരുകോപ്പ നിറയെ മദ്യം സുകുമാരന്റെ മുമ്പിൽ വെച്ചുകൊടുത്തു. താനും ഒരു കോപ്പ നിറയെ അകത്തേക്കു ചിലത്തിവിട്ടു.

സുകുമാരൻ—പ്രഭോ! ജ്യേഷ്ഠത്തി പറഞ്ഞതുപോലെ ഞാനും പറയുന്നു. നിങ്ങൾക്കു ഈവിധം അനാചാരപ്രവൃത്തി ഉചിതമായിട്ടുള്ളതല്ല. ഇതിൽനിന്നു പിൻവാങ്ങി നിങ്ങളുടെ പാടുനോക്കി പോവുകയാണ് ഏറ്റവും ഉചിതമായിട്ടുള്ളത്.

ഖാൻ—മതി, മതി. അധികമൊന്നും പറയേണ്ട. നീ ഇങ്ങോട്ടു വരുന്നുവോ, ഞാനങ്ങോട്ടു വരണോ?

എന്നു ചോദിച്ചുകൊണ്ടു മഞ്ചത്തിൽനിന്നെഴുന്നേറ്റ് സുകുമാരന്റെ അടുക്കലേക്ക് ഓടിച്ചെന്നു. ഇതിന്നിടക്കു സുകുമാരൻ തന്റെ അരയിൽ തിരുകിയിരുന്ന കഠാരി എടുത്തു ടവൽകൊണ്ടു മറച്ചു വലത്തെ കയ്യിൽ ഭദ്രമായി പ്പിടിച്ചുകഴിഞ്ഞു. ഓടിവരുന്ന സായ്‌വിനെ ഇടത്തെ കൈകൊണ്ടു തടഞ്ഞു, "അരുതേ, അരുതേ. എല്ലാറ്റിന്നും ശ്രേഷ്ഠമായിട്ടുള്ളതു ജീവനാണേ! ആ ജീവനെ

നിങ്ങൾ വൃഥാ ബലികഴിക്കരുതേ." എന്നുപറഞ്ഞു. "നമ്മുടെ കാമബലി നടക്കട്ടെ; ജീവബലിയുടെ കാൎയ്യം പിന്നീടാലോചിക്കാം" എന്നു പറഞ്ഞുംകൊണ്ടു ബീറാംഖാൻ സുകുമാരനെ ആലിംഗനം ചെയ്യാൻ കൈകൾ നീട്ടി. 'എന്നാലങ്ങിനെയാവട്ടെ' എന്നു പറഞ്ഞു സുകുമാരനും തന്റെ ഇടത്തെ കൈ ബീറാംഖാന്റെ പുറത്തു വെച്ചു വലത്തെ കൈ അയാളുടെ മാറിനുനേരെ കൊണ്ടുചെന്നു.

സുകുമാരന്റെ ഇടത്തെ കൈ ബീറാംഖാന്റെ പുറത്തും, വലത്തെ കൈ മാറിടത്തിലും ഒരേസമയത്ത് അമൎത്തപ്പെട്ടു.

ചെവി ഓൎത്തുംകൊണ്ടിരിക്കുന്ന ഭാരതിക്ക് അറയിൽനിന്ന് എന്തോ ഘനമേറിയ സാധനം പതുക്കെപ്പുളുകെ താഴത്തു വീണതുപോലെ തോന്നി. പിന്നിട്ട് എല്ലാം നിശ്ശബ്ദം.

## പതിനാറാമദ്ധ്യായം.

—

### കറിതെററി.

ഭാരതീവിലാസത്തിലെ വിനോദങ്ങൾ നടക്കുന്ന അതേസമയത്തുതന്നെ ലക്ഷ്മീപുരംപട്ടണത്തിലെ പ്രധാന ദേവാലയമായ 'ശ്രീകാമാക്ഷി' ക്ഷേത്രത്തിന്റെ കിഴക്കുവശത്തുള്ള ഒരു ഇടുങ്ങിയ റോട്ടിൽ മൂന്നു പേർ ആരെയോ ഒരാളെ നിരീക്ഷിച്ചുംകൊണ്ടു വടക്കോട്ടു നോക്കി

നിൽക്കുന്നു. അവരുടെ ഗൂഢസംഭാഷണങ്ങളും ഇടയ്ക്കിടക്ക് അങ്ങോട്ടുമിങ്ങോട്ടുമുള്ള നോട്ടങ്ങളും കണ്ടാൽ അവർ കവച്ചക്കാരായിരിക്കുമെന്ന് അനായാസേന മനസ്സിലാക്കാവുന്നതാണ്. മണി രണ്ടടിച്ചുകാണും. കാലൻകോഴി മുതലായ ഘോരപക്ഷികളുടെ കഠോരശബ്ദം രാത്രിയുടെ ഭയങ്കരതയെ ദ്വിഗുണീകരിക്കുന്നു. ജനസഞ്ചാരശൂന്യമായ ഈ സമയത്ത് എന്തുദ്ദേശത്തിന്മേലായിരിക്കും അവർ അവിടെ നിൽക്കുന്നത്? നമുക്ക് അവരെ ഒന്നനുഗമിച്ചുനോക്കേണ്ടതല്ലേ? വരട്ടെ, നമ്മുടെ മുമ്പിലായി ചിലർ അവരെ പിന്തുടൎന്നുപോകുന്നുണ്ട്. അവർ ആരായിരിക്കും? അവർ ആപാദമസ്തകം കറുപ്പുശീലകൊണ്ടു മൂടിയിരിക്കുന്നു. മുൻപറയപ്പെട്ട മൂന്നു പേർ പതുക്കെ പതുക്കെ വടക്കോട്ടു പോകുന്നു. കറുത്ത വേഷധാരികളും അവരെ അനുയാനം ചെയ്യുന്നുണ്ട്. ഏകദേശം ഒരെട്ടുവാര ദൂരെയായിട്ടാണ് അവർ ഗതിചെയ്യുന്നത്. മുൻപോകുന്നവർ പിന്നാക്കം തിരിഞ്ഞുനോക്കുന്നുണ്ടെങ്കിലും, പിന്നിൽക്കൂടി വരുന്നവരെ ആ സമയഭേദംകൊണ്ടും അവർ മൂടിയിരിക്കുന്ന കറുത്ത വസ്ത്രംകൊണ്ടും റോഡിലുള്ള വിളക്കുകൾ അണഞ്ഞിരുന്നതുകൊണ്ടും കാണ്മാൻ സാധിച്ചിരുന്നില്ല. മുമ്പിൽ പോകുന്ന കൂട്ടർ നാലുംകൂടിയേടത്തു (അവിടെനിന്നു കാൽ നാഴിക വടക്കോട്ടു പോയാൽ നാലു റോഡുകൾ കൂടുന്ന സ്ഥലമാണ്. ആ പ്രദേശത്തിന്നു നാലുംകൂടിയേടമെന്നാണു ജനങ്ങൾ പറഞ്ഞുവരുന്നത്.) ചെന്നുനിന്നു. അവരുടെ അനുയായികളും അവക്കു ആളെക്കാട്ടാതെ അല്പം അ

കലെയായി നിന്നു. തൽസമയം വടക്കഭാഗത്തുനിന്നു് ഒരു കുതിരയുടെ കുളമ്പടിശ്ശബ്ദം കേട്ടുതുടങ്ങി. ക്രൂട്ടർ_“ഓ! വരവായി. സൂക്ഷിച്ചുകൊള്ളൂ.” എന്നു പറഞ്ഞു റോഡിന്റെ ഒരു ഭാഗത്തേക്കു മാറിനിന്നു. അനുയായികൾ അതു കണ്ടു് ഈ കുതിരസ്സവാരിക്കാരൻ ഇവരുടെ ഉദ്ദേശത്തിന്നു വിഘാതമായിവരികയാൽ കളിച്ചുനിന്നതാണെന്നു നിശ്ചയിച്ചു. കുതിര അടുത്തു വന്നുതുടങ്ങി. അവരുടെ കരഗതമായ ആയുധങ്ങളെ ഉയൎത്തിത്തുടങ്ങി. പെട്ടെന്നു മൂന്നു പേരും കുതിരയുടെ അടുക്കലേക്കു പന്നികൾകണക്കെ പാഞ്ഞെത്തി. ഒന്നാമൻ കുതിരയുടെ കാൽ വെട്ടി. കുതിര മറിഞ്ഞുവീണതോടുകൂടി രണ്ടാമൻ കുതിരപ്പുറത്തുള്ളവന്റെ മാറത്തു് അവന്റെ കഠാരി ഓങ്ങി ഒരു കുത്തു കുത്തി. കുത്തേററവൻ ഗതാസുവായി ധരിത്രിയിൽ പതിച്ചു. ഇതെല്ലാം ഒരു നിമിഷനേരംകൊണ്ടു കഴിഞ്ഞു. ഈ സംഭവം കണ്ടു കറുത്ത വേഷധാരികൾ വിസ്സി’ലടിച്ചു. ആ ശബ്ദം കേട്ടു ഘാതുകന്മാർ പരിഭ്രമിച്ചു് ഓരോരുത്തരും ഓരോ വഴിക്കായി പാഞ്ഞുതുടങ്ങി. കുഴൽവിളിശബ്ദം കേട്ടു മറെറ റോഡുകളിലും ബീററിന്നു പോയിരുന്ന പോല്ലീസ്സുകാർ സംഭവസ്ഥലത്തു് എത്തിച്ചേൎന്നു. ഘാതുകന്മാർ ഓടിച്ചെന്നു ചാടിയതു് പോല്ലീസ്സുകാരുടെ മുമ്പിലേക്കാണു്. അവർ ഒരു വഴിക്കും ഓടിപ്പോകുവാൻ നിവൃത്തിയില്ലാതെ വലയിൽപ്പെട്ട മൃഗങ്ങളെപ്പോലെ നാലുംകൂടിയേടത്തു പെട്ടുപോയി. പോല്ലീസ്സുകാർ അവർ മൂന്നു പേരേയും നിഷ്പ്രയാസം കടന്നുപിടിച്ചു വിലങ്ങു വെച്ചു. ഉടനെ അവരു

ടെ വിളക്ക പ്രകാശിപ്പിച്ചുനോക്കിയപ്പോൾ കത്തു കൊ
ണ്ടവൻ മരിച്ചുകിടക്കുന്നു. അവർ ആ ശവത്തേയും ഘാ
തുകന്മാരേയും പോല്ലീസ്സസ്റ്റേഷനിലേക്ക കൊണ്ടുപോയി.

പോല്ലീസ്സുകാൎക്ക് ഈ വക കേസ്സുകൾ കിട്ടുന്നതു്
അത്യുത്സാഹത്തിന്നും സന്തോഷത്തിന്നും കാരണമായിട്ടു
ള്ളതാണല്ലൊ. ഈ വകകൾ കണ്ടുപിടിച്ചു തെളിവു
ണ്ടാക്കുന്നതു് അവൎക്ക ബഹുമാനവും മേലധികാരത്തിലെ
തൃപ്തിക്ക കാരണവും തന്മൂലം അവൎക്ക കയറ്റം കിട്ടു
വാൻ വഴിയുള്ളതും ആണെന്നുള്ള അഭിമാനം അവരിൽ
എപ്പോഴും കുടികൊണ്ടിരിക്കുന്നതാണു്. നമ്മുടെ പോ
ല്ലീസ്സുകാൎക്ക ഇന്നത്തെ ഈ കേസ്സ് കിട്ടിയതു ചിങ്ങമാ
സത്തിൽ തിരുവോണംപോലെ സന്തോഷത്തെ ഉളവാ
ക്കി. 'പുള്ളി'കളുടെ നേരെ ഓരോ മൎദ്ദനനയങ്ങൾ പ്ര
യോഗിച്ചും പട്ടണവാസികളെക്കൂടി ഉണൎത്തത്തക്കവണ്ണ
മുള്ള ഓരോ ആഹ്ലാദഭരിതങ്ങളായ വാക്കുകളെ പറ
ഞ്ഞു രസിച്ചും ആൎത്തുവിളിച്ചും ഏകദേശം മൂന്നു മണി
ക്ക പൊല്ലീസ്സസ്റ്റേഷനിൽ ചെന്നുചേൎന്നു. കിടന്നുറങ്ങി
യിരുന്ന ഇൻസ്പെക്ടരെ ഉണൎത്തി കാൎയ്യം അറിയിച്ചു. സ്റ്റേ
ഷനിൽ പാറാവു നിന്നിരുന്ന പോല്ലീസ്സുകാൎക്ക് അന്ന
ത്തെ ബീററു കിട്ടാത്തതുകൊണ്ടു നമ്മുടെ പോല്ലീസ്സുകാ
രോട് അസൂയയാണു് ഉണ്ടായതു്.

ഇൻസ്പെക്ടരും പോല്ലീസ്സുകാരും ശവം പരിശോ
ധന തുടങ്ങി. ശവം കണ്ടപ്പോൾ, "ഏയി. ഏയി. ഇ
തെന്തൊരത്ഭുതമാണു്! ഇയ്യാൾ നമ്മുടെ മന്ത്രിപുത്രന്റെ
പ്രധാനസേവനായ കേശവപ്പണിക്കരല്ലേ?" എന്നു ഇൻ

സ്പെക്ടർ പറഞ്ഞു: പോല്ലീസ്സുകാർ കൊല നടന്നതിന്റെ സംഗതി ഇൻസ്പെക്ടരെ വിവരമായി പറഞ്ഞു ധരിപ്പിച്ചു. "ആട്ടെ അവരുടെ കയ്യീത്ത് എടുത്തതിന്റെശേഷം ബാക്കി ആലോചിക്കാം" എന്നു പറഞ്ഞു ഇൻസ്പെക്ടർ പോലീസുകാരോടുകൂടി പുള്ളികളെ വിസ്തരിക്കുവാനുള്ള ഉത്സാഹമായി. ഈ വകക്കാരെ വിസ്തരിക്കേണ്ടതിന്നു സ്റ്റേഷനുകളിൽ പ്രത്യേകം ഒരു സ്ഥലമുണ്ട്. അതിൽ അവരെ കയററിയാൽ ഉടനെ മിക്കപേരും യമദണ്ഡം കണ്ട പാപികളെപ്പോലെ കുററമെല്ലാം സമ്മതിച്ചുകളയും. ചിലക്കു ദണ്ഡദശനംകൊണ്ടു മാത്രം മതിയാവുന്നതല്ല. സ്പർശനവുംകൂടി വേണ്ടിവരും. അതിനേയും അതിശയിക്കത്തക്ക ദുർല്ലഭം ചില യോഗ്യരും ഇല്ലെന്നില്ല.

ഇൻസ്പെക്ടരും നാലു പോലീസുകാരുംകൂടി ആ സ്ഥലത്തു പ്രവേശിച്ചു. തടവുകാരിൽ ഒരുവനെ അവിടെ കൊണ്ടുവന്നു നിറുത്തി. അവനോട് ഇൻസ്പെക്ടർ ഇങ്ങിനെ ചോദിച്ചുതുടങ്ങി.

ഇൻസ്പെക്ടർ—നിങ്ങളുടെ പേരെന്താണ്?

തടവുകാരൻ—ധർമ്മലിംഗംപിള്ള.

ഇൻ—നിങ്ങൾ ഏതു നാട്ടുകാരനാണ്?

ധർമ്മലിംഗം—ഞാൻ സേലത്തുകാരനാണ്.

ഇൻ—നിങ്ങൾക്ക് ഉദ്യോഗം വല്ലതും ഉണ്ടോ?

ധർമ്മലിംഗം—ഇപ്പോൾ ഒന്നുമില്ല.

ഇൻ—മുമ്പ് എന്തുദ്യോഗമായിരുന്നു?

ധർമ്മലിംഗം—ബ്രിട്ടീഷുപട്ടാളത്തിൽ ഒരുദ്യോഗമുണ്ടായിരുന്നു.

ഇൻ—മററു രണ്ടു പേരും നിങ്ങളുടെ കൂട്ടാളികൾതന്നെയോ?

ധൎമ്മലിംഗംപിള്ള എന്തു മറുവടിയാണു പറയേണ്ടതു് എന്നു സംശയിച്ചുനിന്നു. അപ്പോൾ ഒരു കാൺസ്റ്റബിൾ "എന്താ; മിഴിച്ചുനില്ക്കുന്നതു്. എജമാനൻ ചോദിച്ചതു കേട്ടില്ലേ?" എന്നു ചോദിച്ചു.

ധൎമ്മലിംഗം—അതെ. അവരും പട്ടാളത്തിൽ ഉദ്യോഗം ഭരിച്ചിരുന്നവർതന്നെയാണ്.

ഇൻസ്പക്ടർ—അവൎക്കും ഇപ്പോൾ ഉദ്യോഗമില്ലേ?

ധൎമ്മലിംഗം—ഇല്ല.

ഇൻ—നിങ്ങൾ മൂന്നു പേരും ഉദ്യോഗം ഉപേക്ഷിപ്പാനുള്ള കാരണം എന്തു്?

ധൎമ്മലിംഗം—ഒന്നുമില്ല. ഞങ്ങൾ മനസ്സാൽ രാജിവെച്ചുപോന്നതാണ്.

ഇൻ—ഇന്നു നിങ്ങൾ മൂന്നു പേരുംകൂടി നടത്തിയ കൊലക്കേസ്സ് എന്തുദ്ദേശത്തിന്മേലാണ്?

ധൎമ്മലിംഗംപിള്ള ഒന്നും മിണ്ടാതെ നില്ക്കുന്നു. "എന്താ മിണ്ടാതെ നിൽക്കുന്നതു്?" എന്നു ഇൻസ്പേക്ടർ ചോദിച്ചതിന്നും മറുവടി ഉണ്ടായില്ല. ഇതിന്നെന്തു മറുവടിയാണ് അയാൾ പറയേണ്ടതു്? "കാൎയ്യമെല്ലാം പോലീസുകാർ കണ്ടിരിക്കുന്നു. ഉദ്ദേശത്തിന്റെ കാൎയ്യം പിന്നീടു. കൊല സമ്മതിച്ചിട്ടു വേണ്ടെ മറേറ കാൎയ്യത്തിന്നു? അതുതന്നെ സമ്മതിക്കാതിരുന്നാൽ എന്താ വൈഷമ്യം." എന്നിങ്ങിനെ ഓരോന്നു വിചാരിച്ച് അയാൾ നിൽക്കുമ്പോൾ ഇൻസ്പക്ടരുടെ അഭിപ്രായത്തോടുകൂടി ഒരു കാ

ൺസ്റ്റബിൾ ധൎമ്മലിംഗംപിള്ളയുടെ മുതുകത്തു ഒന്നു ഇടിച്ചു. ആ ഇടികൊണ്ടു് അയാൾ "അയ്യോ!" എന്നൊരു നിലവിളിയോടുകൂടി കവണംകുത്തി വീണു. "എടാ നായെ! ചോദിച്ചതിന്നു മറുവടി പറഞ്ഞുകൂടെ" എന്നു ചോദിച്ചുംകൊണ്ടു് ആ കാൺസ്റ്റബിൾ ധൎമ്മലിംഗംപിള്ള വീണ വീഴ്ചയിൽത്തന്നെ അയാളുടെ പുറത്തു ഒരു ചവിട്ടും കൊടുത്തു. അതോടുകൂടി ധൎമ്മലിംഗംപിള്ള ഒന്നു മരങ്ങി.

ഇൻസ്പക്ടർ—എന്താ, ഞാൻ ചോദിച്ചതിന്നു മറുവടി പറയു.

ധൎമ്മലിംഗം—അയ്യോ എജമാനന്മാരെ, എന്നെ കൊല്ലരുതെ!

ഇൻ—നിന്നെ കൊല്ലാൻ ഞങ്ങളല്ല. ചോദിച്ചതിന്നു മറുവടി പറയു.

ധൎമ്മലിംഗം—എജമാനനെ. സത്യം ചെയ്യാം. ഞങ്ങൾ കൊന്നിട്ടില്ല. ഈ പോലീസുകാർ—

എന്നു പറഞ്ഞപ്പോഴെക്കും അയാൾ ഒന്നു ഞെട്ടി. പിന്നെ ഒന്നും മിണ്ടാതെ നിന്നു. പോലീസുകാരും ഇൻസ്പക്ടരും മാറിമാറി ചോദിച്ചുതുടങ്ങി. അതിന്നെല്ലാം തുമ്പുംവാലുമില്ലാത്ത മറുവടിയാണ് അയാൾ പറഞ്ഞതു്. പോലിസുകാരുടെപൂജ മുറക്കു തുടങ്ങി. ധൎമ്മലിംഗംപിള്ളക്കു് ആ പൂജ സഹിക്കാൻ വയ്യാത്തതിനാൽ അയാൾ ഇപ്രകാരം പറഞ്ഞു.

ധൎമ്മലിംഗംപിള്ള—എജമാനനെ! ഞാൻ സത്യം പറയാം. ഇവരല്ലം മാറി നില്ലാനായിട്ടു കല്പനയുണ്ടാവണെ.

ഇൻ—എന്നാൽ പറ കേൾക്കട്ടെ.

ധൎമ്മലിംഗം—എജമാനനെ! അയാൾ ഞങ്ങളെ വളരെ ദ്രോഹിച്ചിട്ടുണ്ട്. ഞങ്ങളുടെ ഉദ്യോഗം കളഞ്ഞതും മറ്റും അയാളാണ്. ആ വൈരം പോക്കവാൻ ഇങ്ങിനെ ചെയ്തതാണ്.

ഇൻ—എടാ അയാൾ എന്നു പറഞ്ഞതുകൊണ്ടു മതിയായില്ല. അയാളുടെ പേരെടുത്തു പറയണം.

ധൎമ്മലിംഗം—കരുണാകരൻ നായർ—

ഇൻ—ഏതു കരുണാകരൻ നായർ?

ധൎമ്മലിംഗം—വിജയനഗരം ജമിന്ദാരുടെ സ്വത്തവകാശിയായ കരുണാകരൻ നായർ.

ഇൻ—നീ അദ്ദേഹത്തെയാണു കുത്തിക്കൊന്നത് അല്ലേ?

ധൎമ്മലിംഗം—കുത്തിക്കൊന്നത് ഞാനല്ല. ഞാനും അവിടെ ഉണ്ടായിരുന്നു എന്നേ ഉള്ളു.

ഇൻ—പിന്നെ കുത്തിക്കൊന്നത് ആരാണ്?

ധൎമ്മലിംഗം—മുനുസ്സാമിനായഡുവാണ്.

ഇൻ—നിയ്യാണോ കുതിരയുടെ കാൽ വെട്ടിയത്?

ഈ ചോദ്യത്തിന്നു ധൎമ്മലിംഗംപിള്ള മറുപടി പറഞ്ഞില്ല. അവന്റെ വാക്കുകൾ കേട്ട് ഇൻസ്പെക്ടൎക്കും പോല്ലീസ്സുകാൎക്കും അത്യാശ്ചൎയ്യം ജനിച്ചു. പിന്നേയും ധൎമ്മലിംഗംപിള്ളയോട് ഓരോന്നു ചോദിച്ചുതുടങ്ങി. പക്ഷേ അതിന്നൊക്കെ ധൎമ്മലിംഗംപിള്ള അങ്ങുമിങ്ങും തൊടാത്ത ചില മറുപടികളാണു പറഞ്ഞത്. പിന്നേ

യും പോല്പീസ്സുകാർ 'പ്രഘരാദികഷായ'ത്തിൽ തോഡനാം ദിഗ്ഗളിക'മേപ്പൊടി ചേത്ത്' അയാറംക്കു കൊടുത്തു തുടങ്ങി. ആ കഷായം ചെന്നതോടുകൂടി അയാറം ആദ്യംമുതൽ അന്നുവരെ കരുണാകരൻ നായരിൽ പ്രവത്തിച്ചതു് ഒന്നും വിട്ടുകളയാതെ പറഞ്ഞു.

ധമ്മലിംഗംപിള്ളയുടെ വാക്കുകൊണ്ടു് ഇവക്കു് ആറംമാററം വന്നുപോയതും, വിശേഷിച്ചു മുമ്പു വണ്ടിയിൽവെച്ചു പട്ടാളമേലധികാരിയെ കുത്തിക്കൊന്ന കേസ്സും തെളിഞ്ഞു. ധമ്മലിംഗംപിള്ളയുടെ വായ്മൊഴി കപ്പിട്ടുവാങ്ങി അയാളെ ഒരു സ്ഥലത്തുകൊണ്ടിരുത്തി ബാക്കി രണ്ടു പേരിൽ ഒരാളെ വരുത്തി ചോദിച്ചു തുടങ്ങി. അയാറം വേണുഗോപാലംചെട്ടിയാരായിരുന്നു. ഇൻസ്പക്ടരുടെ ചോദ്യങ്ങറംക്കു ശരിയായ മറുപടി പറഞ്ഞില്ല. ധമ്മലിംഗംപിള്ളയുടെ വാക്കുകറംക്കും ഇയ്യാളുടെ വാക്കുകറംക്കും വളരെ അന്തരമുണ്ടായിരുന്നു. പോല്പീസുകാർ അയാളേയും വഴിപോലെ പൂജിച്ചുതുടങ്ങി. അയാറം ഉപായപൂജകൊണ്ടു പ്രസാദിക്കുന്ന കൂട്ടത്തിലല്ല. വലിയ പൂജതന്നെ എടുക്കേണ്ടിവന്നു. അപ്പോറം അയാളൊരു മാതിരി വഴിപ്പെട്ടു. ധമ്മലിംഗംപിള്ള പറഞ്ഞതിനെത്തന്നെ അയാളും അനുസരിച്ചു. അയാളുടെ കയ്യൊപ്പും കപ്പിട്ടു വാങ്ങി. മൂന്നാമനേയും വിസ്തരിച്ചു. അവങ്കൽ മുമ്പറഞ്ഞ പൂജകളൊന്നും ഫലിച്ചില്ല. സപരിവാരവും ഭൂതബലിയും കൂടി ഉപയോഗിക്കേണ്ടിവന്നു. അപ്പോഴെ ഫലപ്രാപ്തി ഉണ്ടായുള്ളു. ഇൻസ്പക്ടർ അവരെ ബന്തോവസ്തിൽ വെച്ചതിന്റെ ശേഷം മെഡിക്കൽ സർട്ടിഫി

ക്കാറിന്നുവേണ്ടി ശവം ആസ്പത്രിയിലേക്ക് അയയ്ക്കുകയും
ചെയ്തു.

അപ്പോഴെക്കും വേറൊരുവഴിക്കു ബീറാറിന്നുപോയ ര
ണ്ടു പോല്ലീസ്സുകാർ സ്റ്റേഷനിൽ വന്നെത്തി. അവിടെ
നടന്ന സംഭവങ്ങൾ മനസ്സിലായപ്പോൾ അവരിൽ ഒ
രാൾ ഇൻസ്പക്ടരോടു "എജമാനനെ ഇന്നു രാത്രി ഏ
കദേശം പന്ത്രണ്ടു മണിയോടുകൂടി ഈ കേശവപ്പണിക്ക
രും നമ്മുടെ മന്ത്രിപുത്രനായ ബീറാംഖാനും നേരെ വട
ക്കോട്ടു സാവധാനത്തിൽ ഓരോന്നു പറഞ്ഞുംകൊണ്ടു
പോയിരുന്നു. സാഹേബ്ബ് അവർകൾ അദ്ദേഹത്തിന്റെ
കുതിരപ്പുറത്തും കേശവപ്പണിക്കർ നടന്നിട്ടുമായിരുന്നു.
എജമാനനും ശിഷ്യനും ഏപ്പാടന്വേഷിച്ചു പോകുന്നതു
പലപ്പോഴും ഞാൻ കാണാറുണ്ടു്. ഇന്നത്തെ പോക്കും അ
തുപോലെയാണെന്നുവെച്ചു് ഞാൻ മാറിപ്പോന്നു. ഇ
ങ്ങൾക്കു് ഈ സംഭവം എങ്ങിനെപറ്റി? അദ്ദേഹം എ
വിടെ പോയി?" എന്നു് ആ പോല്ലീസ്സുകാരൻ പറഞ്ഞ
പ്പോൾ ഇൻസ്പക്ടർ ആ പോല്ലീസ്സുകാരനോടും കേസ്സു
കൊണ്ടുവന്ന പോല്ലീസ്സുകാരനോടും കൂടി സ്ഥലപരിശോ
ധനക്കു പുറപ്പെട്ടു. കാൽ മുറിഞ്ഞു കിടക്കുന്ന കുതിരയെ
കണ്ടു് ആ പോല്ലീസ്സുകാരൻ ഇൻസ്പക്ടരോടു "എജമാ
നനെ, ഈ കുതിരപ്പുറത്തായിരുന്നു സാഹേബ്ബ് അവർ
കൾ പോയിരുന്നതു്" എന്നു പറഞ്ഞു. ഇൻസ്പക്ടർ
സ്ഥലവിവരം കുറിച്ചെടുത്തു നേരെ വടക്കോട്ടു പോല്ലീസ്സു
കാരോടുകൂടി തിരിച്ചു.

നേരം പ്രഭാതമായി തുടങ്ങി. രാത്രിയിൽ കഴിഞ്ഞ

സംഭവങ്ങൾക്കു സാക്ഷിഭൂതരായി നിന്നിരുന്ന നക്ഷത്രങ്ങൾ ഈ പോല്ലീസ്സുദ്യോഗസ്ഥന്മാരുടെ മുമ്പിൽ നില്ക്കുന്നതു ദോഷകരമാണെന്നു വിചാരിച്ചു മറഞ്ഞു തുടങ്ങി. പോല്ലീസ്സുകാരും ഇൻസ്പക്കടരും കുതിരയുടെ കാലടി പതിഞ്ഞിട്ടുള്ളതിനെ സൂക്ഷിച്ചുനോക്കി പോയിത്തുടങ്ങി. സുമാർ അരമയിൽ ദൂരം ചെന്നപ്പോൾ നേരം നല്ലവണ്ണം വെളിച്ചമായി. ഇവർ ചെന്നെത്തിയ പ്രദേശം ഒരു ചെറുപാലത്തിങ്കലായിരുന്നു. ഇൻസ്പക്കടർ വിശ്രമാൎത്ഥം ആ പാലത്തിന്മേൽ ചെന്നു് അല്പനേരം ഇരുന്നു. പാലത്തിൻെറ ചുവട്ടിൽനിന്നു ശപാക്കളുടെ മുറുമൽ കേൾക്കുകയാൽ അദ്ദേഹം കിഴ്പ്പോട്ടു നോക്കി ആശ്ചൎയ്യത്തോടെ "എടോ മൂന്നൂററിമുപ്പത്താറു്, ആ കിടക്കുന്നതെന്താണെന്നു നോക്കു" എന്നു ചൂണ്ടിക്കാണിച്ചു (അയാളായിരുന്നു മുമ്പു ഇൻസ്പക്കടൎക്കു് ഉൗടു പറഞ്ഞുകൊടുത്ത ആൾ). ആ പോല്ലീസ്സുകാരൻ ഉടനെ കീഴ്പ്പോട്ടു ചാടി അടുത്തു ചെന്നു നോക്കിയപ്പോൾ കണ്ട കാഴ്ച അത്യാശ്ചൎയ്യകരമായിരുന്നു. അതു മന്ത്രിപുത്രനായ ബിററംഖാൻെറ പ്രേതമായിരുന്നു. പോല്ലീസ്സുകാർ എല്ലാവരും ഇറങ്ങി ചെന്നു് ആ ശവത്തെ എടുത്തു മുകളിലേക്കു കയററി കൊണ്ടുവന്നു. "ഇതെന്തൊരാശ്ചൎയ്യമാണ്. ഇദ്ദേഹവും കത്തോററിട്ടാണല്ലോ മരിച്ചു കിടക്കുന്നതു്." എന്നു് ഇൻസ്പക്കടർ മനസ്സിൽ വിചാരിച്ചു ശവം ആസ്പത്രിയിലേക്കയച്ചുകൊടുത്തു. സ്ഥലപരിശോധന മുതലായതു കഴിച്ചു പ്രധാനമന്ത്രിയെ വിവരം അറിയിക്കുവാൻ ഒരു പോല്ലീസ്സു

കാരനേയും അയച്ച് ഇൻസ്പെക്ടർ സ്റ്റേഷനിലേക്ക തിരിച്ചു.

* * * * * * *

മണി പത്തടിച്ചപ്പോഴെക്കും പേപ്പർ വില്ക്കുന്ന പയ്യന്മാരുടെ കോലാഹലം കലശലായി തുടങ്ങി "പേപ്പർ വാങ്ങുവിൻ പേപ്പർ വാങ്ങുവിൻ," "എന്നിങ്ങിനെ എല്ലാ തെരുവുകളിലും ഘോഷിച്ചുംകൊണ്ട് അവർ ഓടി തുടങ്ങി. പേപ്പറിലെ വൎത്തമാനം ഇതായിരുന്നു:—

## ഭയങ്കരമായ ഇരട്ടക്കൊല

കഴിഞ്ഞ രാത്രിയിലെ ദാരുണസംഭവം.

"ഈ രാജ്യത്തെ പ്രധാനമന്ത്രി ഉസ്മാൻഖാൻ അവർകളുടെ ഏകപുത്രനായ ബീറാംഖാനും അദ്ദേഹത്തിന്റെ പ്രധാന സേവനായ കേശവപ്പണിക്കരും തമ്മിൽ വളരെ കൂട്ടുകെട്ടാണെന്ന് ഈ നാട്ടുകാൎക്ക് ഒട്ടുക്ക് അറിയാവുന്നതാണല്ലോ. അവർ പലേ ഏൎപ്പാടുകളും നടത്തി വരുന്ന കൂട്ടത്തിൽ കഴിഞ്ഞ രാത്രി പന്ത്രണ്ടു മണിയോടു കൂടി അവർ രണ്ടുപേരും സവാരിക്ക പോയിരുന്നു. എജമാനൻ കുതിരപ്പുറത്തും, ശിഷ്യൻ നടന്നിട്ടുമായിരുന്നു. ഉദ്ദേശം രണ്ടു മണിക്ക പണിക്കർ സായ്വിന്റെ കുതിരപ്പുറത്തു കയറി നാലും കൂടിയേടത്തു വന്നു. തത്സമയം ചിലഘാതകന്മാരാൽ അയാൾ കൊല ചെയ്യപ്പെട്ടു. നമ്മുടെ പോല്ലീസ്സുദ്യോഗസ്ഥന്മാർ ആ കേസ്സു കയ്യോടെ പിടിക്കുകയും ഘാതുകന്മാരെ അറസ്ററു ചെയ്യുകയും ചെ

സ്ഥിരിക്കുന്നു. പോല്ലീസ്സ് ഇൻസ്പെക്കടർ സ്ഥലപരിശോധന മുതലായത്തു് ചെയ്തു വരുമ്പോൾ ഒരു ചെറുപാലത്തിന്റെ ചുമട്ടിൽ ബീറാംഖാൻ അവർകളുടെ പ്രേതം കാണപ്പെട്ടു. കേശവപ്പണിക്കരുടെ കൊലക്കു കാരണം ഘാതുകന്മാരുടെ കയ്യിത്തുകൊണ്ടു തെളിഞ്ഞിരിക്കുന്നു. ബീറാംഖാന്റെ മരണകാരണം ഉഢഹിച്ചിട്ടുണ്ടാവുന്നില്ല. എങ്കിലും കേശവപ്പണിക്കർ ബീറാംഖാന്റെ കുതിരപ്പുറത്തു കയറി വരുവാനുള്ള കാരണം ഓക്കുമ്പോൾ എജമാനന്റെ ശിഷ്യനാൽ മൃതി സംഭവിച്ചതാണോ എന്നനുമാനിക്കാവുന്നതാണു്. അതിന്നുള്ള ഹേതുവെന്തെന്നറിഞ്ഞുകൂടാ. ഏതായാലും ഈ സംഭവം അത്യാശ്ചയ്യകരമായിരിക്കുന്നു.''

വെടിമരുന്നിൽ തീക്കൊളുത്തിയതുപോലെ ഈ വത്തമാനം ആ നാട്ടു മുഴുവൻ പരന്നു. പലരും പല പ്രകാരത്തിലും പറഞ്ഞു തുടങ്ങി. ഈ സംഭവത്തെക്കുറിച്ചുള്ള ജിജ്ഞാസ എന്റെ പ്രിയ വായനക്കാൎക്കു് ഉണ്ടായിരിക്കുമല്ലോ.

* * * * * * *

ഭാരതിവിലാസത്തിൽവെച്ചു സുകുമാരൻ ബീറാംഖാനെ കീചകാവസ്ഥയനുഭവിപ്പിച്ചതിന്റെശേഷം ഉടനെ ഭാരതിയെ വിളിച്ചു. അവൾ പരിഭ്രമത്തോടുകൂടി വാതിൽ തുറന്നു അകത്തു വന്നു. മുറിച്ചിട്ട തടിപോലെ ബീറാംഖാൻ നിലത്തു കിടക്കുന്നതുകണ്ടു ഭയവിഹ്വലയായി ഭവിച്ചു. സുകുമാരൻ അവളോടു്, 'ക്ഷമിക്കൂ' എന്നു പറഞ്ഞു താൻ ധരിച്ചിരുന്ന ഉടുപ്പുകളെ അഴിച്ചു മാററി. ഭാരതിയോടു ചില സമാധാനവാക്കുകളെ പറ

ഞ്ഞുംകൊണ്ടു നില്ക്കുമ്പോൾ കേശവപ്പണിക്കർ അതിവേഗം കോണികയറി അറവാതില്ക്കൽ വന്നു "പ്രഭോ! അയാൾ വന്നുതുടങ്ങി. വേഗം പുറത്തു പോകാഞ്ഞാലാപത്തുണ്ടാകും" എന്നു പറഞ്ഞു. അകത്തുനിന്നു യാതൊരു മറുപടിയും ഉണ്ടായില്ല. കേശവപ്പണിക്കൎക്കു ധൃതി കൂടിത്തുടങ്ങി. അയാൾ പല സ്ഥലങ്ങളിലും നിറുത്തിട്ടുള്ളവരിൽ ഒരുവൻ വന്നു കരുണാകരൻനായർ മടങ്ങിവരുന്നതിനെ സൂചിപ്പിക്കുകയാലാണ് ധൃതികൂട്ടുവാനുള്ള കാരണമുണ്ടായത്. ഒന്നു രണ്ടു പ്രാവശ്യം വിളിച്ചു പറഞ്ഞുനോക്കി. മറുപടി കേൾക്കാത്തതിനാൽ പണിക്കർ അറയിലേക്കു കടന്നു. മഞ്ചത്തിലേക്കു നോക്കിയപ്പോൾ എജമാനനെ അവിടെക്കണ്ടില്ല. തത്സമയം അയാളുടെ ദൃഷ്ടി താഴത്തു പതിച്ചു. അപ്പോൾ അയാൾക്കുണ്ടായ പരിഭ്രമം ഇന്നപ്രകാരത്തിലാണെന്നു വായനക്കാർതന്നെ ഊഹിക്കുന്നതാണ് അധികം നല്ലത്. മാറത്തു കുത്തേററു രക്തമണിഞ്ഞു കിടക്കുന്ന എജമാനനെ കണ്ടാൽ ഏതൊരു പ്രിയശിഷ്യനാണു ഭയപ്പെടാതിരിക്കുക? ഈ സംഭവത്തിന്റെ കാരണം മനസ്സിലാവാതെ പണിക്കർ നാലുപാടും നോക്കി. അപ്പോൾ ചാപ്പിന്റെ വാതുക്കൽ ഒരാൾ ആയുധപാണിയായി നിൽക്കുന്നതു കണ്ടു. ജാനകിയെ അവിടെയെങ്ങും കാണ്മാനില്ല. കേശവപ്പണിക്കർ കോപത്തോടുകൂടി തന്റെ വാളുയർത്തിപ്പിടിച്ചു സുകുമാരന്റെ നേൎക്കു പാഞ്ഞെത്തി. സുകുമാരൻ കൂസൽകൂടാതെ ഓടിവരുന്ന ഭൃത്യനെ നോക്കി "എടാ, മൂഢ! നില്ക്കവിടെ" എന്നു പറഞ്ഞു. ഈ വാക്കു കേ

ട്ടു പണിക്കർ സുകുമാരൻെറ മുഖത്തു നോക്കി. ഉയൎത്തി പ്പിടിച്ചിരുന്ന വാൾ പെട്ടെന്നു നിലത്തു പതിച്ചു. ദേഹ മാസകലം വിയൎത്തു. അയാൾ അരയാലിലപോലെ കിടുകിടെ വിറച്ചു. സുകുമാരൻ പണിക്കരോടു "നിൻെറ പ്രവൃത്തിദോഷംകൊണ്ടു് എജമാനനു് ഈ ഗതി സംഭവിച്ചു. നിനക്കിനി ജീവനോടുകൂടി ഇരുന്നാൽക്കൊള്ളാമെന്നുണ്ടെങ്കിൽ നിൻെറ ആൾക്കാരെയെല്ലാം മടക്കി അയച്ചു, ഉടനെ നാടുവിട്ടു പോയിക്കൊൾക" എന്നു പറഞ്ഞു. സുകുമാരൻെറ വാക്കു കേട്ടു പണിക്കർ എന്തു ചെയ്യേണ്ടു എന്നറിയാതെ സ്തബ്ധനായി നിന്നുപോയി. സുകുമാരൻ "നിന്നോടല്ലേ പോകുവാൻ പറഞ്ഞതു്?" എന്നു പറഞ്ഞു പണിക്കരുടെ കഴുത്തിൽ പിടിച്ചു വാതുക്കലോളം തള്ളിക്കൊണ്ടുപോയി കോണിപ്പടി ഒന്നായി ഇറക്കി വിട്ടു.

കേശവപ്പണിക്കർ താഴത്തു വീണ വാളെടുക്കാതേയും യാതൊരക്ഷരവും മിണ്ടാതേയും സുകുമാരനെത്തന്നെ നോക്കി നില്ക്കുമ്പോഴാണു് സുകുമാരൻ ഈ പ്രവൃത്തി നടത്തിയതു്. 'ശടപട' എന്നു കോണിപ്പടിയിൽനിന്നു താഴത്തു എത്തിക്കൂടുമ്പോൾ കാലിന്നു ഒരു ഉളുക്കു പററിയതിനേയും വകവെക്കാതെ തൻെറ ആൾക്കാരെയെല്ലാം എന്തോ പറഞ്ഞു സമാധാനപ്പെടുത്തി അയച്ചതിൻെറ ശേഷം പണിക്കർ എജമാനൻ കയറി വന്നിരുന്ന കുതിരപ്പുറത്തു കയറി പോകുമ്പോഴാണു മുൻപറഞ്ഞപ്രകാരം ഖലാസുകന്മാരുടെ കയ്യിൽ പെട്ടതു്. ഇനി ബീറാംഖാൻെറ പ്രേതത്തെക്കുറിച്ചും അല്പം വിവരിക്കാം.

കേശവപ്പണിക്കരെ തള്ളി അയച്ചതിൻെറശേഷം

സുകുമാരൻ ഭാരതിയെ നോക്കി, “അല്ലയോ സാദ്ധ്വി! ഞാൻ ഇനി ഇവിടെ നില്ക്കുന്നതു ഉചിതമല്ല. ഭവതിയുടെ ഭർത്താവു വരുന്നുണ്ടെന്നല്ലേ കേട്ടത്. ആയതുകൊണ്ടു ഞാൻ വേഗം പുറത്തു പോയിക്കളയാം. നിങ്ങൾ നിരക്ഷി രന്ന്യായേന ദാമ്പത്യസുഖം അനുഭവിച്ചു വളരെക്കാലം സു ഖിച്ചിരിക്കുവിൻ” എന്നു് ആശീർവ്വാദവചനത്തോടുകൂടി യാത്രപറഞ്ഞു വാതുക്കലോളം എത്തി. അപ്പോൾ ഭാര തി “സുകുമാരാ, ഇതെന്തന്ന്യായമാണു് അങ്ങു പ്രവർത്തി ക്കുന്നതു്? ഈ കിടക്കുന്നതിനെ മറന്നുവോ? ഭർത്താവിനോ ടു ഞാനെന്താണു പറയേണ്ടതു്? ഇതൊന്നുമോർക്കാതെ ഭ വാൻ പോകുന്നതു് ഉചിതമാണോ?” എന്നു ചോദിച്ചു.

വാതിലോളം എത്തിയ സുകുമാരൻ പിന്നാക്കം തി രിഞ്ഞു ഭാരതിയെ നോക്കി കുറച്ചു നേരം ആലോചനാമ ഗ്നനായി നിന്നു. “ഭദ്രേ! ഭവതി പറഞ്ഞതു ശരിയാണു്. ഭർത്താവു് അടുത്തു വന്നുതുടങ്ങി. വേറെ വഴിയൊന്നും കാണുന്നില്ല. മാനരക്ഷാർത്ഥവും ആത്മരക്ഷാർത്ഥവും ഇ വിടെ ഒരു പൊടിക്കൈ പ്രയോഗിക്കാതെ തരമില്ല. ഞാൻ പറയുന്നതിനെ അനുകരിച്ചു ഭവതി പ്രവർത്തിക്ക ണം” എന്നു് അവളോടു ഉപദേശിച്ചു് അവളെ ചാ യ്പിലേക്കു പറഞ്ഞയച്ചു ഉയർത്തിപ്പിടിച്ച വാളോടുകൂടി വാതുക്കൽ ഒരു രക്ഷകൻെറ നിലയെ അനുകരിച്ചു സുകു മാരൻ നിന്നു. അപ്പോഴക്കം കരുണാകരൻനായരും അറ യുടെ വാതിൽ തുറന്നു് അകത്തേക്കു പ്രവേശിച്ചു.

താൻ ഉദ്ദേശിച്ചിരുന്നതുപോലെ ഒരന്ന്യപുരുഷനെ അറയ്ക്കുള്ളിൽ കണ്ടപ്പോൾ കരുണാകരൻ നായക്കു കോ

ഷം സഹിക്കവയ്യാതായി. അപരിചിതനായ ആ യുവാവിനെ അദ്ദേഹം ഇടക്കണ്ണിട്ടുനോക്കി. കരുണാകരൻനായർ അകത്തു കാലെടുത്തുവെച്ച ക്ഷണത്തിൽ സുകുമാരൻ, "നിങ്ങളാർ? ബന്ധുവോ ശത്രുവോ എന്നറിയാതെ അകത്തേക്കുള്ള പ്രവേശം അനുവദിക്കുന്നതല്ല." എന്ന് അധികാരവലിപ്പത്തോടുകൂടി പറഞ്ഞു.

ഒററക്കാൽ അറക്കുള്ളിൽവെച്ച കരുണാകരൻനായർ ഇതു കേട്ടു വെച്ച കാലിന്മേൽതന്നെ നിന്നുംകൊണ്ടു സുകുമാരനെ ഒന്നുകൂടി നോക്കി. തൽസ്സമയം സുകുമാരൻെറ മുഖത്തു വിളങ്ങിക്കൊണ്ടിരുന്ന ശൂരത ധീരനായ കരുണാകരൻനായരുടെ ഉള്ളിനേയും ഒന്നു തുള്ളിച്ചു. അപ്പോൾ ചായ്പിൽനിന്നു ഭാരതി ഓടിവന്നു "ജ്യേഷ്ഠാവേ!" എന്നു പറഞ്ഞു കരുണാകരൻനായരെ കെട്ടിപ്പിടിച്ചു. അതു കണ്ടു സുകുമാരൻ ഉയർത്തിപ്പിടിച്ചിരുന്ന വാൾ കീഴ്പ്പോട്ടു താഴ്ത്തി ഒരു ഭാഗത്തേക്കു വിനീതനായി മാറിനിന്നു. കരുണാകരൻനായർ പ്രകൃതമൊന്നും മനസ്സിലാവാതെ നില്ക്കുന്ന സമയത്തു നിലത്തു കിടക്കുന്ന ആ പ്രേതത്തെക്കണ്ടു. അദ്ദേഹം പരിഭ്രമത്തോടുകൂടി അടുത്തു ചെന്നു നോക്കിയപ്പോൾ ആശ്ചര്യത്തോടെ "അല്ലാ, ബീറാംഖാൻ! മന്ത്രിപുത്രൻ!" എന്നു പറഞ്ഞു ഭാരതിയെ ഒന്നു നോക്കി. ഭാരതി കിടുകിടെ വിറച്ചു യാതൊരക്ഷരവും ഉച്ചരിക്കുവാൻ നാവനങ്ങാതെ നിന്നുപോയി. "ഇതെങ്ങിനെ സംഭവിച്ചു. ഇദ്ദേഹം ആരാണ്?" എന്നു ഭാരതിയോടു ചോദിച്ചതിന്നു ഭാരതി സുകുമാരനെ ഒന്നു നോക്കി.

ഭാരതിയുടെ ആശയത്തെ നോട്ടംകൊണ്ടറിഞ്ഞ സുകുമാരൻ കരുണാകരൻനായരോട്, "പ്രഭോ! നിങ്ങളുടെ ചോദ്യത്തിന്നു മറുപടി ഞാൻ പറഞ്ഞുതരാം. അവൾ ഭയപ്പെട്ടിരിക്കുന്നു. ഇപ്പോൾ സംസാരിക്കുവാനുംകൂടി ശക്തിയുണ്ടായിട്ടില്ല. എന്റെ പേരു മുതലായതു പിന്നീടറിയിച്ചുകൊള്ളാം. ഇപ്പോൾ ഇവിടെ നടന്ന സംഭവത്തെപ്പറ്റി എനിക്കറിവുള്ളിടത്തോളം അറിയിച്ചുകൊള്ളട്ടെ. ഞാൻ ഒരു അന്യരാജ്യക്കാരൻ ഇദംപ്രഥമമായി ഈ നാടു കാണുവാൻ ഇന്നു വന്നതാണ്. ഈ പട്ടണത്തിലെത്തിയപ്പോൾ രാത്രി മണി പന്ത്രണ്ടടിച്ചുകാണും. ഞാൻ ചോദിച്ചപ്പോൾ എന്റെ വണ്ടിക്കാരൻ "ഇതിലെ കിഴക്കോട്ടു പോയാൽ നിങ്ങൾക്കു താമസിക്കുവാൻ സൌകൎയ്യപ്പെട്ട സ്ഥലം കിട്ടു"മെന്നുപറഞ്ഞു വണ്ടിയുംകൊണ്ടവൻ പോയി. ഞാനേകൻ, രാത്രിസമയം, അപരിചിതമായ സ്ഥലം! അയാൾ കാണിച്ചുതന്ന വഴിയിൽക്കൂടി കുറെ ചെന്നു നോക്കി. എല്ലാ ഇടങ്ങളിലും വാതിൽ ബന്ധിക്കപ്പെട്ടിരുന്നു. ചില ദിക്കുകളിൽ മുട്ടിവിളിച്ചുനോക്കി. എല്ലാം നിശ്ശബ്ദം. ഇനി എന്താണു ചെയ്യേണ്ടതു്. എവിടെക്കാണു പോകേണ്ടതു്. ഈ രാത്രിശേഷം എങ്ങിനെ കഴിച്ചുകൂട്ടും. ഇങ്ങിനെ ഓരോന്നു വിചാരിച്ചു പിന്നേയും കുറെ നടന്നുനോക്കി. അപ്പോൾ ഒരു തരുണിയുടെ ആൎത്തസ്വരം എന്റെ ശ്രവണേന്ദ്രിയങ്ങൾക്കു ലക്ഷീഭവിച്ചു. ഈ അസമയത്തു ഇങ്ങിനെ ഒരു രോദനം കേൾപ്പാൻ കാരണമെന്തെന്നു വിചാരിച്ചു നാലു പാടും നോക്കി. അപ്പോൾ ഈ മാളികയുടെ ജനവാതുക്കൽക്കൂ

ടി ഒരു ദീപപ്രഭ പുറത്തേക്കു പ്രകാശിക്കുന്നതായി കണ്ടു.
തുടരെത്തുടരെ ആൎത്തധ്വനി ഘനമായി കേട്ടുതുടങ്ങി.
അതും ഈ അറയിൽനിന്നാണു പുറപ്പെടുന്നതെന്നു തോ
ന്നി. ഞാൻ കുറച്ചുനേരംകൂടി അവിടെത്തന്നെ നിന്നു.
രോദനം നിലച്ചില്ല. "ഭൎത്താവില്ലാതെകണ്ടുള്ള ഈ അ
സമയത്തു് എന്നെ ഇവൻ ബലാൽക്കാരംചെയ്യാൻ തു
നിയുന്നുവല്ലോ. ഹാ! ദൈവമേ! എനിക്കാരാണു ഒരു
ഗതി. ഇവിടത്തെ കാവൽക്കാരുംകൂടി ചത്തുപോയോ?"
എന്ന ശബ്ദം വിരളമായി കേട്ടപ്പോൾ ആ ജനാലയ്ക്കലേ
ക്കു് ഒന്നുംകൂടി സൂക്ഷിച്ചുനോക്കി. അറയ്ക്കുള്ളിൽ അങ്ങോ
ട്ടും ഇങ്ങോട്ടും ഒരു സ്ത്രീയും ഒരു പുരുഷനും വട്ടംചുററി ഓ
ടുന്നതായി കണ്ടു. ഇവിടെ എന്തോ ഒരു ബലാൽക്കാരം
നടക്കാൻ പോകുന്നു; ഇതിനെ കണ്ടു് ഉപേക്ഷിച്ചുപോ
കുന്നതു് ഉചിതമല്ല. എന്നു വിചാരിച്ചു് അവിടുന്നു് ഒ
രൊററക്കുതിയാലെ മതിൽ ചാടിക്കടന്നു് ഈ മാളികയു
ടെ പിൻഭാഗത്തു് എത്തി. ദൈവാധീനംകൊണ്ടു വാ
തിൽ തുറന്നിരുന്നു. ചുവട്ടിൽ വിളക്കും ഉണ്ടായിരുന്നു.
നിഷ്പ്രയാസം ഇവിടെ എത്തി. ഈ സമയത്തു വ്യാഘ്രം
ഒരു പശുവിനെ എന്നപോലെ ഈ നരാധമൻ ഈ യുവ
തിയുടെ തലമുടി ചുററിപ്പിടിച്ചു നിലത്തോളം താഴ്ത്തി
"എന്റെ ഇഷ്ടം നീ സാധിപ്പിക്കുമോ, ഇല്ലയോ? ഇതു് ഒ
ടുക്കത്തെ വാക്കു്. അല്ലെങ്കിൽ ഇതാ ഈ വാളു്" എന്നു്
പറയുന്ന വാക്കു കേട്ടു് ഇവൾ "ഞാൻ മരിച്ചാലും ശരി.
ഇതനുസരിക്കുന്നതല്ല" എന്നു ഖണ്ഡിച്ചു പറകയാൽ ഇ
വൻ ആ കിടക്കുന്ന വാളുയൎത്തി ഇവളെ വെട്ടുവാൻ തുനി

ഞ്ഞു. തൽസമയം ഞാൻ പെട്ടെന്ന് ഈ അറസ്കുള്ളിൽ കടന്ന് എന്റെ കഠാരികൊണ്ട് ഇവനെ ഒരു കുത്തു കുത്തി. അവൻ മറിഞ്ഞുവീണു. ഇവർ ബോധമററും വീണു. ഞാൻ ഇവളെ ബോധപ്പെടുത്തേണ്ടതിലേക്കു ചില ശീതോപചാരങ്ങൾ ചെയ്തു. അപ്പോൾ കോണിപ്പടി കയറിവരുന്ന ശബ്ദം കേട്ടു. ഇവന്റെ കൂട്ടകാരുടെ വരവായിരിക്കാമെന്നു ശങ്കിച്ച് വാളൂരിപ്പിടിച്ചു നിന്നതാണ്. ആ ആഗമനം ഭവാന്റെ ആയതുകൊണ്ട് എന്റെ ചുമതലയെല്ലാം തീൎന്നു. ഇതാണ് ഇവിടെ നടന്ന സംഭവങ്ങളുടെ ചുരുക്കം'' എന്നറിയിച്ചു.

സുകുമാരന്റെ ഈ വാക്കുകൾ കേട്ട കരുണാകരൻ നായർ ഒരു മരപ്പാവപോലെ നിശ്ചേഷ്ടനായി നിന്നുപോയി. ഭാരതി അദ്ദേഹത്തെ കെട്ടിപ്പിടിച്ചുകൊണ്ട് "ആ സമയത്ത് ഈ മഹാശയൻ വന്നെത്തിയില്ലെങ്കിൽ എന്റെ കഥ എന്തായിരിക്കും? നിങ്ങൾ പോയി പത്തുമിനിട്ടു കഴിയുമ്പോഴക്കം ഈ ദുഷ്ടൻ വന്നു പലപ്രകാരത്തിലും എന്നെ സ്വാധീനപ്പെടുത്തുവാൻ യത്നിച്ചു. ഞാൻ സമ്മതിക്കില്ലെന്നു കണ്ട് അവൻ എന്നെ വെട്ടിക്കൊല്ലുവാൻ ശ്രമിച്ചു. ആ സമയത്ത് ഈശ്വരൻതന്നെ ഈ നില്ക്കുന്ന മനുഷ്യരൂപമവലംബിച്ച് അശരണയായ എന്നെ രക്ഷിച്ചതാണ്'' എന്നു വിനീതയായി പറഞ്ഞു.

കരുണാകരൻനായർ ഒരു ദീൎഘശ്വാസത്തോടുകൂടി "എല്ലാം ദൈവസങ്കല്പം! ഇങ്ങിനെവരുമെന്നാരു കണ്ടു?'' എന്നു ഭാരതിയെ സമാധാനപ്പെടുത്തി സുകുമാരനെ നോക്കി.

കരുണാകരൻനായർ—മഹാനുഭാവ! പ്രത്യക്ഷേശ്വര
സ്വരൂപനായ ഭവാനു വന്ദനം. ഇവളുടെ മാനത്തേ
യും ജീവനേയും എന്നു മാത്രമല്ല, എന്റെ മാനത്തേ
യുംകൂടി രക്ഷിച്ച അങ്ങയോടു ഞാൻ ഏറ്റവും കട
പ്പെട്ടിരിക്കുന്നു. ഇതിനു തക്കതായ പ്രത്യുപകാരം
ചെയ്യുവാൻ എന്നാൽ സാധിക്കുമോ എന്നു സംശയമാ
ണ്. നിങ്ങളാരാണെന്നും ഏതു നാട്ടുകാരനാണെന്നും
അറിഞ്ഞാൽക്കൊള്ളാം.

സുകുമാരൻ—ഈ കുത്തേറ്റുകിടക്കുന്ന ആൾ മന്ത്രിപുത്ര
നാണെന്നു നിങ്ങൾ പറഞ്ഞ സ്ഥിതിക്കു എന്റെ ഊ
രും പേരും പറയുന്നതു് എനിക്കു് അപായകരമാണെ
ന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ആയതുകൊണ്ടു്
എന്നോടു നന്ദി പറവാനോ മറ്റോ നിങ്ങൾ തുനിയാ
തെ എന്നെ പോവാനനുവദിക്കുക. നിങ്ങൾ സുഖമാ
യിരിക്കുവിൻ! എന്റെ ഈ രാജ്യപ്രവേശം ദുരാചാരനി.
വാരണമായിത്തുടങ്ങുകയാൽ ഞാൻ ഏറ്റവും കൃതകൃ
ത്യതയെ പ്രാപിച്ചിരിക്കുന്നു. നിങ്ങൾക്കു വന്ദനം. ഞാ
നിതാ പോകുന്നു

ഭാരതി യാതൊരക്ഷരവും മിണ്ടാതെ കീഴ്പോട്ടു നോ
ക്കി നിന്നതേയുള്ളൂ.

കരുണാകരൻനായർ—ക്ഷമിക്കൂ; രണ്ടുദിവസം കഴിഞ്ഞു
പോയാൽ മതി. ഇപ്പോൾ പെട്ടെന്നു നിങ്ങൾ പോകു
ന്നതു് എനിക്കു് ഏറ്റവും സന്താപകരമാണ്.

സുകുമാ—അതു സാരമില്ല. ഞാൻ ഇവിടെ ഇപ്പോൾ

താമസിച്ചാൽ ഇതിലധികം ഞാൻ സന്താപപ്പെടേണ്ടിവരും.

കരുണാ—ഇന്നല്ലെങ്കിൽ ഇനിയൊരിക്കലെങ്കിലും നിങ്ങൾ ഇവിടെ വന്ന് എന്റെ ലഘുവായ ആതിത്ഥ്യത്തെ സ്വീകരിച്ചാൽക്കൊള്ളാമെന്ന് അപേക്ഷിക്കുന്നു.

അങ്ങിനെ ആവാമെന്നു പറഞ്ഞു സുകുമാരൻ വാതിൽക്കലോളം ചെന്നു. അപ്പോൾ അയാളുടെ മനസ്സിൽ എന്തോ ഒരു വിചാരം ജനിച്ചു. പെട്ടെന്നു പിന്തിരിഞ്ഞുനിന്ന്, "പ്രഭോ! ഞാനൊന്ന് അപേക്ഷിച്ചുകൊള്ളുന്നു. ആ അപേക്ഷ നിങ്ങൾക്കും എനിക്കും ഗുണകരമായിരിക്കകൊണ്ട് അതു സാധിപ്പിച്ചുതന്നാൽക്കൊള്ളാം" എന്നു സുകുമാരന്റെ വാക്കു കേട്ട് കരുണാകരൻനായർ "നിങ്ങളുടെ അപേക്ഷ എന്തായാലും സാധിപ്പിച്ചുതരുവാൻ ഞാനൊരുക്കമാണ്" എന്നു മറുവടി പറഞ്ഞു. ഇതു കേട്ടു സുകുമാരൻ "ഈ കിടക്കുന്ന പ്രേതം ഇവിടെ കിടന്നാൽ നമുക്കു രണ്ടുപേൎക്കും ദോഷം സംഭവിക്കുവാനിടയുണ്ട്. ആയതുകൊണ്ട് ഇതിനെ ഞാൻ കൊണ്ടുപോകുന്നു" എന്നഭിപ്രായപ്പെട്ടതോടുകൂടി കരുണാകരൻനായർ യോജിച്ചു. സുകുമാരൻ ആ പ്രേതത്തെ ഒരു പഞ്ഞിപോലെ നിഷ്പ്രയാസം എടുത്തുകൊണ്ടു കരുണാകരൻനായരോടു യാത്രപറഞ്ഞു പോയി. അയാൾ അതിനെ മുൻവിവരിച്ച പാലത്തിന്റെ ചുവട്ടിൽ ഇട്ടതാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്തായാലും ആ കേസ്സ് അങ്ങിനെ തള്ളിപ്പോയി.

—ooooo—

# പതിനേഴാമദ്ധ്യായം.

## സമാപ്തി.

കരുണാകരൻനായക്കും ഭാരതിക്കും അന്നു തിരെ ഉറക്കമുണ്ടായില്ല. അവർ അന്നു നടന്ന സംഭവത്തെക്കുറിച്ച് ഓരോന്നു പറഞ്ഞുംകൊണ്ടു രാത്രിശേഷം കഴിച്ചുകൂട്ടി. നേരം വെളിച്ചമായി. എന്നിട്ടും ഭാരതിവിലാസത്തിലെ കാവൽക്കാരും പരിചാരകന്മാരും ഉണൎന്നിട്ടില്ല. കരുണാകരൻനായർ മാളികമുകളിൽനിന്നു താഴത്തിറങ്ങിവന്നു. അപ്പോൾ പരിചാരകന്മാരെ ആരേയും കണ്ടില്ല. "ഇവരെല്ലാം എങ്ങോട്ടു പോയി. ഇവിടെ യാതൊരു പ്രവൃത്തിയും കഴിഞ്ഞിട്ടില്ലല്ലോ" എന്നു വിചാരിച്ചു കരുണാകരൻനായർ ചിലരെ വിളിച്ചു. ആരും മിണ്ടുന്നില്ല. എല്ലാം നിശ്ശബ്ദം. അദ്ദേഹം അവരുടെ കിടപ്പുസ്ഥലങ്ങളിൽ ചെന്നു നോക്കി. എല്ലാവരും മരത്തടിപോലെ കിടക്കുന്നു. നല്ല ഉറക്കം. കരുണാകരൻനായർ അവരെ വിളിച്ചിട്ടും ഉറക്കമുണരുന്ന വട്ടം കാണ്മാനില്ല. അദ്ദേഹം അടുത്തുണ്ടായിരുന്ന വെള്ളംകൊണ്ട് അവരുടെ പ്രാതഃസ്നാനം കഴിപ്പിച്ചു. അപ്പോൾ അവരുടെ ഉറക്കം തെളിഞ്ഞു. അവർ പിടഞ്ഞെണീറ്റു നോക്കിയതു കരുണാകരൻനായരെയാണ്. നേരമോ ഉദിച്ചിരിക്കുന്നു. ആകപ്പാടെ അവർ വല്ലാതെ പരിഭ്രമിച്ചുപോയി. ഇവരുടെ പരിഭ്രമം കണ്ടു കരുണാകരൻനായർ ഗൌരവത്തോടെ "ഇതെന്താ ഇങ്ങിനെ ഒരു ഉറക്കത്തിനു കാരണം?" എന്നു ചോദിച്ചതിന്ന് "എജമാനനേ! ഇന്നലെ സന്ധ്യക്ക

കേശവപ്പണിക്കർ ഞങ്ങൾക്കു കുറച്ചു പലഹാരം കൊണ്ടു വന്നു തന്നു. ഞങ്ങൾക്കു കിടക്കാറാവുമ്പോഴേ അതു തിന്നുവാൻ തരമായുള്ളു. അതു തിന്നു കിടക്കുവാൻ ഭാവിച്ചപ്പോൾ ഇന്നലെ വന്നിരുന്ന വിരുന്നുകാർ കുറെ സൎവ്വത്തും ഞങ്ങൾക്കു സൽക്കരിച്ചു. അതും കഴിച്ചു കിടന്നതു മാത്രം ഓൎമ്മയുണ്ടു്" എന്നവർ പറഞ്ഞതു കേട്ടു കരുണാകരൻനായർ കുറച്ചാലോചിച്ചു് "ആട്ടെ നിങ്ങളുടെ ജോലി നോക്കുവിൻ" എന്നു മാത്രം പറഞ്ഞു പോയി.

"അമ്പടാ! അവന്റെ നോട്ടം എവിടംവരെ എത്തിയിരിക്കുന്നു. ആ പലഹാരത്തിൽ മയക്കമരുന്നു കൂട്ടിട്ടുണ്ടു്; സംശയമില്ല. അതോടുകൂടി സൎവ്വത്തും ചേൎന്നപ്പോൾ പിന്നെ പറയേണ്ടതില്ലല്ലോ. ഇവരെ ഇങ്ങിനെ മയക്കാതിരുന്നാൽ അയാളുടെ ഉദ്ദേശത്തിന്നു വിഘാതം ഭവിക്കുമല്ലോ. അയാളെവിടെപ്പോയി? ആ വിവരമൊന്നും മറ്റെയാൾ പറഞ്ഞില്ലല്ലോ. ഒരു പക്ഷേ എജമാനന്റെ അവസ്ഥ അറിഞ്ഞപ്പോൾ അയാൾ ചാടിപ്പോയി എന്നും വരാം. മറ്റെ വഴിപോക്കരോ? അവരേയും കാണ്മാനില്ലല്ലോ. അവരെപ്പോൾ പോയി? അവരിവിടെ ഉള്ള സ്ഥിതിക്കു് അവൎക്കു് ഈ ലഹള കേൾക്കാതിരിപ്പാൻ കാരണമെന്തു്? ഒരു സമയം അവരും ഇവന്റെ (കേശവപ്പണിക്കരുടെ) കൂറുകാരിൽ പെട്ടവർതന്നെയോ. ഒ! ശരി സംശയമില്ല. അതു വാതിൽ തുറന്നുകിട്ടേണ്ടതിലേക്കുള്ള ഉപായമാണു്. ഹാ! എന്തെല്ലാം വിധത്തിൽ അവൻ വല വീശിനോക്കി! എന്തെങ്കിലും ഇന്നലത്തെ ആ ധീരപുരുഷനെ കണ്ടന്വേഷിക്കണം. ഇങ്ങിനെ ഒരു ചെറുപ്പ

ക്കാരനെ ഇതിന്നു മുമ്പു ഞാൻ കണ്ടിട്ടില്ല. എന്തൊരു ശ്രൂരത! എന്തൊരു വിനയം! അദ്ദേഹത്തെക്കണ്ടു രണ്ടു വാക്കു സംസാരിക്കാതിരിപ്പാൻ എന്റെ മനസ്സു സമ്മതിക്കുന്നില്ല. അദ്ദേഹമില്ലായിരുന്നു എങ്കിൽ ഇന്നലത്തെ കഥ എന്തായിരിക്കും?" ഇങ്ങിനെ ഓരോന്നു വിചാരിച്ചു കരുണാകരൻനായർ ദേഹശുദ്ധിമുതലായതു കഴിച്ചു മാളികയിൽ വന്നിരുന്നു. അപ്പോൾ മണി എട്ടടിച്ചുകാണും. ഒരു വാലിയക്കാരൻ മുകളിൽച്ചെന്നു "എജമാനനെക്കാണാൻ ആരൊ ഒരാൾ ചോട്ടിൽ വന്നിട്ടുണ്ട്" എന്നു പറഞ്ഞു. "ചായ വേഗം തയ്യാറാക്കു" എന്നു പറഞ്ഞു താഴത്തു വന്നപ്പോൾ പോലീസ്സിൻസ്പെക്ടർ കോലായിൽ നിൽക്കുന്നതു കണ്ടു കരുണാകരൻനായരുടെ ഉള്ളൊന്നു നടുങ്ങി. "ഇദ്ദേഹം എന്താണ് ഇപ്പോൾ വരുവാനുള്ള കാരണം? എന്തെങ്കിലുമാവട്ടെ" എന്നു വിചാരിച്ചു കരുണാകരൻനായർ ഇൻസ്പെക്ടർക്ക് മര്യാദപോലെ വന്ദനം ചെയ്തു "സീററു" കൊടുത്ത് ഇരിക്കാമെന്നു പറഞ്ഞു. ഇൻസ്പെക്ടർ പ്രതിവന്ദനം ചെയ്തു ഇരുന്നു. കരുണാകരൻനായർ അടുത്തു നില്ക്കുന്ന വാലിയക്കാരനെ ഒന്നു നോക്കി. ഇംഗിതജ്ഞനായ ഭൃത്യൻ അകത്തു ചെന്നു ചായ പലഹാരം മുതലായതു രണ്ടു പാത്രങ്ങളിലാക്കിക്കൊണ്ടു വന്നു മേശമേൽ വെച്ചു. കരുണാകരൻനായർ ഇൻസ്പെക്ടരെ നോക്കി "ചായ കഴിക്കാം" എന്നു പറഞ്ഞു. ഇൻസ്പെക്ടർ ചായ കഴിച്ചുതുടങ്ങി. കരുണാകരൻനായരും ഇരുന്നു ചായ കഴിച്ചു. രണ്ടുപേരും ചായ കഴിച്ചതിന്റെശേഷം ഓരോ വർത്തമാനം പറഞ്ഞുതുടങ്ങി.

കരുണാ—ഇതെന്തൊരത്ഭുതമാണ്? ഇങ്ങിനെ കണ്ടിട്ടില്ലല്ലോ. എന്തേ, ഇന്നു വഴി പിഴച്ചുപോയതു്?

ഇൻസ്പെ—ഞാൻ ഒരു കാൎയ്യം കൂടാതെ ഒരു ദിക്കിലേക്കും പോകാറു പതിവില്ല. ഇന്നു നിങ്ങളെ കണ്ടിട്ടു് ഒരു കാൎയ്യമറിവാനുണ്ടു്. അതുകൊണ്ടിങ്ങോട്ടുവെച്ചു.

ഇൻസ്പക്ടരുടെ വാക്കുകൊണ്ടു കരുണാകരൻ നായക്കു് ഒരു ശങ്ക തോന്നി. "മടിയിൽ കനമുണ്ടെങ്കിൽ വഴിയിൽ ഭയമുണ്ടു്." അവിടെവെച്ചു രാത്രി ഒരു സംഭവം നടന്നിരിക്കു—വെളിച്ചമാവുമ്പോഴക്കും ഇൻസ്പക്ടരുടെ വരവു്—അതിലും വെച്ചു തന്നെക്കണ്ടു് അറിയേണ്ടതായ കാൎയ്യമുണ്ടെന്നു് അദ്ദേഹം തുറന്നു പറകയും കൂടി ചെയ്കപ്പോൾ എല്ലാം തികഞ്ഞു. സാധാരണ ഒരുവനാണെങ്കിൽ ഇത്രയും സംഗതികളെക്കൊണ്ടു തല ചുററി വീണുപോകാതിരിക്കയില്ല. ധീരചിത്തനായ നമ്മുടെ കഥാനായകനു് ഇതുകൊണ്ടൊന്നും പരിഭ്രമമുണ്ടായില്ല. ഉള്ളിലൊരു ശങ്കയുണ്ടായി എന്നല്ലാതെ അതിനെ മുഖത്തു പ്രകാശിപ്പിച്ചില്ല. അദ്ദേഹം സുധീരമാകുംവണ്ണമാണു് ഇൻസ്പക്ടരോടു് സംസാരിച്ചിരുന്നതു്.

കരുണാ—ഏതെങ്കിലും വളരെ സന്തോഷമായി. എന്നെക്കൊണ്ടു് എന്താണു സാധിക്കേണ്ടതു് എന്നു പറഞ്ഞാൽ അതിന്നു ഞാൻ തയ്യാറാണു്.

ഇൻ—അതിരിക്കട്ടെ, നിങ്ങൾ ഇന്നലെ രാത്രി വണ്ടിക്കു വിജയനഗരത്തിലേക്കു പോകുന്നുവെന്നു കേട്ടുവല്ലോ.

കരുണാ—കേട്ടതു ശരിയാണ്. പുറപ്പെടുകയുണ്ടായി. പക്ഷേ വണ്ടി തെററിപ്പോയി.

ഇൻ — നിങ്ങളെപ്പോഴാണ പോയതും മടങ്ങിയതും?

കരുണാകരൻ നായക്ക് ഇദ്ദേഹത്തിൻെറ ചോദ്യങ്ങളുടെ ഉദ്ദേശം മനസ്സിലായിട്ടില്ല. ഉള്ളിലൊന്നിരിക്കുമ്പോൾ ബാക്കിയെല്ലാം അതിനെ പിൻതാങ്ങുന്നതായി തോന്നും. കാഞ്ഞവെള്ളത്തിൽ ചാടിയ പൂച്ച പച്ചവെള്ളം കാണുമ്പോൾ ഭയപ്പെടുമല്ലോ "വരുന്നതു വരട്ടെ; നമ്മുടെ ഭാഗത്തു സത്യമുണ്ടല്ലോ" എന്നു സമാധാനിച്ചു.

കരുണാ — പുറപ്പെട്ടപ്പോൾ ഏകദേശം ഒന്നാമണിയായി. രണ്ടരക്കു മുമ്പു മടങ്ങുകയും ചെയ്തു.

ഇൻ — നിങ്ങൾ ഏതു വഴിക്കാണ പോയതു്? മടങ്ങി പോന്നതു ഏതു വഴിക്കാണ്?

കരുണാ — (കുറച്ചാലോചിച്ചു്) ഞാൻ നാലുംകൂടിയെടുത്തുകൂടി പോകണമെന്നാണ് ഏർപ്പാട് ചെയ്തിരുന്നതു്. പക്ഷേ പുറപ്പെടുവാനല്പം വൈകിയതുകൊണ്ടു പോയതും വന്നതും പടിഞ്ഞാറെ തെരുവിൽ കൂടിയാണ്.

ഇൻസ്പെക്ടർ ഒന്നു ചിരിച്ചു. കരുണാകരൻ നായർ "സാർ എന്താ ചിരിച്ചതു്?" എന്നു ചോദിച്ചു. ഒന്നുമില്ലെന്നു് ഇൻസ്പെക്ടർ മറുപടിപറഞ്ഞു. "ഉം എന്താ എൻെറ പോക്കുവരവിൽ ചിരിക്കത്തക്കവണ്ണം വിശേഷമുള്ളതു്." എന്നു കരുണാകരൻ നായർ പിന്നെയും ചോദിച്ചു. "അതു പിന്നെപ്പറയാം. നിങ്ങളുടെ പൂർവ്വവൃത്താന്തമെല്ലാം എനിക്കിന്നലെയല്ലേ മനസ്സിലായുള്ളൂ." എന്നു ഇൻസ്പെക്ടർ പറഞ്ഞു.

കരുണാ — എന്റെ ഏതു പൂൎവ്വവൃത്താന്തം?

ഇൻ — പട്ടാളത്തിലിരുന്ന കാലത്തെ വൃത്താന്തം.

കരുണാ — ഈ ചോദ്യങ്ങളുടെ ഉദ്ദേശമൊന്നും എനിക്കു മനസ്സിലാകുന്നില്ല.

ഇൻസ്പെക്ടർ സാവധാനത്തിലോരോ തന്ത്രോക്തികളെക്കൊണ്ടു കരുണാകരൻ നായർ പട്ടാളം വിട്ടു പിരിയാനുള്ള കാരണവും മേലധികാരിയുടെ രസക്ഷയവും മറ്റും മനസ്സിലാക്കി. പിന്നീട് ഇങ്ങിനെ ചോദിച്ചു.

ഇൻ — നിങ്ങൾ കഴിഞ്ഞ മാസം പത്താം തിയ്യതി വിജയനഗരത്തിൽനിന്നു മദ്രാസ്സിലേക്കു പോകുന്ന മെയിൽ വണ്ടിയിലുണ്ടായിരുന്നുവോ?

കരുണാ — ഉവ്വ്; അന്നു വണ്ടിക്കാണ് ഞാൻ മടങ്ങിയതു്.

ഇൻ — നിങ്ങളിരുന്നിരുന്ന കമ്പാർട്ടുമെണ്ടിൽ പിന്നെ ആരെല്ലാമുണ്ടായിരുന്നു?

കരുണാ — എന്റെ രണ്ടു സ്നേഹിതന്മാരും, രണ്ടു് ഉദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നു.

ഇൻ — അന്നു് ആ വണ്ടിയിൽവെച്ചു് ഒരു കൊല നടന്നതു നിങ്ങളിരുന്നിരുന്ന അടുത്ത കമ്പാർട്ടുമെണ്ടിൽ തന്നെയാണോ?

ഇച്ചോദ്യം കേട്ടപ്പോൾ കരുണാകരൻനായർ ഇതെന്തിനുള്ള പുറപ്പാടാണെന്നു മനസ്സിലാകാതെ അല്പം പരിഭ്രമിച്ചു. പോല്ലീസ്സുഡിപ്പാർട്ടുമെണ്ടുകാർ നേരംപോക്കിന് കാൎയ്യം പറയുന്നവരാണല്ലോ. ഇതോടു് എനി

ക്ക യാതൊരു ബന്ധവുമില്ലെങ്കിലും മേലധികാരിയും ഞാനും തമ്മിൽ രസക്ഷയമായിരുന്നുവെന്നും തന്നിമിത്തം സൈന്യംവിട്ടു പോന്നതാണെന്നും മററും ഇദ്ദേഹം എന്നെക്കൊണ്ടു പറയിച്ചിരിക്കുന്നു. ആ സ്ഥിതിക്കു വഴിയെ പോകുന്ന എഴരശ്ശനി ഏററുവാങ്ങുന്ന കൂട്ടത്തിലായിരിയ്ക്കുമോ? ആ കേസ്സ് ഇനിയും തെളിഞ്ഞിട്ടുമില്ല. ആകപ്പാടെ കാര്യമൊന്നും മനസ്സിലാകുന്നില്ല". ഇങ്ങിനെ ഓരോന്നു വിചാരിച്ചിരിയ്ക്കുമ്പോൾ ഇൻസ്പെക്ടർ "സാർ നിങ്ങളുതിനെപ്പററി ഇനി ഒന്നും ആലോചിക്കേണ്ടതില്ല. ഇന്നലെ രാത്രി ഇവിടെ നടന്ന സംഭവംകൊണ്ട് ആ കേസ്സും തെളിഞ്ഞിരിക്കുന്നു." എന്നു പറഞ്ഞു.

കരുണാകരൻനായരുടെ പരിഭ്രമം വർദ്ധിക്കേണ്ടതിന്ന് ആലോചന പലവഴിക്കും തിരിഞ്ഞു. ഇവിടെ നടന്ന കേസ്സുകൊണ്ട് ആ കേസ്സും തെളിഞ്ഞു എന്നല്ലേ ഇദ്ദേഹം പറഞ്ഞത്. ഇവിടെ കേസ്സുനടത്തിയതു് സുകുമാരനാണല്ലോ. വണ്ടിയിലെ കേസ്സുകാരനും അയാൾതന്നെയായിരിയ്ക്കുമോ. അതുകൊണ്ടാണു് ഇദ്ദേഹം ഇങ്ങിനെ പറവാനുള്ള കാരണം. അപ്പോൾ സുകുമാരനെ ഇവർ പിടിച്ചിരിക്കണം. ശവത്തോടുകൂടി പോയപ്പോൾ കണ്ടുമുട്ടിയതായിരിയ്ക്കാം. അതൊ ഇതെല്ലാം തകിടംമറിഞ്ഞു നമ്മുടെ നേക്കു തിരിഞ്ഞിരിക്കുമൊ ആവൊ. ഇങ്ങിനെ ഓരോന്നു വിചാരിച്ചു കരുണാകരൻനായർ ഇരിയ്ക്കുമ്പോൾ, ഇൻ—സാർ അവരെ ഒക്കെ അപ്പോൾ തന്നെ പിടിച്ച് അറസ്റ്റുചെയ്തുകഴിഞ്ഞിരിക്കുന്നു. അവരുടെ കസ്റ്റീഡ്ഡും എടുത്തു.

കരുണാ—സാർ! നിങ്ങൾ എന്നോട ചോദിച്ചിട്ടുള്ള ചോദ്യങ്ങളുടേയും, ഇപ്പോൾ പറഞ്ഞ വാക്കുകളുടേയും താല്പൎയ്യമൊന്നും എനിക്ക മനസ്സിലാകുന്നില്ല.

ഇൻ—സാർ, നിങ്ങൾക്ക മനസ്സിലാവാൻ തരമില്ല. ഇന്നലെ രാത്രി ഇവിടെ നാലുംകൂടിയേടത്തുവെച്ച് ഒരു സംഭവം നടന്നു.

കരുണാ—(അത്ഭുതത്തോടെ) എന്തു സംഭവമാണ്?

ഇൻസ്പെക്ടർ കരുണാകരൻനായൎക്ക് ആദ്യംമുതൽ അവസാനംവരേയുള്ള സകല വൎത്തമാനങ്ങളേയും പറഞ്ഞുകേൾപ്പിച്ചു. കരുണാകരൻനായരുടെ ഉള്ളിൽ ഓടിക്കൊണ്ടിരുന്ന പല വിചാരങ്ങളും തീൎന്നു എന്നു മാത്രമല്ല, ഒരത്ഭുതാശ്ചൎയ്യമുണ്ടാവുകയുംചെയ്തു. "എന്നെ മലയിൽ വെച്ച അവർ കുത്തി. അതിനുള്ള കാരണംതന്നെ എനിക്ക് ഇതേവരെ മനസ്സിലായിട്ടുണ്ടായിരുന്നില്ല. ഇപ്പോഴെല്ലാം മനസ്സിലായി. ആ കൎമ്മഫലം അവർ അനുഭവിച്ചുകൊള്ളും" എന്നു കരുണാകരൻനായർ പറഞ്ഞു.

ഇൻ—സാർ, നിങ്ങളൊന്നു വിചാരിക്കേണ്ട. സത്യം വിട്ടുപോയിട്ടില്ല. അവർ പലതവണയും ലാക്കുവെച്ചു നോക്കീട്ടും സത്യം നിങ്ങളെ രക്ഷിച്ചു. അവർ കുടുക്കിൽ പെട്ടുകയുംചെയ്തു.

കരുണാ—എല്ലാം ദൈവസങ്കല്പം.

ഇൻ—ഞാൻ ഇങ്ങോട്ടു പോന്നതിന്റെ ഉദ്ദേശം ഇത്രമാത്രമേ ഉള്ളൂ. അവർ പറഞ്ഞിട്ടുള്ളതു ശരിയാണോ എന്നറിയണം. പിഴ വേണ്ടിവന്നെങ്കിൽ നിങ്ങൾ—

കരുണാ—മനസ്സാക്ഷിക്കു വിരോധമില്ലാത്ത മട്ടിൽ എന്തു വേണമെങ്കിലും ചെയ്യാൻ ഞാൻ തയ്യാറാണ്.

ഇൻ—അനുമതി. എന്നാൽ ഞാനിപ്പോൾ പോട്ടെ. എന്നു മാത്രം പറഞ്ഞു പോയി.

കരുണാകരൻനായർ ഒരു ദീർഘശ്വാസത്തോടുകൂടി "അവ്വ. കണ്ടകശ്ശനി തീൎന്നുപോയല്ലോ. ഞാനെന്തെല്ലാമാണു സംശയിച്ചിരുന്നതു്? പകപ്പാമ്പുപോലെ ആ കള്ളന്മാർ എന്നെ ഇങ്ങിനെ എന്തിനുവേണ്ടി ദ്രോഹിക്കുവാൻ യത്നിച്ചു. ഇതുകൊണ്ടവൎക്കു എന്തുഫലം?" അദ്ദേഹം ഇങ്ങിനെ ഓരോന്നു വിചാരിച്ചുംകൊണ്ടു്, "സുകുമാരനെ അന്വേഷിച്ചുനോക്കുകതന്നെ" എന്നു തന്നെത്താൻ പറഞ്ഞു പുറത്തേക്കു പോയി.

നാലുംകൂടിയേടത്തുവെച്ചു നടന്ന സംഭവം കഴിഞ്ഞു് ഇപ്പോൾ ഏകദേശം നാലു മാസം കഴിഞ്ഞിരിക്കുന്നു. ഇതിന്നിടക്കു പോലീസ്സ് ഇൻസ്പെക്ടർ റിക്കാൎട്ടുകളോടുകൂടി പുള്ളികളെ മേജിസ്ട്രേട്ടുകോൎട്ടിലേക്കയച്ചു. അവിടെവെച്ചു പുള്ളികളെ വിസ്തരിച്ചതിൽ അവർ കുററം സമ്മതിച്ചില്ല. "പോലീസ്സുകാരുടെ ഭയംകൊണ്ടു ഞങ്ങൾ അങ്ങിനെ സമ്മതിച്ചതാണെ"ന്നും മററും പറഞ്ഞു തൎക്കിച്ചുനിന്നു. ഇൻസ്പെക്ടർ പല തെളിവുകളും ഹാജരാക്കി. സൎക്കാർ വക്കീലിന്റെ ക്രോസ്സുകൊണ്ടു പുള്ളികളിൽനിന്നു ചില ശെക്കുകൾ കിട്ടി. ഈവക തെളിവുകൾകൊണ്ടു പ്രതികളുടെ പേരിൽ മജിസ്ട്രേട്ടു് അവൎകൾ കുററപത്രം സ്ഥാപിച്ചു റിക്കാൎട്ടുകൾ സഹി

തം പുള്ളികളെ സെഷ്യൻ കോർട്ടിലേക്ക് അയയ്ക്കുകയും ചെയ്തു.

സെഷ്യൻസ് കോർട്ടിലെക്കയക്കപ്പെട്ട പുള്ളികളുടെ കയ്യിലുത്തുകൊണ്ടു ആദ്യം മലയിൽവെച്ചു കരുണാകരൻനായരെ കുത്തിയതു ധമ്മലിംഗംപിള്ളയാണെന്നും വണ്ടിയിൽവെച്ചു മേലധികാരിയെ കുത്തിയതു വേണുഗോപാലൻചെട്ടിയാരാണെന്നും നാലുംകൂടിയേടത്തുവെച്ചു കേശവപ്പണിക്കരെ കുത്തിയതു മുനസ്സാമിനായഡുവാണെന്നും തെളിഞ്ഞു. ബീറാംഖാൻെറ കൊലയെപ്പററി ഇവരോടു പോലീസ്സുകാരും മേജിസ്റ്റ്രേട്ടുകോർട്ടിലും സെഷ്യൻസ്സുകോർട്ടിലും പലപ്രകാരത്തിലും ചോദിച്ചുനോക്കി. അവരിൽനിന്നു യാതൊരു വിവരവും ലഭിച്ചില്ല. ബീറാംഖാൻെറ മരണത്തിനു ഹേതു കേശവപ്പണിക്കർ തന്നെ ആണെന്ന് എല്ലാവരും തീരുമാനപ്പെടുത്തി. അയാൾക്കുള്ള ശിക്ഷ ദൈവശിക്ഷയായി കഴിഞ്ഞിരിക്കകൊണ്ടു കോർട്ടുകൾക്ക് ആ ഭാരം കുറഞ്ഞിരിക്കുന്നു. ധമ്മലിംഗംപിള്ള മുതൽപേർ തുല്യ്യകുററക്കാരാകകൊണ്ടു സെഷ്യൻസു ജഡ്ജി ജൂറിമാരുടെ അഭിപ്രായത്തോടുകൂടി അവരെ തൂക്കിക്കൊല്ലുവാൻ വിധിക്കുകയും വിധിയിൽ പറയപ്പെട്ട കല്പദിവസംതന്നെ അവരുടെ വിധി നടത്തുകയും ചെയ്തു.

* * * * * * *

ലക്ഷ്മീപുരംപട്ടണം ആകമാനം ഒന്നിളകിവശായിരിക്കുന്നു. മഹാരാജാവിന്നു ശീലായ്മ തുടങ്ങീട്ട് ഏകദേശം ഒരു മാസത്തോളമായിക്കാണും. പല നാട്ടുവൈദ്യന്മാരും

ഡാക്ടർമാരും ചികിത്സ കൊണ്ടുപിടിച്ചു നടത്തുന്നുണ്ട്. പ്രധാനമന്ത്രിയായ ഉസ്മാൻഖാന് ആധിയും വ്യാധിയും പിടിപെട്ടിരിക്കുന്നു. ഒന്നാമത്തു പുത്രശോകം, രണ്ടാമത്തു മഹാരാജാവിന്റെ ഭാവിയെ ആലോചിച്ചും. ആധി മൂഴ്ത്തതോടുകൂടിയാണു വ്യാധിക്കും കാരണമായത്. ഉസ്മാൻഖാനും മീനക്കിടക്കയിൽനിന്നെണീക്കുന്നില്ല. രാജ്യകാര്യമെല്ലാം കുഴപ്പത്തിലായി. വാളെടുത്തവരെല്ലാം വെളിച്ചപ്പാട് എന്ന മട്ടിലായി. യുവരാജാവ് എല്ലായ്പോഴും മാതുലന്റെ സമീപത്തുതന്നെയാണു സമയം കഴിച്ചുവരുന്നത്.

ദിവസംതോറും മഹാരാജാവിന്റെ ശീലായ്മ അധികരിച്ചുവരുന്നതല്ലാതെ യാതൊരു ഭേദവുമില്ല. യുവരാജാവു മാതുലന്റെ സൽഗതിക്കുവേണ്ടി പശുദാനം ഭൂദാനം മുതലായതു് എല്ലാം വഴിപോലെ ചെയ്തു. മഹാരാജാവാകട്ടെ ദേവേന്ദ്രസഭയിലേക്കു ഒരംഗമായിരിപ്പാൻവേണ്ടി ഭൂലോകം വിട്ടെഴുന്നെള്ളുകയും ചെയ്തു. യുവരാജാവായ ഉദയവർമ്മൻതിരുമേനി അനന്തരകരണീയമായ ക്രിയകളെല്ലാം ശാസ്ത്രോക്തവിധിക്കനുസരിച്ചു നടത്തി.

മഹാരാജാവിന്റെ തിരുവന്തള്ളിഅടിയന്തിരം ബഹുഭംഗിയായിക്കഴിഞ്ഞു. പ്രധാനമന്ത്രിയായ ഉസ്മാൻഖാനും മഹാരാജാവിനെ അനുയാനം ചെയ്തു. സാമന്തരാജാക്കന്മാരും നാട്ടുപ്രഭുക്കന്മാരും പ്രധാന ഉദ്യോഗസ്ഥന്മാരുംകൂടി ശുഭമുഹൂർത്തത്തിൽ യുവരാജാവിന്നു കിരീടധാരണം കഴിപ്പിച്ചു. ഈ കിരീടധാരണമഹോത്സവത്തിന്നു കരുണാകരൻനായർ മാത്രമുണ്ടായിരുന്നില്ല. അ

ദ്ദേഹം അടിയന്തിരമായി വിജയനഗരത്തിലേക്ക പോയിരുന്നു.

ഉദയവൎമ്മയുവരാജാവു മഹാരാജസ്ഥാനം വഹിച്ചിട്ട് ഒരു മാസമായി. കരുണാകരൻനായരും ഭാരതിയും ഭാരതീവിലാസത്തിലെ താഴത്തെ കോലായിൽ ഇരുന്നുംകൊണ്ടു താഴെ കാണുംപ്രകാരം ഒരു സംഭാഷണം നടത്തിയിരുന്നു.

കരുണാ — ഭാരതി! ഞാൻ അന്നുമുതൽ ഇതേവരെ ആ മഹാപുരുഷനെ അന്വേഷിച്ചിട്ടും ഒരു വിവരവും കിട്ടിയില്ലല്ലോ.

ഭാരതി — ഏതു മഹാപുരുഷൻ?

കരുണാ — അന്നു ഭവതിയെ ആ ദുഷ്ടങ്കൽനിന്നു രക്ഷിച്ച ആ മഹാപുരുഷൻ.

ഭാരതി — (വൈലക്ഷ്യത്തോടെ) എന്തിന് അന്വേഷിക്കുന്നു?

കരുണാ — അന്വേഷിക്കേണ്ടേ? അദ്ദേഹമുണ്ടായിരുന്നില്ലെങ്കിൽ അന്നു ഭവതിയുടെ അവസ്ഥ എന്തായിരുന്നേനേ?

ഭാരതി — അന്വേഷിച്ചിട്ടു ഫലമില്ലെന്നാണു തോന്നുന്നതു്. അദ്ദേഹം അന്നുതന്നെ ഈ നാടുവിട്ടോടിയിരിക്കും.

കരുണാ — അതു ശരിയാണ്. ഈ നഗരത്തിൽ ഞാൻ അന്വേഷിക്കാത്ത ഇടങ്ങൾ ഉണ്ടോ എന്നു സംശയമാണ്. പലരോടും ചോദിച്ചുനോക്കി. യാതൊരു വിവരവും ഇല്ല.

ഭാരതി — അന്വേഷിക്കാതിരിക്കയാണു നല്ലതു്.

കരുണാ — ഉം, അതെന്താണ്?

ഭാരതി — വിശേഷിച്ചൊന്നുമില്ല. നാട്ടിലൊക്കെ ആളെ അന്വേഷിച്ചു ബുദ്ധിമുട്ടേണ്ടല്ലോ.

കരുണാ — ബുദ്ധിമുട്ടിയാലും വേണ്ടില്ല. അദ്ദേഹത്തെ ഒന്നു കാണണമെന്ന് എന്റെ മനസ്സു ധൃതികൂട്ടുന്നു.

ഇവർ ഇങ്ങിനെ ഓരോന്നു സംസാരിച്ചുംകൊണ്ടിരിക്കുമ്പോൾ ഒരു വില്ലുക്കാരൻ പടികടന്നു വരുന്നതു കണ്ടു. ഭാരതി അകത്തേക്കു പോയി. വില്ലുക്കാരൻ അടുത്തുവന്നു കരുണാകരൻനായരോടു, "നിങ്ങളെ കോവിലകത്തേക്കു കൂട്ടിക്കൊണ്ടു ചെല്ലുവാൻ മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചിരിക്കുന്നു" എന്നു പറഞ്ഞു. "വിശേഷിച്ച്?" എന്നു കരുണാകരൻനായർ ചോദിച്ചതിന്ന് അയാൾ "അതെനിക്കറിഞ്ഞുകൂടാ. നിങ്ങളെ കൂട്ടിക്കൊണ്ടേ വരാവു എന്നു മാത്രം കല്പിച്ചിരിക്കുന്നു" എന്നു മാത്രം മറുപടിപറഞ്ഞു.

കരുണാകരൻനായർ ചിന്തയിൽപ്പെട്ടു. "മഹാരാജാവു യുവരാജാവായിരിക്കുമ്പോൾ തന്നേയും ഞാനദ്ദേഹത്തെ കണ്ടിട്ടില്ല. ഞാനായിട്ടു യാതൊരു പരിചയത്തിന്നും കാരണമുണ്ടായിട്ടില്ല. അങ്ങിനെ ഇരിക്കെ ഇപ്പോൾ വില്ലുക്കാരനെ അയയ്ക്കാനുള്ള കാരണമെന്തായിരിക്കും. ഓ! ശരി. അന്നു കിരീടധാരണദിവസം ഞാനിവിടെ ഉണ്ടായിരുന്നില്ല. ഈ നാട്ടുകാർ എന്നേയും നാട്ടിൽ പ്രമാണികളുടെ കൂട്ടത്തിൽ ഗണിച്ചിട്ടുണ്ടായിരിക്കാം. എനിക്കന്നു പോകുവാനോ തിരുമുൽക്കാഴ്ച ചെയ്യുവാനോ തരമായിട്ടില്ല. പിന്നീട് ഇതുവരേയും ശ്രമിച്ചി

ട്ടുമില്ല. അന്നു ഹാജരാവാത്തവരെ വരുത്തി പിഴകല്പി
ക്കുകയോ മറ്റോ ചെയ്യുന്നുണ്ടായിരിക്കാം. എന്തെങ്കിലു
മാകട്ടെ” ഇങ്ങിനെ ഓരോന്നു വിചാരിച്ചു കരുണാകരൻ
നായർ കാഴ്ചദ്രവ്യവുമെടുത്തു ശിപായിയൊന്നിച്ചു പോയി.

കരുണാകരൻനായർ വളരെ ഭയത്തോടും ഭക്തി
യോടും പതുക്കെപ്പതുക്കെ കോണികയറിച്ചെന്നു. മഹാ
രാജാവു് അതിവിശേഷമായലങ്കരിക്കപ്പെട്ട തളത്തിൻമ
ദ്ധ്യേ ഇട്ടിരുന്ന ഒരു സിംഹാസനത്തിന്മേൽ എഴുന്നെള്ളി
ഇരിക്കുകയായിരുന്നു. വരാന്തയിൽ നിന്നിരുന്ന തവണക്കാ
രൻ കരുണാകരൻനായരെക്കണ്ടു് തളത്തിലേക്കു ചൂണ്ടി
ക്കാണിച്ചു. തളത്തിലേക്കു കടന്നു. വിശിഷ്ടവസ്ത്രാഭരണ
ങ്ങളെക്കൊണ്ടു് അലംകൃതനായ മഹാരാജാവു സിംഹാസ
നത്തിന്മേൽ എഴുന്നെള്ളി ഇരിക്കുന്നതു കണ്ടു. കരുണാക
രൻനായർ അതിഭക്തിയോടെ താണുതൊഴുതു് കാഴ്ചദ്ര
വ്യം തിരുമുമ്പിൽ വെച്ചു രണ്ടടി പിന്നാക്കം മാറി ഓച്ഛാ
നിച്ചുനിന്നു.

മഹാരാജാവു ചിരിച്ചുംകൊണ്ടു “നോം കരുണാകര
നെ കാണണമെന്നു വിചാരിച്ചുതുടങ്ങീട്ടു കുറച്ചു ദിവസ
മായി. ഒരിക്കലന്വേഷിച്ചപ്പോൾ വിജയനഗരത്തിലേ
ക്കു പോയിരിക്കുന്നുവെന്നു കേട്ടു. എന്നേ മടങ്ങിയതു്?”
എന്നു ചോദിച്ചു. മഹാരാജാവിന്റെ മധുരഗംഭീരമായ
ഈ വാക്കുകേട്ടപ്പോൾ കരുണാകരൻനായർ ഒന്നു ഞെ
ട്ടി. “ഈശ്വരാ, ഇതെന്തൊരത്ഭുതമാണു്? അന്നു ഭാര
തിയെ രക്ഷിച്ച ആളുടെ ശബ്ദമാണോ ഞാൻ ഈ കേൾ
ക്കുന്നതു്?” എന്നു വിചാരിച്ചു് മഹാരാജാവിന്റെ തിരു

മുഖത്തെക്കൊന്നു സൂക്ഷിച്ചുനോക്കി. എന്തൊരു ശക്തിയാലോ എന്നറിഞ്ഞുകൂടാ, ഉയൎത്തിയ മുഖം ഉടനെ താഴ്ത്തപ്പെട്ടു. ഭയം, ഭക്തി, ബഹുമാനം, ആനന്ദം, സ്നേഹം മുതലായവകളെക്കൊണ്ടു കമ്പിതഹൃദയനായ കരുണാകരൻ നായർ തൊഴുതുകൊണ്ടു്, "എന്റെ അടിയൻ മിനിഞ്ഞാന്നു കാലത്താണു വിടകൊണ്ടതു" എന്നറിയിച്ചു.

മഹാരാജാവു്—കരുണാകരൻ നമ്മുടെ കിരീടധാരണദിവസം ഇവിടെ ഉണ്ടായിരുന്നില്ലേ?

കരുണാ—ഇല്ല, അടിയനു് അടിയന്തിരമായി വിജയനഗരത്തിലേക്കു വിടകൊള്ളേണ്ടിവന്നു. ഇന്നദിവസമാണു കിരീടധാരണമെന്നുംകൂടി അടിയൻ അറിഞ്ഞില്ല. മടങ്ങി എത്തിയതിന്നുശേഷമാണു വിവരം മനസ്സിലായതു്.

മഹാരാജാവും കരുണാകരൻ നായരും തമ്മിൽ കുറേ നേരം ഓരോ വൎത്തമാനങ്ങൾ പറഞ്ഞതിന്റെ ശേഷം കരുണാകരൻ നായർ യാത്ര പറഞ്ഞു പുറപ്പെട്ടപ്പോൾ മഹാരാജാവു കരുണാകരൻ നായരുടെ കയ്യിൽ ഒരു കടലാസ്സു കൊടുത്തു. കരുണാകരൻ നായർ അതു വായിച്ചുനോക്കി വിസ്മിതനായി നിന്നുപോയി. അതു കണ്ടു മഹാരാജാവു് "ഉം—എന്താ, ആലോചിക്കുന്നതു്?" എന്നു കരുണാകരൻനായരോടു ചോദിച്ചു. "ഈ പ്രധാനമന്ത്രിപദം വഹിക്കത്തക്കവണ്ണം അടിയന്നു പഠിപ്പും പരിചയവുമില്ല. തിരുമേനി അടിയന്റെ തലക്കു കല്പിച്ചു വെച്ച ഭാരം ചില്ലറയുമല്ല. അതുകൊണ്ടടിയൻ ആശ്വ

ഷ്ടപ്പെട്ടതാണ്" എന്നു കരുണാകരൻ നായർ പറഞ്ഞു. "അത്രക്കുള്ള പഠിപ്പും പരിചയവും മതി. നാം ഈ സ്ഥാനത്തേക്കു നിശ്ചയിച്ചിട്ടുള്ളതു കരുണാകരനെത്തന്നെയാണ്. ഇതിനിടക്കു പല അപേക്ഷകളും ശുപാർശകളും നമ്മുടെ അടുക്കൽ വരാതിരിക്കയില്ല. ഈ രാജ്യമൊന്നു നന്നാക്കാൻ നാം ശ്രമിച്ചുനോക്കണം." എന്നു മഹാരാജാവു് അരുളിച്ചെയ്തു. "എറാൻ. അവിടത്തെ കല്പന എന്തായാലും ചെയ്യുവാൻ അടിയൻ തയ്യാറാണ്. അതിനു കടപ്പെട്ടവനുമാണ്. എന്നാലടിയൻ ഇപ്പോൾ വിടകൊള്ളട്ടേ." എന്നു തിരുമനസ്സുണർത്തിച്ചു് അനുവാദം വാങ്ങി കരുണാകരൻ നായർ സ്വഗൃഹത്തിലേക്കു മടങ്ങുകയും ചെയ്തു.

കരുണാകരൻ നായർക്കു മന്ത്രിപദം ലഭിച്ചുവെന്നറിഞ്ഞപ്പോൾ സകല ഉദ്യോഗസ്ഥന്മാരും കിടുകിടെ വിറച്ചുതുടങ്ങി. അനീതിയായി നടന്നിരുന്ന ധൂർത്തന്മാരുടെ സംഘം കാററുതട്ടിയ കർപ്പൂരംപോലെ നാമാവശേഷമായിത്തീന്നു. കരുണാകരൻ നായരുടെ അശ്രാന്തപരിശ്രമംകൊണ്ടു് കലിക്കിരുപ്പിടമായ സ്ഥാനത്രയം (വ്യഭിചാരം—ദ്യൂതം—മദ്യപാനം) ആ രാജ്യം വിട്ടോടിയിരിക്കുന്നു. രാജ്യവാസികളായ എല്ലാവരും തങ്ങൾ തങ്ങളുടെ നിഷ്ഠയിൽനിന്നു വ്യതിചലിക്കാതെ വർത്തിച്ചുവന്നു. കലങ്ങിയ വെള്ളം തെളിഞ്ഞാലെന്നപോലെ ആ രാജ്യം സകലൈശ്വര്യത്തോടും സമ്പത്തോടും സദാചാരത്തോടും കൂടി ശോഭിച്ചു.

കരുണാകരൻ നായരുടെ പ്രതിച്ഛായയായി ഭാ
തിയിൽ ഒരു സന്താനം ജനിച്ചു. ആ ശിശുവിനു്
പ്പോൾ രണ്ടു വയസ്സുപ്രായം. ആ കോമളബാലകനെ
രുണാകരൻ നായർ മാറത്തുവെച്ചു കളിപ്പിച്ചുംകൊ
രിക്കുമ്പോൾ ആ ബാലൻ ഓരോ വികൃതികൾ കാട്ടു
കണ്ടു് "ഇവനിപ്പോൾത്തന്നെ എന്തൊരു വികൃതി
ണു്" എന്നു പറഞ്ഞു. "ഇവൻ ഇപ്പോഴത്തെ മന്ത്രിപ്പു
നല്ലേ" എന്നു പറഞ്ഞു ഭാരതി ഭർത്താവിനേയും കരുണ
കരൻ നായർ ഭാരതിയേയും അന്യോന്യം നോക്കി മ
സ്മിതം ചെയ്തു.

ശുഭമസ്തു.